Vol. 12 വാല്യം – 12 Issue - 2 ലക്കം – 2

# ക്ഷാത്രസ്പന്ദനം

## KSHATRA SPANDANAM

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

April 2026 ഏപ്രിൽ 2026 1201 Medam 1201 മേടം




## ക്ഷത്രിയ ക്ഷേമസഭ

## 43 -ാം

# സംസ്ഥാന സമ്മേളനം

**ഹിൽ ടോപ്പ് കൺവെൻഷൻ സെന്റർ, ചേർത്തല**

**2026 മെയ് 1 വെള്ളിയാഴ്ച രാവിലെ 8.00 മണിക്ക്**

# വേർപാടിന്റെ ഒരു വർഷം

**ഒന്നാം ചരമ വാർഷികം: 2026 ഏപ്രിൽ 5**

## ആശാ അശോകൻ

അഞ്ചേരി കണ്ണാടി കോവിലകം **അശോക വർമ്മയുടെ** ഭാര്യ

അമ്മ: ശാന്താ വർമ്മ (Late), പടിഞ്ഞാറെ കാട്ടുങ്കൽ കോവിലകം, ചേർത്തല

അച്ഛൻ: വി.കെ. വിജയവർമ്മ (Late), വലവൂർ കോവിലകം, പഴയന്നൂർ



**മക്കൾ: ആദർശ് വർമ്മ, അഞ്ജലി വർമ്മ**

**സഹോദരൻ: ധനഞ്ജയൻ**

Kshatraspandanam
News Magazine of Kshatriya Kshema Sabha
April 2026
M.E.1201 Medam
Volume 12 Issue 2

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഏപ്രിൽ 2026
കൊ.വ.1201 മേടം
വാല്യം 12 ലക്കം 2



"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം

**REACT** ........................................................ 05
**പത്രാധിപക്കുറിപ്പ്** .......................................................... 10
**കേന്ദ്രസഭാ വാർത്തകൾ** ................................................... 11
**ഓൾ കേരള വനിതാവിഭാഗം** .............................................. 14
**തിരുനാവായ മഹാമാഖ കുംഭമേള** (കവിത) .................. 17
കുട്ടി അനിയൻ രാജ
**കേണൽ ജി.വി. രാജ** ........................................................ 19
ആത്മജവർമ്മ തമ്പുരാൻ
**ക്ഷത്രിയ പ്രതിഭകൾ – എൻ. ഹരിസേനവർമ്മ** .......... 21
ആർ. വേണുഗോപാല വർമ്മ
**തത്ത്വമസി** (കവിത) .................................................... 24
കെ.എൽ. ശ്രീകൃഷ്ണദാസ്
**ഓർമ്മയിൽ ഒരു വിഷുക്കാലം** (കവിത) ..................... 24
ഡോ. വിനോദിനി വർമ്മ
**മതം (Religion)** ............................................................ 25
കെ.സി. രാമവർമ്മ രാജ
**കണ്ണന്റെ കണ്ണീരും ചിരിയും** ........................................... 27
രാജലക്ഷ്മി
**ഓർമ്മകൾക്ക് മരണമില്ല** ................................................ 30
ശർമ്മിള വർമ്മ
**ഒരു ആത്മഗതം: ഞാൻ മണ്ടനല്ല** (കവിത) .................. 31
സതീഷ്കുമാർ ടി.എൻ.
**കോട്ടയം പുഷ്പനാഥിന് ഒരു അടിക്കുറിപ്പ്** .............. 33
അരുൺ വർമ്മ
**ദുശ്ശള** (കവിത) ............................................................ 39
മധുകുമാർ വർമ്മ വി.കെ.
**അഷ്ടാവധാനം** ............................................................. 40
വിനോദ് വർമ്മ
**Swami Vivekanandan** ................................................. 41
Adv. E. Rama Varma Raja
**Maha Makha Maholsavam 2026** ............................... 42
Adv. E. Ravi Varma Raja
**ഒരു രാജപാതയുടെ സംവേദനം** ...................................... 46
വിവർത്തനം: ഡോ. കെ.സി.എം. രാജ
**മോയാർ വാലിയിലെ തെമ്മാടി** ........................................ 49
ശ്രീകാന്ത് വർമ്മ
യാത്രകൾ - 25 **ഒഡീഷ – 2** .............................................. 59
കെ. ഹരികൃഷ്ണ വർമ്മ
**മഴനൃത്തം** (കവിത) ........................................................ 63
മഞ്ജുളാ ഭായി
**നവലോക സാരഥി** (കവിത) ............................................ 63
പ്രഭാകര വർമ്മ
**പാപ്പിയമ്മൂമ്മയുടെ വായ്മൊഴികൾ** ................................ 64
മാവേലിക്കര രഘുനാഥ വർമ്മ
**പുസ്തകജാലകം** ............................................................. 65
**വനശ്രീയുടെ മടിത്തട്ടിലൊരു സഭാംഗസംഗമം...** ........ 66
അഡ്വ. കൃഷ്ണകുമാർ വർമ്മ
**വേഷങ്ങൾ** ..................................................................... 67
ധനഞ്ജയ വർമ്മ
**യോഗങ്ങളുടെ യോഗം** .................................................... 71
ഇ.കെ. രാജ വർമ്മ
**ഒരു തീർത്ഥയാത്രാക്കുറിപ്പ്** ............................................ 73
അംബാലിക തമ്പുരാട്ടി
**ട്രെയിനും ഞാനും ബോംബും** ........................................... 76
അംബികാ വർമ്മ
**ദീപശിഖ** ........................................................................ 78
പ്രസൻ വർമ്മ
**സമാധാനമെവിടെ** (കവിത) ............................................ 82
ജ്യോതി വർമ്മ എൽ.ആർ.
**ബാലവേദി / വളരുന്ന പ്രതിഭകൾ** .................................. 84
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ............................ 87
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** (വനിതാവിഭാഗം) ..... 96
**ശ്രദ്ധാഞ്ജലി** ................................................................ 104
**വൈവാഹികം** ................................................................ 109

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം: എല്ലാ മാന്യ വായനക്കാർക്കും നന്മ നിറഞ്ഞ വിഷു ആശംസകൾ/43-ാമത് സംസ്ഥാന സമ്മേളനം ചേർത്തലയിൽ**

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ




## വായനക്കാരുടെ കത്തുകൾ




2026 ജനുവരിയിലെ ക്ഷാത്രസ്പന്ദനത്തിൽ (വാല്യം12, ലക്കം1) പ്രസിദ്ധീകരിച്ച പത്രാധിപക്കുറിപ്പ് അവസരോചിതമായി. ക്ഷേത്രങ്ങളിലെ അന്തരീക്ഷം നന്മചിന്ത വളർത്തുമെന്നും, അവിടെ ക്ഷേത്രകലകൾക്ക് പ്രാധാന്യം നൽകുന്നുണ്ട് എന്ന കാര്യങ്ങൾ കൂടാതെ, എല്ലാ മതങ്ങളും സമൂഹ നന്മയാണ് ലക്ഷ്യമാക്കുന്നതെന്നും സൂചിപ്പിക്കുന്നു. എല്ലാ മതങ്ങളുടേയും ആരാധനാലയ കലകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള ഈ കുറിപ്പിലെ ആശയം ഏറെ ഉദാത്തമാണ്.

മേൽ ലക്കത്തിലെ 'ഞാൻ ശുക്രൻ' എന്ന ലേഖനത്തിൽ നർമ്മം കലർത്തി, ശുക്രൻ അധിപനായുള്ള രാശികൾ, അതിന്റെ ഉച്ച, നീച രാശികൾ ശുക്രന്റെ ബന്ധു ഗ്രഹങ്ങൾ എന്നിവയെപ്പറ്റിയൊക്കെ സരസമായി വിജയകുമാർ വർമ്മവിവരിക്കുന്നു. ഇ.കെ. രാജവർമ്മയുടെ ലേഖനത്തിൽ വ്യത്യസ്ത രാശികൾ ശരീരത്തിന്റെ ഏത് അവയവത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും ഒരു വ്യക്തിയുടെ ജനനരാശിനിലയിൽ ഓരോ ഭാവത്തിലും ഉള്ള രാശി നോക്കി ഏതവയവങ്ങൾക്കാണ് രോഗസാദ്ധ്യത എന്നനുമാനിക്കാൻ പറ്റുമെന്നും സൂചിപ്പിക്കുന്നു. ജ്യോതിഷത്തെ അന്ധവിശ്വാസമെന്ന് കരുതി തള്ളുന്നവർക്കും മറിച്ച് വിശ്വസിച്ചുകൊള്ളുന്നവർക്കും തങ്ങളുടെ ധാരണകളുടെ മാറ്റുരയ്ക്കുന്നതിന് ഈ ലേഖനങ്ങൾ ഉപകരിക്കും.

**ഡോ. കെ. കേരള വർമ്മ,**
ഇടപ്പള്ളി, മൊ. 9847945241

---

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക കുടിശ്ശികയും 2026 ലെ വരിസംഖ്യയും (200 രൂപ) എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha, A/c. No. 40052010052603,**
**IFSC: CNRB0014005**
**CANARA BANK, Fort, Thiruvananthapuram**



## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- | വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2026 ജനുവരി മുതൽ മാർച്ച് വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING JANUARY TO MARCH 2026

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Well wishers | 700,000.00 |
| 2 | Sara Chandy, Thiruvananthapuram | 300,000.00 |
| 3 | Rethi S Pookkot, Kilimanoor Palace | 40,000.00 |
| 4 | Aravind T C, Bangalore | 30,000.00 |
| 5 | R Sasikumar Varma, Thiruvananthapuram | 30,000.00 |
| 6 | Kishen Chandar Varma, Kochi | 30,000.00 |
| 7 | Valsala Ravi Varma, Thiruvananthapuram | 30,000.00 |
| 8 | Dr. R Raja Raja Varma, Thiruvananthapuram | 30,000.00 |
| 9 | Thiruvalla Kshatriya Kshema Sabha | 30,000.00 |
| 10 | T.G. Sarachandran, Thiruvananthapuram | 25,000.00 |
| 11 | Omana Thampuratty, Padinjare Kovilakam, Cherukunnu | 25,000.00 |
| 12 | Kerala Varma P.R., Chennithala | 25,000.00 |
| 13 | Vrinda Varma, Thrissur | 25,000.00 |
| 14 | P R Varma, Thiruvalla | 10,000.00 |
| 15 | T M Sreekumar, Karivellur | 10,000.00 |
| 16 | Uma Thampuran, Thiruvananthapuram | 10,000.00 |
| 17 | Sanjay Varma P.K., Thiruvalla | 10,000.00 |
| 18 | Satheesh Kumar N, Kochi | 10,000.00 |
| 19 | Aparna D.R., Thiruvananthapuram | 7,000.00 |
| 20 | Rajeev R, Budhanoor | 6,000.00 |
| 21 | Rohini Varma K, Poonjar | 5,000.00 |
| 22 | Renuka Rama Varma, Tripunithura | 5,000.00 |
| 23 | Ambalika | 5,000.00 |
| 24 | Sreedevi R Varma, Keezhvaipur | 4,000.00 |
| 25 | Valsala Varma, Alappuzha | 3,000.00 |
| 26 | P.K. Ravi Varma Raja, Cherthala | 3,000.00 |
| 27 | Mini V, Pandalam | 2,250.00 |

| | | |
|---|---|---|
| 28 | A. Radhamma, Kowdiar, Thiruvananthapuram | 2,001.00 |
| 29 | Suria Kumar M K, Thiruvalla | 1,500.00 |
| 30 | Janardhan Raja, Thrissur | 1,500.00 |
| 31 | V R Varma, Kuttilanji | 1,500.00 |
| 32 | Lalithambika Varma, Kuttilanji | 1,500.00 |
| 33 | Sulochana Thampuratty, Kuttilanji | 1,500.00 |
| 34 | Suresh Varma, Kuttilanji | 1,500.00 |
| 35 | Praseeda Varma, Kuttilanji | 1,500.00 |
| 36 | Deepa Varma, Kuttilanji | 1,500.00 |
| 37 | Ajithkumar, Kuttilanji | 1,500.00 |
| 38 | Prasanth Varma, Kuttilanji | 1,500.00 |
| 39 | Rejith Varma, Kuttilanji | 1,500.00 |
| 40 | Sajin Raja, Kuttilanji | 1,500.00 |
| 41 | Dheeraj Varma M.K., Kozhikode | 750.00 |
| 42 | Madhu Varma, Palakkad | 500.00 |
| 43 | Ajith Varma, Kottayam | 500.00 |
| | **Total** | **1,432,001.00** |

**(Rupees Fourteen lakhs thirty two thousand and one only)**

## FINANCIAL ASSISTANCE DURING JANUARY TO MARCH 2026

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Educational aid - Monthly | 142,000.00 |
| 2 | Financial aid to the Poor/ Medical Aid/Educational aid. | 259,500.00 |
| | **Total** | **401,500.00** |

**(Rupees Four lakhs and one thousand five hundred only)**

ഇതുവരെ (18-07-2008 മുതൽ 31-03-2026 വരെ) ₹ 2,50,79,192/- (രണ്ടു കോടി അമ്പതു ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

## അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് 9, 18 പേജുകൾ കാണുക)*

**എല്ലാവർക്കും REACT ന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**ROYAL EDUCATIONAL & CHARITABLE TRUST**
**Balance Sheet As at 31.03.2025**

| LIABILITIES | Amount (Rs.) | | ASSETS | Amount (Rs.) | |
|---|---|---|---|---|---|
| **Corpus Fund** | | | **Fixed Assets** | | |
| Contributions from Trustees and Others as per last Balance Sheet | 5,86,317 | | Laptop | 28,512 | |
| Add:- Corpus Fund additions during the year | - | 5,86,317 | Less : Depreciation @ 40% | 11,405 | 17,107 |
| **Endowments Account** | | | **Investments:** | | |
| | | | Fixed Deposit with Canara Bank, Fort, Trivandrum | | |
| Endowment Fund for Medical Aid-K.G.Reghu | 1,50,000 | | 130002043843 | 1,00,000 | |
| Endowment Fund - Chandrika Kerala Varma | 1,50,000 | 3,00,000 | 130002520743 | 25,700 | |
| | | | 130004267376 | 1,00,000 | |
| | | | 130005949557 | 75,000 | |
| **Income & Expenditure Account** | | | 130053777419 | 1,50,000 | |
| Surplus as per last balance sheet | 10,10,171 | | 130036066497 | 3,60,006 | |
| Add :- Excess of Income Over Expenditure for the year | 1,10,830 | 11,21,001 | 130036066619 | 1,60,646 | |
| | | | 140136440921 | 81,294 | |
| | | | 40054040001952 | 1,50,000 | 12,02,646 |
| | | | Tax Deducted at Source (AY 2025-26) | | 7,633 |
| | | | **Cash & Bank Balances** | | |
| | | | Balance with Canara Bank-Fort, Trivandrum in SB A/c | 7,79,928 | |
| | | | Cash in Hand as certified by the Hon.Secretary | 4 | 7,79,932 |
| | | **20,07,318** | | | **20,07,318** |

Significant Accounting Policies and Notes on Accounts - Schedule 1

Chairman Hon.Secretary Hon.Treasurer

ROYAL EDUCATIONAL AND CHARITABLE TRUST TRIVANDRUM-23 Reg. No:233/2008

Place : Thiruvananthapuram
Date : 05.11.2025

**AUDITOR'S REPORT**
As per our report of even date attached
For Varma & Varma
Chartered Accountants
FRN : 004532S

VARMA & VARMA Trivandrum Chartered Accountants

Rajeev R
Partner
M.No. 211277

**ROYAL EDUCATIONAL & CHARITABLE TRUST**

**Income & Expenditure Account for the Year Ended 31.03.2025**

**(Amount in Rs.)**

| EXPENDITURE | For the year ended 31.03.2025 | INCOME | For the year ended 31.03.2025 |
|---|---|---|---|
| Advertisement Charges | 13,500 | Donation & Contribution Received | 30,47,006 |
| Education Assistance | 7,49,000 | CSR Funds Received | 8,00,000 |
| Financial Aid to Poor | 14,73,168 | Interest Received from Bank | |
| Medical Aid | 15,80,000 | Fixed Deposit | 75,926 |
| Bank Charges | 634 | Savings Bank | 34,538 |
| Office Expenses | 2,000 | | |
| Audit Fee | 17,700 | Interest on IT refund | 767 |
| Depreciation | 11,405 | | |
| Excess of Income over expenditure | 1,10,830 | | |
| **TOTAL** | **39,58,237** | **TOTAL** | **39,58,237** |

Significant Accounting Policies and Notes on Accounts - Schedule 1

**AUDITOR'S REPORT**

As per our report of even date attached

Chairman

Hon.Secretary

Hon.Treasurer

ROYAL EDUCATIONAL AND CHARITABLE TRUST
TRIVANDRUM-23
Reg. No:233/2008


Place : Thiruvananthapuram
Date : 05.11.2025

VARMA & VARMA
Trivandrum
Chartered Accountants

For Varma & Varma
Chartered Accountants
FRN : 004532S

Rajeev R
Partner
M.No. 211277

# റിയാക്ടിന്... സ്നേഹപൂർവ്വം



തിരുവനന്തപുരത്തെ **സാറാ ചാണ്ടി**ക്കു വേണ്ടി ഭർത്താവ് **മോഹൻ ചാണ്ടി** റിയാക്ടിന്റെ വിദ്യാഭ്യാസ സഹായ ഫണ്ടിലേക്ക് നൽകിയ 3,00000 രൂപ (മൂന്നു ലക്ഷം രൂപ) സംഭാവനയുടെ ചെക്ക് ട്രഷറർ കെ.എൻ. രാമവർമ്മയെ ഏൽപ്പിക്കുന്നു. ഈ തുകയുൾപ്പെടെ ഇതു വരെ 13.50 ലക്ഷം രൂപ ഈ മഹതി സംഭാവനയായി നൽകിയിട്ടുണ്ട്.



ചെന്നിത്തല തുളിശ്ശാല കോയിക്കൽ **കമലമ്മ ത്തമ്പുരാട്ടി** ഭർത്താവിന്റെ സ്മരണയ്ക്കായി വർഷംതോറും റിയാക്ടിലേക്കു സംഭാവന നൽകുന്ന സംഭാവനത്തുകയായ 25,000 രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയും ദക്ഷിണ മേഖല കൺവീനർ സഞ്ജയ് വർമ്മയും ചേർന്ന് സ്വീകരിക്കുന്നു.



കണ്ണൂർ ചെറുകുന്ന് പടിഞ്ഞാറെ കോവിലകത്തെ **ഓമനത്തമ്പുരാട്ടി** തന്റെ ശതാഭിഷേക വേളയിൽ ദാനധർമ്മം എന്ന നിലയിൽ റിയാക്ടിലേക്ക് സംഭാവനയായി നൽകിയ 25,000 രൂപയുടെ ചെക്ക് തൃശൂർ ക്ഷത്രിയ ക്ഷേമസഭ സെക്രട്ടറി ശങ്കർ വർമ്മ സ്വീകരിക്കുന്നു. മക്കളായ അജിത് തമ്പാൻ, സുധ തമ്പാട്ടി, ക്ഷത്രിയ സഭ ഭാരവാഹികളായ പി.സി. ദിലീപ് വർമ്മ, ഡോ. പി.സി. സുധീർ വർമ്മ എന്നിവരും സന്നിഹിതരായിരുന്നു.



## പത്രാധിപക്കുറിപ്പ്



# 2025: അന്താരാഷ്ട്ര വർഷം– ക്വാണ്ടം ശാസ്ത്രവും സാങ്കേതിക വിദ്യകളും

2025 ക്വാണ്ടം സയൻസിന്റെ 100–ാം വാർഷികമായി യുണൈറ്റഡ് നേഷൻസ് പ്രഖ്യാപിച്ചിരുന്നു. ഇൻഡ്യ, യു.എസ്., ജർമ്മനി, ജപ്പാൻ എന്നീ രാജ്യങ്ങൾ ശാസ്ത്ര പ്രദർശനങ്ങൾ, സ്കൂൾ പരിപാടികൾ, പൊതു പ്രഭാഷണങ്ങൾ, ഗവേഷണ സമ്മേളനങ്ങൾ തുടങ്ങി പല പ്രോഗ്രാമുകളും നടത്തിയിരുന്നു. കേരളത്തിലും ഇത് വളരെ വിപുലമായി ആഘോഷിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയും ശാസ്ത്ര സാഹിത്യ പരിഷത്തും ചേർന്ന് 11 സ്ഥലങ്ങളിൽ എക്സിബിഷൻ ഒരുക്കി. ഏകദേശം 1 ലക്ഷം വിദ്യാർത്ഥികളെയും മറ്റു പൊതുജനങ്ങളെയും ഈ പ്രദർശനങ്ങളും അതിനോടനുബന്ധിച്ചു നടന്ന ക്ലാസുകളും ആകർഷിച്ചു. കുട്ടികൾ ക്വാണ്ടം ശാസ്ത്രത്തെപ്പറ്റിയുള്ള അവരുടെ അവബോധം മെച്ചപ്പെടുത്തി.

Max Planck എന്ന ജർമ്മൻ ശാസ്ത്രജ്ഞൻ 1900 ത്തിൽ ക്വാണ്ടം ചിന്തയ്ക്ക് തുടക്കം കുറിച്ചു. സൂര്യനിൽ നിന്നു നമ്മിലേക്കെത്തുന്ന പ്രകാശം ഊർജ്ജത്തിന്റെ തുടർച്ചയായ ഒഴുക്കല്ല, പകരം പ്രകാശ ബീജങ്ങൾ ഒന്നിനു പുറകേ ഒന്ന് എന്ന രീതിയിൽ സഞ്ചരിക്കുകയാണ് എന്ന തത്ത്വം നമ്മെ മനസ്സിലാക്കിത്തന്നു. അദ്ദേഹം അതിനെ ഊർജ്ജത്തിന്റെ ഒരു ക്വാണ്ടം (ഒരു കുഞ്ഞു കഷണം) അഥവാ ഫോട്ടോൺ എന്നു വിശേഷിപ്പിച്ചു. ക്വാണ്ടം ശാസ്ത്രം ഇവിടെ പിറവിയെടുത്തു. പിന്നീടാണ് അനന്ത സാദ്ധ്യതകളുടെ ഉറവിടമായി ക്വാണ്ടം ശാസ്ത്രം വികസിച്ചത്.

ക്വാണ്ടം ശാസ്ത്രം എന്താണെന്നു നോക്കാം. മേൽപ്പറഞ്ഞ ഫോട്ടോൺ കൂടാതെ അതുപോലെയുള്ള അതിസൂക്ഷ്മ കണങ്ങളായ അതിലെ Atom അതിലെ ന്യൂക്ലിയസ്, ഇലക്ട്രോൺ എന്നിവയുടെ സഞ്ചാരവും പെരുമാറ്റ രീതികളും (Motion and Behaviour) എങ്ങനെയെന്ന് ക്വാണ്ടം ശാസ്ത്രം നമുക്ക് അറിവ് പകരുന്നു. അതിസൂക്ഷ്മ കണം എന്നു പറഞ്ഞാൽ ഒരു മൈക്രോസ്കോപ്പിലും കാണാൻ പറ്റുകയില്ല. ഭാവനയിൽ മാത്രം കാണാം! ഒരുദാഹരണത്തിൽ നിന്ന് നമുക്കത് മനസ്സിലാക്കാം. നമുക്കെല്ലാവർക്കും പരിചയമുള്ള ഉപ്പ് എന്നത് സോഡിയം ആറ്റവും ക്ലോറിൻ ആറ്റവും ചേർന്ന ഒരു വസ്തുവാണല്ലോ. ഇതിലെ സോഡിയം ആറ്റത്തിന്റെ വ്യാസാർദ്ധം എത്രയെന്നോ? $10^{-10}$ meter! അതായത് 0.00000001 മില്ലീമീറ്റർ! (ഒരു മില്ലീമീറ്ററിന്റെ ഒരു കോടിയിൽ ഒരു ഭാഗം! ഇനിയും ഇലക്ട്രോണിന്റെ കാര്യമെടുത്താലോ, ആറ്റത്തെക്കാൾ എത്രയോ ചെറുത്! $10^{-18}$ meter! (0.000000000000001) മില്ലീ മീറ്റർ!

ഈ അതിസൂക്ഷ്മ കണികകൾക്ക് ചില സ്വഭാവ സവിശേഷതകൾ ഉണ്ട്. ഭാരം, ചാർജ്ജ്, സ്പിൻ എന്നിവ. (സ്പിൻ എന്നാൽ ഒരു സെക്കന്റിൽ ലക്ഷക്കണക്കിന് പ്രാവശ്യം തിരിഞ്ഞുകൊണ്ടിരിക്കാനുള്ള കഴിവ്). ഈ ഗുണങ്ങൾ കൊണ്ട് സാധാരണക്കാർക്ക് എന്തു പ്രയോജനം?

1. മിക്ക ഇലക്ട്രോണിക് ഉപകരണങ്ങളും ഇലക്ട്രോണിന്റെ ചലനത്തെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. സെമി കണ്ടക്ടറിന്റെ സഹായത്താൽ വികസിപ്പിച്ച ട്രാൻസിസ്റ്റർ ഈ ജോലി നിർവ്വഹിക്കുന്നു.

ഉദാ:– മൊബൈൽ ഫോൺ, കമ്പ്യൂട്ടർ.

2. ഫോട്ടോണിന്റെ പ്രവർത്തനം കൊണ്ടാണ് ലേസർ ശസ്ത്രക്രിയാ ഉപകരണങ്ങൾ പ്രവർത്തിക്കുന്നത്.

# കേന്ദ്ര സഭാ വാർത്തകൾ

## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...



സഭാംഗങ്ങളെ,

എല്ലാ ബന്ധുജനങ്ങൾക്കും സ്നേഹം നിറഞ്ഞ വിഷു ദിനാശംസകൾ നേരുന്നു. 2026 ലെ വിഷു എല്ലാവർക്കും ഐശ്വര്യപൂർണമാകുവാനായി ജഗദീശ്വരനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**1. സംസ്ഥാന കമ്മറ്റിയോഗം**

2026 മാർച്ച് 29-ാം തീയതി, ഞായറാഴ്ച തിരുവല്ല യൂണിറ്റ് മന്ദിരത്തിൽ വച്ച് രാവിലെ 10 മണിയ്ക്ക് സംസ്ഥാന കമ്മറ്റി യോഗം നടത്തി. യോഗത്തിൽ 31 അംഗങ്ങൾ പങ്കെടുത്തു.

**2. പൊളിറ്റിക്കൽ & ഫാമിലി പെൻഷൻ**

പെൻഷന് അവകാശമുള്ള മിക്കവാറും എല്ലാവരും ട്രഷറിയിൽ നിന്നും തുക കൈപ്പറ്റി എന്നു വിശ്വസിക്കുന്നു. കുടിശ്ശിക കണക്കാക്കി നൽകുന്ന കാലയളവിൽ അന്തരിച്ചവർക്കുള്ള പണവും ട്രഷറി വഴി നൽകിത്തുടങ്ങി. കുടിശ്ശിക നേടിയെടുക്കാനായി ക്ഷത്രിയ ക്ഷേമസഭ ചിലവാക്കിയ തുകയിലേക്കുള്ള സംഭാവന (10,000 രൂപാ) നൽകുവാനായി അപേക്ഷിച്ച പ്രകാരം കുറെ പേർ നൽകുകയും ചെയ്തു. ഇനിയും നൽകിയിട്ടില്ലാത്തവർ എത്രയും വേഗം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ക്ഷത്രിയ ക്ഷേമസഭ വനിതാ വിഭാഗം**

KKS വനിതാവിഭാഗം വാർഷിക പ്രതിനിധി സമ്മേളനം തിരുവല്ലയിൽ വച്ച് ഡിസംബർ 13 ന് വളരെ മികച്ച രീതിയിൽനടന്നു. സഭയുടെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള വനിതാ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. മികച്ച രീതിയിൽ ഈ സമ്മേളനം സംഘടിപ്പിച്ച വനിതാ വിഭാഗം ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**4. ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിഭാഗം.**

KKSY യുടെ വിവിധ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുണ്ട്. യൂത്ത് വിഭാഗം സംഘടിപ്പിച്ച ഷട്ടിൽ ബാഡ്മിന്റൺ ടൂർണമെന്റ് 2026 ഫെബ്രുവരി 15-ാം തിയതി തിരുവനന്തപുരം കവടിയാർ കൊട്ടാരവളപ്പിനകത്തുള്ള ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടന്നു.

**5. യൂണിറ്റ് വാർഷിക സമ്മേളനങ്ങൾ**

വിവിധ യൂണിറ്റുകളിലെ വാർഷിക പൊതുയോഗങ്ങൾ ഭംഗിയായി നടത്തുന്നുണ്ട്. എല്ലാ യൂണിറ്റുതല പൊതുയോഗങ്ങളിലും, മറ്റു പ്രധാനപ്പെട്ട മീറ്റിംഗുകളിലും കേന്ദ്ര ഭാരവാഹികൾ സജീ →

---

→ 3. ന്യൂക്ലിയസിന്റെ spinning ആണ് MRI Scanner പ്രവർത്തിപ്പിക്കുന്നതിലെ തത്ത്വം.

ഇപ്പോൾ നാം qubit computer അഥവാ ക്വാണ്ടം കമ്പ്യൂട്ടറിലേക്കെത്തി നോക്കുന്നു.

IBM, Google, Microsoft എന്നീ കമ്പനികൾ ക്വാണ്ടം കമ്പ്യൂട്ടിങ്ങിന്റെ ഗവേഷണത്തിലാണ്.

ഇൻഡ്യ 1960 ൽ തുടങ്ങിയെങ്കിലും 2020 നു ശേഷം സെമി കണ്ടക്ടർ ഉത്പാദനത്തിൽ വളരെയധികം താല്പര്യം കാണിക്കുന്നുണ്ട്. 'ചിപ് ഡിസൈനി'ൽ ആണ് ഇപ്പോൾ ഇൻഡ്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ലോകത്ത് ആകെയുള്ള 'ചിപ് ഡിസൈൻ' എഞ്ചിനീയർമാരിൽ 20% ഇൻഡ്യാക്കാരാണ്. ഭാവിയിൽ നാം ഉല്പാദനവും തുടങ്ങുമെന്ന് പ്രത്യാശിക്കാം.

നമുക്ക് മാർഗ്ഗദർശിയായ ശാസ്ത്രജ്ഞർ ആരൊക്കെ?

Max Planck, Verner Heisenburg, Schrodinger, Albert Einstein.

ഇവരുടെ ഓർമ്മകൾ നമുക്കെന്നും പ്രചോദനമായിരിക്കട്ടെ... ●

വമായി പങ്കെടുക്കുന്നുമുണ്ട്. ആവശ്യമുള്ള വിവരങ്ങളും, സംശയനിവാരണങ്ങളും നടത്തിവരുന്നുണ്ട്.

**6. മദ്ധ്യമേഖലാ സമ്മേളനം**

സഭയുടെ മദ്ധ്യമേഖലാ സമ്മേളനം 2026 ഫെബ്രുവരി 14 ന് രാവിലെ 10 മണിക്ക് പന്തളം യൂണിറ്റിന്റെ മേൽനോട്ടത്തിൽ പന്തളത്ത് വച്ച് നടന്നു. ദക്ഷിണ മേഖലയിലെ എല്ലാ യൂണിറ്റുകളിലും നിന്നായി 120 അംഗങ്ങൾ പങ്കെടുത്ത് യോഗം വിജയിപ്പിച്ചു.

**7. വാർഷിക പൊതു സമ്മേളനം**

സഭയുടെ വാർഷിക പൊതുസമ്മേളനം ചേർത്തല (കരപ്പുറം) യൂണിറ്റിന്റെ മേൽനോട്ടത്തിൽ ചേർത്തല ബൈപ്പാസിലുള്ള ഹിൽടോപ്പ് ആഡിറ്റോറിയത്തിൽ വച്ച് 2026 മേയ് മാസം 1-ാം തിയതി നടക്കുമ്പോൾ. എല്ലാ അംഗങ്ങളുടേയും സജീവസാന്നിദ്ധ്യവും സഹകരണവും അഭ്യർത്ഥിക്കുന്നു.

**8. ക്ഷാത്രസ്പന്ദനം**

കെട്ടിലും മട്ടിലും ഉന്നത നിലവാരം പുലർത്തുന്ന 'ക്ഷാത്രസ്പന്ദനം' ത്രൈമാസിക നല്ല രീതിയിൽ പ്രസിദ്ധീകരിച്ചുവരുന്നു. ടീം 'ക്ഷാത്രസ്പന്ദന'ത്തിന് അനുമോദനങ്ങൾ. 'ക്ഷാത്രസ്പന്ദനം' ത്രൈമാസികയുടെ വാർഷിക വരിസംഖ്യയായ 200 രൂപാ നൽകിയിട്ടാല്ലത്തവർ എത്രയും വേഗം നൽകണമെന്ന് അപേക്ഷിക്കുന്നു.

**9. റിയാക്ട്**

റിയാക്ടിന്റെ വിവിധങ്ങളായ സേവന പ്രവർത്തനങ്ങൾ കൃത്യതയോടെ സുതാര്യമായ രീതിയിൽ നടക്കുന്നു. ടീം റിയാക്ടിന് ആശംസകൾ നേരുന്നു.

യൂണിറ്റുകളിൽ ഒരുമയോടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നടത്തുന്നതിനാൽ ഒരു പുത്തനൂർജ്ജം എല്ലാവരിലും കാണാനാവുന്നുണ്ട് എന്നുള്ളത് വളരെ പ്രചോദനവും പ്രതീക്ഷയും നൽകുന്ന കാര്യമാണ്. ഈ ഉണർവ് ചോർന്നുപോകാതെ വീണ്ടും മുൻപോട്ടുള്ള കുതിപ്പിനായി പ്രയോജനപ്പെടുത്തേണ്ടതാണ്. അതിനു വേണ്ടുന്ന ആവശ്യങ്ങൾ മനസ്സിലാക്കി കൂടെ നിന്ന് പ്രവർത്തിക്കുവാൻ അംഗങ്ങളോടൊപ്പം എപ്പോഴും ഉണ്ടാവും എന്ന് അറിയിക്കുന്നു.

**ക്ഷത്രിയ ക്ഷേമസഭ – സംസ്ഥാന കമ്മറ്റിയോഗം**

സംസ്ഥാന കമ്മറ്റിയോഗം 29-03-2026 തിരുവല്ല യൂണിറ്റ് ഓഫീസ് മന്ദിരത്തിൽ വച്ച് 10 മണിക്ക് ആരംഭിച്ചു. എല്ലാവരും ചേർന്ന് പ്രാർത്ഥനാഗീതം ചൊല്ലി. നമ്മെ വിട്ടുപിരിഞ്ഞ സഭാംഗങ്ങൾക്കു വേണ്ടി ഒരു നിമിഷം മൗനപ്രാർത്ഥന നടത്തി. അതിനുശേഷം യോഗനടപടികൾ ആരംഭിച്ചു. 30 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. തിരുവല്ല യൂണിറ്റ് പ്രസിഡന്റ് പി.ആർ. വർമ്മ സ്വാഗതം പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡന്റ് കൃഷ്ണകുമാരി യോഗം ഉദ്ഘാടനം ചെയ്യുകയും, തുടർന്ന് അദ്ധ്യക്ഷപ്രസംഗം നടത്തുകയും ചെയ്തു. സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. അതിനുശേഷം സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ കഴിഞ്ഞ കമ്മറ്റി യോഗത്തിന്റെ മിനിട്സ് വായിക്കുകയും, പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയുടെ അഭാവത്തിൽ, മധുകുമാർ വർമ്മ, 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 23 വരെയുള്ള കാലയളവിലെ വരവു ചിലവു കണക്ക് വായിച്ചു. റിയാക്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സെക്രട്ടറി പി.കെ രഘുവർമ്മ സംസാരിച്ചു. ക്ഷത്രിയ ക്ഷേമസഭയുടെ വനിതാവിഭാഗം പ്രസിഡന്റ് ഡോ. കെ. സുജാത വനിതാവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. ക്ഷത്രിയ യൂത്ത് ഫോറത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് ഋഷികേശ് വിശദമായി സംസാരിച്ചു.

പിന്നീട് മുൻകൂട്ടി അജൻഡയിൽ നൽകിയിരുന്ന വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയായിരുന്നു. മേഖലാ സെക്രട്ടറിമാർ, യൂണിറ്റ് ഭാരവാഹികൾ വനിതാ, യൂത്ത് വിഭാഗം ഭാരവാഹികൾ എന്നിവർ സജീവമായി ചർച്ചയിൽ പങ്കെടുത്തു. വിവിധങ്ങളായ സംശയങ്ങൾ/ അഭിപ്രായങ്ങൾ എന്നിവകൾക്കെല്ലാം സംസ്ഥാന ജനറൽ സെക്രട്ടറി മറുപടി നൽകുകയും ചെയ്തു.

ചർച്ചകൾക്കും മറുപടിയ്ക്കും ശേഷം യോഗം എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനറിപ്പോർട്ടും വരവു ചിലവു കണക്കുകളും കമ്മറ്റിയംഗങ്ങൾ കയ്യടിച്ചു പാസാക്കി.

2) ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ കുടിശ്ശിക.

നിരവധി പെൻഷൻ ഗുണഭോക്താക്കൾ കുടിശ്ശികത്തുക വാങ്ങുകയും ചിലർ കേന്ദ്രസഭയിലേക്ക് നൽകണമെന്ന് നേരത്തേ തീരുമാനിച്ച തുക നൽകുകയും ചെയ്തിട്ടുണ്ട്. തുക നൽകിയിട്ടില്ലാത്തരുടെ സംഭാവന അവരെ നേരിൽകണ്ട് വിവരം അറിയിച്ച് യൂണിറ്റ് ഭാരവാഹികൾ തുക കേന്ദ്രസഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുവാനായി ഒന്നു കൂടി ശ്രമിക്കണമെന്ന് തീരുമാനിച്ചു.

3) അടുത്ത സംസ്ഥാന കമ്മറ്റിയോഗം, വാർഷിക സമ്മേളനത്തലേന്ന് ചേർത്തല കരപ്പുറം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2026 ഏപ്രിൽ 30ന്, ചേർത്തല വുഡ്‌ലാൻഡ്സ് ഹോട്ടൽ ആഡിറ്റോറിയത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു.

4) വാർഷിക പൊതുയോഗം

**അടുത്ത വാർഷിക പൊതുയോഗം ചേർത്തല കരപ്പുറം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2026 മേയ് മാസം 1-ാം തീയതി**യാണ്. ക്ഷണക്കത്തും പ്രോഗ്രാം നോട്ടീസും വിതരണം ചെയ്തു.

5) വിഷൻ 2031

വാർഷിക പൊതുയോഗത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ അടുത്ത 5 വർഷങ്ങളിൽ ഏതൊക്കെ വിഷയമാണ് കൂടുതൽ ശ്രദ്ധയോടെ ഏറ്റെടുത്ത് കൈകാര്യം ചെയ്യേണ്ടത് എന്ന വിഷയം അംഗങ്ങൾ അവതരിപ്പിക്കുകയും അത് ചർച്ച ചെയ്ത് തീരുമാനമെടുത്ത് അപ്രകാരം പ്രവർത്തിച്ച് നേടിയെടുക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുകയും വേണമെന്ന് തീരുമാനിച്ചു.

6) ക്ഷാത്രസ്പന്ദനം

2026 ലെ വരിസംഖ്യ എത്രയും വേഗം യൂണിറ്റുകൾ വഴി സംഭരിക്കാൻ തീരുമാനിച്ചു

7) ക്ഷത്രിയ കുടുംബാംഗങ്ങളിലെ വിവാഹ പ്രായമായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സഭയുടെ വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും ഒരു വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ് നടത്തണമെന്ന് തീരുമാനിച്ചിരുന്നുവല്ലോ. അത് സംസ്ഥാന വാർഷികത്തിനു ശേഷം തീയതിയും സ്ഥലവും നിശ്ചയിച്ച് നടത്തണമെന്ന് ഉറപ്പിച്ചു.

8) ക്ഷത്രിയ സെൻസസ്

ക്ഷത്രിയ കുടുംബാംഗങ്ങളുടെ സെൻസസ് എടുക്കുന്നതിനുവേണ്ടി ഓൺലൈനായി പൂരിപ്പിച്ച് നൽകാനുള്ള ഫോറം അടങ്ങുന്ന ലിങ്ക് നേരത്തേ എല്ലാ വാട്സ്ആപ് ഗ്രൂപ്പുകളിലും, യൂണിറ്റ് പ്രസിഡന്റ് സെക്രട്ടറി ഇവർക്കും നൽകിയിട്ടുണ്ട്. ഇത് മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് യൂണിറ്റുകളുടെ ഉത്തരവാദിത്തമായിക്കണ്ട് എത്രയും വേഗം മുഴുവനാക്കാനായി തീരുമാനിച്ചു.

9) ചർച്ചാ വേളയിൽ യൂണിറ്റ് ഭാരവാഹികൾ മറ്റനവധി നല്ല ആശയങ്ങൾ മുന്നോട്ടു വച്ചിരുന്നു.

**പി.കെ. രഘുവർമ്മ**: ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അത് പ്രകാരം സഭയുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

**ഡോ. കെ. സുജാത**: ക്ഷത്രിയരിലെ യുവതികളുടെ സഭാപ്രവർത്തനങ്ങളിലെ കുറവ് നികത്തുവാൻ പരമാവധി ശ്രമിക്കണം.

**ഋഷികേശ് വർമ്മ**: ചെറുപ്പക്കാരെ കൂടുതൽ പങ്കെടുപ്പിക്കാൻ ഒരു കലാമേള, ചർച്ചകൾ എന്നിവ നടത്തണം. ആക്ഷൻ പ്ലാൻ തയ്യാറാക്കണം. യൂണിറ്റ് ഭാരവാഹികൾ ചെറുപ്പക്കാരെ സഭാപ്രവർത്തനങ്ങളിൽ കൂടുതൽ ഉൾപ്പെടുത്തണം.

**കൃഷ്ണവർമ്മ**, നീലേശ്വരം: നിർജ്ജീവമായ യൂണിറ്റുകളെ ഉത്തേജിപ്പിച്ച് പ്രവർത്തനോന്മുഖമാക്കണം. ഭാരവാഹികളുടെ യോഗം കൃത്യമായി നടക്കണം.

**സഞ്ജയ് വർമ്മ**, തിരുവല്ല: കൂടുതൽ ചെറുപ്പക്കാർ ജോലി ചെയ്യുന്ന എറണാകുളം പോലെയുള്ള നഗരങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തണം, സെമിനാറുകൾ നടത്തണം.

**രാധാകൃഷ്ണൻ**, ശ്രീകണ്ഠാപുരം: സംസ്ഥാന ക്കമ്മറ്റി മീറ്റിംഗുകൾ കൂടുതൽ കാര്യക്ഷമമാക്കണം, കൂടുതൽ ചെറുപ്പക്കാരെ ഭാരവാഹികളാക്കണം.

**ഹരികൃഷ്ണവർമ്മ,** കരപ്പുറം: സ്വജനപൗരോഹിത്യം നടപ്പാക്കണം, ആസ്ഥാനമന്ദിരം ഉണ്ടാക്കുവാൻ കൂടുതൽ ആർജ്ജവത്തോടെ ശ്രമിക്കണം. റിപ്പോർട്ട് കൂടുതൽ വിശദീകരിച്ച് തയ്യാറാക്കണം.

*ശേഷം പേജ് 16-ൽ*

# KKS വനിതാവിഭാഗം



## പ്രവർത്തന റിപ്പോർട്ട്

ക്ഷത്രിയ ക്ഷേമ സഭ വനിതാവിഭാഗം ഭരണ സമിതി ഘട്ടംഘട്ടമായി ഓരോ രീതിയിലുള്ള പുരോഗമനപ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ക്ഷത്രിയ ക്ഷേമസഭയുടെ പ്രധാന പോഷക സംഘടനയായ വനിതാവിഭാഗം സഭയെ സപ്പോർട്ട് ചെയ്ത് വളർത്തിക്കൊണ്ട് വരേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവിന്റെ വെളിച്ചത്തിൽ അച്ചടക്കത്തോടെ, കൂട്ടായ തീരുമാനങ്ങളിലൂടെ, സമയബന്ധിതമായി പ്രവർത്തിക്കേണ്ട മേഖലകൾ തിരിച്ചറിഞ്ഞുകൊണ്ട് അതാത് മേഖലകളിൽ വേണ്ടതായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ശക്തിയാർജിച്ച് സഭയെ പൊതുസമൂഹത്തിന്റെ വലിയ ഒരു ഭാഗമാക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുകതന്നെ ചെയ്യും. നല്ല കഴിവും, അറിവും, പ്രവർത്തിക്കുവാൻ താൽപ്പര്യവുമുള്ള ഒരുകൂട്ടം വനിതകളെ കണ്ടെത്തുവാൻ സാധിച്ചുവെന്നത് ഒരു നേട്ടം തന്നെയാണ്. വരും ദിവസങ്ങളിൽ സ്ത്രീകൾക്ക് പറ്റുന്ന എല്ലാ മേഖലകളിലും പ്രവർത്തിച്ച് വിജയം കണ്ടെത്തണമെന്നതാണ് ഭരണസമിതിയുടെ ലക്ഷ്യം.

ഉടൻ ആരംഭിക്കുന്ന രണ്ടാംഘട്ട യൂണിറ്റ് സന്ദർശനവേളയിൽ യൂണിറ്റുകളിൽ പല പദ്ധതികൾ നടപ്പാക്കുന്നതിലൂടെ, അങ്ങനെ വരുമാന സ്രോതസ് കണ്ടെത്തുന്നതിലൂടെ മുൻപ് സൂചിപ്പിച്ച സഭയുടെ പുരോഗതി ഉറപ്പാക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. KKS വിവിധ യൂണിറ്റുകളിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ KKS സംസ്ഥാന ഭരണസമിതി അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഗൂഗിൾ മീറ്റിംഗ് എല്ലാ മാസവും നടത്താറുണ്ട്. അതിൽ നടക്കുന്ന ചർച്ചകളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങളും, അഭിപ്രായങ്ങളും നടപ്പാക്കുകയാണ് ഈ മീറ്റിംഗുകളുടെ ലക്ഷ്യം. യൂണിറ്റിലെ KKS വനിതാവിഭാഗം പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർ വളരെ സജീവമായി ചർച്ചകളിൽ പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. അവരിലൂടെ ഒരു യൂണിറ്റിലെ വനിതകളുടെ പൊതുഅഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ അറിഞ്ഞുകൊണ്ട്, അതിനെ പരമാവധി പരിഗണിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ KKS വനിതാവിഭാഗം ഭരണ സമിതിക്ക് സാധിക്കുന്നുണ്ട്.

മിക്കവാറും എല്ലാ യൂണിറ്റുകളിലും അന്തർദേശീയ വനിതാദിനം (മാർച്ച്-8) വളരെ ഭംഗിയായി ആഘോഷിച്ചു. അന്നേ ദിവസം KKS വനിതാവിഭാഗത്തിന്റെ ഒരു ലോഗോ പ്രകാശനം ചെയ്തു. എല്ലാ യൂണിറ്റുകളിലെയും വനിതാവിഭാഗം ആ ലോഗോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചില യൂണിറ്റുകളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടതനുസരിച്ച് വീണ്ടും സന്ദർശനം നടത്തി ആ യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ നല്ലരീതിയിലേക്ക് കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നു. KKS പ്രസിഡന്റ് ഡോ. ലളിതാംബിക, ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ എന്നിവരോടൊപ്പം, KKS വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ മേൽ സൂചിപ്പിച്ച യൂണിറ്റുകൾ സന്ദർശിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. അതോടൊപ്പം ഭരണസമിതി അംഗങ്ങളും കൂടി ഉൾപ്പെട്ട ഒരു ടീം വർക്ക് ആയാൽ അതിലൂടെ വലിയ ഒരു മാറ്റം ആ യൂണിറ്റുകളിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കഴിവുള്ള ധാരാളം അംഗങ്ങൾ ഈ പറഞ്ഞ യൂണിറ്റുകളിൽ ഉണ്ടെന്നുള്ള വിവരം അവിടം സന്ദർശിച്ചപ്പോൾ മനസ്സിലാക്കിയിട്ടുണ്ട്.

*ശേഷം പേജ് 75 ൽ*

# ഒരു അഭ്യർത്ഥന

പ്രിയ ബന്ധുജനങ്ങളെ,

നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുള്ള സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി ബഹു. ഹൈക്കോടതി വിധി പ്രകാരം അടുത്തൂൺ കുടിശ്ശിക കിട്ടുന്ന തുകയിൽ നിന്നും ക്ഷത്രിയ ക്ഷേമസഭയിലേക്ക് **10,000 രൂപ** വീതം നൽകണമെന്ന കേന്ദ്ര കമ്മിറ്റിയുടെ അഭ്യർത്ഥന ഇതിനോടകം വിവിധ ഗ്രൂപ്പുകളിൽക്കൂടിയും 'ക്ഷാത്രസ്പന്ദന'ത്തിൽക്കൂടിയും അറിഞ്ഞുകാണുമല്ലോ. ഇനിയും ധാരാളം പേർ തരാനുണ്ട് എന്നുള്ള വിവരം വിനയപുരസ്സരം അറിയിക്കട്ടെ. മേൽവിധി ലഭിക്കുന്നതിനുവേണ്ടി ക്ഷത്രിയ ക്ഷേമസഭ നടത്തിയ പരിശ്രമങ്ങളുടെ യാഥാർത്ഥ്യം താഴെ ബോധിപ്പിക്കട്ടെ.

1. 2014 ൽ സഭ കേസ് കൊടുത്തു. (446 പേർക്കുവേണ്ടി).
   WP(C)23248
2. 2018 ൽ മറ്റൊരാൾ കേസ് കൊടുത്തു. (39 പേർക്ക് വേണ്ടി).
   WP(C)8384
3. രണ്ടും കൂടി ഒന്നിച്ച് 08/02/2024 ൽ വിധി വന്നു

ഒരു ക്ഷത്രിയ സഭാംഗം എന്ന നിലയിലുള്ള സ്വധർമ്മം നിർവ്വഹിച്ച് സഭയുടെ അക്കൗണ്ടിലേക്ക് **10,000 രൂപ** വീതം ഇതോടൊപ്പം കൊടുത്തിരിക്കുന്ന അക്കൗണ്ട് നമ്പറിലേക്ക് അയയ്ക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**Kshathriya Kshema Sabha**
**A/c No. 40052010052603**
**IFSC: CNRB0014005**
**Canara Bank**
**Fort, Thiruvananthapuram**




ക്ഷത്രിയ ക്ഷേമസഭയ്ക്കുവേണ്ടി,

**ഡോ. എം. ലളിതാംബിക**
(പ്രസിഡന്റ്)

**വി.കെ. മധുകുമാർ വർമ്മ**
(ജന. സെക്രട്ടറി)

**സൂര്യകുമാർ വർമ്മ**
(ട്രഷറർ)

# ദക്ഷിണമേഖലാ സമ്മേളനം




ക്ഷത്രിയ ക്ഷേമസഭ ദക്ഷിണമേഖലാ സമ്മേളനം ഫെബ്രുവരി 8 ന് പന്തളം പാലസ് വെൽഫെയർ സൊസൈറ്റി ഹാളിൽ വച്ച് നടന്നു. തിരുവനന്തപുരം, പന്തളം, തിരുവല്ല, അമ്പലപ്പുഴ, കോട്ടയം, വൈക്കം, ചേർത്തല യൂണിറ്റുകൾ പങ്കെടുത്തു. പന്തളം യൂണിറ്റ് പ്രസിഡന്റ് പി. രാഘവ വർമ്മ, സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക, ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ട്രഷറർ സൂര്യകുമാർ വർമ്മ, ദക്ഷിണമേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ, വനിതാവിഭാഗം സെക്രട്ടറി രാധിക വർമ്മ, യുവജന വിഭാഗം സംസ്ഥാന പ്രസിഡന്റ് ഹൃഷികേശ് വർമ്മ എന്നിവർ നയിച്ച സമ്മേളനത്തിൽ 105 അംഗങ്ങൾ പങ്കെടുത്തു. 9 30 ന് മേഖലാ സമ്മേളനം ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു.

യൂണിറ്റ് സെക്രട്ടറി ജ്യോതി വർമ്മ സ്വാഗതം ആശംസിച്ചു. യൂണിറ്റ് പ്രസിഡന്റ് അദ്ധ്യക്ഷ പ്രസംഗം നടത്തി. സംസ്ഥാന പ്രസിഡന്റ് ഉദ്ഘാടനം നിർവ്വഹിച്ചു. സഞ്ജയ് വർമ്മ മുഖ്യപ്രഭാഷണം നടത്തി. മധുകുമാർ വർമ്മ, സൂര്യകുമാർ വർമ്മ, രാധിക വർമ്മ, ഋഷികേശ് വർമ്മ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

കലാരംഗത്ത് മികവ് പ്രകടിപ്പിച്ച കുട്ടികളെ ആദരിച്ചു, യൂണിറ്റ് തല ചർച്ചകൾ നടന്നു. യൂണിറ്റ് വാർത്തകൾ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറിമാർ അവതരിപ്പിച്ച് സംസാരിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം കലാപരിപാടികൾ നടന്നു. യൂണിറ്റ് വൈസ് പ്രസിഡന്റ് അരുൺ കുമാർ നന്ദി പറഞ്ഞു.

**സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന്...** *പേജ് 13 തുടർച്ച...*

**സുരേഷ് വർമ്മ**, കുറ്റിലഞ്ഞി: മേഖലാക്കമ്മിറ്റി രൂപീകരിച്ച് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

**രാമചന്ദ്രൻ കെ.ബി.**, വെള്ളാരപ്പള്ളി: സംസ്ഥാന സമ്മേളനത്തിൽ കൂടുതൽ അംഗങ്ങൾ പങ്കെടുത്ത് ചർച്ചകളിൽ പങ്കെടുത്ത് വിജയിപ്പിക്കണം.

**ആത്മജാ വർമ്മ തമ്പുരാൻ**, കോട്ടയം: സമ്മേളനത്തിൽ പങ്കെടുത്ത് പ്രതിനിധികൾ കാര്യമായി ചർച്ചകളിൽ പങ്കെടുക്കണം. സഭാപ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ കൂടുതലായി പത്രമാധ്യമങ്ങളിൽ വരണം. എങ്കിലേ സമൂഹത്തിനെ സഭയുടെ പ്രവർത്തനങ്ങൾ ബോദ്ധ്യപ്പെടുത്താനാവൂ.

**രാധികാ വർമ്മ**, വനിതാ വിഭാഗം സെക്രട്ടറി: വാർഷിക സമ്മേളന വേദിയിലെ സ്റ്റാളുകൾ കൂടുതൽ വനിതകളാണ് നടത്തുന്നത്. അതിന് വാടക ഒഴിവാക്കണം.

**ജയചന്ദ്രവർമ്മ**, തിരുവനന്തപുരം: സ്കോളർഷിപ്പ്, മറ്റാനു കൂല്യങ്ങൾ ലഭിച്ച കുട്ടികളുടെ/ അംഗങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിയോടെയാക്കുവാൻ ശ്രമിക്കണം.

**രാഘവവർമ്മ, പന്തളം**: ആക്ഷൻ പ്ലാനുണ്ടാക്കി സഭയുടെ പ്രവർത്തനം ഊർജിതമാക്കണം.

മേൽപറഞ്ഞ എല്ലാ ആശയങ്ങളും സഭാംഗങ്ങൾ ഉൾക്കൊള്ളുകയും സഭയുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങളിൽ വേണ്ട പരിഗണന നൽകണമെന്നും തീരുമാനിച്ചു.

തിരുവല്ല യൂണിറ്റ് സെക്രട്ടറി സഞ്ജീവ് വർമ്മ നന്ദി രേഖപ്പെടുത്തി. യോഗം ഉച്ചയ്ക്ക് 2 മണിക്ക് അവസാനിച്ചു.

സ്നേഹപൂർവ്വം

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

കവിത

# നിളാ ദേവി നിത്യം നമോസ്തുതേ
# തിരുനാവായ മഹാമാഘ കുംഭമേള

**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743



**വഞ്ചിപ്പാട്ട് :-**

നീളെ നീളെയൊഴുകുന്നു നിളാ നദി കേരളത്തിൽ
സനാതനധർമ്മത്തിന്റെ കാഹളമോതി
ലോകമെങ്ങും നിറയുന്ന നിളാ നദി പുണ്ണ്യതീർത്ഥം
മഹാ മാഘ കുംഭമേള മഹോത്സവത്താൽ
മാമാങ്കത്തിൻ രക്ത കറപൂണ്ടു നിൽക്കും 'നാവാ'ദേശം
ശുദ്ധമാക്കിത്തീർത്തിടുന്നി കുംഭമേളേയാൽ
പലേ ദിക്കിൽ നിന്നും വന്ന ഭക്തരായ ജനങ്ങളും
ദൂരെനിന്നു വന്നുചേർന്ന സന്യാസി ശ്രേഷ്ഠരെ
യതി പൂജ നടത്തിയും കൃതാർത്ഥരായ് ജനമെല്ലാം
അന്നം, വസ്ത്രം ദക്ഷിണയും സമർപ്പിച്ചുമേവം
പുണ്യമേറുമവരൊക്കെ കൂടിച്ചേർന്നു നടത്തിയ
'പതംഗ് എന്ന ഭോജനവും കെങ്കേമമായി
'ഭണ്ടാര' യിലവരുമേ തുല്യരായി നടത്തിയ
സമത്വത്തെ വിളിച്ചോതി പുണ്യകർമ്മത്താൽ.
ബ്രഹ്മാ, വിഷ്ണു, മഹേശ്വര സംഗമമീ നിളാതീരം
വേദമന്ത്ര ധ്വനികളാൽ പൂരിതമായി.
യജ്ഞങ്ങളും യാഗങ്ങളുമെത്രെയേറെ നടന്നിഹ
സജ്ജനങ്ങളൊത്തുകൂടി പുണ്യകർമ്മത്താൽ.
സന്ധ്യാനേരത്തായിരങ്ങൾ ദിനംതോറും നടത്തിയ
നിളാ നദീ ആരതിയും പുണ്യകാഴ്ചയായ്.
നാവാമുകുന്ദേശ്വരനാം ഭഗവാനും വിളങ്ങുന്നു.
നിളാനദി പൂജയുമേ കണ്ടുകൊണ്ടേവം
ദുഷ്ടശക്തി പാർട്ടികളും മെത്രയെത്ര മിനക്കെട്ടു
പുണ്യമേറുമായുള്ളതു തടഞ്ഞീടുവാൻ.
അത്രക്കത്ര ഉത്സാഹമായ് ഏറെ നന്നായ് പൊരുതിയീ
പുണ്യമേറും യജ്ഞത്തെയും വിജയമാക്കി.
ആധ്യാത്മിക നവോത്ഥാനം വീണ്ടുമിതാ ഉണർന്നൂ നൽ
സാധ്യമാക്കി കേരളത്തേ പവിത്രമാക്കി.
സേവയിങ്കൽ ആകൃഷ്ടരായ് ശ്രദ്ധേയമായ് സേവചെയ്തു
സേവാജനം (സേവാഭാരതി) കുംഭമേളയുൽകൃഷ്ടമാക്കി
ഭാവിയിങ്കൽ കൂടുതലായ് ഊർജസ്വരാലായിയുള്ള
മഹാ മാഘം ഇവിടെയീ നിളയിങ്കലായ്
നാല്പത്തഞ്ചു ദിനങ്ങളായ് നടത്തുമീ പുണ്യയജ്ഞം
ഭാവിയിലുമുണ്ടാകണമെന്ന കാര്യവും
സഭാപതി മണ്ഡലേശ്വർ ഭാരതിയും ചൊന്നപോലെ
ഇനിയുമിനിയും വേണമീ പുണ്യയജ്ഞം.
നിളാദേവി നമോസ്തുതേ നിളാദേവി നമോസ്തുതേ
നാവാമുകുന്ദേശനെയും സ്മരിച്ചുകൊണ്ട്...

ശുഭമസ്തു



## സാമൂതിരി രാജയ്ക്ക് അഭിനന്ദനങ്ങൾ

മതേതരത്വത്തിനും മത സൗഹാർദ്ദത്തിനും സാമൂതിരി കുടുംബം രാജ്യത്തിന് നൽകിയ സമഗ്ര സംഭാവന പരിഗണിച്ച് സുഭാഷ്-നെഹ്റു ട്രസ്റ്റിന്റെ പ്രഥമ ദേശീയ മന്നത്ത് പത്മനാഭൻ പുരസ്കാരത്തിന് **സാമൂതിരി പി.കെ. കേരളവർമ്മയെ** തിരഞ്ഞെടുത്തു.

# റിയാക്ട് ധനസഹായം



വാഹനാപകടത്തെ തുടർന്ന് കാലിന് സാരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പന്തളം, തോന്നല്ലൂർ 'അദ്വൈത'ത്തിൽ സുധാ ബാബുവിന് സഹായമെന്ന നിലയിൽ റിയാക്ടിൽ നിന്ന് അനുവദിച്ച 50,000 രൂപയുടെ ചെക്ക് പന്തളം യൂണിറ്റ് പ്രസിഡന്റ് പി. രാഘവവർമ്മ കൈമാറുന്നു. സുധാ ബാബുവിന്റെ ഭർത്താവ് പ്രമേഹബാധയെത്തുടർന്ന് കാൽ മുറിച്ച് ചികിത്സയിലാണ്.




തെങ്ങിൽ നിന്നും വീണതിനെ തുടർന്ന് അരയ്ക്കു താഴെ പൂർണ്ണമായും രണ്ട് കാലുകളുടെയും ചലനശേഷി നഷ്ടമായ ടി.വി മോഹനൻ, മതിരക്കോട്, കരിവെള്ളൂർ എന്നയാൾക്ക് ചികിത്സാധന സഹായമായി റിയാക്ടിൽ നിന്നും അനുവദിച്ച ധനസഹായത്തിനുള്ള ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റും, കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയുമായ ടി.എം. ശ്രീകുമാർ കൈമാറുന്നു. യൂണിറ്റ് ഭരണ സമിതി അംഗമായ എൻ.പി. ബാലകൃഷ്ണൻ, മോഹനന്റെ അമ്മ ടി.വി. ജാനകി എന്നിവർ തദവസരത്തിൽ സന്നിഹിതരായി.



കുറ്റിലഞ്ഞി സ്വദേശിനി ജയന്തി രാജേഷിന് നൽകുന്ന പ്രതിമാസ സാമ്പത്തിക സഹായം സഹോദരൻ ജ്യോതിഷ് കുറ്റിലഞ്ഞി യൂണിറ്റ് പ്രസിഡന്റ് സുരേഷ് വർമ്മയിൽ നിന്ന് സ്വീകരിക്കുന്നു.

# കേണൽ ജി.വി. രാജ:
## ജ്വലിക്കുന്ന ഓർമ്മകൾക്ക് 55 വയസ്സ്



ആത്മജ വർമ്മ തമ്പുരാൻ
കോട്ടയം, മൊ. 9349509027


ആധുനിക കേരളത്തിന്റെ വികാസ പരിണാമങ്ങൾക്കൊപ്പം കായികരംഗത്ത് നവോത്ഥാനത്തിന് നാന്ദിക്കുറിച്ച വ്യക്തിത്വമാണ് കേണൽ ഗോദവർമ്മ രാജായുടേത്. ജന്മനാടായ പൂഞ്ഞാറിൽ അദ്ദേഹത്തിന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് തുടക്കം കുറിക്കാനായത് ആത്മാഭിമാനം വാനോളം ഉയർത്തിയ കാര്യമാണ്.

**ഓർമ്മകൾക്ക് മരണമില്ല**

ജി.വി. രാജായുടെ ഓർമ്മകൾക്ക് അരനൂറ്റാണ്ടായപ്പോൾ അച്ഛനെക്കുറിച്ച് അശ്വതി തിരുനാൾ ഗൗരിലക്ഷ്മി ബായി 2021 ൽ എഴുതിയ ഒരു കുറിപ്പ് ഓർമ്മയിൽ വരുന്നു. അതിങ്ങനെ:

‘‘തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായി അദ്ദേഹം നടത്തിയത് ഒറ്റയാൾ പോരാട്ടമായിരുന്നു. ഭാവിയിൽ റൺവേ വികസിപ്പിക്കാൻ ആവശ്യമായി വരുന്ന സ്ഥലത്ത് സർക്കാർ ഐ.ടി.ഐ. നിർമ്മിക്കാൻ തീരുമാനിച്ചു. ഇതു വിമാനത്താവള വികസനം മുടക്കുമെന്ന് അച്ഛൻ വാദിച്ചു. തീരുമാനം പിൻവലിച്ചില്ലെങ്കിൽ അവിടെ കുത്തിയിരുന്നു സമരം ചെയ്യുമെന്നും പ്രഖ്യാപിച്ചു. വി.വി. ഗിരിയായിരുന്നു അന്നത്തെ ഗവർണർ. അച്ഛനെ ഉപദേശിക്കണമെന്ന് ഗവർണർ മഹാരാജാവിനോട് ആവശ്യപ്പെട്ടു. പിന്തിരിഞ്ഞില്ലെങ്കിൽ അറസ്റ്റ് ചെയ്യേണ്ടി വരുമെന്നും സൂചിപ്പിച്ചു. എന്നാൽ, അച്ഛന്റെ ശരിയായ ബോധ്യത്തെ തിരുത്താൻ മഹാരാജാവ് തയാറായില്ല. എതിർപ്പു വകവയ്ക്കാതെ അധികാരികൾ കെട്ടിടം പണിതു. വർഷങ്ങൾക്കുശേഷം റൺവേ വികസിപ്പിക്കാനായി ഈ കെട്ടിടം പൊളിക്കേണ്ടിവന്നു!

വലിയ വിമാനങ്ങൾ തിരുവനന്തപുരത്ത് ഇറങ്ങാനുള്ള സൗകര്യമുണ്ടാകണമെന്നാണ് അദ്ദേഹം എപ്പോഴും ആഗ്രഹിച്ചത്. ദൗർഭാഗ്യകരമെന്നു പറയട്ടെ, തിരുവനന്തപുരത്തെ ആ റൺവേയിൽ പറന്നിറങ്ങിയ ആദ്യ വലിയ വിമാനം അച്ഛന്റെ മൃതദേഹം വഹിച്ചുകൊണ്ടുള്ള വിസ്കൗണ്ട് ചാർട്ടർ ഫ്ളൈറ്റായിരുന്നു!’’




*കോട്ടയം ക്ഷത്രിയ ക്ഷേമസഭയുടെ നേതൃത്വത്തിൽ പൂഞ്ഞാറിൽ സ്ഥാപിക്കുന്ന കേണൽ ജി.വി. രാജയുടെ പൂർണ്ണകായ പ്രതിമയുടെയും നവീകരിക്കുന്ന വായനശാലയുടെയും രൂപരേഖ. ആർക്കിടെക്ട് കോട്ടയം വെള്ളിയോട്ട് ഇല്ലം വി.ജി. ഗോവിന്ദൻ നമ്പൂതിരി തയ്യാറാക്കിയത്.*

**സ്നേഹാദരവിന്റെ ആൾരൂപം**

ജനങ്ങളുടെ രാജകുമാരനു മരണമില്ലെന്നു നമ്മൾ തിരിച്ചറിയുന്നു. ആ ഓർമ്മകൾക്ക് മുകളിലാണ് സ്നേഹാദരവിന്റെ ആൾരൂപം ഉയരുന്നത്. പൂഞ്ഞാർ കോയിക്കൽ കൊട്ടാരത്തിൽ അംബാലിക തമ്പുരാട്ടിയുടെയും തിരൂർ പുതുശ്ശേരി നാരായണൻ നമ്പൂതിരിയുടെയും മകനായി 1908 ഒക്ടോബർ 13-നാണ് ജനനം. 10 സഹോദരങ്ങളിൽ രണ്ടാമനായിരുന്നു അദ്ദേഹം. പൂഞ്ഞാർ എസ്.എം.വി. സ്കൂളിലെ ആദ്യകാല വിദ്യാർത്ഥിയായിരുന്നു ജി.വി. രാജ. കോട്ടയം എം.ഡി. സെമിനാരി സ്കൂളിലാണ് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. തുടർന്ന് മദ്രാസിൽ മെഡിസിൻ പഠനത്തിനു ചേർന്നെങ്കിലും വിവാഹത്തെത്തുടർന്ന് പഠനം പാതിയിൽ ഉപേക്ഷിച്ചു. തിരുവിതാംകൂർ മഹാറാണി കാർത്തിക തിരുനാൾ ലക്ഷ്മിബായിയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്.

**മറ്റാരുണ്ട്; കേണൽ ജി.വി.രാജയല്ലാതെ**

'കേരള കായികരംഗത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന ജി.വി. രാജയുടെ (പി.ആർ. ഗോദവർമ്മ രാജ) വിയോഗം 1971 ഏപ്രിൽ 30 നായിരുന്നു. കുളു താഴ്‌വരയിൽ വിമാനാപകടത്തിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 1934 മുതൽ 1956 വരെ തിരുവിതാംകൂർ കരസേനയിൽ സേവനമനുഷ്ഠിച്ച ജി.വി. രാജ, കേരള ടൂറിസത്തിന്റെയും പിതാവെന്നു വിളിക്കപ്പെടുന്നു. കെ.ടി.ഡി.സിയുടെ ആദ്യ ചെയർമാനാണ്. ട്രിവാൻഡ്രം ടെന്നിസ് ക്ലബ്, ട്രിവാൻഡ്രം ഗോൾഫ് ക്ലബ്, ട്രിവാൻഡ്രം ഫ്ളയിങ് ക്ലബ്, കേരള സ്പോർട്സ് കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങൾക്കു തുടക്കമിട്ടത് ജി.വി. രാജയാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റുമായിരുന്നു. തിരുവനന്തപുരത്തെ ജി.വി. രാജ സ്പോർട്സ് സ്കൂൾ അദ്ദേഹത്തിന്റെ സ്മരണാർഥമുള്ളതാണ്. കേരളത്തിലെ മികച്ച കായികതാരത്തിനുള്ള സ്പോർട്സ് കൗൺസിൽ അവാർഡും ജി.വി. രാജയുടെ പേരിലാണ്. ●

## പൂഞ്ഞാറിൽ ജി.വി. രാജ പ്രതിമ; സ്വപ്നപദ്ധതിക്ക് ചിറക് മുളയ്ക്കുന്നു



സംസ്ഥാന ബജറ്റിൽ ഒരു കോടി രൂപയ്ക്ക് അനുമതി. പൂഞ്ഞാർ കേരള സ്പോർട്സ് കൗൺസിലിന്റെ സ്ഥാപക പ്രസിഡന്റായിരുന്ന കേണൽ ജി.വി. രാജയുടെ ജന്മനാട്ടിൽ സ്മാരകത്തിന് സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ തുക അനുവദിച്ചു. ഇതുസംബന്ധിച്ച് ക്ഷത്രിയ ക്ഷേമസഭ കോട്ടയം യൂണിറ്റ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എയ്ക്ക് നിവേദനം നൽകിയിരുന്നു. ബജറ്റ് നിർദ്ദേശത്തിലൂടെയോ എം.എൽ.എ. ഫണ്ടിലൂടെയോ പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിക്കുമെന്ന് എം.എൽ.എ. നിവേദകസംഘത്തിനു ഉറപ്പുനൽകിയിരുന്നു. നിർദ്ദിഷ്ട സ്ഥലത്തിനു അനുയോജ്യമായ വിശദമായ പദ്ധതി റിപ്പോർട്ടും ക്ഷത്രിയ ക്ഷേമസഭ തയാറാക്കി. യൂണിറ്റ് രക്ഷാധികാരി യു. അജിത്ത് വർമ്മ, പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ, പൂഞ്ഞാർ കാഞ്ഞിരമറ്റം പാലസ് അംഗം ഗോദവർമ്മ രാജ എന്നിവർ അടങ്ങുന്ന നിവേദക സംഘമാണ് എം.എൽ.എയെ കണ്ടത്.

ക്ഷത്രിയ പ്രതിഭകൾ

# എം. ഹരിസേന വർമ്മ

എം. ഹരിസേനവർമ്മ ഒരു ദീർഘകാലത്തേക്ക് കേരളീയ ക്ഷത്രിയരുടെ ഇടയിലെ ഒരേ ഒരു ഐ.പി.എസ്. ഓഫീസറായിരുന്നു. 1984–85 ലെ സിവിൽ സർവീസ് പരീക്ഷയിൽ വിജയം നേടിയാണ് അദ്ദേഹം ആ പദവിയിൽ എത്തിച്ചേരുന്നത്. അത് അദ്ദേഹത്തിന്റെ ആദ്യ സിവിൽ സർവീസ് പരീക്ഷാ പരീക്ഷണവുമായിരുന്നു.

മാവേലിക്കര വലിയ കൊട്ടാരത്തിലെ ഉത്സൃട്ടാതി പ്പൂരശാഖയിലെ സരോജിനി തമ്പുരാട്ടിയുടെയും കിളിമാനൂർ കൊട്ടാരത്തിലെ പുത്തൻ മാളിക ശാഖയിലെ ഡോ. കെ. മാർത്താണ്ഡവർമ്മയുടെയും ത്രിതീയ പുത്രനും ചതുർത്ഥ സന്താനവുമായി 1959 ഡിസംബർ 13-ാം തീയതിയാണ് അദ്ദേഹം ജനിച്ചത്.



മാവേലിക്കര ഗവണ്മെന്റ് എൽ.പി. സ്കൂൾ, തിരുവനന്തപുരം കുമാരപുരം ഗവണ്മെന്റ് യു.പി. സ്കൂൾ, മാവേലിക്കര ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ, മാവേലിക്കര ബിഷപ്പ് മൂർ കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി ഈ വിദ്യാനികേതനങ്ങളിൽ പഠിച്ച് 1983-ൽ അനലിറ്റിക്കൽ കെമിസ്ട്രി ഐച്ഛികമായി എടുത്ത് എം.എസ്.സി. പാസ്സായി. പിന്നീട് കുറച്ചു കാലം ട്യൂട്ടോറിയൽ അദ്ധ്യാപകനായും ബാങ്ക് ക്ലാർക്ക്, ഓഫീസർ ആദിയായ പരീക്ഷകൾക്ക് തയ്യാറെടുത്തും കഴിഞ്ഞു. അതോടൊപ്പമാണ് സിവിൽ സർവീസ് എഴുതണമെന്ന ദൃഢ താല്പര്യം ഹരിസേന വർമ്മയ്ക്ക് വന്നുചേർന്നത്. അങ്ങനെ ആദ്യം ലഭിച്ച അവസരത്തിൽ തന്നെ സിവിൽ സർവീസ് പരീക്ഷ എഴുതുകയും അതിൽ ഈശ്വരാധീനം കൊണ്ട് വിജയം ലഭിക്കുകയും ചെയ്തു. അദ്ദേഹത്തിന് കിട്ടിയ ആദ്യ ഉദ്യോഗമാണ് ഐ.പി.എസ്. അതിൽ നിന്നു തന്നെ അദ്ദേഹം ഏതാണ്ട് 35 വർഷത്തിനു ശേഷം പെൻഷൻ വാങ്ങി പിരിഞ്ഞു.

വെസ്റ്റ് ബംഗാൾ കേഡർ ആണ് അദ്ദേഹത്തിന് അലോട്ട് ചെയ്യപ്പെട്ടത്. ഹൈദരാബാദിലെ നാഷണൽ പോലീസ് അക്കാദമിയിലെ പരിശീലനത്തിനു ശേഷം മൂർഷിദാബാദ് ജില്ലയിൽ പ്രായോഗിക പരിശീലനം പൂർത്തിയാക്കി. തുടർന്ന് ബംഗാളിലെ വിവിധഭാഗങ്ങളിൽ അദ്ദേഹം പോലീസ് ഓഫീസറായി പ്രവർത്തിച്ച് മികവു കാണിച്ചു.

ഖഡഗ്പൂരിൽ സോണൽ അഡീഷണൽ എസ്. പി. ആയിരിക്കുമ്പോൾ റെയിൽവേയുമായി ബന്ധപ്പെട്ട വൻ മാഫിയകൾക്കെതിരെ വളരെ വിജയകരമായി അദ്ദേഹത്തിന് പ്രവർത്തിക്കാൻ സാധിച്ചു. അവിടെ വെച്ച് ബാബ്റി മസ്ജിദ് തകർക്കപ്പെട്ടതിനു ശേഷം നടന്ന കലാപജ്വാലയെ പോലീസിന്റെ മാത്രം ശ്രമം കൊണ്ട് തുടക്കത്തിലേ അതിശക്തമായി നിയന്ത്രിച്ച് അണയ്ക്കാൻ കഴിഞ്ഞു. ബംഗാളിൽ കലാപം നടന്ന മറ്റെല്ലാ നഗരങ്ങളിലും പട്ടാളത്തെ ഇറക്കിയാണ് കലാപം അന്ന് അടിച്ചമർത്തപ്പെട്ടത്. അതിനു മുൻപ് ബിർഭൂം ജില്ലയിൽ അഡീഷണൽ എസ്.പി. ആയി മൂന്നു വർഷത്തോളം പ്രവർത്തിച്ചപ്പോഴും അതിനും മുൻപ് റായ്ഗഞ്ചിൽ സബ്ഡിവിഷണൽ പോലീസ് ഓഫീസർ ആയിരിക്കുമ്പോഴും മികച്ച തോതിൽ ക്രമസമാധാന സാഹചര്യങ്ങൾ കൈകാര്യം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

അതിന്റെയൊക്കെ തുടർച്ചയെന്നോണം കൽക്കത്താ പോലീസിൽ ഡെപ്യൂട്ടി കമ്മീഷണർ ആയി ആറു വർഷത്തോളം ഉണ്ടായിരുന്നപ്പോൾ ഒട്ടനവധി ലോ-ആൻഡ്-ഓർഡർ പ്രശ്നങ്ങൾ നേരിടാൻ അദ്ദേഹത്തെയാണ് പോലീസ് നേതൃത്വം

നിയോഗിച്ചത്. പതിനെട്ടു വർഷത്തിലധികമുള്ള തന്റെ യൂണിഫോം സർവീസിലുടനീളം ഈ മികവു നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. അതേപോലെ ബംഗാൾ പോലീസിലും കൽക്കത്താ പോലീസിലും (രണ്ടു വ്യത്യസ്ത പോലീസ് സംവിധാനങ്ങളാണ്; രണ്ടു സംസ്ഥാനങ്ങളിലെ പോലീസുകളെ പോലെ) അക്കാലത്തു നടന്ന ഒട്ടനവധി റിക്രൂട്ട്മെന്റുകൾക്ക് ഉത്തരവാദിത്വം അദ്ദേഹത്തിനെയാണ് ഏല്പിച്ചിരുന്നത്. വളരെ സുതാര്യമായും സത്യസന്ധമായും അദ്ദേഹം ഇക്കാര്യമെല്ലാം നിർവ്വഹിച്ചത് അന്യാദൃശമായിരുന്നു.

വൻ കൊള്ളകൾ, കൂട്ട കൊലപാതകങ്ങൾ ആദിയായ പല പ്രമാദമായ കുറ്റകൃത്യങ്ങളുടെയും അന്വേഷണത്തിന് അദ്ദേഹം ചുക്കാൻ പിടിക്കുകയും മികച്ച ടീമുകൾ സൃഷ്ടിച്ച് ഏകാഗ്രതയോടെ പരിശ്രമിക്കുകയും വിജയകരമായ പരിസമാപ്തിയിൽ അവയെ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

കൽക്കത്താ മഹാനഗരത്തിലെ ട്രാഫിക്ക് വ്യവസ്ഥയുടെ മുഴുവൻ ചുക്കാൻ പിടിച്ച രണ്ടു വർഷം അദ്ദേഹം ഒട്ടനവധി നവീന പരിഷ്കാരങ്ങൾ നടപ്പാക്കി. വളരെ ഫലപ്രദമായ ഗതാഗത നിയന്ത്രണം ആണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നഗരവാസികൾക്ക് ലഭിച്ചത്. അതിനു മുൻപ് ആംസ് ആക്ട് ഡി.സി. ആയിരുന്നപ്പോൾ പടക്കങ്ങളുടെ അതിപ്രസരം നിയന്ത്രിക്കാൻ വേണ്ടി പുറപ്പെടുവിച്ച കോടതി ഉത്തരവ് കർക്കശമായും സമഗ്രമായും നടപ്പാക്കാൻ സാധിച്ചു. കൽക്കത്തയുടെ ചരിത്രത്തിലെ ആദ്യത്തെ നിശ്ശബ്ദ ദീപാവലി എന്ന് പത്രങ്ങൾ വിവരിച്ച ആഘോഷമായിരുന്നു അത്.

കൽക്കത്തയിലെ ഇമ്മിഗ്രേഷൻ, ലൈസൻസിംഗ്, സായുധ ബറ്റാലിയനുകൾ, പോലീസ് സ്റ്റേഷനുകളുടെ ഉത്തരവാദിത്വമുള്ള പല ഡിവിഷനുകൾ, സാമ്പത്തിക കുറ്റങ്ങളുടെ അന്വേഷണങ്ങൾ, കമ്മ്യൂണിക്കേഷൻസ്, ട്രാഫിക്ക് എന്നിങ്ങനെ വൈവിദ്ധ്യപൂർണ്ണങ്ങളായ നിരവധി പോസ്റ്റുകളിൽ അദ്ദേഹം പ്രധാന ചുമതലയോ താല്ക്കാലിക ചുമതലയോ വഹിച്ചിട്ടുണ്ട്. ഇതിനിടെ 1994-95 ൽ എട്ടുമാസത്തേക്ക് അദ്ദേഹം ഐക്യരാഷ്ട്ര സഭയുടെ ശാന്തിരക്ഷാ വാഹിനിയിൽ (പീസ് കീപ്പിംഗ് ഫോഴ്സ്) അംഗമായി തെക്കൻ ആഫ്രിക്കയിലെ മൊസാമ്പിക്കിൽ സേവനമനുഷ്ഠിക്കുകയും ആ രാജ്യത്തിന്റെ ചരിത്രത്തിലെ ആദ്യ തെരഞ്ഞെടുപ്പിന്റെ നിർവ്വഹണത്തിൽ അങ്ങനെ പങ്കു വഹിക്കുകയും ചെയ്തു.

ഡി.സി. അഞ്ചാം ബറ്റാലിയനിലായിരിക്കുമ്പോൾ സഹപ്രവർത്തകരെ അണിനിരത്തി ശ്രമദാനം കൊണ്ട് ഒരു സ്റ്റേഡിയം, പരിശീലനത്തിനും പരേഡിനും വേണ്ടി, സൃഷ്ടിച്ചെടുക്കാൻ സാധിച്ചു. ഉപേക്ഷിക്കപ്പെട്ടു കിടന്ന ഒരു സ്ഥലം വീണ്ടെടുത്താണ് ഇത് ഉണ്ടാക്കിയത്. കൽക്കത്താ പോലീസിലെ 1996 ലെ ഏറ്റവും മികച്ച യൂണിറ്റിനുള്ള ട്രോഫി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അഞ്ചാം ബറ്റാലിയന് ലഭിക്കുകയുമുണ്ടായി. പിന്നീട് നോർത്ത് 24 പർഗാനയിലെ എസ്.പി. ആയിരുന്നപ്പോൾ ഒരു വലിയ രണ്ടു നില ബാരക്ക് പോലീസിലെ താഴേത്തട്ടിലെ ഉദ്യോഗസ്ഥന്മാർക്കു വേണ്ടി ശ്രമദാനവും ജില്ലാ പോലീസ് തലത്തിലെ ഫണ്ടുകളും കൊണ്ട് കെട്ടിപ്പടുക്കാൻ കഴിഞ്ഞു. ഇരുന്ന മിക്ക പോസ്റ്റുകളിലും അദ്ദേഹത്തിന് പോലീസ് മന്ദിര നിർമ്മാണങ്ങൾ, മറ്റ് വെൽഫയർ കാര്യങ്ങൾ ഇവ മാതൃകാപരമായി പല തവണ നിർവഹിക്കാൻ കഴിഞ്ഞു.

കൽക്കത്താ പോലീസിൽ നിന്ന് 1999 ൽ ബംഗാൾ പോലീസിൽ തിരിച്ചെത്തിയ ഹരിസേനവർമ്മ നേരത്തേ പ്രവർത്തിച്ച ബീർഭൂം ജില്ലയിലെയും നോർത്ത് 24 പർഗാന ജില്ലയിലെയും എസ്.പി. യായി. മൊത്തം മൂന്നുവർഷക്കാലം ഐ.പി.എസ്. കാരിയറിലെ ഏറ്റവും സുപ്രധാനമായ 'ജില്ലാ പോലീസ് തലവൻ' എന്ന പദവിയിൽ അദ്ദേഹത്തിന് വളരെ മികച്ച സേവനം നടത്താനായി. വിശ്വപ്രസിദ്ധമായ വിശ്വഭാരതി വിശ്വവിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ബീർഭൂം ജില്ല. അവിടെ വളരെ വലിയ വെള്ളപ്പൊക്കം സംഭവിച്ചപ്പോൾ ജനങ്ങൾക്കു വേണ്ടി വിപുലമായ തോതിൽ രക്ഷാ-സേവാ പ്രവർത്തനങ്ങളും ഭക്ഷണ-വസ്ത്രദാനങ്ങളും അദ്ദേഹം മുൻകൈയെടുത്ത് നടപ്പാക്കി. അദ്ദേഹം എസ്.പി. ആയിരുന്ന കാലത്ത് നോർത്ത് 24 പർഗാനയായിരുന്നു ഇൻഡ്യയിലെ ഏറ്റവും ജനസംഖ്യയുള്ള ജില്ല. ഏതാണ്ട് ഒരു കോടി ജനങ്ങൾക്കു വേണ്ടിയുള്ള പോലീസ് സംവിധാനം ഈ ജില്ലയിൽ അദ്ദേഹം കൈകാര്യം ചെയ്തു. രാഷ്ട്രീയവും മറ്റു രീതികളിലും ഉള്ള

നിയമവിരുദ്ധ ഇടപെടലുകൾക്കു കീഴടങ്ങാതെയാണ് ഇവിടെയും മറ്റു പോസ്റ്റുകളിലും അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ ജോലി ചെയ്തത്. അതു കാരണം പലപ്പോഴും ശക്തമായ എതിർപ്പുകളും കഷ്ടപ്പാടുകളും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടതായും വന്നു.

ഡി.ഐ.ജി. ആയി പ്രമോഷൻ ലഭിച്ച ശേഷം ഡെപ്യൂട്ടേഷനിൽ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയിൽ എത്തിച്ചേർന്ന അദ്ദേഹം പതിനാറു വർഷം അതിൽ പ്രവർത്തിച്ചു. ഡൽഹി, തിരുവനന്തപുരം, അഗർത്തല, ചെന്നൈ ഇങ്ങനെ വിവിധ സ്ഥലങ്ങളിലായിരുന്നു പോസ്റ്റിംഗ്. ഈ കാലയളവിൽ കേരളം, ലക്ഷദ്വീപ്, ത്രിപുര, തമിഴ്നാട്, പുതുശ്ശേരി, ആൻഡമാൻ-നിക്കോബാർ ദ്വീപുകൾ ഇവയിലെ ഐ.ബി. തലവനായിരുന്നു അദ്ദേഹം.

ഐ.ജി., അഡീഷണൽ ഡി.ജി., ഡി.ജി. ഈ സ്ഥാനക്കയറ്റങ്ങൾ ഐ.ബിയിൽ നിന്നുതന്നെ ലഭിച്ച് 2019 ഡിസംബർ 31 ന് ഡി.ജി.പിയ്ക്കു തുല്യമായ സ്പെഷ്യൽ ഡയറക്ടർ പദവിയിൽ സർവ്വീസിൽ നിന്ന് വിരമിച്ചു. പിന്നീട് മൂന്നുവർഷം ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ കീഴിൽ സ്പെഷ്യൽ റാപ്പോർട്ടിയർ ആയിരുന്നു. കേരളം, തമിഴ്നാട്, മൂന്നു യൂണിയൻ ടെറിറ്ററികൾ ഇവയുടെ ഉത്തരവാദിത്വമാണ് ഉണ്ടായിരുന്നത്. പ്രമുഖ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള പഠനം അദ്ദേഹം നടത്തിയത് ഫലപ്രദമായ പല മാറ്റങ്ങൾക്കും വഴിതെളിച്ചു.

2001-ൽ സ്തുത്യർഹ സേവനത്തിനുള്ള ഇൻഡ്യൻ പോലീസ് മെഡലും 2009-ൽ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ് മെഡലും അദ്ദേഹത്തിന് ലഭിച്ചു. സർവീസിൽ നിന്ന് വിരമിച്ച ശേഷം 2020-ൽ കേന്ദ്ര ഗൃഹമന്ത്രാലയത്തിന്റെ അത്യുത്കൃഷ്ട സേവാ പദക്കും ലഭിക്കുകയുണ്ടായി.

ഹരിസേനവർമ്മയുടെ മൂത്ത സഹോദരന്മാർ പരേതരായ ഡോ. എം. നരേന്ദ്ര വർമ്മ (സിവിൽ സർജൻ, അമൃത മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ പോഡിയാട്രി തലവനും പ്രഫസർ എമിററ്റസും), എം. മനോഹര വർമ്മ (ഡെപ്യൂട്ടി ജനറൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്) എന്നിവരാണ്. മൂത്ത സഹോദരി എം. സുഷമാ വർമ്മ ആലുവ സെന്റ് സേവിയേഴ്സ് കോളേജിൽ പ്രിൻസിപ്പലും ആയിരുന്നു. അനുജത്തി എസ്. ശുഭ കേരള അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിൽ ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ചു.

പിതാവ് ഡോ. കെ. മാർത്താണ്ഡവർമ്മ മികച്ച ചരിത്ര ഗവേഷകനും സാഹിത്യകാരനുമായിരുന്നു. 1948-ൽ ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് അക്കാലത്ത് അത്യപൂർവ്വമായ ചരിത്ര പി.എച്ച്.ഡി. ബിരുദം അദ്ദേഹം നേടിയിരുന്നു. ആലുവ യു.സി. കോളേജിലെ ചരിത്രവിഭാഗം ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് ആയാണ് അദ്ദേഹം വിരമിച്ചത്. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. മാതാവ് സരോജിനി ദേവി സ്വഭാവ-സൗശീല്യങ്ങൾക്ക് മാതൃകയായിരുന്ന സാധ്വിയായിരുന്നു.

കൊച്ചി രാജകുടുംബാംഗമായ തൃപ്പൂണിത്തുറ വലിയ പടിഞ്ഞാറേ കോവിലകത്തെ അദ്ധ്യാപികയായ സുനിതാ വർമ്മയാണ് അദ്ദേഹത്തിന്റെ പത്നി. അമേരിക്കയിൽ സീനിയർ എ.ഐ എഞ്ചിനീയറായ എച്ച്. നാഗാർജ്ജുന വർമ്മയും ഫ്രാൻസിൽ സ്പെഷ്യൽ എക്കോളജിയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുന്ന എച്ച്. നിവേദിത വർമ്മയും ആണ് സന്താനങ്ങൾ.

ഹരിസേനവർമ്മയും സാഹിത്യ പരിശ്രമങ്ങൾ സ്കൂൾ വിദ്യാഭ്യാസകാലം മുതലേ നടത്തിവന്ന വ്യക്തിയാണ്. നൂറോളം കവിതകളും കഥകളും ലേഖനങ്ങളും പല പത്ര-മാസികകളിലായി മലയാളത്തിലും ഇംഗ്ലീഷിലും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല തവണ സ്കൂൾ, കോളേജ് തലങ്ങളിൽ പ്രസംഗം, ക്വിസ്സ്, ലേഖനം ആദിയായ മത്സരങ്ങളിൽ സംസ്ഥാനതലത്തിൽ വരെ സമ്മാനാർഹനായി. 1978-ൽ കേരള സർവ്വകലാശാലയുടെ യുവജനോത്സവത്തിൽ കഥയ്ക്ക് രണ്ടാം സമ്മാനവും സ്കോളർഷിപ്പും അദ്ദേഹത്തിന് ലഭിച്ചു. അദ്ദേഹത്തിന്റെ 'പ്രപഞ്ച രൂപരേഖ ഗീതയിൽ നിന്ന്' എന്ന പഠനഗ്രന്ഥം 2006-ൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ചു. അതിന്റെ വിപുലീകരിച്ച മൂന്നാം പതിപ്പ് 2023-ൽ പ്രസിദ്ധീകൃതമായി. ഹരിസേന വർമ്മയുടെ രണ്ടാമത്തെ ഗ്രന്ഥമായ 'ഗീതയിലെ ജാതി വിചാരം' 2025 ൽ ഡി.സി. ബുക്സ് തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി.

**ആർ. വേണുഗോപാല വർമ്മ**
ഉത്ത്രൃട്ടാതിപ്പുര, മാവേലിക്കര

കവിത

# തത്ത്വമസി



**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം. മൊ. 947390709

നീ ജന്മമാർന്നൊരീ പുണ്യധരിത്രിയിൽ
നീ പിച്ചവെച്ചൊരീ കൊച്ചുമൺകൂനയിൽ
നീ കേട്ടുറങ്ങിയ താരാട്ടുപാട്ടിന്റെ
നിത്യഹരിതമാം താളലയങ്ങളിൽ
മണ്ണപ്പവും കളിവീടുമുണ്ടാക്കി നീ
അന്നു കളിച്ച തടാകതീരങ്ങളിൽ
കൗമാരമേകിയ സ്വപ്നശതങ്ങളിൽ
വന്നുവിടർന്നോരു സൗഗന്ധികങ്ങളിൽ
യൗവ്വനതീക്ഷ്ണ സുധീരപഥങ്ങളിൽ
പിന്നിട്ട സംഗരകർമ്മകാണ്ഡങ്ങളിൽ
നഷ്ടബോധത്തിൻ സ്മൃതികൾ മയങ്ങുന്ന
ജീവിതസായാഹ്ന ശയ്യാതലങ്ങളിൽ
നീ പെയ്തിറങ്ങിയ വർഷമേഘങ്ങളിൽ
നീ വീണുറങ്ങും നിശാസദനങ്ങളിൽ
നിന്റെ ദുഃഖങ്ങളിൽ നിന്റെ സുഖങ്ങളിൽ
നിന്റെ പ്രതീക്ഷയിൽ നിന്റെ നിരാശയിൽ
എത്ര ദിനങ്ങളിൽ എത്ര വർഷങ്ങളിൽ
എത്ര കാലങ്ങളിൽ എത്ര യുഗങ്ങളിൽ
നിന്നെത്തിരഞ്ഞുതിരഞ്ഞു തളർന്നുഞാൻ
എന്നുള്ളിലേക്ക് തിരിഞ്ഞുനോക്കീടവേ
കണ്ടുഞാൻ നിന്നെയെൻ ഹൃത്തിന്നഗാധത-
തന്നിൽ നിറഞ്ഞുനില്ക്കുന്നൊരു രൂപമായ് !
ജീവിതസന്ധ്യയിൽ ഞാനുമീ നീയുമൊ-
ന്നാണെന്ന സത്യം തിരിച്ചറിയുന്നു ഞാൻ!

---

കവിത


# ഓർമ്മയിൽ ഒരു വിഷുക്കാലം



**ഡോ. വിനോദിനി വർമ്മ**
പാലക്കാട്, മൊ. 98400 24723

വിഷുപ്പൊൻപുലരി വരവായി നാട്ടിൽ
വിഷുപ്പക്ഷിതൻ നാദം ശ്രവിക്കാൻ ഞാനും
കാതോർത്തൊരാ ബാല്യത്തിൻ നാളുകൾ വീണ്ടും
പാതയോരം കൊന്നപ്പൂ പരവതാനി
തീർക്കുന്ന നാൾകൾ
കൊയ്ത്തുതീർന്ന പാടങ്ങൾ
ഓർക്കുവാനെന്തൊരാവേശമാണിപ്പൊഴും
കണിയൊരുക്കി മുത്തശ്ശി പിന്നെചൊല്ലീ
ഉണരണം വെളുപ്പിനതിനാൽ നിങ്ങൾ
ഉറങ്ങുക, കണ്ണടച്ചെഴുന്നേൽക്കണം
പറയാം കണികാണാൻ കൺ തുറക്കുക
കണി കാണൽ പുത്തനുടുപ്പ് കൈനീട്ടം
അണിയണിയായ് പടക്കഘോഷശബ്ദങ്ങൾ
കമ്പിത്തിരി ചക്രം മേശപ്പൂത്തിരി
വമ്പനമിട്ടോ! ആകാശ വിസ്മയങ്ങൾ
സദ്യ കഴിഞ്ഞാൽ കുട്ടികളെല്ലാം ഒത്തു
വിദ്യകളോരോന്നായ് മാവിൻ ചോട്ടിൽ തീർത്തു
മുത്തശ്ശിമാവും സന്തോഷത്താൽ തേനൂറും
സത്തെഴും മാമ്പഴം പൊഴിച്ചൂ കൈനീട്ടം
വേനലവധി നാൾകളോർക്കുകിലെത്ര
മനസ്സുനിറയ്ക്കും ബാല്യക്കുസൃതികൾ

# മതം (Religion)



**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

"മതമേതായാലും മനുഷ്യൻ നന്നായാൽ മതി", എന്നാണ് ശ്രീനാരായണ ഗുരു പറഞ്ഞിട്ടുള്ളത്. Religion എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് Re-ligion എന്നാണ്. ligio എന്നതിന്റെ അർത്ഥം to write (ചേർക്കുക) എന്നാണ്. അപ്പോൾ Religion എന്നതിന് Re write എന്ന് അർത്ഥം വരുന്നു. ഏത് ഏതിനോട് ചേർക്കണം? ഇത് വിസ്തരിക്കുന്നതാണ് മതം. എല്ലാ മതങ്ങളിലും അന്തിമമായി ഒരുപോലെയാണ്.

'ഓം' എന്ന പരമ സത്യത്തെയാണ് 'അമേൻ' എന്ന് ക്രിസ്ത്യാനികളും 'ആമീൻ' എന്ന് ഇസ്ലാം വിശ്വാസികളും 'ഷെല്ലോം' എന്ന് ജൂത വിശ്വാസികളും 'ഹം' എന്ന് പാഴ്സികളും പറയുന്നത്. എല്ലാവരുടെയും ഉച്ചാരണം 'ഓം' എന്ന ശബ്ദത്തോട് വളരെ അടുപ്പമുണ്ട്. 'ഓം തത് സത്' എന്നത് ഭഗവദ്ഗീതയിലെ ഒരു മന്ത്രമാണ്. ഗീത (17-23).

നമ്മളിലുള്ള 'ബോധ'ത്തെയാണ് അത് സൂചിപ്പിക്കുന്നത്.

'അന്വയ വ്യാതിരേകേണ വിവേകേനോസതാത്മനാ
സർഗ്ഗ സ്ഥാന സമാമ്നായൈർവ്വിമൃഷദ്ഭിർ അത്വരൈഃ'
ഭാഗവതം (സ്ക്ക. 7-അ. 7 - ശ്ലോ. 24)

സാരം:- ആത്മാവും ശരീരവും അഗ്നിയും ധൂമവും പോലെയാണ്. ധൂമം (പുക) നില നിൽക്കാൻ അഗ്നി വേണം. എന്നാൽ അഗ്നി നില നില്ക്കാൻ ധൂമം ആവശ്യമില്ല.

ഛാന്ദോഗ്യോപനിഷത്തിൽ അച്ഛൻ അരുണൻ പുത്രൻ ശ്വേതകേതുവിന് സംശയം തീർത്തുകൊടുക്കുകയാണ്. ഒരു അരയാലിന്റെ പഴം പൊളിച്ച് കൊണ്ടുവരാൻ പറഞ്ഞു. പൊളിച്ചപ്പോൾ അതി സൂക്ഷ്മങ്ങളായ അനേകം വിത്തുകൾ കണ്ടു. അതിൽ ഒരു സൂക്ഷ്മമായ വിത്തിനെ എടുത്ത് പൊളിച്ചപ്പോൾ "എന്ത് കാണുന്നു" എന്ന് അച്ഛൻ ചോദിച്ചു. "ഒന്നുമില്ല" എന്നായിരുന്നു മകന്റെ മറുപടി. പിതാവ് വിശദീകരിച്ചു. ഇത് അണുപ്രായമായ വിത്താണ്. ഇതിലെ അന്തസത്ത കാഴ്ചയ്ക്ക് വിധേയമല്ല. ആ അന്തസത്തയെയാണ് 'ബോധം' എന്ന് വേദാന്തികൾ പറയുന്നത്. ഇതേപോലെ ഈ ജഗത്തിന്റെ ബീജവും ആ ബോധം തന്നെയാണെന്ന് അച്ഛൻ പറഞ്ഞത് മനസ്സിലാക്കി. നമ്മളിലുള്ള 'ബോധം' തന്നെയാണ് സൂര്യനിലുള്ളതും. മനുഷ്യൻ വെറും ജഡശരീരമല്ല. അവൻ അഖണ്ഡ ബോധസ്വരൂപമായ ബ്രഹ്മമാണ്. അതിന് നാശമില്ല. ഈ ബ്രഹ്മജ്ഞാനം അറിഞ്ഞാൽ ജീവിതം ധന്യമായി. നാരായണീയം (98-3) ൽ നേതി നേതി പ്രക്രിയയിലൂടെ ബാക്കിയാകുന്ന ആ ഒന്നാണ് ഭഗവാനെ, അവിടുത്തെ സ്വരൂപം എന്നാണ് പറയുന്നത്. നാശമില്ലാത്തത് 'ബോധം' മാത്രം. ഞാൻ 'ബോധം' തന്നെയാണെന്ന് മനസ്സിൽ ഉറപ്പിക്കുക. ബോധത്തിൽ ഉറച്ചാൽ ഭോഗം, യോഗം, രോഗം എല്ലാം ഒരുപോലെയാണ്. ജഡപ്രപഞ്ചത്തിനെ പ്രകാശിപ്പിക്കുന്നത് ഈ ആത്മ ചൈതന്യമാണ്. ശബരിമല ക്ഷേത്രത്തിൽ 'തത്ത്വമസി' എന്നെഴുതി വെച്ചിട്ടുള്ളത് ഭക്തജനങ്ങളെ ഇത് അറിയിക്കാനാണ്. വെള്ളത്തിലെ കുമിളകൾ പോലെയാണ് നമ്മുടെ ശരീരം. അത് കാറ്റടിക്കുന്നത് വരെയേയുള്ളൂ. ജലമാണ് എന്നും ഉള്ളത്. 'ഭജഗോവിന്ദ'ത്തിൽ ശ്രീശങ്കരാചാര്യ സ്വാമികൾ ഭംഗിയായി പറയുന്നതിപ്രകാരമാണ്:

'നളിനീദളഗത ജലമതി തരളം
തദ്വജ്ജീവിതമതിശയ ചപലം' (ഭജഗോവിന്ദം)

എഴുത്തച്ഛൻ തന്റെ ഹരിനാമകീർത്തനത്തിൽ പറയുന്നത് ഇപ്രകാരമാണ്.

'അർക്കാനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിന്നു കണ്ണു മനമാകുന്ന കണ്ണതിന്
കണ്ണായിരുന്ന പൊരുൾ താനെന്നുറയ്ക്കുമള-
വാനന്ദമെന്തു ഹരിനാരായണായ നമഃ'
ഹരിനാമകീർത്തനം (ശ്ലോ. 4)

സാരം:– കാണുന്നത് കണ്ണുകൊണ്ടാണെങ്കിലും അതിന് കണ്ണ് മനസ്സും മനസ്സിന് കണ്ണ് 'ബോധ'വും ആണ്. ഈ ബോധമാണ് ഞാൻ. അതിന് നാശമില്ല. ഞാൻ നശ്വരമായ സ്ഥൂല ശരീരമല്ല. ഇതാണ് ആത്മജ്ഞാനം. ഈ ആത്മജ്ഞാനം നേടിയാലുള്ള അവസ്ഥ അതിരറ്റതാണെന്നാണ് എഴുത്തച്ഛന്റെ അനുഭവം. ശ്രീനാരായണ ഗുരു തന്റെ ദൈവദശകത്തിലെ രണ്ടാമത്തെ ശ്ലോകത്തിൽ ആത്മ ചൈതന്യത്തെപ്പറ്റി പറയുന്നതിപ്രകാരമാണ്:

'ഒന്നൊന്നായെണ്ണിയെണ്ണിത്തൊട്ടെണ്ണും
പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം നിന്നിലസ്പന്ദമാകണം'
(ദൈവദശകം)

സാരം:– ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ്, ബുദ്ധി എല്ലാം എന്റേതാണ്. എന്റേതെന്ന് പറയാൻ പറ്റാതെ ശേഷിക്കുന്ന ആ ഒന്നാണ് ആത്മാവ്. ഈ വിളക്ക് കത്തിക്കഴിഞ്ഞാൽ എല്ലാ അന്ധകാരങ്ങളും നീങ്ങും. ജ്ഞാനോദയം ഉണ്ടാകും.

ഇവിടെ എല്ലാം ഒരു ചക്രസമ്പ്രദായത്തിലാണ് നടക്കുന്നത്. ഉദാഹരണമായി പ്രകൃതിയിൽ നിന്നും ഉടലെടുത്ത ശരീരം മരിക്കുമ്പോൾ പ്രകൃതിയിലേക്ക് തന്നെ പോകുന്നു. 'ബോധ'ത്തിൽ നിന്ന് പൊന്തിവരുന്ന മനസ്സ് (ചിന്തകൾ) അവസാനം ബോധത്തിലേക്കു തന്നെ തിരിച്ചുപോകണം. ഇങ്ങനെ Re-write ചെയ്യുന്നതിനുള്ള വഴികൾ പറഞ്ഞുകൊടുക്കുകയാണ് എല്ലാ Religion കളും ചെയ്യുന്നത്. ഇത് അത്ര എളുപ്പമല്ല. ഇത് 24 hours business ആണ്. ഇതിന് ജ്ഞാനം വേണം. ഇപ്പോൾ നാം ജഡശരീരമാണെന്ന അജ്ഞാനത്തിലാണ്. നമ്മുടെ യഥാർത്ഥ സ്വരൂപം നിത്യശുദ്ധമുക്ത'ബോധ'മാണ്. ശരീര ബോധത്തിൽ നിന്നും ആത്മബോധത്തിലേക്ക് ഉയരണം; ശവം ശിവനാകണം; നരൻ നാരായണനാകണം; അർജ്ജുനൻ മാധവനാകണം.

ജീവന്മുക്തിക്കുള്ള അഞ്ച് പടികൾ ശ്രീശങ്കരാചാര്യ സ്വാമികൾ തന്റെ 'ഭജഗോവിന്ദ'ത്തിൽ നിർദ്ദേശിക്കുന്നത് ഇപ്രകാരമാണ്:

'സൽസ്സംഗത്വേ നിസ്സംഗത്വം
നിസ്സംഗത്വേ നിർമോഹത്വം
നിർമോഹത്വേ നിശ്ചലതത്വം
നിശ്ചലതത്ത്വേ ജീവന്മുക്തി'
(ഭജഗോവിന്ദം – ശ്ലോ. 9)

സാരം:– നല്ല സമ്പർക്കം കൊണ്ട് വൈരാഗ്യവും വിരക്തിയും ഉണ്ടാകുകയും അതുമൂലം അജ്ഞാനം നീങ്ങുകയും തൽഫലമായി മനഃശ്ശാന്തി കിട്ടി ജീവന്മുക്തനാകുകയും ചെയ്യുന്നു.

നേരെ മറിച്ച് ദേഹം വിടുമ്പോൾ ഒരു കെട്ട് ആഗ്രഹങ്ങളുമായി ജീവൻ വിട്ടുപോയാൽ അത് പൂർത്തീകരിക്കാൻ വേണ്ടി പിന്നെയും പിന്നെയും ജന്മമെടുക്കേണ്ടി വരും. അതാണ് പുനർജ്ജന്മം. ജന്മം ദുഃഖകരമാണ്. ജന്മനാശം ദുഃഖ നിവർത്തിയും.

'സ്വപാദമൂലം ഭജതഃ പ്രിയസ്യ
ത്യക്താന്യഭാവസ്യ ഹരിഃ പരേശഃ
വികർമ്മയച്ചോത്പതിതം കഥഞ്ചിദ്-
ധുനോതി സർവ്വം ഹൃദി സന്നിവിഷ്ടഃ'
(ഭാഗവതം – സ്ക്ക. 11, അ. 5, ശ്ലോ. 42)

സാരം:– അറിയാതെ വരുന്ന തെറ്റുകളെ തന്റെ ഭക്തന്റെ ഉള്ളിലിരുന്ന്, ഭക്തദാസനായ ഭഗവാൻ തിരുത്തുന്നതാണ്.

കരുണാനിധിയായ ഭഗവാൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

*പേജ് 110 വൈവാഹികം തുടർച്ച*

BOX No. 2628

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 35 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance AI Software Consultant, Entrepreneur, running an NGO, Managing Director and founder of Dakshin Vrindavan Trust (dakshinvrindavan.org). Seeks suitable alliance from parents of Kshatriya girls. Contact: **9447072138, 9995052138**

# കണ്ണന്റെ കണ്ണീരും ചിരിയും



**രാജലക്ഷ്മി**
കൊടുങ്ങല്ലൂർ, മൊ. 94970 24549

മഹാഭാരതയുദ്ധം കൊടുമ്പിരികൊണ്ട് നിൽക്കുന്ന സമയം. 13-ാം ദിവസം അഭിമന്യു വധിക്കപ്പെടുന്നു.

ചതിപ്രയോഗത്തിലൂടെ മാത്രമേ അഭിമന്യുവിനെ വധിക്കാൻ കഴിയൂ എന്നറിഞ്ഞ ദ്രോണാചാര്യർ ചക്രവ്യൂഹം ചമയ്ക്കുന്നു. അതിൽ അകപ്പെടുത്തി വധിക്കുക എന്നതായിരുന്നു കൗരവസേനയുടെ ലക്ഷ്യം. അത് സാധിക്കപ്പെടുന്നു. തന്റെ മരണസമയമായി എന്ന അറിവ് അഭിമന്യുവിന് ഉണ്ടാകുന്നു.

ആരാണ് അഭിമന്യു? ചന്ദ്രപുത്രനായ വർച്ചസ് ആണ് അഭിമന്യു ആയി ജനിക്കുന്നത്. ധർമ്മസംസ്ഥാപനത്തിനായി ചന്ദ്രപുത്രനെ നൽകണമെന്ന് അപേക്ഷിച്ചപ്പോൾ 16 വർഷം ഭൂമിയിൽ ജീവിച്ച ശേഷം തന്റെ അടുത്ത് തിരിച്ചുവരും എന്ന് ചന്ദ്രൻ അനുഗ്രഹിക്കുന്നു. അങ്ങിനെ ചന്ദ്രവംശത്തിൽ കൃഷ്ണന്റെ സഹോദരീപുത്രനായി വർച്ചസ്സ് അവതരിക്കുന്നു. കൃഷ്ണസഹോദരി സുഭദ്രയുടേയും അർജ്ജുനന്റേയും മകനായി ജന്മമെടുത്ത അഭിമന്യു അമ്മയുടെ ഗർഭത്തിൽ കിടന്ന് ആയോധനവിദ്യകൾ ഗ്രഹിക്കുന്നു. കൃഷ്ണൻ അർജ്ജുനന് ചക്രവ്യൂഹം ഉണ്ടാക്കുന്ന വിദ്യ പഠിപ്പിക്കുമ്പോൾ സുഭദ്രയുടെ സാന്നിധ്യവും ഉണ്ടായിരുന്നു. വ്യൂഹം ചമയ്ക്കുന്ന വിദ്യ പഠിച്ചു കഴിഞ്ഞപ്പോൾ സുഭദ്ര നിദ്രയിലാണ്ടു. അതിനാൽ ചക്രവ്യൂഹത്തിൽ നിന്നും പുറത്തുകടക്കാനുള്ള മാർഗ്ഗം അഭിമന്യുവിന് ഗ്രഹിക്കാൻ കഴിഞ്ഞില്ല. അതിനാൽ ചക്രവ്യൂഹത്തിൽ നിന്നും പുറത്ത് കടക്കാനാകാതെ അഭിമന്യുവിന് മരണം വരിക്കേണ്ടിവന്നു.

ചക്രവ്യൂഹത്തിൽ പ്രവേശിക്കാതിരിക്കാൻ പാണ്ഡവരിൽ നാലുപേരേയും ജയദ്രഥൻ തടഞ്ഞു. അതിനായി ഒരു ദിവസം പാണ്ഡവരെ തടഞ്ഞു നിർത്താനുള്ള വരം ജയദ്രഥൻ ശിവനിൽ നിന്നും നേടിയിരുന്നു. അർജ്ജുനനേയും കൃഷ്ണനേയും വേറൊരു ദിശയിലേയ്ക്ക് നയിച്ചിട്ടാണ് കൗരവർ അഭിമന്യുവിനെ വ്യൂഹത്തിൽ അകപ്പെടുത്തിയത്. മഹാരഥന്മാരോടൊപ്പം ഏറെ എതിർത്തുനിന്നെങ്കിലും കർണ്ണന്റെ ചതിയിലൂടെ അഭിമന്യു നിരായുധനാക്കപ്പെടുകയും എല്ലാവരും ചേർന്ന് വധിക്കുകയും ചെയ്തു.

അർജ്ജുനനൊഴികെ എല്ലാ പിതാക്കന്മാരും നോക്കി നിൽക്കെയാണ് അഭിമന്യുവധം നടന്നത്. കൃഷ്ണാർജ്ജുനന്മാർ തിരികെ വന്നപ്പോൾ കേട്ട ദുഃഖവാർത്ത ജയദ്രഥവധത്തിന് കാരണമായിത്തീരുന്നു. പിറ്റേദിവസം സൂര്യാസ്തമനത്തിനു മുന്നെ താൻ ജയദ്രഥന്റെ ശിരസ്സറുക്കും എന്ന ശപഥം നിറവേറ്റാൻ കൃഷ്ണന് ചതിപ്രയോഗം ചെയ്യേണ്ടിവന്നു. മഹാഭാരതയുദ്ധത്തിലെ ആദ്യത്തെ നിയമലംഘനമാണ് അഭിമന്യുവിനോടുണ്ടായ ചതി.

അഭിമന്യുവിന്റെ മരണവാർത്തയറിഞ്ഞ മാതുലനായ കൃഷ്ണൻ കണ്ണുനീർവാർത്ത ഒരവസരം അതായിരുന്നു. അർജ്ജുനന്റെ കഠിനമായ മനോവേദനയിൽ പങ്കുചേർന്നപ്പോഴും മരണം എന്ന അനിവാര്യത മനസ്സിലാക്കിക്കൊടുക്കുന്ന ഭഗവാനെ നമുക്കവിടെ കാണാം. കണ്ണന്റെ കണ്ണുനീർ ലോകത്തെ മുഴുവൻ ദുഃഖിതരാക്കി.

മഹാഭാരത യുദ്ധം 14-ാം ദിവസം. അന്ന് സൂര്യൻ അസ്തമിക്കും മുൻപ് ജയദ്രഥവധം നടത്തി അർജ്ജുനൻ അഭിമന്യുവധത്തിന് പകരം വീട്ടി.

തന്റെ മരണം സുനിശ്ചിതമെന്ന് അറിയുമെങ്കിലും സൂര്യാസ്തമയം വരെ ജയദ്രഥൻ യുദ്ധഭൂമിയിലേക്ക് വന്നില്ല. സൂര്യാസ്തമയം കഴിഞ്ഞാൽ ജയദ്രഥനെ വധിക്കാനും കഴിയില്ല.

## പന്തളം കേരളവർമ്മ കവിതാ പുരസ്കാരം



മഹാകവി പന്തളം കേരളവർമ്മ കവിതാ പുരസ്കാരം എഴുത്തുകാരി ഒ.വി. ഉഷയ്ക്ക് സമ്മാനിച്ചു. നിരൂപകനും മഹാകവി പന്തളം കേരളവർമ്മ സ്മാരകസമിതി പ്രസിഡന്റുമായ ഡോ. കെ.എസ്. രവികുമാർ പുരസ്കാര സമർപ്പണം നടത്തി. സമ്മേളനത്തിൽ പന്തളം കൊട്ടാരം നിർവാഹക സംഘം പ്രസിഡന്റ് ആർ. പ്രദീപ്കുമാർ വർമ്മ അദ്ധ്യക്ഷനായി. മങ്ങാട്ട് രത്നാകരൻ മുഖ്യപ്രഭാഷണം നടത്തി. കൊട്ടാരം നിർവാഹക സംഘം ജോയിന്റ് സെക്രട്ടറി ദീപാവർമ്മ, അംഗം വർമ്മ കെ. രഘു, ഒ.വി. ഉഷ എന്നിവർ പ്രസംഗിച്ചു. പുരസ്കാരച്ചടങ്ങിന് മുന്നോടിയായി പി. സന്തോഷ് വർമ്മ നയിച്ച മഹാകവിയുടെ രുക്മാംഗദചരിതം മഹാകാവ്യത്തിന്റെ ആസ്വാദനസദസ്സും ഉണ്ടായിരുന്നു. 25,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

അതിനാൽ കൃഷ്ണൻ തന്റെ ചക്രത്തെ കൊണ്ട് സൂര്യനെ മറക്കുന്നു. സൂര്യാസ്തമയം കഴിഞ്ഞു എന്നു കരുതി ജയദ്രഥൻ യുദ്ധഭൂമിയിൽ എത്തുന്നു. കൃഷ്ണൻ ചക്രായുധം പിൻവലിക്കുന്നു. സൂര്യതേജസ്സ് കണ്ട് ജയദ്രഥൻ ഭയക്കുന്നു. അർജ്ജുനൻ ജയദ്രഥനെ വധിക്കുന്നു.

നിയമലംഘനം ആരോപിച്ച് അസ്തമയശേഷവും കൗരവർ യുദ്ധം ചെയ്യുന്നു. ഈ അവസരം നോക്കി കൃഷ്ണൻ ഭീമസേനനോട് രാക്ഷസസ്ത്രീയിൽ ഉണ്ടായ തന്റെ പുത്രൻ ഘടോൽക്കചനെ സ്മരിക്കാൻ പറയുന്നു. സ്മരണമാത്രയിൽ ഘടോൽക്കചൻ പ്രത്യക്ഷനാവുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു. രാക്ഷസർക്ക് രാത്രിയിൽ ശക്തി കൂടുമെന്നുള്ളതിനാൽ ഭയാനകമായ യുദ്ധം നടക്കുന്നു. കൗരവസൈന്യത്തിന്റെ നാശം വിതച്ച് മുന്നേറുന്ന ഘടോൽക്കചനെ വധിക്കാൻ കർണ്ണന് തന്റെ ശക്തിവേൽ പ്രയോഗിക്കേണ്ടതായി വരുന്നു. വേൽ ഏറ്റ് തകർന്നപ്പോഴും ഘടോൽക്കചൻ തന്റെ ശരീരം പർവ്വതത്തോളം വലുതാക്കുകയും വീഴ്ചയിൽ കൗരവരുടെ ഒരു അക്ഷൗഹിണിപട നശിപ്പിക്കയും ചെയ്യുന്നു.

ഘടോൽക്കചന്റെ മരണത്തിൽ പാണ്ഡവർ ഒന്നാകെ വിലപിക്കുന്നു. ഭീമസേനന്റെ പുത്രനായ ഘടോൽക്കചനാണ് പാണ്ഡവരിലെ മൂത്തപുത്രൻ. യുദ്ധത്തിൽ വിജയിച്ചാൽ രാക്ഷസനാകും ഹസ്തിനപുരത്തിലെ ചക്രവർത്തി. അതിനുള്ള പരിഹാരം കൂടി ആയിരുന്നു കൃഷ്ണന്റെ ഈ ബുദ്ധി.

വിലപിക്കുന്ന പാണ്ഡവരോട് കൃഷ്ണൻ പറഞ്ഞത് "നിങ്ങൾ ആഘോഷിക്കൂ" എന്നാണ്. കൃഷ്ണൻ പൊട്ടിച്ചിരിക്കയായിരുന്നു അപ്പോൾ. അത് ഭീമസേനനെ വല്ലാതെ ദു:ഖിപ്പിച്ചു. അതിന് ഉത്തരമായി കൃഷ്ണന്റെ മറുപടി ഇതായിരുന്നു: "രാക്ഷസനായ അവന് മരണം ഉറപ്പാണ്. അതു മാത്രമല്ല അർജ്ജുനനെ കൊല്ലാൻ കർണ്ണൻ നീക്കി വച്ച ശക്തിവേലാണ് ഘടോൽക്കചനു വേണ്ടി പ്രയോഗിച്ചത്. അതല്ലായിരുന്നെങ്കിൽ അർജ്ജുനന്റെ വധം ഉറപ്പാണ്. അതു നശിച്ചതിനാൽ അർജ്ജുനൻ രക്ഷപ്പെടുകയും ചെയ്തു."

കണ്ണന്റെ കണ്ണുനീരിൽ കർണ്ണന്റെ മരണം ഉറപ്പാക്കി. കണ്ണന്റെ ചിരിയിൽ കർണ്ണനിൽ നിന്നും അർജ്ജുനന്റെ ജീവൻ രക്ഷയും ഉറപ്പായി. യുദ്ധനീതിയുടെ സാരം കണ്ണനല്ലാതെ ആർക്കാണ് അറിയുക. ●

IND: 9645 88 3333
UAE: +971 5298 46 177

THE LEGACY OF TRUST
BEST BUILDER AWARD 2026
BY ENGINEERS CLUB

VARMA HOMES
A LEGACY OF FINE LIVING




കേരളത്തിലെ ഏറ്റവും വിശ്വസ്തരായ കെട്ടിട നിർമ്മാതാക്കൾ എന്നറിയപ്പെടുന്ന കൊച്ചി ആസ്ഥാനമായുള്ള 'വർമ്മ ഹോംസി'ന് എഞ്ചിനിയേഴ്സ് ക്ലബ്ബിന്റെ Best Builder Award 2026 പുരസ്കാരം ലഭിച്ചു. 9 വർഷത്തിന്റെ ചെറിയ കാലയളവിൽ 30 പ്രോജക്ടുകൾ ഏറ്റെടുത്തു. 15 എണ്ണം പൂർത്തീകരിക്കുകയും 15 എണ്ണം നിർമ്മാണത്തിലുമാണ്. Varma Wellage എന്ന പുതിയ സംരംഭത്തിലൂടെ അവർ കമ്മ്യൂണിറ്റി ജീവിതത്തിന്റെ മേഖലയിലേക്കും കടക്കുകയാണ്.

വിശ്വാസം വളർത്തിയും... പുതിയ നാഴികക്കല്ലുകൾ താണ്ടിയും വർമ്മ ഹോംസിന്റെ ജൈത്ര യാത്ര തുടരുന്നു.

KOCHI | THIRUVANANTHAPURAM | THRISSUR www.varmahomes.com CREDAI



# ഓർമ്മകൾക്ക് മരണമില്ല

**ശർമ്മിള വർമ്മ**
വെള്ളാരപ്പിള്ളി, മൊ. 8281362130


അച്ഛന്റെ ഓർമ്മകൾ മനസ്സിൽ നിറയുന്നു. തിരുവാതിര കളിക്കാൻ കഥകളി പദങ്ങൾ തിരയുമ്പോൾ ഏതേലും പദം സംശയം വന്നാൽ അതിനെക്കുറിച്ച് ഒരു സംശയവുമില്ലാതെ കഥാസന്ദർഭം, പദങ്ങളിൽ വരുന്ന വാക്കുകളുടെ അർത്ഥം എല്ലാം ആ സെക്കന്റിൽ കിട്ടുമായിരുന്നു. അതിന് കാരണം അച്ഛന് കഥകളി ഒരു പ്രാന്ത് ആയിരുന്നു (കഥകളി പ്രാന്ത് എന്ന് പറയും) ശരിക്കും അച്ഛൻ കഥകളി അരങ്ങിലെ ഏകലവ്യൻ ആയിരുന്നു. കഥകളി അഭ്യസിക്കാതെ സദസ്സിലിരുന്ന് കണ്ട് മനഃപാഠമാക്കിയ പാഠങ്ങളിലൂടെ നളനായും കീചകനായും ഹനുമാനായും അരങ്ങിൽ ആടിയിട്ടുണ്ട്. അച്ഛന്റെ കൈപിടിച്ച് ഏതാണ്ട് അറിവുവച്ച നാൾ മുതൽ വൈക്കം കഥകളി ക്ലബ്ബിലും എറണാകുളം കഥകളി ക്ലബ്ബിലും വാരനാട്, ചേർത്തല തുടങ്ങിയ അമ്പലങ്ങളിലുമെല്ലാം കഥകളി കാണാൻ പോകുകയും കലാമണ്ഡലം ഗോപി ആശാൻ, കൃഷ്ണൻകുട്ടി ആശാൻ, നെല്ലിയോട് ആശാൻ, കോട്ടക്കൽ ശിവരാമൻ ആശാൻ, കലാമണ്ഡലം എമ്പ്രാന്തിരിയേട്ടനും ഹരിദാസേട്ടനും രാമൻ നമ്പൂതിരിയും കലാനിലയം ഉണ്ണികൃഷ്ണനേട്ടനും രാജീവേട്ടനും കലാമണ്ഡലം ശങ്കര വാര്യരാശാനും സുബ്രമണ്യനാശാനും എന്നു വേണ്ട എണ്ണിയാലും പറഞ്ഞാലും തീരില്ല. എല്ലാവരുടെയും കളിയും പാട്ടും കൊട്ടും എല്ലാം ആസ്വദിക്കാനും എല്ലാവരുമായും സൗഹൃദം നിലനിർത്താനും സാധിച്ചത് അച്ഛന്റെ മകളായതുകൊണ്ട് മാത്രമാണ്. (അച്ഛന്റെ കൂടെ കഥകളി കാണൽ നിന്നതിൽ പിന്നെ കഥകളി കാണും, പുതിയ തലമുറയെ പരിചയപ്പെടാറില്ല) കാലത്തിനൊത്ത് നീങ്ങിയ അച്ഛൻ ഇപ്പോഴത്തെ



മൊബൈലും യൂട്യൂബും എല്ലാം ഉപയോഗിക്കാനും അതിൽ നിന്നു പോലും സൗഹൃദങ്ങളും കണ്ടെത്തിയിരുന്നു. അതുകൊണ്ടു തന്നെ എന്നും ഞാൻ അച്ഛനെ കാണുമായിരുന്നു. അച്ഛൻ മരിക്കുന്നതിന്ന് രണ്ടു മണിക്കൂർ മുന്നേയും എന്റെ വിശേഷങ്ങൾ വിളിച്ചന്വേഷിച്ചിരുന്നു. ഇന്ന് ഈ സംഘടനാ പാടവം ആണെങ്കിലും അച്ഛനിൽ നിന്ന് ഞാൻ പലതും മനസ്സിലാക്കി. അച്ഛനെ 'സെക്രട്ടറി ബാലൻ' എന്ന് വിളിച്ചിരുന്ന ഒരു പഴയ തലമുറ ഉണ്ടായിരുന്നു. (ഇന്ന് അങ്ങനെ വിളിച്ചിരുന്നവരിൽ കുറച്ച് പേർ മാത്രം) ഏതാണ്ട് 30 വർഷത്തോളം കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ സെക്രട്ടറി ആയി സേവനം അനുഷ്ഠിച്ചിരുന്നതും അഖിലഭാരത അയ്യപ്പസേവാ സംഘം വാരനാട് ശാഖയിൽ 40 വർഷത്തോളം സെക്രട്ടറിയായി പ്രവർത്തിച്ചതും അച്ഛന്റെ മഹത്തായ കഴിവുകൊണ്ട് മാത്രമാണ്. അച്ഛൻ കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ സെക്രട്ടറി ആയിരിക്കുമ്പോൾ ഇന്നത്തെ കേന്ദ്രസഭയും ഇന്നത്തെപ്പോലെ കേന്ദ്ര സമ്മേളനങ്ങളും ഒന്നും ഉണ്ടായില്ല, പക്ഷേ കരപ്പുറത്തിന്റെ വാർഷിക ആഘോഷങ്ങളും രജത ജൂബിലിയും മറ്റും രണ്ട് മുന്ന് ദിവസം ചേർത്തല പുത്തൽ കോവിലകത്ത് പന്തല് കെട്ടി സമ്മേളനവും മീറ്റിങ്ങും കലാകായികപരിപാടികളും എല്ലാം ആഘോഷിച്ചത് എന്റെ കുട്ടിക്കാലത്തെ നല്ല അനുഭവങ്ങളിൽ ഒന്ന്. ഇനിയും ഒരുപാട് കാര്യങ്ങൾ മനസ്സിൽ നിറയുന്നു. ദൈവത്തോട് എന്നും നന്ദി, അച്ഛന്റെ മകളായി ജീവിക്കാൻ സാധിച്ചു എന്നതാണ്. ഇനി ഒരു ജന്മം ഉണ്ടെങ്കിൽ ഈ അമ്മയുടെയും അച്ഛന്റെയും മകളായി ജനിക്കണേ എന്ന പ്രാർത്ഥനയോടെ...

കവിത

# ഒരു ആത്മഗതം: ഞാൻ മണ്ടനല്ല



**സതീഷ് കുമാർ ടി.എൻ.**
ഇടപ്പള്ളി, മൊ. 9895031738

വിപ്രനെപ്പോലെ കാവി,വസ്ത്രവും ധരിച്ചൊരാൾ
ക്ഷിപ്രമെൻ മുന്നിലെത്തി,യന്നൊരു സുപ്രഭാതേ
അപ്രമത്തനായ് നിന്നൂ, വിപ്രനന്നെന്റെ മുന്നിൽ
വിപ്രനോയിവൻ വിപ്രവേഷത്തിൽ ക്ഷത്രിയനോ?

ചൊല്ലി ഞാൻ ദ്വിജനോടു, 'ചൊല്ലുക ഭവാനാര്?
നല്ലപോൽ ബഹുമാന്യനായല്ലോ ഞാനുമിപ്പോൾ
അല്ലലുണ്ടെങ്കിലതു ചൊല്ലിടാം മടിയെന്യേ
തെല്ലുമേ ശങ്ക വേണ്ടാ, അല്ലൽ ഞാനകറ്റിടും'.

അന്നേരം ചൊല്ലീ വിപ്രൻ സൗമ്യമാം ഭാവമോടെ
വന്നിരിക്കുന്നൂ ഞാനിന്ദ്രപ്രസ്ഥത്തിൽ നിന്നും
എന്നുടെ പേരുകങ്കൻ, ധർമ്മരാജന്റെ സുഹൃ-
ത്തെന്നും ഞാനവനൊപ്പം കളിച്ചൂ ദ്യൂതമേറെ

കേട്ടിട്ടുണ്ടാകും ഭവാൻ പാണ്ഡവർ തൻ വിധിയും,
കാട്ടിൽ പന്ത്രണ്ടു വർഷം, അജ്ഞാതമൊരുവർഷം
കാട്ടുകവേണം ഭവൻ കരുണയെന്നോടിപ്പോൾ
കൂട്ടിനു ഞാനുണ്ടാകും ദ്യൂതത്തിൽ മോദിപ്പിക്കാൻ

പറഞ്ഞേൻ ദ്വിജനോടു ധന്യമായ് വിരാടവും
കുറവൊട്ടുണ്ടാകില്ല എന്നുടെ രാജ്യത്തിങ്കൽ
കറതീർന്നൊരു മഹാത്മാവല്ലോ യുധിഷ്ഠിരൻ
നിറയ്ക്കാം മനമെന്റെ, എനിക്കും ദ്യൂതം പ്രിയം

പിറകേയൊരു ദിനം വന്നെത്തി സ്ഥൂലകായൻ
വേറിടും പ്രൗഢിയോടെ ചട്ടുകം കയ്യിലേന്തി
ഈറ സ്ഫുരിക്കുന്നുവോ, സംശയമുദിച്ചെന്നാൽ,
ഊറിച്ചിരിച്ചു ചൊല്ലീ ജയിക്ക മൽസ്യരാജൻ

ഇഷ്ടമേറും കറികൾ ഞാനുണ്ടാക്കി മോദിപ്പിച്ചു
അഷ്ടഗുണവാനാകും യുധിഷ്ഠിരനെ,യെന്നാൽ
ദുഷ്ടന്മാർ ചതി ചെയ്തു തോൽപ്പിച്ചു ധർമ്മജനെ
കഷ്ടം! ദ്യൂതത്തിൽ തോറ്റു വനവാസത്തിലിപ്പോൾ

ശങ്കയുണ്ടായീയെന്നിൽ, ഭീമനാകുമോയിവൻ
കങ്കനായ് വന്ന ദ്വിജൻ ധർമ്മപുത്രനാകുമോ?
അങ്കം നോക്കുകിലെന്റെ ശങ്കയസ്ഥാനത്തല്ല
ഉങ്കന്മാരിരുവരും സംഗ്രാമപടുക്കളോ?

കേട്ടിരുന്നല്ലോ ഞാനും കള്ളച്ചൂതിന്റെ വാർത്ത
കാട്ടിലേക്കയച്ചല്ലോ പാണ്ഡവസോദരരെ
കാട്ടിൽ കഴിഞ്ഞീടണം പന്ത്രണ്ടുവർഷങ്ങളും
കൂട്ടിനായൊരു വർഷം അജ്ഞാതവാസത്തിലു

മെത്തിടുന്നൊരുശങ്ക ചൊല്ലീല ഞാനാരോടും
എത്തിച്ചേരുമോയിനി മറ്റുള്ള നാലുപേരും
എത്തിയെന്നാലതേറ്റം കാമ്യമായീടുമല്ലോ
കാത്തിരുന്നീടാം ഞാനുമേറ്റവും ക്ഷമയോടെ

വന്നെത്തിയൊരു നാരി ദിവസങ്ങൾക്കു ശേഷം
മിന്നും പട്ടുസാരിയിൽ, ചുണ്ടിലോ ചെഞ്ചായവും
ചൊന്നവൾ 'നിപുണ ഞാൻ, നൃത്തത്തിൽ, കലകളിൽ
ഇന്നു ഞാൻ പഠിപ്പിക്കാം നൃത്തമുത്തരയെയും'

സ്ഫുരിപ്പൂ ശരീരത്തിൽ പുരുഷലക്ഷണവും
ധാരണയെനിക്കുണ്ടായ് കപടവേഷധാരി
'ധരിച്ചീടുക ഭവാൻ ഞാനൊരു നപുംസകം
പരിശീലിപ്പിച്ചു ഞാൻ കൃഷ്ണയെ ഇന്ദ്രപ്രസ്ഥേ'

എതിർത്തുപറഞ്ഞീല, സംശയമുദിച്ചെന്നാൽ
അതിധന്വാവായിടും അർജുനനല്ലേയിവൻ?
മതികെട്ടോതിയെന്നാൽ, സംശയമൊടുങ്ങില്ല
അതിനാൽ കാത്തിരിക്കാം ശങ്കകൾ നിയന്ത്രിച്ചും

'പരിതുഷ്ടനല്ലോ ഞാൻ, ഗുരുവായെൻ പുത്രിയെ,
പരിശീലിപ്പിച്ചാലും നൃത്തമെത്രയും വേഗം
പരിചിൽ പഠിപ്പിക്ക, മറ്റുള്ള കലകളും
അരിയ ഭാഗ്യമല്ലോ ഗുരുവായ് ലഭിച്ചതും'

എന്നിനിയടുത്തയാൾ എന്നു ഞാൻ കാത്തിരിക്കെ
വന്നെത്തീയൊരു ദിനം അതിസുന്ദരനൊരാൾ
'ഇന്നു ഞാൻ വന്നിരിപ്പു ജീവിതമാർഗ്ഗം തേടി
നന്ദിയെനിക്കുണ്ടാകും അശ്വപാലകനാക്കൂ'

എന്നുടെ പേർ ഗ്രന്ഥികൻ, അശ്വവിദ്യകൾ വശം
നന്നായിനോക്കിക്കൊള്ളാം തുരഗങ്ങളെയൊക്കെ'
അന്നേരം ചൊല്ലീ ഞാനും 'സന്തോഷമെനിക്കേറ്റം
തോന്നീടുന്നല്ലോ ഭവാനുന്നതകുലജാതൻ'

→

'ഇഷ്ടമായ് ചെയ്തുവന്നൂ അശ്വപരിപാലനം
തുഷ്ടനായ്കഴിഞ്ഞേറ്റം ഇന്ദ്രപ്രസ്ഥത്തിൽ ഞാനും
ദുഷ്ടകൗരവർചെയ്ത ചതിയിൽ തോറ്റു ദ്യുതം
കഷ്ടത്തിൻകാലമല്ലോ, പാണ്ഡുവംശത്തിനിപ്പോൾ'

ശമിച്ചു സംശയങ്ങൾ ഒട്ടൊക്കെ മനസ്സിലെ
കുമിഞ്ഞൂ ഹൃദയത്തിൽ സന്തോഷത്തിന്നൂർമ്മികൾ
അമിതസന്തോഷം ഞാൻ പ്രത്യക്ഷേ കാണിച്ചീല
ക്ഷമിച്ചു കാത്തിരിക്കാം ഇനിയും രണ്ടുപേരെ

അറിയിച്ചില്ല ഞാനും സംശയങ്ങളാരെയും
കറതീർന്നവരല്ലേ പഞ്ചപാണ്ഡവന്മാരും
മറയുണ്ടാക്കിയവർ കഴിയട്ടിവിടെയും
കുറയാത്തൊരു ഭാഗ്യ,മെന്നല്ലോ കരുതും ഞാൻ

കാലതാമസമെന്യേ, യെത്തി 'തന്തിപാലകൻ'
'പാലിച്ചുവന്നൂ ഞാനുംഗോക്കളെയിന്ദ്രപ്രസ്ഥേ
കാലക്കേടിനാൽ പഞ്ചപാണ്ഡവർ കാനനത്തിൽ
വേലയും നഷ്ടപ്പെട്ടു ജോലിയെനിക്കാവശ്യം'

'പറയില്ലെന്നു ഞാൻ ആശ്രയം ചോദിച്ചെന്നാൽ
നിറപടിയുള്ളൊരു പശുപാലകൻ ഭവാൻ
നിറയുന്നിതെൻമനം അങ്ങയെ ലഭിച്ചതിൽ
കുറവുണ്ടാകയില്ല, ഭവാനു വിരാടത്തിൽ'

ഇങ്ങനെയെത്തിയവരഞ്ചുമെൻ കൊട്ടാരത്തിൽ
ഇങ്ങിനിയെത്തും കൃഷ്ണ, പാണ്ഡവപത്നി നൂനം
അങ്ങിനെ ചിന്തിച്ചിരിക്കുന്നൊരു ദിനം കണ്ടൂ
തിങ്ങും സൗന്ദര്യമോടെ, പുതിയ സൈരന്ധ്രിയെ

ചോദിച്ചു രാജ്ഞിയോടായ് 'ആരിതു പുതിയവൾ?
ചോദിച്ചോ വിശദമായ് നിയമനത്തിൻമുന്നേ?'
'ഖേദിക്കവേണ്ട ഭവാൻ, 'മാലിനി'യവളോടു
ചോദിച്ചനേരം ചൊല്ലീ, കൃഷ്ണതന്നുടെ തോഴി


അവൾക്കു നഷ്ടപ്പെട്ടൂ ദാസിയായുള്ള ജോലി
ഭവാനും കേട്ടിരിക്കും പാണ്ഡവവർത്തമാനം
അവളാകുന്നു പത്നി, യഞ്ചു ഗന്ധർവ്വന്മാർക്കു
അവനിയിലില്ലിന്നിത്ര, യലങ്കാരപ്രവീണ'

ഊറിച്ചിരിച്ചു ഞാനീ വാക്കുകൾ കേട്ടനേരം
മാറിയെൻ സംശയങ്ങൾ വന്നുചേർന്നാറുപേരും
ഏറിയമോദമെനിക്കുളവായല്ലോ ഹൃത്തിൽ
വേറിട്ടുള്ളനുഭവ, മുണ്ടാകും കാത്തിരിക്കാം

എനിക്കുണ്ടുള്ളിൽ ഭയം സ്യാലനെയോർത്തുപക്ഷേ
അനിയതമവനുടെ നാരിമേലാസക്തിയും
പനിയവനുണ്ടാകും തോഴിയെ കണ്ടാൽ നൂനം
കനിവില്ലവനൊട്ടും സുന്ദരിമാരെക്കണ്ടാൽ

എന്തിനു ഭയക്കണം തോഴിയെ ഓർത്തിട്ടു ഞാൻ
എന്തിനും പോന്നയഞ്ചു വീരന്മാരില്ലേ ചാരേ
പന്തിയല്ല കീചക, താല്പര്യമെന്നു വന്നാൽ
ചിന്തിക്കില്ലവർ പിന്നെ കൊന്നിടും നിഷ്ക്കരുണം

കഴിഞ്ഞീടട്ടെയാറുപേരുമെൻ കൊട്ടാരത്തിൽ
മൊഴിഞ്ഞീടില്ല ഞാനീ രഹസ്യമൊരാളോടും
പഴിയെനിക്കുണ്ടാകും വിരാടൻ മണ്ടനെന്ന്
എഴുതിവച്ചുകൊൾക വിരാടൻ മണ്ടനല്ല!




## ചരിത്രഗ്രന്ഥം പ്രകാശനം ചെയ്തു

ഒമ്പത് നൂറ്റാണ്ടിന്റെ ചരിത്ര പാരമ്പര്യമുള്ള പൂഞ്ഞാർ രാജകുടുംബത്തിന്റെയും ഈരാറ്റുപേട്ടയിലെ പുരാതന ഖാൻ കുടുംബത്തിന്റെയും പരസ്പര ബന്ധത്തിന്റെ സ്മരണകളുമായി ഇരു കുടുംബാംഗങ്ങളും പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ സംഗമിച്ചു. 2009 ജനുവരി നാലിന് സുധർമ്മ പാലസിൽ നടന്ന മത സൗഹാർദ്ദത്തിന്റെ പ്രതീകമായ ആചാര പുനർജനിയുടെ സ്മരണയിൽ പൂഞ്ഞാർ രാജകുടുംബ ചരിത്രം ആസ്പദമാക്കി ഡോ. ആർ.പി. രാജ രചിച്ച ഗ്രന്ഥം ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക പ്രകാശനം ചെയ്തു. കേരള മുസ്ലീം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന വർക്കിങ് പ്രസിഡന്റ് മുഹമ്മദ് സക്കീർ ഖാൻ ഈരാറ്റുപേട്ട പുസ്തകം ഏറ്റുവാങ്ങി. എസ്.എം.വി. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ അശോക വർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർമാൻ വി.പി. നാസർ, തൃപ്പൂണിത്തുറ നഗരസഭ വൈസ് ചെയർപേഴ്സൺ രാധിക വർമ്മ, ഗോദവർമ്മ രാജ, പ്രൊഫ. സുധ വർമ്മ, ഉഷ മേനോൻ, ഉഷ വർമ്മ തുടങ്ങിയവർ പങ്കെടുത്തു.

# കോട്ടയം പുഷ്പനാഥിന് ഒരു അടിക്കുറിപ്പ്



***A FOOT NOTE FOR KOTTAYAM PUSHPANATH***

**അരുൺ വർമ്മ**
തിരുവനന്തപുരം, മൊ. 9810077665

ഇത് ഒരു പുതിയ കാലത്തെ പഴയ കഥയാണ്. പണ്ട്, പണ്ട്, പിക്കാച്ചൂ, മിനിയൻ, മെഗാ മൈൻഡ് എന്നിവർ അവതരിക്കുന്നതിനും മുൻപുള്ള കാലത്തെ കുട്ടികൾ കുറ്റാന്വേഷണ കഥകളും പ്രേതകഥകളും വായിച്ചിരുന്നു. അന്ന് ഇന്റർനെറ്റോ ഗൂഗിളോ ഉണ്ടായിരുന്നില്ല. സന്ധ്യ കഴിഞ്ഞാൽ രാത്രി. അപ്പോൾ ഇരുട്ടിനോടൊപ്പം നിശബ്ദതയും എങ്ങും പരക്കും.

അക്കാലത്തെ കുട്ടികൾ അവധിക്കാലം വരുമ്പോൾ വായനശാലകളിൽ പോയി പുസ്തകങ്ങൾ എടുത്തിരുന്നു. കുറ്റാന്വേഷണ കഥകൾ എടുത്തുകൊണ്ടുവന്ന് ശ്വാസം അടക്കിപ്പിടിച്ച് സംഭ്രമകരമായ ഇത്തരം കഥകൾ വായിച്ചിരുന്നു. അവരുടെ ഭാവനയെ പൊലിപ്പിച്ചിരുന്നത് കൂടുതലും കോട്ടയം പുഷ്പനാഥ്, നീലകണ്ഠൻ പരമാരാ, മോഹൻ ഡി. കങ്ങഴ, ബാറ്റൺ ബോസ് എന്നിങ്ങനെ ചിലർ ആയിരുന്നു. 'ചുവന്ന മനുഷ്യനും' 'ഹോട്ടൽ ഡി അപ്പോളോ' യും വായിച്ച് അതിലെ നായകനായ ഡിറ്റക്റ്റീവ് മാർക്സിന്റെ ചില ചേഷ്ടകൾ ഇവർ അനുകരിക്കുവാൻ പോലും തുടങ്ങിയിരിക്കുമ്പോഴാണ് ബ്രാം സ്റ്റോക്കർ എന്നൊരാൾ എഴുതിയ 'ഡ്രാക്കുള' എന്ന പുസ്തകം ഷെൽഫുകളിൽ പ്രത്യക്ഷപ്പെട്ടത്.


ക്രൂരനും നിർദ്ദയനുമായിരുന്ന ഡ്രാക്കുള പ്രഭു ട്രാൻസിൽവേനിയയിലെ തന്റെ കോട്ടയിൽ താമസിച്ചു ഭരണം നടത്തിവന്നു. തന്റെ ശത്രുക്കളെന്നു കരുതുന്നവരെ അയാൾ കഠിനമായി ശിക്ഷിച്ചു, കുടുംബത്തെ പീഡിപ്പിച്ചു, നാടുകടത്തി. ഇതെല്ലാം ഇയാളുടെ ജീവിതകാലത്ത് നടന്ന കാര്യങ്ങൾ. ഒടുവിൽ ഡ്രാക്കുള പ്രഭു മരിച്ചു. പക്ഷെ, അയാളുടെ നരജന്മം മാത്രമേ അവസാനിച്ചുള്ളു. ഡ്രാക്കുള ഒരു പ്രേതാത്മാവായി രാത്രി കാലങ്ങളിൽ ചുറ്റിയടിക്കാൻ തുടങ്ങി. വീടുകളിൽ ഉറങ്ങിക്കിടക്കുന്ന പിഞ്ചു കുഞ്ഞുങ്ങളെയും പകലത്തെ അധ്വാനം കഴിഞ്ഞ് ഒറ്റയ്ക്ക് വീട്ടിലേക്കു മടങ്ങുന്ന കർഷകരെയും കച്ചവടക്കാരെയും ഈ പ്രേതം ആക്രമിച്ചു കീഴ്പെടുത്തി അവരുടെ രക്തം കുടിച്ച് സ്വയം ശക്തിയാർജ്ജിച്ച് വന്നിരുന്നു.

തന്റെ പൈശാചിക ശക്തിയെ ട്രാൻസിൽവേനിയക്കപ്പുറത്തേക്ക് വ്യാപിപ്പിക്കാൻ നിശ്ചയിച്ച ഡ്രാക്കുള പ്രഭു ഇംഗ്ലണ്ടിലുള്ള ഒരു വക്കീലിന് കത്തയച്ചു. തനിക്ക് ഇംഗ്ലണ്ടിൽ ഒരു എസ്റ്റേറ്റ് വാങ്ങാൻ താല്പര്യമുണ്ടെന്നും അതിന്റെ നിയമവശങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനായി തന്റെ കൊട്ടാരത്തിലേക്കെത്തണം എന്നുമായിരുന്നു അതിൽ.

ജോനാഥൻ ഹാർക്കർ എന്ന യുവ അഭിഭാഷകൻ ഈ കത്തും ഒപ്പം വച്ചിരുന്ന യാത്രാ ടിക്കറ്റും ചിലവിനുള്ള പണവും കണ്ട് അത്ഭുതപ്പെടുകയും ഒപ്പം സന്തോഷിക്കുകയും ചെയ്തു. എന്നിട്ട് യാത്രയ്ക്ക് തയ്യാറെടുത്തു. മൃതലോകത്തെ രാജാവും രാത്രിയിൽ പൈശാചിക ശക്തികളെ ഭൂമിയിലേക്ക് തുറന്നുവിടുന്നവനുമായ ഡ്രാക്കുള രക്തദാഹിയാണ്. തന്റെ പൈശാചിക സാമ്രാജ്യം വിപുലപ്പെടുത്താൻ പ്രതിജ്ഞാബദ്ധനുമാണ്. ഇതൊന്നുമറിയാത്ത ജോനാഥൻ ഹാർക്കർ ഡ്രാക്കുള പ്രഭുവിനെ സന്ധിക്കാൻ യാത്ര തുടങ്ങുന്നു.

ബ്രാം സ്റ്റോക്കർ പറഞ്ഞ കഥ ഏതാണ്ട് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലോ പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണെന്ന് തോന്നുന്നു. എന്തായാലും തീവണ്ടി

ഉണ്ട്, വിമാനം ഇല്ല. പുസ്തകത്തിൽ ജോനാഥന്റെ ഡ്രാക്കുളക്കോട്ടയിലേക്കുള്ള യാത്ര വിസ്തരിച്ച് പറയുന്നുണ്ട്. അപ്പോൾ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ മൂന്നു പേർക്ക് – ഇവർക്ക് 'അ', 'അ' 'ന' എന്ന് പേര് കൊടുത്ത് "ആന" (അ+അ+ന) എന്ന് ചുരുക്കി വിളിക്കാം – ജോനാഥന്റെ കാലടികൾ അതേപോലെ പിന്തുടരാൻ മോഹമായി. പക്ഷെ, പതിനെട്ടാം നൂറ്റാണ്ടിലെ കുതിരവണ്ടിയും കല്ല് പാകിയ വഴികളും ഇന്നില്ലാത്തതുകൊണ്ട് ഇവർ ജോനാഥന്റെ യാത്ര 'ന്യൂ ജെൻ' രീതിയിലാവാം എന്ന് നിശ്ചയിച്ചു. 'ഒരു തരത്തിൽ ആലോചിച്ചാൽ ജോനാഥൻ ഇന്ന് ഡ്രാക്കുളയെ കാണുവാൻ പോയിരുന്നെങ്കിൽ കുതിരവണ്ടിയിൽ പോവുമായിരുന്നോ?' ആന ആത്മഗതം ചെയ്തു. ജോനാഥൻ മ്യൂണിക്കിൽ നിന്നും വിയെന്നായിൽ എത്തുന്നു. അവിടെ ഒരു ദിവസം തങ്ങിയ ശേഷം യാത്ര തുടരുകയാണ്. ആന മ്യൂണിക്കിൽ നിന്നും ഒരു അതിവേഗ ട്രെയിനിൽ വിയന്നയിൽ എത്തി. വെറും നാല് മണിക്കൂറിൽ. വിയന്ന പശ്ചിമ യൂറോപ്പിന്റെ സാംസ്കാരിക സിരാകേന്ദ്രമാണ്. അവിഭജിത പ്രഷ്യയുടെയും മഹാനായ ഫ്രഡറിക് ചക്രവർത്തിയുടെയും ആസ്ഥാനം. രാജവീഥികൾ, കൊട്ടാര സദൃശ്യമായ തിയേറ്ററുകൾ, ഗാലറികൾ, വിശാലമായ പാർക്കുകൾ, കത്തീഡ്രലുകൾ എന്നിവ ഗതകാല പ്രൗഢിയുടെ ഓർമപ്പെടുത്തലായി നിൽക്കുന്നു. സംഗീത സാമ്രാട്ടുകളായ ബീഥോവനും മൊസാർട്ടും സൃഷ്ടിച്ച മാസ്മരികതയുടെ തരംഗങ്ങൾ ആദ്യം ഈ നഗരത്തിലെ വായുവിലാണ് അലിഞ്ഞുചേർന്നത്. ആന



ബീഥോവൻ താമസിച്ചിരുന്ന മുറിയും മൊസാർട്ടിന്റെ സ്മരണക്കായി നിർമ്മിച്ച ഉദ്യാനവും സന്ദർശിച്ചു തൃപ്തരായി.

ജോനാഥൻ, തന്റെ വേഗംകുറഞ്ഞ തീവണ്ടി യാത്രയിലൂടെ വിയന്നയിലെത്തിയപ്പോഴേക്കും നന്നേ ക്ഷീണിച്ചിരുന്നു. തന്റെ കോട്ടും തൊപ്പിയും ഊരിയ ശേഷം വേഗം തന്നെ അത്താഴം കഴിച്ചു ഉറങ്ങാൻ കിടന്നു. ആനക്ക് ഈ അസൗകര്യമില്ലായിരുന്നല്ലോ. അവർ, ആ സായാഹ്നത്തിൽ സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ വിവാൾഡിയുടെ 'ഫോർ സീസൺസ്' സിംഫണി കേൾക്കുവാൻ പോയി. വസ്ത്രധാരണത്തിനു പ്രത്യേക നിബന്ധനകൾ ഒന്നും ഇല്ലായിരുന്നുവെങ്കിലും എല്ലാവരും തന്നെ 'ഫോർമൽ' ആയിട്ടാണ് എത്തിയത്. സ്റ്റേജിലാവട്ടെ, ഓർക്കസ്ട്ര നയിച്ചത് ഒരു സ്ത്രീ ആയിരുന്നു. എല്ലാവരും കറുത്ത സ്യൂട്ട് അണിഞ്ഞിരുന്നു. പുരുഷന്മാർ 'ബൗ' ടൈയും. വയലിൻ, വയോള, ചെല്ലോ എന്നിവ [ഇതിനെ സ്ട്രിംഗ് ക്വാർട്ടറ്റ് (String Quartet) എന്ന് വിളിക്കും] വച്ചുള്ള സംഗീത സായാഹ്നം. ഹാളിലെ അച്ചടക്കം അത്ഭുതപ്പെടുത്തുന്നതായിരുന്നു. ആളുകൾ മൊബൈലിൽ സംസാരിക്കുകയോ, പരിപാടി റെക്കോർഡ് ചെയ്യാൻ ശ്രമിക്കുകയോ, കൊച്ചു കുഞ്ഞുങ്ങൾ കരഞ്ഞു ബഹളം ഉണ്ടാക്കുകയോ ഒന്നുമില്ല. സ്റ്റേജിലെ സംഗീതം മാത്രം. അതിൽ ശ്രദ്ധിച്ച്, ലയിച്ചിരിക്കുന്ന സദസ്സും. ആനക്ക് വളരെ അപരിചിതമായ ഒരന്തരീക്ഷം!

പിറ്റേന്ന് ജോനാഥന്, എന്തോ ഒരസ്വസ്ഥത. ഡ്രാക്കുള പ്രഭുവിനെ ചുറ്റിപ്പറ്റി ചില ദുരൂഹതകളില്ലേ? എന്തായാലും ഇനി ബുഡാപെസ്റ്റിലേക്ക്. വിയന്നയിലെ ചുറ്റിക്കറക്കത്തിന് ശേഷം ആനയും ബുഡാപെസ്റ്റിലേക്കു പുറപ്പെട്ടു. ഇന്നത്തെ ഹംഗറിയുടെ തലസ്ഥാനമാണ് ബുഡാപെസ്റ്റ്. ജോനാഥന്റെ വണ്ടി കൽക്കരി പുകച്ചും കിതച്ചും ഓടിത്തുടങ്ങി. ആനയുടെ ട്രെയിൻ ആധുനിക യുഗത്തിന്റെ പ്രതീകം ആണല്ലോ. അത് ശബ്ദം തീരെ ഇല്ലാതെ, എന്നാൽ അതിവേഗം പുൽമേടുകളും ചെറു താഴ്വരകളും കുന്നുകളും കൃഷിഭൂമികളും ഗ്രാമങ്ങളും പിന്നിട്ട് കുതിച്ചു. പശ്ചിമ യൂറോപ്പിൽ നിന്നും ഇനി പൂർവ്വ യൂറോപ്പിലേക്ക് കയറുക

യായി. ഭൂമി പരന്നിട്ടു തന്നെ. മണ്ണിനു കറുത്ത നിറം. കുരിശു യുദ്ധം മുതൽ ലോക മഹായുദ്ധങ്ങൾ വരെ കണ്ട ഭൂമിയാണ്. ചുവന്ന ചോര ഉണങ്ങി കട്ടപിടിക്കുമ്പോൾ അത് കറുപ്പാകും. ഈ മണ്ണിൽ ഇത്രയധികം ചോര വീണിട്ടുണ്ടാവുമോ? എത്ര മഴയും മഞ്ഞും പെയ്താലും ഈ ചോരക്കറ മായില്ലേ?

യൂറോപ്പിലെ മഹാനദിയായ ഡാന്യൂബ്, ബുഡാപെസ്റ്റിനെ 'ബുഡാ' എന്നും 'പെസ്റ്റ്' എന്നും വിഭജിച്ചുകൊണ്ട് ഗാംഭീര്യത്തോടെ ഒഴുകുന്നു. ആനയുടെ ട്രെയിൻ നദിക്കു കുറുകെ കടന്നു നഗരത്തിലേക്ക് പ്രവേശിച്ചു. ഗുവാഹാട്ടിയിലേക്കു ട്രെയിനിൽ യാത്ര ചെയ്താൽ മഹത്തായ ബ്രഹ്മപുത്ര കുറുകെ കടക്കണം. ഈ സമയത്ത് ട്രെയിൻ വളരെ സാവധാനം ആണ് നീങ്ങുക. അപ്പോൾ യാത്രക്കാർ എണീറ്റ് നദിയെ വന്ദിക്കാറുണ്ട്. കരുത്തുറ്റ കൈകളുള്ള ബ്രഹ്മപുത്ര. ഭൂപെൻ ഹസാരികയുടെ പ്രിയപ്പെട്ട നദി.

ബുഡാപെസ്റ്റിലേക്കുള്ള യാത്രയിൽ ജോനാഥൻ ഡ്രാക്കുള പ്രഭുവിന്റെ കത്ത് പലവട്ടം വായിച്ചു. എല്ലാം കൃത്യം. ശങ്കിക്കാൻ ഒന്നുമില്ല. എന്നിട്ടും എന്തോ... ബുഡാപെസ്റ്റിൽ എത്തിയപ്പോൾ നേരം ഇരുട്ടി. ജോനാഥൻ അവിടെ ഒരു മുറിയെടുത്തു. അത്താഴം കഴിച്ചിട്ട് മനസ്സിന്റെ ഉദാസീനത മാറ്റാൻ നദിക്കരയിലെ കാറ്റ് കൊണ്ടു. രാത്രി ഏറെ ആയപ്പോൾ മുറിയിലേക്ക് മടങ്ങി. ഗാഢ നിദ്രയിലാണ്ടു. ആന പുതിയ ലോകത്തിന്റെ വക്താക്കൾ ആണ്. അവരെ നയിക്കാൻ സാങ്കേതിക വിദ്യയുണ്ട്. മൊബൈൽ ഫോൺ, വൈഫൈ, ഇന്റർനെറ്റ് എല്ലാം വിരൽത്തുമ്പിൽ. ഉച്ചയോടെ ബുഡാപെസ്റ്റിൽ എത്തിയ അവർ ഉടൻ തന്നെ റൊമാനിയയിലേക്ക് പുറപ്പെടുന്ന ഒരു ട്രെയിനിൽ കയറി. ട്രെയിൻ സൂപ്രണ്ട് ഇംഗ്ലീഷ് സംസാരിക്കുമായിരുന്നു. "ട്രെയിൻ അടുത്ത പത്ത് നിമിഷത്തിൽ പോവും," അയാൾ ഉദ്വേഗത്തോടെ വിളിച്ചു പറഞ്ഞു. വിയന്നയിലെ കുളിര് ബുഡാപെസ്റ്റിലെ കാറ്റിനില്ല. അല്പം വിയർപ്പു പൊടിയുക പോലും ചെയ്തു. ഉച്ചയ്ക്ക് ഒന്നര മണിക്ക് റൊമാനിയയുടെ ദേശീയ റെയിൽ ആയ CFR Calatori ആനയെയും വഹിച്ച് കിഴക്കൻ യൂറോപ്പിന്റെ ഹൃദയഭാഗത്തേക്ക് നീങ്ങിത്തുടങ്ങി.

രണ്ടാം ലോകമഹാ യുദ്ധശേഷം സഖ്യകക്ഷികൾ യൂറോപ്പിനെ രണ്ടായി പിളർന്നു. പടിഞ്ഞാറൻ ഭാഗം അമേരിക്കയുടെ നേതൃത്വത്തിലുള്ള സഖ്യവും കിഴക്കൻ ഭാഗം സോവിയറ്റ് യൂണിയന്റെ സഖ്യവും കയ്യാളി. ദശകങ്ങൾ പിന്നിട്ടപ്പോൾ വ്യത്യസ്തങ്ങളായ പ്രത്യയശാസ്ത്രങ്ങളുടെ–പടിഞ്ഞാറു മുതലാളിത്ത വ്യവസ്ഥിതിയും കിഴക്കു സോഷ്യലിസവും– ഗുണ ദോഷങ്ങൾ പ്രകടമാകാൻ തുടങ്ങി. സമത്വത്തിലൂന്നിയ സോഷ്യലിസത്തിൽ വികസനം എന്നാൽ മിനിമലിസം എന്നൊരു വ്യാഖ്യാനം കൂടെ വന്നു. പ്രാവർത്തികമായിരിക്കും പക്ഷെ ധാരാളിത്തം ഉണ്ടാവില്ല. പടിഞ്ഞാറൻ ഭാഗത്ത് ഇതിനു വിപരീതവും. ആഡംബരം ദൃശ്യമാണ്. ഉദാഹരണം: വിയന്നയിൽ നിന്നും ബുഡാപെസ്റ്റിൽ എത്തിയ ട്രെയിനിൽ വൈഫൈ ഉണ്ട്, സീറ്റുകളിൽ കട്ടിയുള്ള കുഷ്യൻ ഉണ്ട്, ആഹാരം കഴിക്കാൻ പാൻട്രി കാർ ഉണ്ട്, എല്ലാ ക്യാബിനിലും ട്രെയിനിന്റെ സ്പീഡ്, അടുത്ത സ്റ്റേഷൻ, അവിടുത്തെ കാലാവസ്ഥ എന്നിവ കാണിക്കുന്നു. റൊമാനിയൻ ട്രെയിൻ യാത്രക്കാർക്ക് ഇരിക്കാൻ സൗകര്യമുള്ള ചില്ലു ജനാലകളുള്ള ഒരു വണ്ടി അത്ര തന്നെ തുലനം ചെയ്യൽ, ഈ ദേശങ്ങളെല്ലാം ഒരു സമയത്ത് ഒരേ സംസ്കാരവും, ജീവിത നിലവാരവും പുലർത്തി പോന്നവരായതുകൊണ്ട് മാത്രം. എന്നിരുന്നാലും അവ വേണാട് എക്സ്പ്രസ്സിനേക്കാൾ മേൽത്തരം തന്നെ!

മനസ്സിലെ മ്ലാനത ഒക്കെ മാറി ജോനാഥൻ രാവിലെ എണീറ്റ് തന്റെ യാത്ര തുടരാനൊരുങ്ങി. ഇവിടെനിന്നും ഇനി ക്ലൗസ്ബെർഗ് എന്നയിടത്തേക്കാണ് പോവേണ്ടത്. ഇന്നീ സ്ഥലം ക്ലൗജ് നാപോകാ എന്നാണറിയപ്പെടുന്നത്. ജോനാഥന് അവിടെ വരെയേ തീവണ്ടി യാത്ര പറ്റുമായിരുന്നുള്ളൂ. അന്നത്തെ ക്ലൗസ്ബെർഗ് ഇന്ന് റൊമാനിയയിലെ ഒരു പ്രധാന നഗരമാണ്. ജോനാഥൻ, തന്റെ ഇതുവരെയുള്ള യാത്ര ഒരു ഡയറിയിൽ കുറിക്കാൻ തുടങ്ങി. പുറത്തെ ഭൂപ്രകൃതിയിൽ വന്നുതുടങ്ങിയ മാറ്റങ്ങൾ അയാൾക്ക് ശ്രദ്ധിക്കാനായില്ല. ആന തങ്ങളുടെ യാത്ര പരമാവധി ആസ്വദിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. ആനയോടൊപ്പം ആ കോച്ചിൽ രണ്ട്

ജർമ്മൻകാരുണ്ടായിരുന്നു. രണ്ട് മദ്ധ്യവയസ്കർ. യാത്രയിലുടനീളം അവർ തങ്ങളുടെ കംപ്യൂട്ടർ തുറന്ന് എന്തോ പരിശോധിക്കുകയും നോട്ടുകൾ കുറിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇടയ്ക്ക് അവർ ആനയോടു ജർമ്മൻ അറിയാമോ എന്ന് ചോദിച്ചു. ആന അറിയാം എന്ന് പറഞ്ഞപ്പോൾ അവർ സന്തോഷം കൊണ്ട് കരഞ്ഞുപോവുമെന്ന് തോന്നി. ഡ്രാക്കുളയെപ്പറ്റി വായിച്ചറിഞ്ഞ അവർ പ്രഭുവിന്റെ കൊട്ടാരം സന്ദർശിക്കാൻ പുറപ്പെട്ട വരാണ്. ആനയും ഇതേ ഉദ്ദേശ്യത്തോടെ വന്നവ രാണ് എന്നറിഞ്ഞപ്പോൾ അവരുടെ സന്തോഷം വീണ്ടും ഇരട്ടിച്ചു. "ഞങ്ങൾ ക്ലൗജ് നാപോകാ വരെ പോയിട്ട് അവിടെ നിന്നും കാർ വാടകയ്ക്കെ ടുത്ത് കോട്ടയിലേക്ക് പോവും", അവർ പറഞ്ഞു. സൗഹൃദം അടിവരയിട്ടുറപ്പിക്കും മുൻപായി CFR Calatori ഒരു സ്റ്റേഷനിൽ നിന്നു. മനുഷ്യരെ മുട്ടിയുരുമ്മി നടക്കുന്ന, വമ്പിച്ച ജനാവലിയെ മാത്രം ഇന്ത്യൻ സ്റ്റേഷനുകളിൽ കണ്ടു പരിചയിച്ച ആനക്ക് ഇത് യഥാർത്ഥ സ്റ്റേഷൻ തന്നെയാണോ അതോ വല്ല 'ഔട്ടറിലും' പിടിച്ചിട്ടിരിക്കുകയാണോ എന്ന് ശങ്കയായി.

പ്ലാറ്റ്ഫോമിൽ ഇറങ്ങി രണ്ടു മിനിറ്റിനുള്ളിൽ റൊമാനിയൻ ട്രെയിൻ ജർമ്മൻകാരെയും കൊണ്ട് അതിന്റെ യാത്ര തുടർന്നു. ആന ഇപ്പോൾ 'അറാഡ്' എന്നയിടത്താണ്. ഏതാണ്ട് വിജന മെന്നു പറയാവുന്ന സ്റ്റേഷനിൽ ഒരു കോഫി, കോയ്സന്റ്, കേക്ക് കട തുറന്നിരിപ്പുണ്ട്. അതി നുള്ളിൽ ഒരു സ്ത്രീ അവസാനത്തെ യാത്രക്കാ രനും കൂടി കടന്നുപോയിട്ട് കടയും അടച്ച് വീട്ടിലെത്തി അത്താഴം ഉണ്ടാക്കാനുള്ള ധൃതിയി ലാണെന്നു തോന്നി. സമയം വൈകുന്നേരം അഞ്ചി നോടടുക്കുന്നു. ആന ഇന്ന് രാത്രി അറാഡിൽ ചെലവഴിക്കും. അറാഡ് ഒരു വ്യാവസായിക നഗരവും ട്രാൻസിൽവേനിയയിലേക്കുള്ള ഒരു കവാടവും കൂടിയാണ്. വളരെ വൃത്തിയുള്ളതും ശാന്തവുമായ ഹോട്ടലിൽ ആന കൂടണഞ്ഞു. രാത്രി ഭക്ഷണം കഴിക്കുമ്പോൾ വിളമ്പുന്ന ആൾ പറഞ്ഞു 'പൊഫ്റ്റാ ബൂണ'. ആനയുടെ കണ്ണുക ളിലെ ശൂന്യത കണ്ടിട്ട് അയാൾ പറഞ്ഞു: "ഞങ്ങൾ ഇവിടെ ഭക്ഷണം വിളമ്പുമ്പോൾ, അത് നിങ്ങൾക്ക് ആസ്വദിക്കാൻ സാധിക്കട്ടെ എന്നാശംസിക്കാറുണ്ട്. ഇംഗ്ലീഷിൽ 'എൻജോയ് യുവർ മീൽ' എന്നത് പോലെ." അയാൾക്ക് ഇന്ത്യക്കാരെ അറിയാമെന്നും അവരെ ഇഷ്ടമാ ണെന്നും പറഞ്ഞു. ആനക്ക് അവിശ്വസിക്കാൻ കാരണമൊന്നും ഇല്ലായിരുന്നു

ക്ലൗസ്ബെർഗിൽ രാത്രി മഴ പെയ്തു. ഇവിടെ താമസം ഒരു സത്രത്തിലാണ്. ജോനാഥൻ സത്ര ത്തിലെത്തുമ്പോഴേക്കും തന്റെ ഓവർ കോട്ട് നനഞ്ഞിരുന്നു. സത്രത്തിന്റെ സൂക്ഷിപ്പുകാരി വേഗം വന്നു കോട്ട് വാങ്ങി ഉണക്കാനായി കൊണ്ടു പോയി. കാവൽക്കാരൻ ജോനാഥന്റെ ലഗേജ് എടുത്തു മുറിയിലേക്ക് പോയി. ജോനാഥൻ പിന്നാലെയും. കുളിക്കാൻ ചൂട് വെള്ളവും, അതിനു ശേഷം അപ്പോൾ പാകം ചെയ്ത ഭക്ഷണവും കഴിച്ച് ജോനാഥൻ ഉന്മേഷം വീണ്ടെ ടുത്തു. തീൻമേശക്കരികിൽ തീയ് കാഞ്ഞുകൊണ്ട് അവർ കുശലപ്രശ്നങ്ങൾ തുടങ്ങി. "ഞാൻ ജോനാഥൻ. ഡ്രാക്കുള പ്രഭുവിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹത്തെ കാണുവാൻ പോവുക യാണ്!" ഇത് കേട്ടതും സത്രം സൂക്ഷിപ്പുകാരി യുടെ വായിൽ നിന്നും ഒരു തേങ്ങൽ, അല്ലെങ്കിൽ ഒരു നിലവിളി ഉയർന്നു. അവർ പരിഭ്രമത്തോടെ എണീറ്റ് സ്വീകരണ മുറിയുടെ ഒരു ഭാഗത്ത് വച്ചിരുന്ന ക്രൂശിത രൂപത്തെ നോക്കി കണ്ണടച്ച് നിൽക്കുകയും പിന്നീട് കുരിശ് വരക്കുകയും ചെയ്തു. സത്രം കാവൽക്കാരനും കുതിര വണ്ടി ക്കാരനും അന്യോന്യം നോക്കി. ജോനാഥൻ അവരുടെ കണ്ണുകളിൽ ഭീതി കണ്ടു. അന്ന് രാത്രി ജോനാഥന് ശരിക്കുറങ്ങാൻ സാധിച്ചില്ല. മനസ്സിൽ അകാരണമായ ഒരു ഭീതി പടരാൻ തുടങ്ങി. അയാൾ ജനാലയിലൂടെ പുറത്തേക്കു നോക്കി. അരണ്ട നിലാവിൽ കാർപാതിയൻ മലനിരകൾ കൂടുതൽ ഇരുണ്ടതായി തോന്നിച്ചു. നായ്ക്കൾ ഓരിയിട്ടിരുന്നു.

അരാഡിലെ രാത്രി ശാന്തം. ആകാശം നിറയെ നക്ഷത്രങ്ങൾ വാരി വിതറിയിരിക്കുകയാണ്. സന്ധ്യക്ക് പെയ്ത ചാറ്റൽമഴ തണുപ്പ് അല്പം കൂട്ടിയിട്ടുണ്ട്. പക്ഷെ ഇനി മഴ പെയ്യില്ല. മാനം തെളിഞ്ഞിരിക്കുന്നു. ആന സുഖമായുറങ്ങി.

പിറ്റേന്ന് അതിരാവിലെ അവർ പുറപ്പെട്ടു. ഹോട്ടൽ അവർക്കുള്ള ആഹാരം പായ്ക്ക് ചെയ്ത് കൊടുത്തു. മഞ്ഞുള്ള ഒരുവിധം തണുത്ത പ്രഭാതത്തിൽ ആന തങ്ങളുടെ ലക്ഷ്യസ്ഥാനമായ ബ്രാസോവി ലേക്ക് തിരിച്ചു. ട്രെയിൻ ഇപ്പോൾ ശരിക്കും ഡ്രാക്കുള രാജ്യത്താണ്. ട്രാൻസിൽവാനിയ. ഒരു വശം കാർപതിയൻ മലനിരകൾ. മലകളുടെ താഴ്വാരം ഇരുണ്ട് കാടാണ്. അതിനിടയിൽ നിന്നും ഒരു കരടിയോ ചെന്നായോ ചാടി വെളിയിൽ വന്നാൽ ഒട്ടും അതിശയിക്കാനില്ല. കാട്ടു മുയലിനെയും, നേരിയ തവിട്ടു നിറത്തോടെ കനത്ത രോമവാ ലോടും കൂടിയ കുറുക്കനെയും മറ്റും ട്രെയിനിൽ ഇരുന്നു തന്നെ കാണാമായിരുന്നു. "ഇതാണ് രക്ത ദാഹിയായ ഡ്രാക്കുളയുടെ വിഹാര രംഗം." ആന പിറുപിറുത്തു. അതേ സമയം തന്നെ ഒരു ഞടുക്കം അവരിലൂടെ കടന്നുപോവുകയും ചെയ്തു. ആകാശം മേഘാവൃതമാണ്. മഴ പെയ്യുമോ എന്നറിയില്ല പക്ഷെ സൂര്യൻ ഒളിവിൽ പോയിരി ക്കുന്നു.

ഒരുവിധം നേരം വെളുപ്പിച്ച ജോനാഥൻ പ്രാതൽ കഴിക്കാനായി എത്തി. സത്രം സൂക്ഷിപ്പുകാരി യുടെ മുഖം വിളറി തന്നെയിരുന്നു. കുതിരക്കാരൻ വന്നു പറഞ്ഞു: "താങ്കൾക്ക് ഇനി മുന്നോട്ടുള്ള യാത്രയ്ക്ക് മറ്റൊരു വണ്ടി ഏർപ്പാടാക്കിയിട്ടു ണ്ടെന്നും എന്നോട് മടങ്ങി പൊയ്ക്കോളാനും പറഞ്ഞിരിക്കുന്നു." "ആര് പറഞ്ഞു?" ജോനാഥൻ ചോദിച്ചു. "പ്രഭു". വണ്ടിക്കാരൻ പറഞ്ഞു. "എനി ക്കുള്ള പണവും ഒരാൾ വശം കൊടുത്തു വിട്ടു." അയാൾക്ക് വളരെ ആശ്വാസം ആയതു പോലെ തോന്നി. ജോനാഥൻ ഒന്നും മിണ്ടാതെ ഭക്ഷണം കഴിച്ചു. "പോവാനുള്ള വണ്ടി എത്തുമ്പോൾ ഞാൻ അറിയിക്കാം. അത് വരെ വിശ്രമിച്ചോളൂ." കാവൽക്കാരൻ പറഞ്ഞു. "രാത്രിയിൽ നായ്ക്കൾ മോങ്ങിക്കൊണ്ടേയിരുന്നു," ജോനാഥൻ ആരോടെ ന്നില്ലാതെ പറഞ്ഞു. "അവ നായ്ക്കളല്ല. ചെന്നാ യ്ക്കളാണ്." സൂക്ഷിപ്പുകാരി ഭാവഭേദമില്ലാതെ കപ്പിൽ കാപ്പി പകർന്നുകൊണ്ട് പറഞ്ഞു.

ജോനാഥനെ കൊണ്ടുപോവാനുള്ള വണ്ടി രാത്രിയായപ്പോഴാണ് വന്നത്. വളരെ ഉയരമുള്ള, നീണ്ട കോട്ട് ധരിച്ച് വണ്ടിക്കാരൻ പറഞ്ഞു "വണ്ടിയുടെ അച്ചാണി മാറ്റി പിടിപ്പിക്കേണ്ടി വന്നു. പണിശാലയിൽ വൈകി. നമുക്കിപ്പോൾ തന്നെ പുറപ്പെടണം പ്രഭു കാത്തിരിക്കുന്നു." സത്രം സൂക്ഷിപ്പുകാരിയുടെ കണ്ണിലെ ഭീതിയും, ചുണ്ടിലെ പ്രാർത്ഥനയും മനഃപൂർവം ഒഴിവാക്കി ജോനാഥൻ പണം കൊടുത്ത് വണ്ടിയിൽ കയറി ഇരുന്നു. സത്രക്കാരി സുഖ യാത്ര നേർന്നുകൊണ്ട് ജോനാഥന്റെ കൈയിൽ ഒരു കുരിശുമാല വച്ച് കൊടുത്തു. പുറത്തെ ഇരുട്ടും, കോട്ടിന്റെ ഉയർത്തി വച്ച കോളറും കാരണം ജോനാഥന് വണ്ടിക്കാ രന്റെ മുഖം കാണാൻ പറ്റുന്നില്ല.

വണ്ടിക്കാരൻ അയാളുടെ ചാട്ട ഉച്ചത്തിൽ വായുവിൽ ചുഴറ്റിയപ്പോൾ കറുത്ത നാല് കുതിര കളും ജോനാഥനെയും വഹിച്ചുകൊണ്ട് കുതിച്ചു പാഞ്ഞു. ബ്രാസോവിലെ ബ്രാൻ കോട്ടയിലേക്ക് ഡ്രാക്കുള കോട്ടയിലേക്ക്!

ജോനാഥന്റെ യാത്ര ഇവിടെ അവസാനിക്കു കയാണ്. അയാൾക്കെന്തു പറ്റി എന്നറിയേണ്ടവർ ബ്രാം സ്റ്റോക്കറിന്റെ പുസ്തകം വായിക്കുക. പക്ഷെ ആനക്കെന്തു പറ്റിയെന്നു ബ്രാം സ്റ്റോക്കർ പറയാത്തതുകൊണ്ട് അതെനിക്ക് പറഞ്ഞേ തീരൂ.

ബ്രാൻ കൊട്ടാരം ബ്രാസോവ് എന്നൊരു ചെറിയ നഗരത്തിൽ നിന്നും ഏതാണ്ട് മുപ്പത് കിലോമീറ്റർ അകലെയാണ്. അവിടെ ഇന്നും ഒരു കോട്ട നില നിൽക്കുന്നു. യാഥാർഥ്യവും സാങ്കല്പി കവുമായ അനവധി കഥകൾ അവിടെ കേൾക്കാൻ കിട്ടും. ആന അത്ഭുതാദരങ്ങളോടെ ഡ്രാക്കുള



*ഡ്രാക്കുളയുടെ കൊട്ടാരം: ജോനാഥൻ ഹാർക്കർ താമസിച്ചു എന്നു കരുതപ്പെടുന്ന മുറിയിൽ നിന്നുള്ള ദൃശ്യം.*

കോട്ടയെ താഴെ നിന്നും നോക്കിക്കണ്ടു. പിന്നീട് ചെരിഞ്ഞ വഴിയിലൂടെ കുന്നു കയറി കോട്ടവാതിലിലെത്തി. ഉള്ളിൽ കയറി. കോട്ടയിലെ ചില മുറികൾക്ക് ജനാലകളില്ല. അപ്പോൾ ഏത് ജനാല വഴിയാകും പ്രഭു വവ്വാലിന്റെ രൂപത്തിൽ രാത്രികളിൽ പറന്നിരിക്കുക? പ്രഭുവിന്റെ കട്ടിലിനും തീൻമേശയ്ക്കും അസാമാന്യ വലിപ്പമില്ല. അപ്പോൾ ബ്രാം സ്റ്റോക്കർ പറയുന്ന അതികായൻ ആരാണ്? ഡ്രാക്കുള എന്ന രക്തദാഹിയായ പ്രഭു യാഥാർഥ്യത്തിൽ വാലാച്ചിയയിലെ പ്രഭു ആയിരുന്ന വ്ളാഡ് മൂന്നാമൻ ആയിരുന്നത്രേ. പതിനഞ്ചാം നൂറ്റാണ്ടിൽ 1431–1476 കാലഘട്ടത്തിൽ ജീവിച്ചിരുന്നു. വ്ളാഡ് രണ്ടാമൻ ഡ്രാകൂളിന്റെ പുത്രനായി ജനനം. കുരിശു യുദ്ധത്തിൽ തുർക്കികൾക്കെതിരെ വീരോചിതമായി പോരാടി. ശത്രുക്കളെ കടുത്ത ദണ്ഡന മുറകളിലൂടെ ഇല്ലാതാക്കിയാൽ 'വ്ളാഡ് ടെപിസ്' (ശൂലത്തിലേറ്റുന്ന വ്ളാഡ്) എന്നറിയപ്പെട്ടു. സോവിയറ്റ് യൂണിയന്റെ പതനം വരെ റൊമാനിയക്കാർക്കു പുറംലോകവുമായി ബന്ധമുണ്ടായിരുന്നില്ല. അതിനാൽ ഇംഗ്ലണ്ടിൽ പത്തൊൻപതാം നൂറ്റാണ്ടിൽ ബ്രാം സ്റ്റോക്കർ എന്നൊരാൾ തങ്ങളുടെ പ്രഭുവായ 'വ്ളാഡ്' നെപ്പറ്റി ഒരു പുസ്തകം എഴുതിയിട്ടുണ്ടെന്നും അത് ലോകമൊട്ടാകെ ആളുകൾ വായിക്കുകയും, ഭയഭീതികളോടെ വിശ്വസിക്കുകയും ചെയ്യുന്നതായി അവരറിഞ്ഞില്ല. ഇന്നതെല്ലാം മാറിയിട്ടുണ്ട്. ബ്രാസോവ് കോട്ടയും അതിനോടനുബന്ധിയായ വിനോദ സഞ്ചാരവും മറ്റും ഈ പ്രദേശത്തിന്റെ സമ്പദ് വ്യവസ്ഥയെ വല്ലാതെ വളർത്തിയിരിക്കുന്നു.

ഡ്രാക്കുളയുടെ കോട്ട ഒരഞ്ചു നില മാളികയാണെന്നു പറയാം. വിശാലമായ കിടപ്പുമുറി, വായന മുറി, ഭക്ഷണ മുറി എന്നിവയുണ്ട്. പ്രഭുവിന് സമ്മേളനം നടത്താൻ പ്രത്യേകം മുറി. നെറികേട് കാണിച്ചവരെ ശിക്ഷിക്കാൻ മറ്റൊരു മുറി. ഒരു മുറിയിൽ പ്രഭുവിന്റെ വിരോധികളെ പീഡിപ്പിക്കാനുള്ള നിരവധി ഉപകരണങ്ങളും ആയുധങ്ങളുമാണ്. മുകളിൽ മട്ടുപ്പാവ് പോലൊരു സ്ഥലത്തു നിന്ന് നോക്കിയാൽ ചുറ്റുപാടുമുള്ള മുഴുവൻ നാടും കാണാനാകും. ശത്രുക്കൾക്ക് ഒരു ഭാഗത്തു നിന്നും ഒളിഞ്ഞു കോട്ടയിലേക്കടുക്കാൻ ആവില്ല. കോട്ടയിലെ ഒരു മുറിയിൽ ഇപ്പോൾ ലോകത്തു പ്രസിദ്ധമായ പലതരം ഡ്രാക്കുള കഥകൾ – സിനിമ, ചിത്രകഥ, വീഡിയോ ഗെയിംസ് എന്നിങ്ങനെ പ്രദർശിപ്പിച്ചിരിക്കുന്നു.

അതിൽ വിഖ്യാതനായ ക്രിസ്റ്റഫർ ലീയുടെ ഡ്രാക്കുളയുമുണ്ട്. താഴെയിറങ്ങിയാൽ കാണാം അവിടെയൊരു 'കമ്മട്ടം!'. പണം കൊടുത്ത് കൗണ്ടറിൽ നിന്നും ഒരു ചെമ്പു തകിട് വാങ്ങുക. അത് നിശ്ചിത ദ്വാരത്തിൽ കൂടെ ഉള്ളിലേക്കിട്ട ശേഷം കമ്മട്ടത്തിന്റെ 'സ്റ്റിയറിങ്' ബലമായി തിരിക്കുക. നിങ്ങൾ നിക്ഷേപിച്ച ചെമ്പു തകിട് ഒരു ഡ്രാക്കുള പ്രഭുവിന്റെ കാലത്തെ നാണയമായി പുറത്തുവരും!

ഏതാണ്ട് രണ്ടു മൂന്നു മണിക്കൂർ കോട്ടയില ങ്ങോളമിങ്ങോളം ചുറ്റിയടിച്ച ശേഷം ആന താഴെയെത്തി. ഉച്ചയായി. എങ്ങും സന്ദർശകരുടെ തിരക്ക്. ആന ഒരു ഹോട്ടലിൽ സീറ്റ് പിടിച്ചു. "കുടിക്കാനെന്താ കിട്ടുക?" ആന ചോദിച്ചു. "ചോരയുണ്ട്, കാപ്പിയുണ്ട്, ജ്യൂസുണ്ട്", വെയ്റ്റർ ഭാവഭേദമില്ലാതെ പറഞ്ഞു. "കുടിക്കാൻ വേണ്ട. കഴിക്കാൻ സാൻഡ്‌വിച് മതി," ഡ്രാക്കുള ടൂറിസം വികസിച്ച ശേഷം ഇവിടത്തെ കച്ചവടക്കാരും ടാക്സിക്കാരും ടൂറിസ്റ്റ് ഗൈഡും ഒക്കെ ഇങ്ങനെയാണ്! എല്ലാം തുടങ്ങുന്നതും അവസാനിക്കുന്നതും ഡ്രാക്കുളയിൽ. ഒരു ഗൈഡ് തന്റെ ഷർട്ടിന്റെ കോളർ അല്പം നീക്കിയിട്ട് ഒരു പാട് കാണിച്ചു പറഞ്ഞു: "എന്റെ അമ്മൂമ്മയുടെ ചോര ഡ്രാക്കുള കുടിച്ചിരുന്നു. അവർ മരിച്ചുപോയി. പക്ഷെ ഡ്രാക്കുളയുടെ ദ്രംഷ്ട്രങ്ങളുടെ പാട് പേരക്കുട്ടിയായ എന്റെ കഴുത്തിൽ പോലുമുണ്ട്! ടീ ഷർട്ടിൽ ഡ്രാക്കുള, ബിയർ കുപ്പിയിൽ ഡ്രാക്കുള, തൊപ്പി, മാസ്ക്, താക്കോൽ വളയം എന്ന് വേണ്ട സർവ്വം ഡ്രാക്കുള മയം!

ആന തിരിച്ചു ബ്രാസോവിലെത്തി. അവിടെ നഗര ചത്വരത്തിൽ അതാ, ഒരു ഡ്രാക്കുള റസ്റ്റോറന്റ്! അതും ഒരു കത്തീഡ്രൽ പള്ളിയോടു ചേർന്ന്. ദൈവവും ചെകുത്താനും സഹവർത്തിത്വത്തോടെ വാഴുന്ന കാഴ്ച കണ്ട് സന്തുഷ്ടരായി ആന മടക്കയാത്ര ആരംഭിച്ചു. ജോനാഥൻ ഹാർക്കറും അതു തന്നെ ചെയ്തുകാണണം. ●

കവിത



# ദുശ്ശള

**മധുകുമാർ വർമ്മ വി.കെ.**
മൊ. 9847017105

കൗരവരായുള്ളോർ നൂറുശക്തർ
പാണ്ഡവരായുള്ളോരഞ്ചു പേരും
പിന്നീടായുള്ള യുയുത്സുവുമായ്
നൂറ്റാറു ജ്യേഷ്ഠന്മാർ ദുശ്ശളയ്ക്ക്

ആയുധാഭ്യാസം കഴിഞ്ഞ് ദ്രോണർ
ശിഷ്യർതൻ പ്രാവീണ്യം പാർക്കാനോതി
കൂട്ടിലെ കിളിയുടെ കൊക്കിനുള്ളിൽ
കണ്ണുകെട്ടിക്കൊണ്ടങ്ങമ്പെയ്യണം

ശിഷ്യരെല്ലാരും അണി നിരന്നു
പങ്കെടുക്കാനായി മത്സരത്തിൽ
ശ്രമവും തുടങ്ങിയോരോരുത്തരും
വന്ന പോൽത്തന്നെ മടങ്ങുകയും

അർജ്ജുനൻ വന്നങ്ങു കണ്ണുകെട്ടി
കയ്യിലെടുത്താനങ്ങമ്പും വില്ലും
പുറമേ തിരിഞ്ഞിട്ടു ലക്ഷ്യം വച്ച്
അമ്പെയ്തു ലക്ഷ്യവും കണ്ടുവല്ലോ

അപ്പോഴതാവന്നു സൂതപുത്രൻ
ആയുധം കയ്യിലെടുക്കയായി
സമ്മതം നേടാതങ്ങമ്പയച്ചു
തന്നുടെ പാടവം കാണിച്ചേനും

സൂതപുത്രന്റെ വരവുവേണ്ട
ദ്രോണരും സംഘവുമോതിയല്ലോ
മാറിപ്പോകാനങ്ങു ചൊല്ലിയിട്ട്
വില്ലും ശരങ്ങളും വാങ്ങി വച്ചു

മുമ്പോട്ടുപാഞ്ഞെത്തി ദുര്യോധനൻ
സൂതപുത്രൻ മാത്രമല്ലയല്ലോ
അംഗരാജ്യത്തിന്നധിപനിവൻ
എന്നോതി ദുഃഖം തടുത്തു നിർത്താൻ

കുലമേതെന്നുള്ളത് കാര്യമല്ല
രാജ്യത്തിന്നൈശ്വര്യം വിഷയമല്ല
കർണ്ണന്റെ തേജസ്സ് പാർത്തനേരം
ദുശ്ശളയ്ക്കുള്ളിൽ വന്നെത്തി മോഹം

സൂതന്റെപുത്രനാം കർണ്ണൻ മതി
ഭാവിയിലെന്നുടെ കാന്തനായി
തോഴിയായുള്ള മൃണാളിനിയെ
ആഗ്രഹമറിയിച്ചു ദുശ്ശളയും

വേണ്ട, കുമാരി നടക്കില്ലിത്
സിന്ധുരാജൻ നിന്റെ ഭാവിവരൻ
നിന്നിഷ്ടം ജ്യേഷ്ഠരറിഞ്ഞു വെന്നാൽ
ദേഷ്യമാവും എന്നങ്ങോർത്തിടേണം

സോദരി തന്നിഷ്ടം നോക്കിയില്ല
രാജ്യമീമാംസയ്ക്കോ ശക്തിയേറെ
സിന്ധുരാജ്യത്തിന്റെ കുതിരപ്പട
നേടാമീ വൈവാഹബന്ധത്തിനാൽ

അപ്രകാരം തന്നെ ദുര്യോധനൻ
ചൊല്ലിനാൻ മാതാപിതാക്കളോടും
എതിരു ചൊല്ലാനായി ട്ടാവതില്ല
സിന്ധുരാജൻ എന്നു നിശ്ചയിച്ചു

രാജ്യതാല്പര്യത്തെ നോക്കിടാനായ്
എല്ലാരും ചൊന്നതാം വാക്കു കേട്ടു
സന്തോഷമാണെന്നഭിനയിച്ചു
സിന്ധുരാജൻ തന്നെ താലിചാർത്തി

ഇപ്പോഴും രാജ്യതാല്പര്യത്തിനായ്
കാര്യം പലതുമേ നേടുവാനായ്
സ്ത്രീകളെയല്ലേ ഉപയോഗിപ്പൂ
ഇഷ്ടങ്ങൾ നോക്കീട്ടോ അല്ലാതെയോ ●



# അഷ്ടാവധാനം

**വിനോദ് വർമ്മ**
ചെന്നൈ, മൊ. 98400 31531

ഇന്നുവരെ എന്റെ ധാരണ ശ്ലോകരചനാ സമ്പ്രദായം കേരളത്തിൽ മാത്രമേ ഇക്കാലത്ത് നിലനിൽക്കുന്നുള്ളൂ എന്നായിരുന്നു. ആ ധാരണ മാറ്റിമറിച്ചത് പ്രവീൺ വർമ്മയുടെ ഫോൺകാൾ ആയിരുന്നു. അദ്ദേഹം വഴിയാണ് അഷ്ടാവധാനം എന്ന സാഹിത്യത്തെക്കുറിച്ച് അറിഞ്ഞതും അതിൽ പ്രാവീണ്യമുള്ളവർ ഇക്കാലത്തും ഉണ്ട് എന്ന് അറിഞ്ഞതും.

അവധാനം എന്നാൽ ശ്രദ്ധ. എട്ടു കാര്യങ്ങളിൽ ഒരേസമയം ഒരേപോലെ ശ്രദ്ധിക്കുന്ന പ്രക്രിയയാണ് അഷ്ടാവധാനം. തെലുങ്ക് പണ്ഡിതരുടെ ഇടയിലാണ് ഈ വിനോദത്തിന് പ്രചാരം.

ഈ വിനോദം അവതരിപ്പിക്കുന്ന ആൾ അവധാനി എന്ന് അറിയപ്പെടുന്നു. സദസ്യരിൽ





കോട്ടയം തിരുനക്കര മഹാദേവ ക്ഷേത്രത്തിൽ ഉത്സവത്തോടനുബന്ധിച്ച് മറിയപ്പള്ളി കൊട്ടാരത്തിലെ ബിന്ദു വർമ്മ അവതരിപ്പിച്ച മോഹിനിയാട്ടം.

ഒരാൾ ഒരു പ്രത്യേകവിഷയം കൊടുത്ത് ആ വിഷയത്തിൽ നിർദ്ദിഷ്ടമായ വൃത്തത്തിൽ എഴുതാൻ ആവശ്യപ്പെടുന്നു. ഓരോരോ അക്ഷരങ്ങളായാണ് ശ്ലോകം നിർമ്മിക്കപ്പെടുന്നത്. അങ്ങിനെ ഉണ്ടാക്കപ്പെടുന്ന ശ്ലോകത്തിൽ ചിലയിടത്ത് ഇന്ന അക്ഷരം വരണം എന്ന നിബന്ധന വയ്ക്കുന്നു. തുടർന്ന് വരുന്ന അക്ഷരം ഇന്നതാവരുത് എന്ന് വേറെയൊരാൾക്ക് പറയാം. മറ്റൊന്ന് സമസ്യാപൂരണമാണ്. അവധാനിയുടെ ശ്രദ്ധ തിരിക്കാൻ നിയുക്തനായ ആൾ അതിന് ശ്രമിച്ചുകൊണ്ടിരിക്കും. ഇങ്ങനെ എട്ടോളം പ്രവർത്തികൾ ഒരേ സമയത്ത് നടത്തണം. ഇതിന്റെ അവസാനം താൻ എഴുതിയതും മറ്റുള്ളവർ ചൊല്ലിയതായും ഉള്ള ശ്ലോകങ്ങൾ അവധാനി പൂർണ്ണമായും ചൊല്ലിക്കേൾപ്പിക്കണം. ഇതെല്ലാം ചെയ്യുന്നത് പേന, കടലാസ് മുതലായ ഉപാധികളൊന്നും ഉപയോഗിക്കാതെ വേണം താനും.

ഇത് പണ്ടാരൊക്കെയോ ചെയ്തിരുന്നു എന്നല്ല സംസ്കൃതത്തിന് മരണശയ്യ വിധിച്ചിട്ടുള്ള ഇക്കാലത്തും നടന്നുപോരുന്നു, അതിൽ താല്പര്യവും പ്രാവീണ്യവുമുള്ളവർ ഉണ്ട് എന്നത് അല്പമൊന്നുമല്ല എന്നെ അത്ഭുതപ്പെടുത്തുന്നത്.

കോഴിക്കോട് മല്ലിശ്ശേരി കോവിലകത്ത് ജനിച്ചു വളർന്ന പ്രവീൺ വർമ്മ ഹൈസ്കൂൾ തലത്തിൽ ഭാഷാദ്ധ്യാപകനായിരുന്നു. 2024-ൽ ജോലിയിൽ നിന്നും വിരമിച്ച ശേഷം അമൂല്യങ്ങളും അപൂർവ്വങ്ങളും ആയ പഴയ പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്ത് വായനക്കാർക്ക് തന്റെ 'താളിളക്കം' എന്ന വെബ്സൈറ്റ് വഴി സൗജന്യമായി ലഭ്യമാക്കുന്ന തിരക്കിലാണ്. എന്നും കൂടുതൽ വിപുലമായി വളരുന്ന ഈ സൈറ്റ് സാഹിത്യകുതുകികൾക്കും ഗവേഷണവിദ്യാർത്ഥികൾക്കും വിലമതിക്കാനാവാത്ത നിധിയാണ്. ●




# Swami Vivekanandan

**Adv. E. Ramavarma Raja**
Ennakkad Palace

*(Continuation...)*

Naren cared little about the worldly prosperity a university degree would afford him. He felt uplifted during the prayers and devotional songs. He believed in a formless God with attributes and was convinced that if God really existed, He would surely appear in answer to the sincere prayers of the devotees. He felt there must be a way of realising Him. He went to Maharshi Devendra Tagore who was one of the best spiritual teachers of the time. Naren flung out the question, "Sir, have you seen God?" The Maharshi was unable to answer. And satisfied himself with "My boy you have the yogi's eyes". The Maharshi was tongue tied (unable to answer). Naren came back disappointed. He went to the leaders of other religious sects and no one of them could say that they have seen God. From this it follows God is invisible to us.




## At the Feet of Sri Ramakrishna

As advised by the Principal Rev. William Hastie, Narendranath went to Dakshineswar to see Ramakrishna Paramahamsa. He asked the question: "Have you seen God? Sir." The answer was "Yes". I see him just as I see you here. One can see and talk to him as I am seeing and talking to you. But who cares? People shed torrents of tears for their wife, children, wealth or prosperity. But who does so for the sake of God? If one weeps sincerely for him, He surely manifests himself. That answer impressed Narendranath at once. For the first time he found a man who dared to say that he had seen God.

From this it follows God is not invisible.

One day during the absence of the professor of English Rev. William Hastie, the Principal took over the English lecture class. He was explaining "Excursion" a poem by William Wordsworth, the Nature poet where the state of Trance is referred and of which the poet had a glimpse while contemplating those beyond the pale of Christendom. The Quran remains ever associated with the followers of the Islamic religion. The scripture of the Buddhist is the sacred collection of all the enlightened utterances of the Buddha known as 'Dharma Pada'. The followers of all other important religions may also be said to be more familiar with their sacred books than with their kith and kin. But the case of Hindu is different. Among the followers of different paths he alone is bewildered in regard to this question. He does not know which book he may term his scripture. If a mention is made of Vedas, he confesses he has never had occasion to see or handle such books as these, let alone the question of getting acquainted with their contents. Many a Hindu may mention with some hesitance, this or that as the sacred book from which he draws inspiration and guidance. But one who's widely read in the Hindu lord wavers (fails) before making a pronouncement of this kind. This dilemma is due to the university

# MAHA MAKHA MAHOLSAVAM 2026



**E. Ravi Varma Raja**
Kochu Kottaram, Ennakkad
Mob: 9746257789

The Mahamela 2026 at Thirunavaya, Malappuram (dist. ) on the banks of River Nila (Bharathappuzha) was a revived version of the Mamangam/Mamankam of the medieval period. Keralam' s Kumbhamela, it is otherwise called, was celebrated from 18th Jan 26 to 3rd Feb 26 (19days running) under the guidance and leadership of Sabhavathi Mahamandaleshwar Swamy Anandavanam Bharathi, against all initial odds and controversies. The grand sucess of the festival in spite of vested political & some power packets' propaganda against it, was another wonder in the world. The gathering of about 30 lakhs people mostly devotees on the elegant river beds (Manalpparappu) was unmatched, unexpected and unbelievable even to the Press and other Media which took the Fair lightly. People from more than 15 nations also witnessed the events without any complaint or difficulty. It is all achieved because of about 12000 Seva Bharathi volunteers and hundreds of security officers. They ensured accommodation, food,

→

---

→

of the Hindu scripture. The popular conviction is that the Vedas are the direct or indirect sources of all the sacred books pertaining to Hinduism. Several portions of the Vedas are said to have become extinct in the march of time.

Although he was busy with his studies, Naren often went to meet the Master. At last Naren turned his attention to spiritual practices because the Master's manner of teaching charmed him. The Master injected his own consciousness, his own personal realisation of Hinduism into the soul of Naren. Ultimately Naren became the owner of a huge spiritual wealth or bliss or spiritual omnipotence.

**How should we do our duty and realise God?**

Swamiji shows us the path to God by doing one's duty. Swamiji says "Any action that makes us go Godward is a good action and is our duty. Any action that makes us go downward is evil. And is not our duty. Universally acknowledged idea of duty is "Do not injure any being, not injuring any one is virtue, injuring any being is sin".

Swami Vivekananda sailed to America (via) Colombo, China, Japan and Canada and reached Chicago on July 30, 1893. The parliament of religions which was held in Chicago from September 11 to 27, 1893 was undoubtedly one of the great epic-making events of the world. It was not only a parliament of religions, it was a parliament of humanity. Swami began his address.


(to be continued...)

medicine, sanitisation, 24 hour safety & protection and disciplined order. Their earnest efforts and sincere services made the show smooth and accident - free.

In fact the fair centered around Navamukunda temple with art, trade, tradition, music and spirituality, was more than a religious meet. The discussions and deliberations by Vyjnanik scholars were held simultaneously. Raja- Sadas was also a part the Mela. One of the attractions of the public was the evening (dusk) Aarathi of the Kashi Pundits, what they used to do to Ganga River daily. The end of Makha Maholsavam was marked by the holy dip (Amrutha snan) at Thirunavaya. It was more than the expectations of the organisers even. Those volunteers cared to clean the river and its beds neatly before leaving the venue. These all were carried out in a modern way by organizational expertize. Thus a new chapter was added to the history of Keralam.

The original Mamankam was a magnificent duo-decennial (once in 12 years) medieval festival and trade fair held on the banks of the river 'Bharathappuzha' at Thirunavaya, the 'Sangama Bhumi'. The 28 day fest. served as a grand stage for social and political power, trade and economics and legendary display of valour often regarded as the Kumbhamela of the medieval Malabar. Let us see the significance of each of the Myth, Legend, Astrology, History and Politics behind Mamankam.

According to the local legend, Parasuraman, the mystical creator of Keralam instituted the festival in that brahmin- governed land. It is believed that during Mamankam, the Goddess Ganga descended to the Bharathappuzha making it as holy as the ‘Ganges’. The origin of 'Mamangam' name is attributed to the astrological cycle, Barhaspatya cycle of 12 years. Maha Magham connected to Makha



month of Saka varsham is a great purification period when the Jupiter enters the Leo. Its historical roots can be traced to a ceremony to pay homage potentially linked to an Ashoka Pillar at Kodungallur and later became a festival to elect the Rakshapurusha (protector).

Politically, the significance goes to the festival being presided over by the Cheramanperumal. After the fall of Chera Empire, the right to conduct this belonged to the Valluvakkonathiri (ruler of Valluvanad). Later it entered into fierce political arena where the Zamorin of Kozhikode and Valluvakkonathiri fought for supremacy. In the 14 th century, the Zamorin took over the reign by force establishing his sovereignty. He would sit on a raised granite special dais (called, Nilapaduthara) holding a sword to receive tributes from vassal kings signifying his undisputed lordship. The most enduring part of the Mamangam legend is the story of the ‘Chavers’ (suicide warriors). After the Zamorin forcibly took the right to preside over the festival, the ruler of Valluvanad began sending ‘Chavers’ to every Mamankam to assassinate Zamorin and reclaim the lost honour. These Chavers would fight through thousands of Zamorin' s soldiers to reach the Nilapaduthara. Most of the ‘Chavers’ were killed in the battle and their bodies were reportedly thrown to a nearby well called ‘Manikinar’. One famous legend tells of a 16 year old boy Puttumanna Kandara Menon who nearly succeeded in killing the Zamorin in 1755

C. E. Reference of the past is there in Keralolppathy and Kandara Menon legend. Both the Nilapaduthara and Manikinar are being preserved by the Archaeological Department of Keralam. Interestingly, the 2019 movie 'Mamankam' where Mammooty plays the main role, reminds us of the history.

The history doesn't stop there. As said, the right to preside over the festival as 'Rakshapurusha' was the ultimate symbol of sovereign authority in the medieval period. With the conquest of Kozhikode, the grand fair was discontinued in the second half of 18th century (around 1755-1766) following the invasion of Mysore Sultan Hyder Ali followed by Tipu Sultan. The last such mela was supposed to have been held in Serinapatnam (Srirangapattana) in1755 to be exact. Subsequent development was the Treaty with East India Company.

Some of Keralam's legendary knowledge, history, even cultural heritage were in slumbering stage. But its hidden waves surged somewhere, in a few individuals, like the prominent spiritual leader of Juna Akhada Maha Mandaleswar Swamy Anandavanam Bharathi. The idea budded and conceived in their brains had to be materialised in the form of Mamankam. The truth is that a simple minority led by Swamy Anandavanam, a Keralite, had taken a bold step to recast it and interestingly majority followed. We know "മുമ്പേ ഗമിക്കും ഗോവ് തന്റെ പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം". This is what actually happened.

The places Thirunavaya & Thavanoor chosen in the heart of Malappuram where mostly Muslims and remaining Hindus & others co-operate whole-heartedly and co-habitate harmoniously, are ideal. Out of malign or fear many newspapers and media kept silence and didn't give enough importance.

Revival of the past doesn't mean bringing back religious/caste/creed divisions, nor memories of battle and Chavers' squad. We Need not see the dark side of things. Positive thought of conducting festivals and rites & rituals is not harmful if it is done peacefully. The bright side of heritage is civilisation and social harmony. Rivers are dear and divine to Keralam and Bharatham. The organisers showed extra effort to show respect and preservation of it as well. They have planned the fest in such a way that human life and other habitants and the surroundings are not adversely affected. Temporary constructions, hygiene, day and night crowd management had been well taken care of. These are all due to intense desire and attachment. Our Constitutional responsibility in Article 51 A (f) involves giving value and prominence to such heritage, traditional beliefs and customs. This is not mere nostalgia to be kept in shelves/ museums. Indonesia, a Muslim majority nation and New Zealand are examples. They are not shy to support and encourage their own arts etc. They even keep rituals and other practices related to Ramayana close to their hearts.

The grand success of Mamankam festival is seen as unification of culture and spirituality. Both of Keralam's identity and Bharatham's culture were found blended. This is nothing but cultural and spiritual awakening.

The sort of Mamangam has influenced the economic status of Thirunavaya-Thavanur area. Shop keepers, small-scale traders, the local people, of all religions are benefitted. Owners of temporary home-stay arrangements, auto and taxi drivers, car parking vendors had a harvesting time because of the fair. When the entire community in one area is financially gained the interdependency therein will help promote harmony and co-operation. ●

# ഉഷയ്ക്കും ഗിരിജയ്ക്കും പ്രായം വെറും അക്കങ്ങൾ മാത്രം

**ഷ**ഷ്ട്യബ്ദ പൂർത്തിയും സപ്തതിയും കഴിഞ്ഞാൽ വയസ്സായി... ഇനി ഒന്നിനും വയ്യ... എന്നു കരുതുന്നവരാണ് നമ്മളിൽ പലരും. എന്നാൽ 'Age is just a number' എന്ന് ഉറക്കെ വിളിച്ചോതി പ്രായത്തെ വെല്ലുവിളിക്കുന്ന രണ്ടു മഹിളാരത്നങ്ങളാണ് തിരുവനന്തപുരത്തെ ഉഷാ വർമ്മയും ഇടപ്പള്ളിയിലെ ഗിരിജത്തമ്പുരാട്ടിയും. രണ്ടുപേരും പ്രായത്തിനു വഴങ്ങാതെ അരങ്ങിൽ തങ്ങളുടെ മെയ്വഴക്കം ഒട്ടും ചോർന്നുപോകാതെ കഥകളിയും മോഹിനിയാട്ടവും അവതരിപ്പിച്ച് ആസ്വാദകരെ അത്ഭുതപ്പെടുത്തുകയാണ്.




തിരുവനന്തപുരം സഭയിലെ മുതിർന്ന അംഗവും മുൻ വനിതാ വിഭാഗം പ്രസിഡന്റുമായ **ഉഷാ വർമ്മ** എഴുപത്തി രണ്ടാം വയസ്സിലും കളിയരങ്ങിൽ സജീവമാണ്. കുട്ടിക്കാലം മുതൽ തന്നെ കഥകളി, ഭരതനാട്യം, മോഹിനിയാട്ടം എന്നിവയിൽ കഴിവു തെളിയിക്കുകയും കലാതിലകം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. വിവാഹശേഷവും ജോലിത്തിരക്കിനിടയിലും തന്റെ കലാസപര്യ തുടർന്നുകൊണ്ടേയിരുന്നു. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നിന്ന് വിരമിച്ച ശേഷവും നിരവധി അരങ്ങുകളിൽ കഥകളിയിലെ വിവിധ വേഷങ്ങൾ അവതരിപ്പിച്ച് കാണികളുടെ പ്രശംസയ്ക്ക് പാത്രീഭൂതയായിക്കൊണ്ടിരിക്കുന്നു. ജനുവരി 19 ന് തിരുവനന്തപുരം ഭാരത് ഭവൻ സംഘടിപ്പിച്ച നൃത്ത പരിപാടിയിൽ 'പൂതനാമോക്ഷ'ത്തിലെ മോഹിനിയെ അവതരിപ്പിച്ചത് കാണികൾ ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്. *പ്രസിദ്ധ സാഹിത്യകാരൻ ഡോ. ജോർജ്ജ് ഓണക്കൂറും മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവ് പ്രഭാ വർമ്മയും ചേർന്ന് ഉപഹാരം നൽകി (ചിത്രം).* പരേതരായ എണ്ണയ്ക്കാട്ടു കൊട്ടാരത്തിലെ എ. രാമവർമ്മരാജയുടെയും വൈക്കം വടക്കേമഠത്തിൽ തങ്കം രാജയുടെയും മകളും തുളിശ്ശാല കോയിക്കൽ ജി. രാമവർമ്മയുടെ പത്നിയുമാണ്. മക്കൾ: ലക്ഷ്മി (ഹൈദരാബാദ്), മായ (മണിപ്പാൽ). മരുമക്കൾ: ഡോ. മുരാരി വർമ്മ, സന്ദീപ്. തിരുവനന്തപുരം കണ്ണമ്മൂലയിലെ 'ലക്ഷ്മി'യിലാണ് താമസം.



തൃക്കാരിയൂർ പോളച്ചിറ മഠത്തിൽ ദിവംഗതരായ പ്രശസ്ത ഗാന്ധിയനും റിട്ടയേർഡ് അധ്യാപകനുമായ പി. കേരളവർമ്മ തിരുമുൽപ്പാടിന്റെയും തങ്കമ്മ തമ്പുരാട്ടിയുടെയും മകൾ **ഗിരിജ തമ്പുരാട്ടി** തൃക്കാരിയൂർ മഹാദേവക്ഷേത്രത്തിൽ കഥകളി വേഷം (ലവണാസുരവധത്തിലെ സീത) അവതരിപ്പിച്ചു. 2010 ൽ ഇടപ്പള്ളി ഗവൺമെന്റ് TTI പ്രിൻസിപ്പൽ ആയിരിക്കെ VRS എടുത്തു. വിശ്രമ ജീവിതത്തിനിടെ തന്റെ 66-ാം വയസ്സിൽ മോഹിനിയാട്ടം, കഥകളി, തിരുവാതിര കളി, മ്യൂറൽ പെയിൻറിംഗ് എന്നീ മേഖലകളിൽ പഠനം നടത്തി. 2024 ൽ കഥകളി അരങ്ങേറ്റവും 2025 ൽ മോഹിനിയാട്ടം അരങ്ങേറ്റവും നടത്തി. ഭർത്താവ്: ഇടപ്പള്ളി സുരഭിയിൽ സുരേഷ് വർമ്മ (റിട്ടയേർഡ് ഉദ്യോഗസ്ഥൻ HLL). മക്കൾ: ഗിരീഷ് വർമ്മ (USA), രാകേഷ് വർമ്മ (Muscat). ഈ പ്രായത്തിലും കലാപരമായ കഴിവുകൾ അഭ്യസിച്ച് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന ഗിരിജ തമ്പുരാട്ടി, സഭയിലെ ചെറുപ്പക്കാർക്ക് മാതൃകയാക്കാൻ പറ്റിയ വ്യക്തിത്വമാണ്. ഇടപ്പള്ളി ക്ഷത്രിയ ക്ഷേമസഭയുടെ സെക്രട്ടറി കൂടിയാണ് ഗിരിജ തമ്പുരാട്ടി. *തൃക്കാരിയൂർ മഹാദേവക്ഷേത്രത്തിൽ കഥകളി അവതരിപ്പിച്ച ഗിരിജ വർമ്മയെ കുറ്റിലഞ്ഞി പ്രസിഡന്റ് സുരേഷ് വർമ്മയും സെക്രട്ടറി കൃഷ്ണ വർമ്മയും ചേർന്ന് സ്വീകരിച്ചു. (ചിത്രം)*

# ഒരു രാജപാതയുടെ സംവേദനം



**രവീന്ദ്രനാഥ ടാഗോറിന്റെ 'രാജ്പഥ്കി ബാതേം' എന്ന കഥയുടെ**
**മലയാള വിവർത്തനം : ഡോ. കെ.സി.എം. രാജ,**
പാലക്കാട്, മൊ. 9446344799

***കടപ്പാട് : 'ബംഗ്ലാ കീ സർവ്വശ്രേഷ്ഠ കഹാനിയാം' എന്ന ഹിന്ദിപരിഭാഷാകൃതിയോട്, രാധേശാം പുരോഹിത്, ഭോൽപ്പൂർ (ശാന്തിനികേതൻ) 1957***

ഞാൻ ഒരു രാജപാത. പണ്ട് ഒരു മുനിയുടെ ശാപം മൂലം, അഹല്ല്യ ഒരു ശിലയായിത്തീർന്ന പോലെ, ചിരനിദ്രയിലാണ്ടു കിടക്കുന്ന ഒരു നീണ്ട പെരുമ്പാമ്പിനെപ്പോലെ, കുന്നും കാടും താണ്ടി വൃക്ഷത്തണലുകളുടെ മാറിലൂടെ, ദേശദേശാന്തരങ്ങൾ മറികടന്ന് ഞാൻ ഏറെക്കാലമായി ചൈതന്യം നഷ്ടപ്പെട്ട് കിടപ്പാണ്. അനന്തമായ ക്ഷമയോടെ, പൊടിയിൽ ആറാടി, സന്ധ്യമയങ്ങുന്നതും പ്രതീക്ഷിച്ചാണ് എന്റെ ഈ കിടപ്പ്. കുറെ ദിവസങ്ങളായി യാതൊരു ഭാവഭേദവുമില്ലാതെ മയങ്ങി കിടക്കുകയാണെങ്കിൽകൂടി, വിശ്രമം എന്താണെന്ന് ഞാൻ ഇതുവരെ അനുഭവിച്ചിട്ടില്ല. ഉണങ്ങി വരണ്ട എന്റെ ഈ ശരീരത്തിൽ സ്നിഗ്ധ സുന്ദരമായ, ഹരിതാഭ ചൊരിയുന്ന പച്ചപ്പുൽത്തകിടികൾ ഉണ്ടാകണമെന്ന് വളരെയധികം ആഗ്രഹമുണ്ടെങ്കിൽകൂടി, ഇതുവരെ ആ മോഹം നിറവേറ്റുവാൻ എനിക്കു സമയം ലഭിച്ചിട്ടില്ല. എന്റെ തലയിൽ നീല ഛവി ചൊരിയുന്ന ചെറിയ ചെറിയ പുഷ്പങ്ങൾ വിടർത്തുവാൻ പോലും എനിക്ക് ഇതുവരെ സാധിച്ചിട്ടില്ല. തികഞ്ഞ ഒരു അന്ധനെപോലെയാണ് എന്റെ ഈ ജീവിതം. രാവും പകലും ഒടുങ്ങാത്ത ബഹളം! എന്റെ ഈ മയക്കത്തിലും ലക്ഷോപലക്ഷം പാദവിന്യാസങ്ങളുടെ ശബ്ദം, ഒരു ദുഃസ്വപ്നംപോലെ, പലപ്പോഴും എന്നെ വേട്ടയാടാറുണ്ട്. അവരുടെ ആ പാദസ്പർശം അനുഭവിക്കുമ്പോഴെല്ലാം എനിക്ക് അവരുടെ മനസ്സ് വ്യക്തമാകാറുണ്ട്. അവരിൽ ആരെല്ലാമാണ് സ്വന്തം വീടുകളിലേക്കു പോകുന്നത്, ആരെല്ലാം അന്യനാടുകളിലേക്കു പോകുന്നു, തൊഴിൽ സംബന്ധമായി പോകുന്നവർ ആരെല്ലാം, വിശ്രമിക്കാനായി പോകുന്നവർ, ശ്മശാനത്തിലേക്കു നീങ്ങുന്നവർ എന്നിവരെയെല്ലാം ഞാൻ വേർതിരിച്ചറിയാറുണ്ട്.

സ്നേഹത്തിന്റെ തണലിൽ, സംതൃപ്തമായ ഒരു കുടുംബജീവിതവുമായി മുന്നേറുന്നവർ നടന്നു നീങ്ങുമ്പോൾ, അവരുടെ ഓരോ കാൽവയ്പ്പിലും, ആഹ്ലാദത്തിന്റെ പ്രതിഛായ തെളിഞ്ഞുവരും. അവരുടെ ഓരോ ചുവടും ആശയുടെ വിത്തുകൾ പാകിക്കൊണ്ടാണ്. ആ വിത്തുകൾ മുളച്ച് ചെടികളായി പൂക്കൾ നിറഞ്ഞുനില്ക്കും. സ്വന്തമായൊരു വീടു പോലും ഇല്ലാത്ത അനാഥരുടെ ചുവടുകൾ ആശയും സമ്പത്തും അറ്റതായിരിക്കും. ആ കാലടിപ്പാടുകൾ എന്റെ ശരീരത്തിൽ അങ്ങിങ്ങായി പതിയുമ്പോൾ, ഉണങ്ങി വരണ്ട എന്റെ ദേഹം കൂടുതൽ ശുഷ്ക്കിക്കുന്നതുപോലെ എനിക്കു പലപ്പോഴും തോന്നാറുണ്ട്.

ഈ ഭൂമിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന യാതൊരു കാര്യവും പൂർണ്ണമായി അറിഞ്ഞു മനസ്സിലാക്കാൻ എനിക്ക് അവസരം ലഭിക്കാറില്ല. കാലാകാലങ്ങളായി എത്രയോ ജനങ്ങളുടെ ചിരിയും, കളിയും, പാട്ടും, കഥകളും കേട്ടുകൊണ്ട് കിടപ്പാണു ഞാൻ. എന്നാൽ ഒന്നും മുഴുവനായി കേൾക്കുവാൻ എനിക്ക് ഇതുവരെ തരപ്പെട്ടിട്ടില്ല. കേൾക്കുവാൻ ശ്രമിക്കുമ്പോഴേക്കും അവർ ഇവിടം വിട്ടുപോയിരിക്കും. എത്രയോ വർഷങ്ങളിലെ അപൂർണ്ണ ഗാനങ്ങൾ എന്റെ ശരീരത്തിൽ പറ്റിപ്പിടിച്ച് പൊടിമണ്ണിനോടൊപ്പം പറന്നുപോയി നശിച്ചിട്ടുണ്ടാകാം! അവയെക്കുറിച്ചൊക്കെ ആരറിയാൻ!

കേൾക്കൂ! അതാ ഒരു മനുഷ്യൻ പാടുന്നു! "അവനോടു പറഞ്ഞ് പറഞ്ഞ്, ഇതിലധികം പറയാൻ വയ്യാതെ..." പോകാതെ! പാട്ടുമുഴുമിപ്പിച്ച ശേഷം പോകൂ! ഗാനത്തിന്റെ ഈയൊരു വരി പാതിരാത്രിവരെ എന്റെ ചെവിയിൽ നിറഞ്ഞു നില്ക്കും. ഞാൻ ആലോചിക്കും, ആരായിരിക്കാം പാടിയതെന്ന്. അറിയില്ല. പറയാൻ വിട്ടുപോയ ഒരു

കാര്യം അയാൾ വീണ്ടും പറയാൻ തുടങ്ങിയതാവുമോ? എവിടേക്കാണ് അയാൾ പോകുന്നത്? ഇനിയൊരു തവണ തമ്മിൽ കണ്ടുമുട്ടുമ്പോൾ രഹസ്യം സംസാരിച്ച് ഈയൊരു കാര്യം മാത്രം പറയാൻ കഴിയാതെ ഇനിയും പോകുമോ? അപ്പോഴും തലതാഴ്ത്തി സാവധാനം തിരിച്ചു പോകുമ്പോൾ ഇതേ വരി "അവനോടു പറഞ്ഞ് പറഞ്ഞ്, ഇനി പറയാൻ കഴിയാതെ..." എന്നു പാടിയെങ്കിൽ.

ഒരുപക്ഷേ, സ്ഥൈര്യവും, അന്ത്യവും മറ്റും വേറെ എവിടെയെങ്കിലുമൊക്കെ ഉണ്ടായിരിക്കാം. എന്നാൽ, അവയൊന്നും എനിക്ക് ഇതുവരെ നേരിൽ കാണാൻ കഴിഞ്ഞിട്ടില്ല. അനുസ്യൂതം മാഞ്ഞുപോയിക്കൊണ്ടിരിക്കുന്ന കാലടികൾ മാത്രമാണ് എനിക്കു കാണാൻ കഴിയുന്നത്. പുതിയവ പ്രത്യക്ഷപ്പെടുമ്പോൾ പഴയവയെല്ലാം നശിച്ച് അപ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കും. നടന്നു പോകുന്നവർക്ക് ഒന്നും ബാക്കിവെച്ചു പോകുന്ന ശീലമില്ല. ഇനി അഥവാ എന്തെങ്കിലും ചുവട്ടിൽ വീണു പോയാൽ കൂടി, പിന്നീടുവരുന്നവരുടെ പാദസ്പർശമേറ്റ് അവയെല്ലാം മണ്ണിൽ ചേർന്നലിയുകയും ചെയ്യും. വളരെ ദുർല്ലഭമായി മാത്രം ചില മഹാത്മാക്കളുടെ പ്രതിമകളുടെ ശിരസ്സിൽ നിന്നു കൊഴിഞ്ഞു താഴെവീഴുന്ന വിത്തുകൾ പൊട്ടിമുളച്ച് വളർന്നുവലുതായി വളരെ ഉറപ്പുള്ള മരങ്ങളായി പരന്നു പന്തലിച്ച് വഴിയാത്രക്കാർക്ക് തണലായി നിലകൊള്ളാറുണ്ട്.

ഞാൻ ഒരു മനുഷ്യന്റെയും വാസസ്ഥാനമല്ല. എങ്കിലും, എല്ലാവർക്കും അവരവരുടെ സ്വന്തം വസതികളിൽ എത്തിച്ചേരാനുള്ള ഒരു വഴികാട്ടിയായി ഞാൻ വർത്തിക്കാറുണ്ട്. അതാണ് എന്റെ ധർമ്മവും; എല്ലാവരേയും സ്വന്തം വീടുകളിൽ എത്തിക്കുക എന്ന ധർമ്മം! എന്നാൽ ആരും എന്റെ കൂടെ സ്ഥിരമായി താമസിക്കുന്നില്ലല്ലോ എന്ന നേരിയൊരു മനോവ്യഥ രാപ്പകലില്ലാതെ വിട്ടുമാറാതെ എന്നിൽ നിലനില്ക്കാറുണ്ട്.

വളരെയകലെയായി താമസിക്കുന്നവർ എന്നെ സദാ ശപിച്ചുകൊണ്ടേയിരിക്കും. ഞാൻ വളരെ കൃത്യതയോടെ അവരെ സ്വന്തം വീട്ടുപടിയ്ക്കൽ എത്തിക്കുന്നുണ്ടെങ്കിലും അതിന്റെ ഒരു നന്ദി പോലും അവർക്ക് എന്നോട് ഉണ്ടാവാറില്ല. വീട്ടിൽ എത്തിച്ചേർന്നാൽ പിന്നെ അവർക്കു വീട്ടിൽ ഉള്ളവരോടാണ് അടുപ്പവും പ്രാമുഖ്യവും. അവരോടൊത്ത് കളിക്കാനും ചിരിക്കാനും, വർത്തമാനങ്ങൾ പറഞ്ഞ് സുഖമായി രസമായി കഴിയുവാനും അവർക്കു സന്ദർഭം ലഭിക്കും. എനിക്കാണെങ്കിലോ, യാതൊരു താല്പര്യവുമില്ലാതെ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലിന്റെ അദ്ധ്വാനഭാരവും, വേർപാടിന്റെ ദുഃഖഭാരവും മാത്രം. വളരെ അകലെയുള്ള വീടുകളിലെ ജനൽവാതിലുകളിലൂടെ, ചിറകുവിടർത്തി പറന്നുയരുന്ന ആഹ്ലാദത്തിന്റെ തിരകൾ എന്റെ സമീപം എത്തുമ്പോൾ മാത്രം എന്തുകൊണ്ടാണ് അമ്പരന്നു ശൂന്യതയിൽ ഇഴുകിച്ചേരുന്നത്? അറിയില്ല! ആ വീടുകളിൽനിന്നു ബഹിർഗ്ഗമിക്കുന്ന സന്തോഷത്തിന്റെ ചെറിയൊരു കണികയെങ്കിലും എനിയ്ക്കു ലഭിച്ചെങ്കിൽ!

വളരെ ദുർല്ലഭമായി മാത്രം എനിക്കും ആ തരത്തിലുള്ള കൊച്ചുകൊച്ചു സന്തോഷങ്ങൾ ലഭിക്കാറുണ്ട്. കളിയും ചിരിയുമായി ചെറിയ കുട്ടികൾ എന്റെ സമീപം വന്നു നില്ക്കുമ്പോൾ, വീട്ടിനുള്ളിൽ അവർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ആഹ്ലാദം കൂടെക്കൊണ്ടാണ് അവർ എന്റെ സമീപം വന്നെത്തുക. എന്റെ അടുത്ത് എത്തിയശേഷവും അവർ കളിതുടർന്നുകൊണ്ടേയിരിക്കും. അവരുടെ അച്ഛനമ്മമാരുടെ സ്നേഹവും വാത്സല്യവും വീട്ടിനുള്ളിൽ ഉള്ളപോലെതന്നെ, പുറത്തും അവർക്കു കിട്ടിക്കൊണ്ടിരിക്കും. എന്റെ ശരീരത്തിൽ പറ്റിപ്പിടിച്ചു കിടക്കുന്ന പൊടിയെടുത്ത് അവർ ചെറിയ ചെറിയ കളിപ്പാട്ടങ്ങൾ ഉണ്ടാക്കും. എന്നിട്ട്, സ്നേഹവാത്സല്യങ്ങളോടെ അവയെ താലോലിച്ച്, താളംകൊട്ടി ഉറക്കാൻ ശ്രമിക്കും. തെല്ലും കളങ്കമേശാത്ത ആ കൊച്ചു മനസ്സുകളോട് ഞാൻ നിരന്തരം സംസാരിച്ചുകൊണ്ടേയിരിക്കും.

എന്നാൽ ഇത്രയൊക്കെ സ്നേഹം വാരി വിതറിക്കൊടുത്തിട്ടും അവരിൽനിന്ന് ഒരു പ്രതികരണവും ഉണ്ടാകാറില്ല. ചെറിയ കാലടികൾവെച്ച് അവർ അവിടം വിട്ടു നടന്നകലുമ്പോൾ മാത്രമാണ് പറഞ്ഞറിയിക്കാൻ കഴിയാത്തത്ര കഠിന മനോവേദന എനിക്ക് അനുഭവപ്പെടാറുള്ളത്. അവരുടെ പിഞ്ചുകാലുകൾ നോവാതിരിക്കാൻ പൂവിതൾ പോലെ മൃദുവായിത്തീരാൻ കഴിഞ്ഞെങ്കിൽ എന്ന് ഞാൻ പലപ്പോഴും വൃഥാ മോഹിക്കാറുണ്ട്.

പതിവായി കൃത്യസമയത്ത് വന്നും പോയ്ക്കൊണ്ടുമിരിക്കുന്ന പലരേയും എനിക്കു വേർതിരിച്ചറിയാം. ഞാൻ അവരെ പ്രതീക്ഷിച്ചുകൊണ്ടാണ് കഴിയുന്നതെന്ന്, പക്ഷെ അവർക്കറിഞ്ഞുകൂടാ. അവരിൽ ഓരോരുത്തരുടേയും രൂപഭാവങ്ങൾ ഞാൻ മനസ്സിൽ സദാ കാത്തുസൂക്ഷിക്കാറുണ്ട്.

അവരിൽ, ഒരു യുവതി കുറെ ദിവസങ്ങളായി പതിവു മുടങ്ങാതെ ഉച്ചകഴിഞ്ഞ് സമയം അല്പം മുന്നേറുമ്പോൾ ദൂരെ നിന്നു വരാറുണ്ട്. അവർ നടക്കുമ്പോൾ കാലുകളിലണിഞ്ഞ പാദസരങ്ങൾ "രൺ... ഭൺ, രൺ, ഭൺ...." എന്നു കരഞ്ഞുകൊണ്ടിരിക്കും. ഒരുപക്ഷെ, അവളുടെ അധരങ്ങൾ ശബ്ദഹീനമായിരിക്കാം. അവളുടെ കണ്ണുകൾ, സായംസന്ധ്യയുടെ മ്ലാനതപോലെ നിശ്ശബ്ദമായ അധരങ്ങളിലേക്കു നോക്കിയിരിക്കുന്നുണ്ടാവാം.

ഒരു ഉയർന്ന തറയിൽ വളർന്നു പന്തലിച്ചു നില്ക്കുന്ന ആൽമരത്തിന്റെ അടുത്തെത്തുമ്പോൾ, എന്റെ ഒരു ശാഖ വലത്തോട്ടു തിരിഞ്ഞ് ഒരു ഗ്രാമത്തിലേക്കാണ് നീളുന്നത്. അവിടെ നടന്നെത്തിയാൽ ആ യുവതി ക്ഷീണിച്ച് കുറച്ചുനേരം ഒന്നും മിണ്ടാതെനില്ക്കും. ആ സമയം, ഒരു യുവാവ് അന്നത്തെ തന്റെ ജോലി കഴിഞ്ഞു മൂളിപ്പാട്ടും പാടി ആ വഴിവന്ന് ഗ്രാമത്തിലേക്കു നടന്നു പോകാറുണ്ട്. ഇടംവലം നോക്കാതെ, എവിടേയും ആർക്കുവേണ്ടിയും കാത്തു നില്ക്കാതെ, ആകാശത്തു തെളിഞ്ഞുവരുന്ന നക്ഷത്രങ്ങളെ മാത്രം നോക്കി നടന്ന്, വീട്ടുപടിയ്ക്കൽ എത്തിയ ശേഷം മാത്രമേ അയാൾ മൂളിപ്പാട്ടു നിർത്തുന്നുണ്ടാവുള്ളു എന്നു വരാം. ആ മനുഷ്യൻ നടന്നുപോയി കഴിഞ്ഞശേഷമേ, ആ യുവതി തിരിച്ചു പോകാറുള്ളു. അവൾ, വന്ന വഴിയിലൂടെതന്നെ തിരിച്ചുപോകും. അപ്പോഴേയ്ക്കും ഇരുൾ വീണുതുടങ്ങിയെന്ന് എനിക്കു മനസ്സിലാകാറുണ്ട്. സന്ധ്യാസമയത്തെ കുളിർകാറ്റേറ്റ് കുറ്റിക്കാടുകൾ ശബ്ദിച്ചുതുടങ്ങും. ചെറിയൊരു തണുപ്പ് എനിയ്ക്കും അനുഭവപ്പെട്ടു തുടങ്ങും.

ആ യുവതി ഈ വഴി സാവധാനം നടന്നുവന്ന് ഇതുപോലെ തിരിച്ചുപോകാൻ തുടങ്ങിയിട്ട് ദിവസങ്ങൾ ഏറെയായി.

ഫാൽഗുനമാസത്തിന്റെ അവസാനത്തിൽ ഒരു ദിവസം ഉച്ചതിരിഞ്ഞു കാറ്റുവീശാൻ തുടങ്ങിയതോടെ മാമ്പൂക്കളെല്ലാം കൊഴിഞ്ഞു വീണുതുടങ്ങി. അതിൽ പിന്നീട് പതിവായി വന്നിരുന്ന ആ യുവാവ് ഒരിക്കലും വന്നിട്ടില്ല.

അന്ന്, നേരം വളരെ ഇരുട്ടിയശേഷമാണ് ആ യുവതി തിരിച്ചുപോയത്. ഇടവിട്ടുവളർന്നു നില്ക്കുന്ന വൃക്ഷങ്ങളിൽ നിന്ന് ഉണങ്ങിയ ഇലകൾ ഓരോന്നായി കൊഴിഞ്ഞു വീഴുന്നതുപോലെ, ഇടയ്ക്കിടയ്ക്ക് അവളുടെ ഓരോ തുള്ളി കണ്ണുനീർ, എന്റെ ചുട്ടുണങ്ങി പൊടി മൂടിയ ദേഹത്ത് വീണുകൊണ്ടിരുന്നു.

പിറ്റേന്ന് ഉച്ചതിരിഞ്ഞപ്പോൾ ആ യുവതി തന്റെ പതിവു സ്ഥാനത്തുവന്ന് കാത്തുനിന്നു. പക്ഷെ, ആ യുവാവ് വന്നില്ല. ഇരുട്ടു പരന്നതോടെ അവൾ അന്നും വീട്ടിലേയ്ക്കു തിരിച്ചുനടന്നു. അല്പദൂരമെത്തിയപ്പോൾ മുന്നോട്ടു നടക്കാൻ കഴിയാതെ എന്റെ ദേഹത്തു പറ്റിപ്പിടിച്ച പൊടിയിലിരുന്ന് രണ്ടു കണ്ണും പൊത്തി അവൾ കരയാനാരംഭിച്ചു. "മോളേ, നീ ആരാണ്? ആരുടെ സമീപത്തു നിന്നാണ് നീ വരുന്നത്? നീയെത്ര വിളിച്ചിട്ടും വിളി കേൾക്കാത്ത അയാൾ എന്നിലുമുപരി അന്ധനും ബധിരനുമാണോ?"

ആ സ്ത്രീ കണ്ണുകൾ തുടച്ചശേഷം സമീപത്തുള്ള കാട്ടിലൂടെ നടന്നുപോയി.

ഒരു പക്ഷെ, ഇപ്പോൾ അവൾ ശാന്തയായി തന്റെ പതിവുവീട്ടു ജോലികൾ ചെയ്യുന്നുണ്ടാവാം, ആരോടും തന്റെ ദുഃഖം പറഞ്ഞു കേൾപ്പിക്കാതെ. ചിലപ്പോഴൊക്കെ, സന്ധ്യാസമയങ്ങളിൽ വീട്ടുമുറ്റത്തു പരന്നൊഴുകുന്ന നിലാവിൽ അവൾ നിശ്ചിന്തയായി ഇരിക്കുന്നുണ്ടാവാം. വല്ലവരും വന്നു വിളിക്കുമ്പോൾ മാത്രം ധൃതിയിൽ ചാടിയെഴുന്നേറ്റ് വീട്ടിനുള്ളിലേയ്ക്കു തിരിച്ചുപോകുന്നുമുണ്ടാവാം.

അന്നു മുതൽ ഞാൻ അവളുടെ പാദവിന്യാസങ്ങൾ അനുഭവിച്ചിട്ടില്ല.

അങ്ങിനെ, എത്രയെത്ര കാൽവെയ്പ്പുകൾ ക്രമേണ ക്രമേണയായി മാഞ്ഞുപോയിട്ടുണ്ട്. അവയെല്ലാം എപ്പോഴും ഓർത്തുകൊണ്ടിരിക്കുക തന്നെ അസാദ്ധ്യം. എങ്കിലും, ആ പാദസരങ്ങളുടെ ശബ്ദം ഇപ്പോഴും എന്റെ ഓർമ്മയിൽ ഇടയ്ക്കിടയ്ക്കു വന്നെത്താറുണ്ട്. പക്ഷെ, അതെല്ലാമോർത്ത് ദുഃഖിച്ചിരിക്കാൻ എനിക്കു സാവകാശം കിട്ടാറില്ല. അല്ലെങ്കിലും ഞാൻ ആർക്കുവേണ്ടി

# മോയാർ വാലിയിലെ തെമ്മാടി



**ശ്രീകാന്ത് വർമ്മ**
മാവേലിക്കര, മൊ. 9447485946

*(കെന്നത്ത് ആൻഡേഴ്സൻ രചിച്ച 'Call of the Man Eaters' എന്ന പുസ്തകത്തിലെ 'The Black Rogue of the Moyar' എന്ന കഥയുടെ സ്വതന്ത്ര പരിഭാഷ.)*

(കഴിഞ്ഞ ലക്കം തുടർച്ച)

അവനൊരു സാധാരണ ആനയായിരുന്നെങ്കിൽ മനുഷ്യഗന്ധം ലഭിക്കുന്ന മാത്രയിൽ വഴിമാറിപ്പോയേനെ. ഞങ്ങളെ പിൻതുടരുന്ന ഇവൻ ഒരു തെമ്മാടിയാണെന്ന് തിരിച്ചറിയുവാൻ കൂടുതലൊന്നും ആലോചിക്കേണ്ടതില്ല. അടുത്തെത്തിയാൽ അവൻ ആക്രമിക്കുമെന്നുറപ്പാണ്. കഴിഞ്ഞ ദിവസം ഞങ്ങളുടെ സംഭാഷണ വിഷയമായ തെമ്മാടിയാണിവൻ എന്ന് ഊഹിക്കുവാൻ അവന്റെ കറുപ്പു നിറം തന്നെ ധാരാളം. രക്ഷപ്പെടുക; അതായിരുന്നു പ്രധാനം. വരിയിൽ ആദ്യം നടന്നിരുന്ന രണ്ടുപേർ ഇത് അറിഞ്ഞിട്ടുണ്ടായിരുന്നില്ല. കാരണം യാതൊരുവിധ ശബ്ദങ്ങളും ഉണ്ടാകാതെയാണല്ലോ അവൻ ഞങ്ങളെ പിൻതുടർന്ന് വന്നിരുന്നത്. ഏതോ ഉൾപ്രേരണയാൽ രാച്ചൻ തിരിഞ്ഞുനോക്കിയത് കൊണ്ടാണല്ലോ അവനെ ഞങ്ങൾ കാണാനിടയായത്. രക്ഷപ്പെടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഞാൻ ചുറ്റും നോക്കി. സമീപത്തുണ്ടായിരുന്ന വൃക്ഷങ്ങളൊക്കെയും ചെറുതായിരുന്നു. ഒരാനയിൽ നിന്നും രക്ഷപ്പെടാൻ അത് പര്യാപ്തമല്ലല്ലോ. പെട്ടെന്നാണ് 200 വാരയകലെ മുന്നിൽ വലതുവശത്തായി ഒരു പാറ എന്റെ ശ്രദ്ധയിൽപ്പെട്ടത്. അതിന് എത്ര ഉയരമുണ്ടെന്നൊന്നും നിശ്ചയമുണ്ടായിരുന്നില്ലെങ്കിലും ആ സമയം ആ പാറ മാത്രമായിരുന്നു ഞങ്ങളുടെ അഭയം.

ആനയെ പ്രകോപിപ്പിക്കാത്ത വിധത്തിൽ എന്നാലൽപ്പം ഉച്ചത്തിൽ ഞാൻ അമേരിക്കൻ സുഹൃത്തിനോട് എന്നോടൊപ്പം വരുവാനാവശ്യ

→

---

→

ദുഃഖിക്കും. ഇങ്ങനെ എത്രയെത്രപേർ വന്നും പോയിക്കൊണ്ടുമിരിക്കുന്നു!

ഹോ!! എന്തൊരു വെയിൽ! ഒരുതവണ ശ്വാസം വിടുമ്പോഴേയ്ക്കും ചൂടുള്ള പൊടിക്കാറ്റ് പറന്നുയരുന്നു. ധനികനും, ദരിദ്രനും, സന്തോഷിക്കുന്നവനും ദുഃഖിതനും, ചിരിക്കുന്നവനും കരയുന്നവനും, വൃദ്ധനും യുവാവും, ജനനവും മരണവും, എല്ലാം തന്നെ ഒരു ചുടുനിശ്വാസത്തിൽ പൊടിപടലങ്ങൾപോലെ എന്റെ ദേഹത്തിൽ നിന്നു പൊങ്ങിപോകുന്നു. അതുകൊണ്ട്, ഒരു രാജപാതയ്ക്കു ചിരിയുമില്ല, കരച്ചിലുമില്ല. ഒരു വീട്ടിൽ മാത്രമാണ് കഴിഞ്ഞതിനെക്കുറിച്ച് ദുഃഖിക്കലും, സംഭവിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചു ചിന്തിച്ച് വിചാരപ്പെടലും, വരാൻ പോകുന്നതിനെക്കുറിച്ച് പ്രതീക്ഷകൾ വെച്ചു പുലർത്തലും മറ്റും. നവാഗതരോടൊപ്പമാണ് ഞാൻ സദാ ഇടപഴകുന്നത്. ഈയൊരു അവസ്ഥയിൽ ആരാണ് ഞാൻ എന്ന ഭാവത്തോടെ കാലടികൾ അമർത്തിവെച്ച് എന്റെ ശരീരത്തിൽ പാദചിഹ്നങ്ങൾ നിലനിർത്തിക്കൊണ്ടു നടന്നുപോകുവാൻ ശ്രമിക്കുക!

ഇവിടത്തെ ഈയൊരന്തരീക്ഷത്തിൽ ആര് എത്ര ചുടുനിശ്വാസം വിട്ടു പോയാലും പിൻഗാമികൾ അതിനെക്കുറിച്ചോർത്ത് കരയാനൊന്നും പോകുന്നില്ല. പുതിയതായി വരുന്നവരാകട്ടെ നിന്നെയോർത്ത് വേദനിക്കുകയോ, കണ്ണീർ പൊഴിക്കുകയോ ഇല്ല. വായുവിന്റെ മുകളിൽ വായുവെച്ച് ഉറപ്പിക്കുക സാദ്ധ്യമാണോ? ഒരിയ്ക്കലുമല്ല! അത് വെറുമൊരു പാഴ്വേല മാത്രം. എന്റെ ശരീരത്തിൽ യാതൊന്നും വീണു പതിയാൻ ഞാൻ ഒരിയ്ക്കലും അനുവദിക്കില്ല. എനിക്കു ചിരിയും കരച്ചിലും കേൾക്കേണ്ട. ഞാൻ തനിയെ എന്നും ഇങ്ങിനെ തന്നെ കിടക്കും. ●

പ്പെട്ടു. കാര്യമെന്തെന്നറിയാതെ ഒരുനിമിഷം ആശ്ച ര്യപ്പെട്ടു നിന്ന അയാളുടെ കയ്യിൽ ബലമായി പിടിച്ച് ഞാൻ വേഗം നടന്നു. അതേ സമയം രാച്ചൻ മുന്നിൽ നടന്നിരുന്ന ഗ്രാമവാസിയെയും വിവരമ റിയിച്ചു. ഞങ്ങൾ ധൃതിപിടിക്കുന്നത് ആനയും ശ്രദ്ധിച്ചിരിക്കണം. അവന്റെ സാന്നിദ്ധ്യം തിരിച്ചറി യപ്പെട്ടിരിക്കുന്നു. വലിയൊരു ചിന്നംവിളിയോടെ അവൻ ഞങ്ങളുടെ സമീപത്തേക്ക് ഓടിയടുത്തു. അതോടെ എന്റെ സുഹൃത്ത് ക്യാമറയും മറ്റും വലി ച്ചെറിഞ്ഞും ആകാവുന്നത്ര വേഗത്തിൽ പാറ ലക്ഷ്യമാക്കി ഞങ്ങൾ നാലുപേരും ഓടി. നാലു പേരും ഏതാണ്ട് ഒരേ സമയത്ത് പാറ മുകളിൽ വലിഞ്ഞുകയറി. പാറമുകളിൽ കയറിപ്പറ്റിയ ഞങ്ങൾ ആന എന്താണ് ചെയ്യാൻ പോകുന്നതെന്ന് ശ്രദ്ധിച്ചു.

ഞങ്ങൾക്കു പിന്നാലെ ആനയും എത്തിയിരു ന്നു. പാറയോട് ചേർന്നുനിന്ന് തുമ്പിക്കൈ കൊണ്ട് ഞങ്ങളെ എത്തിപ്പിടിക്കാനായി അവന്റെ ശ്രമം. പാറയുടെ മുകളിൽ അകലം ക്രമീകരിച്ച് നിന്നതി നാൽ അവന്റെ ആ ശ്രമം പരാജയപ്പെട്ടു. നീട്ടിപ്പി ടിച്ച തുമ്പിക്കൈയിൽ നിന്നും ചൂടുള്ള നിശ്വാസ വായു ഞങ്ങളുടെ മേൽ പതിക്കുന്നുണ്ടായിരുന്നു. അൽപ്പനേരം ആ സ്ഥിതി തുടർന്നു. ഞങ്ങളെ എത്തിപ്പിടിക്കാൻ സാധിക്കില്ല എന്നു കരുതിയാ വണം, അവൻ അടുത്തുള്ള കുറ്റിച്ചെടികൾ പിഴു തെടുത്തു. അതുകൊണ്ട് അടിച്ച് താഴെയിടുകയാ യിരുന്നു അവന്റെ ഉദ്ദേശം. അതും സാധിക്കാതെ വന്നപ്പോൾ പാറയുടെ മുകളിൽ കയറിപ്പറ്റാനായി അവന്റെ ശ്രമം. ഒരുവിധത്തിൽ അവനത് സാധി ച്ചെടുത്തു. അപ്പോഴാണ് രാച്ചന് ഒരു ബുദ്ധി തോന്നിയത്. താഴേക്ക് ചാടുവാൻ അയാൾ വിളി ച്ചുപറഞ്ഞു. അത്രയധികം ഉയരമുള്ള പാറയൊന്നു മല്ല അത്. കേവലം അഞ്ചടി മാത്രം ഉയരം. ഞങ്ങ ളെല്ലാവരും താഴേക്ക് ചാടി. ആന ഏതായാലും അത്ര താഴ്ചയിലേക്ക് ചാടാൻ സാധ്യതയില്ല. പാറ പ്പുറത്തു നിന്ന് ഞങ്ങളെ എത്തിപ്പിടിക്കാൻ അവ നൊരു ശ്രമം നടത്തി. അത് സാധിക്കാതെ വന്ന പ്പോൾ അവൻ പാറയുടെ മുകളിൽ നിന്നും താഴെ യിറങ്ങി. പാറയെ ചുറ്റിത്തിരിഞ്ഞു വന്ന് ഞങ്ങളി ലൊരാളെ പിടികൂടുകയായിരുന്നു പിന്നീടവന്റെ ലക്ഷ്യം.

ആന താഴെയെത്തിയതും മറ്റൊരു വശത്തു കൂടി ഞങ്ങൾ പാറമുകളിലെത്തി. രണ്ടുമൂന്നു പ്രാവശ്യം ആ നാടകം ആവർത്തിച്ചു. ആരെയും സ്തബ്ധരാക്കുന്നവിധം അവൻ ഇടയ്ക്കിടെ ചിന്നംവിളിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ അപ്രാപ്യ രാണെന്ന് അവന് തോന്നിയിരിക്കണം. അവൻ താൽക്കാലികമായി പിന്മാറി. എന്നാൽ ഞങ്ങളെ നോട്ടമിടുന്നതിൽ നിന്നും അവൻ പിന്മാറിയിരുന്നി ല്ല. റൈഫിൾ കയ്യിൽ കരുതാതിരുന്നതിന് ഈ നേര മത്രയും ഞാൻ സ്വയം പഴിച്ചുകൊണ്ടിരിക്കുകയാ യിരുന്നു. നേരം ഉച്ചയായി. സൂര്യതാപം വല്ലാതെ വർദ്ധിച്ചുവന്നു. ഞങ്ങൾക്കും ആനയ്ക്കും ചൂട് അസഹ്യമായി തോന്നി. ആന പാറയുടെ ചുവട്ടിൽ നിന്നും മാറി ഏതാനും വാരയകലെ ഒരു മരത്ത ണലിൽ നിൽപ്പായി. ഞങ്ങളാകട്ടെ പാറമുകളിലും. അവിടമാകട്ടെ ചുട്ടുപഴുത്തു കിടക്കുകയാണ്. ഞങ്ങ ളുടെ സഹായികളുടെ കാര്യമായിരുന്നു ഏറെ പരി താപകരം, കാരണം അവരിരുവരും പാദരക്ഷകൾ ധരിച്ചിരുന്നില്ല.

ആനയെ അവിടെ നിന്ന് ഏതെങ്കിലും വിധ ത്തിൽ അകറ്റിയില്ലെങ്കിൽ ഞങ്ങളുടെ നില കൂടു തൽ പരിതാപകരമാകുമെന്നുറപ്പ്. ഏറെ നേരമായി ഞങ്ങൾ അവിടെ നിൽക്കാൻ തുടങ്ങിയിട്ട്. അപ്പോ ഴാണ് എന്റെ മനസ്സിൽ ഒരാശയമുദിച്ചത്. നാലു പേരും കൂടി ആകാവുന്നത്ര ഉച്ചത്തിൽ ശബ്ദമു ണ്ടാക്കുക. ഒരുപക്ഷെ ധൈര്യം നഷ്ടപ്പെട്ട് അവൻ പിൻവാങ്ങും. എന്നാൽ ഞങ്ങളുടെ ഒച്ച അവനെ തെല്ലും ഭയപ്പെടുത്തിയില്ലെന്നു മാത്രമല്ല അവൻ വീണ്ടും ഞങ്ങളെ ആക്രമിക്കാൻ ഓടിയടുക്കുക യാണുണ്ടായത്. അവൻ നേരെ പാറമുകളിലേക്ക് കയറിവന്നു. മുന്നേപ്പോലെ ഞങ്ങൾ അവിടെ നിന്നും താഴേക്ക് ചാടി. രണ്ടും കൽപ്പിച്ച് അവനും താഴേക്ക് ചാടിയാൽ, ഞങ്ങളിലൊരാൾ അടുത്ത സൂര്യോദയം കാണുവാനുണ്ടാവില്ലെന്നുറപ്പാണ്. എന്നാൽ ഭാഗ്യത്തിന് അതിനൊന്നുമവൻ മുതിർന്നി ല്ല. പാറമുകളിലെ താപം കാലുകളിൽ അനുഭവി ക്കാൻ തുടങ്ങിയപ്പോൾ കാലുകൾ മാറിമാറി ചവുട്ടി അൽപ്പനേരം കൂടി അവനവിടെ നിന്നു. തീരെ സഹിക്കവയ്യാതായപ്പോൾ അവൻ പാറ യുടെ പുറത്തുനിന്നും ഇറങ്ങി. മുന്നേപ്പോലെ അവ നിറങ്ങിയതും ഞങ്ങൾ പാറപ്പുറത്ത് കയറിപ്പറ്റി. അൽപ്പനേരം ഞങ്ങൾ അവന്റെ ഓരോ ചല

നങ്ങളും നിശ്ശബ്ദമായി വീക്ഷിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് അവൻ ധൃതിവെച്ചെന്നപോലെ, വന്ന ദിശയിലെ കുന്നിൻചെരുവിലേക്ക് പോവുകയും ഞങ്ങളുടെ കാഴ്ചയിൽ നിന്ന് അപ്രത്യക്ഷനാവുകയും ചെയ്തു.

അവൻ മറഞ്ഞുവെന്ന് ഉറപ്പായപ്പോൾ ഞങ്ങൾ താഴെയിറങ്ങി. എങ്കിലും ഒരു സംശയം, ഞങ്ങളെ കബളിപ്പിക്കുവാൻ അവൻ തന്ത്രപൂർവ്വം മറഞ്ഞിരിക്കുന്നതാണോ? അങ്ങനെയെങ്കിൽ പാറയിൽ നിന്നിറങ്ങി അൽപ്പദൂരം മാറിയാൽ ആക്രമണമുറപ്പ്. ഞങ്ങൾ പാറയിൽ നിന്നിറങ്ങി അൻപതു വാര നടന്നു. അപ്പോഴതാ വനത്തിൽ നിന്നും ഒരു മരക്കൊമ്പ് ഒടിയുന്ന ശബ്ദവും തുടർന്ന് അതിഭയങ്കരമായ ഒരു ചിന്നംവിളിയും. മറ്റൊരു ദിശയിൽ നിന്നായിരുന്നു ഇപ്രാവശ്യം അവന്റെ വരവ്. ഞങ്ങൾ വീണ്ടും പാറമുകളിലേക്ക് ഓടിക്കയറി. എതാണ്ട് അര മണിക്കൂർ കൂടി പാറപ്പുറത്ത് ഞങ്ങളെ തടഞ്ഞുവെയ്ക്കാനവന് സാധിച്ചു. പിന്നെ അവൻ അരുവി ലക്ഷ്യമാക്കി നടന്നു. കഴിഞ്ഞ സംഭവം ആവർത്തിക്കുമോയെന്ന് സംശയിച്ച് ഞാൻ സഹായികളോട് സമീപത്തുള്ള ഉയരംകൂടിയ വൃക്ഷത്തിൽ കയറി പരിസരമൊന്ന് നിരീക്ഷിക്കുവാനാവശ്യപ്പെട്ടു. അപ്രകാരം ചെയ്ത അവർ പരിസരത്തെങ്ങും അവനില്ലെന്ന് ഉറപ്പു നൽകിയ ശേഷമാണ് ഞങ്ങൾ മടങ്ങാൻ തീരുമാനിച്ചത്. ഒരുപക്ഷെ വെള്ളം കുടിച്ച് കുളിയും കഴിഞ്ഞ് അവൻ വീണ്ടും വന്നേക്കാമെന്ന് രാച്ചൻ മുന്നറിയിപ്പ് നൽകി. നേരമിരുട്ടിയാൽ കാര്യങ്ങളെല്ലാം അവതാളത്തിലാകും.

ആന ആക്രമിക്കുമെന്നുള്ള ഭയത്തിൽ, എറിഞ്ഞ ക്യാമറയും തിരികെയെടുത്ത് ഹോണർ ഹട്ടിയിലേക്ക് ഞങ്ങൾ ഓടുകതന്നെയായിരുന്നു. ഏതാണ്ട് മൂന്നേമുക്കാൽ മണിയോടെ ഞങ്ങൾ ഗ്രാമത്തിൽ തിരിച്ചെത്തി. ആനയുടെ പിടിയിൽ നിന്നും രക്ഷപ്പെട്ടതിൽ അത്യധികം സന്തോഷം തോന്നിയെങ്കിലും അവനുമായി മൂന്നു മണിക്കൂറോളം ഒളിച്ചുകളിക്കാനിടയായതിൽ എനിക്ക് ഉള്ളാലെ അല്പം ലജ്ജ തോന്നി. വനത്തിലേക്ക് പോയപ്പോൾ എന്തെങ്കിലും അടിയന്തിര സാഹചര്യം ഉടലെടുക്കുന്ന പക്ഷം ഉപയോഗിക്കാൻ പാകത്തിന് റൈഫിൾ കയ്യിലെടുക്കാതിരുന്നതിൽ അൽപ്പം കുറ്റബോധവും എനിക്കുണ്ടായിരുന്നു. ഗ്രാമത്തിലെത്തി സഹായികളോടൊപ്പം വീണ്ടും വനത്തിലേക്ക് റൈഫിളുമായി പോകുവാനാണ് ഞാൻ തീരുമാനിച്ചത്. അവന്റെ ശല്യം എന്നെന്നേക്കുമായി അവസാനിപ്പിക്കേണ്ടതുണ്ട്.

എന്റെ അമേരിക്കൻ സുഹൃത്തും എന്നോടൊപ്പം വരാൻ തയ്യാറായി. സാധിക്കുമെങ്കിൽ കുറച്ച് ഫോട്ടോയെടുക്കുകയാണ് ഉദ്ദേശം. എന്നാൽ ഈ യാത്രയിൽ ഒപ്പം കൂട്ടിയാൽ അയാളെക്കൂടി സംരക്ഷിക്കേണ്ട ബാധ്യത എനിക്കുണ്ടാവും. അതിനാൽ അയാളുടെ വരവ് സ്നേഹപൂർവ്വം ഞാൻ തടഞ്ഞു. തടസ്സങ്ങൾ പറഞ്ഞാൽ അദ്ദേഹത്തിന് പരിഭവമുണ്ടാവുമോയെന്ന് സംശയിച്ചെങ്കിലും തികഞ്ഞ സ്പോർട്സ്മാൻ സ്പിരിറ്റോടെ ഞാൻ പറഞ്ഞതിനെയെല്ലാം അദ്ദേഹം അംഗീകരിക്കുകയാണുണ്ടായത്. സഹായികളോടൊപ്പം ഞാൻ വനത്തിലേക്ക് പോയി. ഞങ്ങൾക്ക് രക്ഷാമാർഗ്ഗമായിരുന്ന ആ പാറയ്ക്ക് സമീപത്തേക്കാണ് പോയത്. ആന ആ പരിസരത്തെങ്ങുമില്ല. പറയാനെളുപ്പമാണെങ്കിലും ആനയെ കണ്ടുപിടിക്കുവാൻ രണ്ടു മണിക്കൂറോളം പകൽവെളിച്ചം ഞങ്ങൾക്ക് ലഭിക്കും. എന്നാൽ അവൻ എവിടെയായിരിക്കും? വളരെ വിശാലമായ ഒരു വനപ്രദേശമാണ് അവന് വിഹരിക്കുവാനുള്ളത്. വനത്തിന്റെ മടിത്തട്ടിലേക്ക് പിറന്നുവീണ രണ്ട് സഹായികളാണ് എന്നോടൊപ്പമുള്ളത്. അതിനാൽത്തന്നെ അടയാളങ്ങൾ നോക്കി ആന സഞ്ചരിച്ച വഴി കണ്ടുപിടിക്കുന്നത് അവർക്കെളുപ്പമാണ്. ആ ചുരുങ്ങിയ സമയത്തിനുള്ളിൽ ആ തെമ്മാടിയെ കണ്ടെത്താൻ സാധിക്കുമെന്ന പ്രതീക്ഷയിലായിരുന്നു ഞങ്ങൾ.

ആന പോയ ദിശയിലേക്ക് തന്നെ ഞങ്ങളും നടന്നു. അവൻ അരുവി ലക്ഷ്യമാക്കിയാണ് നീങ്ങിയിരുന്നതെന്ന് വ്യക്തം. ചെടികളുടെയും മറ്റു ചെറു വൃക്ഷങ്ങളുടെയും തലപ്പുകളും ഒടിവുകളും നോക്കി, അതിലേ പോയ മൃഗത്തിന്റെ പാത കണ്ടുപിടിക്കുന്നതിൽ രാച്ചനും ആ ഗ്രാമീണനും വിദഗ്ധരായിരുന്നു. അവരുടെ ആ പ്രവൃത്തി എന്നിലും കൗതുകമുണർത്തി. അധികം വൈകാതെ ഞങ്ങൾ അരുവിയുടെ തീരത്തെത്തി. രാച്ചൻ അരുവിയിലിറങ്ങി നോക്കി. അയാളുടെ മുട്ടറ്റം വെള്ളമേയുള്ളൂ. വെള്ളംകുടി കഴിഞ്ഞ് ആന അരുവിയുടെ തീരത്തുകൂടി മുകൾ ഭാഗത്തേക്കാണ് സഞ്ചരിച്ചതെന്ന് ഞങ്ങൾക്ക് മനസ്സിലായി. അവന്റെ

കാല്പാടുകൾ പിൻതുടർന്ന് ഞങ്ങളും നടന്നു. എന്തുകൊണ്ടോ അവൻ അരുവിട മുറിച്ചുകടന്ന് അപ്പുറത്തേക്ക് പോയില്ല. ആവശ്യത്തിന് വെള്ളം കുടിച്ച സ്ഥിതിക്ക് ആന ഇപ്പോൾ ആഹാരം കഴിക്കാൻ തുടങ്ങിയിട്ടുണ്ടാവും. അതിന്റെ തെളിവായി എന്തെങ്കിലും ശബ്ദസൂചന ലഭിക്കാതെയിരിക്കില്ല എന്ന പ്രതീക്ഷയിൽ അവന്റെ കാല്പാടുകളെ പിൻതുടർന്ന് ഞങ്ങൾ വീണ്ടും വനത്തിലേക്ക് പ്രവേശിച്ചു. കുറ്റിക്കാടുകൾക്കിടയിലൂടെ അവൻ സഞ്ചരിച്ച വഴികൾ കൃത്യമായി നിരീക്ഷിച്ചായിരുന്നു ഞങ്ങൾ മുന്നേറിയത്. ഏതാണ്ട് ഒരു മൈൽ ദൂരം അപ്രകാരം സഞ്ചരിച്ചപ്പോൾ ആന വൃക്ഷക്കൊമ്പ് ഒടിക്കുന്ന ശബ്ദം ഞങ്ങൾ വ്യക്തമായി കേട്ടു.

വനത്തിലൂടെ നടക്കുമ്പോൾ കാറ്റിന്റെ ഗതി വളരെ പ്രധാനമാണ്. പ്രത്യേകിച്ച് ഘ്രാണശേഷി വളരെയധികമുള്ള ആനയെപ്പോലെ ഒരു മൃഗത്തെ സമീപിക്കുമ്പോൾ കാറ്റിന്റെ ഗതി നിർണ്ണയിക്കുന്നതിൽ എന്തെങ്കിലും ഉപേക്ഷ കാണിച്ചാൽ നമ്മുടെ സാന്നിദ്ധ്യം തിരിച്ചറിയുമെന്നുറപ്പ്. പ്രത്യേകിച്ച് അതൊരു തെമ്മാടി ആനയാണെങ്കിൽ ഒരുപക്ഷെ അവൻ അവിടെ നിന്നും മാറും അല്ലെങ്കിൽ എവിടെയെങ്കിലും മറഞ്ഞുനിന്ന് നമ്മൾ വളരെയടുത്ത് എത്തുമ്പോൾ പൊടുന്നനെ ആക്രമിക്കും. ഒന്നും ചെയ്യുവാൻ സാധിക്കില്ല. ഞാനല്പം മണ്ണ് നിലത്തുനിന്നെടുത്ത് പതുക്കെ താഴേക്കിട്ടു നോക്കി. കാറ്റ് ഞങ്ങളുടെ വലതുവശത്തു നിന്നുമാണ് വീശുന്നത്. ആന മുൻപിലുള്ള സ്ഥിതിക്ക് ഞങ്ങളുടെ ഇപ്പോഴത്തെ സ്ഥാനം അത്ര സുരക്ഷിതമല്ല. അതിനാൽ ഞങ്ങൾ അവിടെ നന്ന് ഏതാണ്ട് രണ്ട് ഫർലോങ്ങോളം ഇടത്തേക്ക് സഞ്ചരിച്ചു. ആ സമയം മരക്കൊമ്പ് ഒടിയുന്ന മറ്റൊരു ശബ്ദം കേട്ടു. അവിടെ വച്ചും ഞാൻ കാറ്റിന്റെ ഗതി പരിശോധിച്ചു. കാറ്റിന് ഗതിവ്യത്യാസം വന്നിട്ടില്ലെങ്കിലും മുന്നത്തെ സ്ഥലത്തേക്കാൾ ഞങ്ങൾ സുരക്ഷിതരാണെന്ന് എനിക്കു തോന്നി.

ഞങ്ങൾ ആനയുടെ സമീപത്തേക്ക് നീങ്ങാനാരംഭിച്ചു. ഏതാണ്ട് ഇരുനൂറു വാര പിന്നിട്ടപ്പോഴാണ് മറ്റൊരു മരക്കൊമ്പ് ഒടിക്കുന്ന ശബ്ദം കേട്ടത്. ആ സമയം കാറ്റിന്റെ ഗതി ആനയിൽ നിന്നും ഞങ്ങളിലേക്കായിരുന്നു. അതിനാൽ ഗന്ധം കൊണ്ട് അവൻ ഞങ്ങളുടെ സാന്നിദ്ധ്യം തിരിച്ചറിയാനിടയില്ല. ഞങ്ങൾ ശബ്ദം കേട്ട ദിശയിലേക്ക് നടന്നു. ഒരു വരിയായാണ് ഞങ്ങൾ നടന്നിരുന്നത്. ഞാനേറ്റവും പിന്നിലായിരുന്നു. മൂന്നാമത്തെ മരക്കൊമ്പ് ഒടിയുന്ന ശബ്ദം കേട്ടതിൽ പിന്നെ ശബ്ദമൊന്നും കേൾക്കുകയുണ്ടായില്ല. അര കിലോമീറ്റർ ദൂരത്തിൽ എവിടെയെങ്കിലും ആനയെ കണ്ടുമുട്ടുമെന്നായിരുന്നു ഞങ്ങളുടെ കണക്കുകൂട്ടൽ. ഒടിച്ചിട്ട മരക്കൊമ്പുകൾ ആർത്തിയോടെ അകത്താക്കുന്ന തിരക്കിലായിരിക്കണം അവൻ. ഞങ്ങൾ വീണ്ടും മുന്നേറി. രണ്ട് കുന്നിൻചെരുവുകൾ ചേരുന്ന ഒരു താഴ്‌വരയിലേക്കാണ് ഞങ്ങൾ എത്തിച്ചേർന്നത്. അവിടെയെവിടെയെങ്കിലും ആന ഉണ്ടാകുമെന്ന് എനിക്കുറപ്പായിരുന്നു. എന്നാൽ ആനയെപ്പോലെ ഘ്രാണശേഷി വളരെ കൂടുതലായ ഒരു മൃഗത്തെ പിൻതുടരുമ്പോൾ ആ സ്ഥലം അത്ര സുരക്ഷിതമല്ല കാരണം, കാറ്റിന്റെ ഗതി കുന്നിൻചെരിവുകളിൽ തട്ടി തടസ്സപ്പെടുമെന്നതിനാൽ, ഗന്ധത്തിലൂടെ മനുഷ്യസാന്നിദ്ധ്യം തിരിച്ചറിയാൻ ആനയ്ക്ക് ബുദ്ധിമുട്ടേണ്ടതുമില്ല. അവനൊരു തെമ്മാടിയാനയായതിനാൽ ആ പ്രദേശത്തുനിന്നും കടന്നുകളയുകയോ അല്ലെങ്കിൽ അപ്രതീക്ഷിതമായ ഒരാക്രമണത്തിന് മുതിരുകയോ ചെയ്തേക്കാം. ഇതിൽ രണ്ടാമത്തേതാണ് കൂടുതൽ ഭയക്കേണ്ടത്.

അതീവ ജാഗ്രതയോടെ സാവധാനം ഞങ്ങൾ മുന്നേറി. അവൻ ആഹാരം കഴിച്ചുകൊണ്ടിരുന്ന സ്ഥലത്ത് ഞങ്ങൾ എത്തിച്ചേർന്നു. അവന്റെ ചൂടുള്ള വിസർജ്ജിച്ചിട്ട് അധികം നേരമാകാത്ത പിണ്ടം ഞങ്ങൾ അവിടെ കണ്ടു. അവൻ ആ പ്രദേശത്തുനിന്നും മാറിയിരിക്കുന്നു. അവൻ നടന്ന ദിശയിലെ അടയാളങ്ങൾ നോക്കി ഞങ്ങളവനെ പിൻതുടർന്നു. അല്പം വലിയ ഒരു അരുവിയുടെ സമീപത്തേക്കാണ് അവൻ നീങ്ങിയിരുന്നത്. അവൻ ആ അരുവിയിൽ എത്തിപ്പെട്ടിട്ടുണ്ടെങ്കിൽ അത് മുറിച്ചുകടന്ന് മറുവശത്തേക്ക് രക്ഷപ്പെടും എന്നെനിക്ക് തോന്നി. കഷ്ടിച്ച് ഒരു മണിക്കൂർ കൂടി മാത്രമേ പകൽ വെളിച്ചം ലഭ്യമാകൂ. അതിനുള്ളിൽ എന്തെങ്കിലും ചെയ്യണം. അതിനാൽ അരുവിയുടെ ദിശയിലേക്ക് ഞങ്ങൾ ഓടി. ആന തീർച്ചയായും ഞങ്ങളുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞിരിക്കണം. എന്നാൽ ആക്രമണത്തിന് മുതിരാതെ അവിടെ നിന്നും കടന്നുകളയാനാണവൻ ശ്രമിച്ചത്.

അരുവിയുടെ തീരത്ത് ഞങ്ങൾ എത്തി. എന്റെ സഹായികളാണ് ആ കാഴ്ച കാട്ടിത്തന്നത്. അരുവിയുടെ പരപ്പിലൂടെ ആന ധൃതിയിൽ നടക്കുന്നു. അരുവിയുടെ തിരിവിലെത്തിയ അവന്റെ പിൻവശം മാത്രമാണ് ഞങ്ങൾക്ക് കാണുവാനായത്. വേണമെങ്കിൽ എനിക്കവനെ വെടിവെയ്ക്കാം. എന്നാൽ ഇത്ര ദൂരെ നിന്ന് അവന്റെ പിൻഭാഗത്ത് വെടിവെച്ചാൽ അതവനെ മുറിപ്പെടുത്തുക മാത്രമേയുള്ളൂ. എനിക്കങ്ങനെ ചെയ്യുന്നതിൽ യോജിപ്പില്ലാത്തതിനാൽ ആകാവുന്നത്ര വേഗത്തിൽ അവനെ പിൻതുടരാനാണ് ഞങ്ങൾ തീരുമാനിച്ചത്. ആന തിരിവ് കഴിഞ്ഞ് മുന്നോട്ട് നീങ്ങിയിരുന്നു. ഞങ്ങൾ അരുവിപ്പരപ്പിലൂടെ അവനെ പിൻതുടർന്നു. അവനെ ആദ്യം കണ്ട തിരിവിൽ ഞങ്ങളെത്തിച്ചേർന്നു. അപ്പോഴേക്കും അവൻ നൂറുവാരെയകലെ അരുവിയുടെ മറ്റൊരു തിരിവിൽ എത്തിയിരുന്നു. എന്നാൽ അവന്റെ ചലനങ്ങളിൽ എന്തോ അസ്വാഭാവികത ഉള്ളതായി ഞങ്ങൾക്ക് തോന്നി. അവനവിടെ നിന്നും മുന്നിലേക്ക് നീങ്ങുന്നില്ല. എന്തായിരിക്കും കാരണം?

ഞങ്ങൾ അരുവിയുടെ ഓരം ചേർന്ന് സാവധാനം മുന്നിലേക്ക് നീങ്ങി. ഏതാനും വാര മുന്നിലേക്ക് വന്നപ്പോഴാണ് അവന് സംഭവിച്ചതെന്താണെന്ന് ഞങ്ങൾക്ക് മനസ്സിലായത്. അവനൊരു ചതുപ്പിൽ വീണിരിക്കുകയാണ്. അതിൽനിന്നും രക്ഷപ്പെടാനുള്ള പരാക്രമങ്ങളാണ് അവൻ കാണിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള ചതുപ്പുകൾ തെന്നിന്ത്യൻ വനങ്ങളിലെ അരുവികളിൽ ചില സമയങ്ങളിൽ രൂപപ്പെടാറുണ്ട്. ഇത്തരം ചതുപ്പുകൾ ചിലപ്പോൾ വലുതും ആഴമേറെയുള്ളവയും ആയിരിക്കും. അങ്ങനെയുള്ളവയിൽ പെട്ടുപോയാൽ പരസഹായമില്ലാതെ രക്ഷപ്പെടുക അസാധ്യമാണ്. ഒരിക്കൽ അൻചെട്ടിയിൽ വച്ച് ഒരു അരുവി മുറിച്ചുകടക്കുന്നതിനിടയിൽ ഞാൻ ഇതുപോലൊരു ചതുപ്പുകുണ്ടിൽ വീണതാണ്. വളരെയധികം ആഴമുള്ള ഒരു കുണ്ടായിരുന്നു അത്. എന്റെ അര വരെ ചെളിയിൽ പുതഞ്ഞുപോയി. എന്നോടൊപ്പം അന്നുണ്ടായിരുന്ന രണ്ട് ഫോറസ്റ്റ് ഗാർഡുമാരാണ് എന്റെ ജീവൻ രക്ഷിച്ചത്.




അവന്റെ ഭാരവും അതിൽനിന്നും രക്ഷപ്പെടാൻ അവൻ കാണിക്കുന്ന വെപ്രാളവും നിമിത്തം ആന അനുനിമിഷം ചതുപ്പിലേക്ക് താഴ്ന്നുകൊണ്ടിരിക്കുകയായിരുന്നു. തുമ്പിക്കൈ കൊണ്ട് ചുറ്റുമുള്ള ചളി അടിച്ച് തെറിപ്പിച്ച് രക്ഷപ്പെടാമോയെന്നാണവൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭയംകൊണ്ട് അവൻ നിലവിളിക്കുന്നുണ്ടായിരുന്നു. തന്റെ വിധി നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്ന് അവന്റെ സഹജവാസന അവനെ ഓർമ്മിപ്പിച്ചിരിക്കണം. അവൻ ഇഞ്ചിഞ്ചായി ചതുപ്പിലേക്ക് താഴ്ന്നുകൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് അവന്റെ ആക്രന്ദനങ്ങളുടെ ശക്തിയും കുറഞ്ഞുവരുന്നുണ്ടായിരുന്നു. ഒടുവിൽ അത് ചെറു നിലവിളികളായി മാറി. തെമ്മാടിയും കൊലയാളിയുമാണെങ്കിലും അവന്റെ അപ്പോഴത്തെ അവസ്ഥ ഞങ്ങളെ മൂവരെയും അസ്വസ്ഥരാക്കി. അനുകമ്പാർഹമായ അവന്റെ അവസ്ഥയും നോട്ടവും ഇന്നലെ കഴിഞ്ഞെന്നപോലെ, എന്റെ മനസ്സിൽ ഇന്നും മായാതെ പച്ചപിടിച്ച് നിൽക്കുന്നുണ്ട്. അവനെ ആ സമയം വെടിവെയ്ക്കാനെളുപ്പമാണ്. എന്നാൽ അതെന്റെ ഭീരുത്വമാണെന്ന് എന്റെ മനസ്സ് മന്ത്രിച്ചിരുന്നു. ഒരുവേള അവനെ ആ അപകടാവസ്ഥയിൽ നിന്നും രക്ഷിക്കാൻ, ഞങ്ങളെക്കൊണ്ട് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ എന്നുവരെ ഞാൻ ചിന്തിച്ചുപോയി.

എന്നാൽ ഞങ്ങളെക്കൊണ്ട് ഒന്നുംതന്നെ സാധ്യമാകുമായിരുന്നില്ല എന്നതാണ് സത്യം. മാത്രമല്ല അവനൊരു തെമ്മാടിയായ കാട്ടാനയാണ്. ഏതെങ്കിലും വിധത്തിൽ അവനെ രക്ഷപ്പെടുത്തിയാൽത്തന്നെ അവൻ ഞങ്ങൾക്കെതിരെ തിരിയില്ല എന്നതിന് ഉറപ്പൊന്നുമില്ലല്ലോ. അവന്റെ കഴുത്തുഭാഗം വരെ ഏതാണ്ട് ചെളിയിൽ പുതഞ്ഞുകഴിഞ്ഞിരിക്കുന്നു. സംഭവത്തിന് കൂടുതൽ നാടകീയത നൽകാനെന്നവണ്ണം ഇരുട്ട് വ്യാപിക്കാനാരംഭിച്ചിരിക്കുന്നു. ആ ചെളിക്കുണ്ടിൽ നിന്നും ഇനിയൊരു

മോചനം അവനസാധ്യം. അൽപ്പം ഭാഗ്യം അവനെ തുണയ്ക്കുന്നുണ്ടെങ്കിൽ എവിടെയെങ്കിലും അവന് ചവിട്ടി നിൽക്കാൻ സാധിച്ചാൽ ചെളിക്കുണ്ടിൽ മുങ്ങിയുള്ള മരണത്തിൽ നിന്നവന് തൽക്കാലം രക്ഷപ്പെടാം. എങ്കിലും അതിൽ നിന്നും കരകയറാനാവാതെ പട്ടിണി കിടന്ന് അവൻ മരിക്കും, തീർച്ച. എനിക്കവനെ അതിൽ നിന്നും രക്ഷിക്കാൻ സാധിക്കില്ല. എന്നാൽ അവനെയധികം കഷ്ടപ്പെടുത്താതെയിരിക്കാൻ ഞാൻ വിചാരിച്ചാൽ സാധിക്കും. താനപ്രകാരം തന്നെ പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

ഏതു കൊലകൊമ്പനെയും വീഴ്ത്താൻ പറ്റിയ മർമ്മസ്ഥാനത്തേക്ക് ഒരു വെടി. ചെവിയുടെ പിറകുവശത്തു നിന്നും മസ്തകത്തിലേക്ക്. സാധാരണ അങ്ങനെ ആ കൃത്യസ്ഥലത്ത് വെടിവെയ്ക്കാൻ ചിലപ്പോൾ സാധിച്ചെന്നു വരില്ല. അവിടെയൊരു വെടി വെച്ചാൽ ആനയുടെ തലച്ചോറിലേക്ക് തന്നെ അത് തറഞ്ഞുകയറും. അവന്റെ സമീപം ചെന്ന് ഇടതു ചെവിയുടെ പിറകിലായി ഞാൻ ഉന്നം പിടിച്ചു. ചെവിയുടെ അനക്കം നിന്ന മാത്രയിൽ ഒട്ടും പിഴയ്ക്കാതെ സാവധാനം ഞാൻ ട്രിഗർ അമർത്തി. അവനാകെ വിറച്ചു. അവന്റെ തുമ്പിക്കൈ അപ്പോഴും എന്തിനോ വേണ്ടി പരതുന്നതുപോലെ എനിക്ക് തോന്നി. ഞാനവന്റെ വലതുഭാഗത്തേക്ക് അൽപ്പം മാറി. വലതു ചെവിയുടെ പിന്നിലേക്കും ഒരുണ്ട പായിച്ചു.

ആ പാവം മൃഗത്തെ അതിദാരുണമായി മരിക്കാൻ വിടാതെ, അവന്റെ കഷ്ടതകളിൽ നിന്നും മോചനം നൽകാൻ സാധിച്ചതിൽ ഞങ്ങൾക്കാശ്വാസം തോന്നി. ഞങ്ങൾ വേഗംതന്നെ ഹോണർ ഹട്ടിയിലേക്ക് മടങ്ങി. ഞങ്ങളുടെ വരവ് പ്രതീക്ഷിച്ച് കാത്തിരിക്കുകയായിരുന്നു അമേരിക്കൻ സുഹൃത്ത്. എല്ലാ കാര്യവും വിശദമായിത്തന്നെ ഞാനദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹത്തിന് സംഭവസ്ഥലം വരെയൊന്ന് പോകണമെന്നാഗ്രഹം. സാധിക്കുമെങ്കിൽ ഫോട്ടോകൾ എടുക്കണം. ആന പൂർണ്ണമായും ചതുപ്പിൽ മുങ്ങിയിരിക്കുമോ ഇല്ലയോ? എന്ന അസ്വസ്ഥ ചിന്തയുമായാണ് അടുത്ത ദിവസം അതിരാവിലെ തന്നെ ഞങ്ങൾ പുറപ്പെട്ടത്. എന്നാൽ പ്രഭാതസൂര്യന്റെ കിരണങ്ങളേറ്റ് തിളങ്ങുന്നുവെന്ന് തോന്നിപ്പിക്കുന്ന ചതുപ്പ് മാത്രമാണവിടെ ബാക്കിയുണ്ടായിരുന്നത്. ആന മുഴുവനായിത്തന്നെ ചതുപ്പിലേക്ക് താഴ്ന്നുപോയിരുന്നു. ●





# ITHIKA

*Soulful Clothing*

Ithika (GRV Weaves LLP)
C/o Priyam, Iramalloor PO
Kuttilanji, Kothamangalam,
Ernakulam 686691
Insta id- Ithika_handlooms,
Mob. No. 8921967354

We Four sisters, Swapna Varma & Smitha Varma (Chazhoor Kovilakam, Thrissur) Supriya Suresh & Praseedha Varma (Kuttilanji, Ernakulam) are the founders of ITHIKA. Founded in 2024 with a clear vision, to celebrate and elevate authentic handwoven sarees.

What began as a personal love for sarees evolved into a purposeful journey rooted in tradition, strength, and identity. ITHIKA, meaning 'The Earth', reflects grounding, femininity, and timeless elegance.

We specialize in curated, premium handloom sarees, with a focus on limited-edition collections that highlight craftsmanship, authenticity, and refined colour stories. Our very first collection in blue, green, and gold received encouraging responses, reinforcing our belief that quality and honesty always stand out. At ITHIKA, we don't just sell sarees, we build relationships.

We guide our customers personally, valuing trust over transactions. Our growth has been organic, driven by reinvestment, consistency, and strong family support.

Today, we serve customers across Kerala and beyond through social media and exhibitions. Our vision is to establish ITHIKA as a globally recognized handloom brand, with a presence in markets like Singapore and Dubai. Our strength lies in quality, exclusivity, transparency and a deep respect for tradition and we believe authenticity is the true foundation of our success.




## കാര്യപരിപാടി

| | | |
|---|---|---|
| രാവിലെ 8 മണി മുതൽ | : | പ്രതിനിധികളുടെ രജിസ്ട്രേഷൻ |
| 9 മണിക്ക് | : | **പതാക ഉയർത്തൽ** |
| 9.30 മുതൽ | : | **വാർഷിക സമ്മേളനം** |
| ഈശ്വര പ്രാർത്ഥന | : | |
| സ്വാഗതഗാനം | : | **കരപ്പുറം ക്ഷത്രിയ സഭ** |
| സ്വാഗതം | : | **പ്രൊഫ. കെ. എൻ. എസ്. വർമ്മ** (സ്വാഗതസംഘം രക്ഷാധികാരി) |
| അദ്ധ്യക്ഷ പ്രസംഗം | : | **ഡോ. എം. ലളിതാംബിക** (സംസ്ഥാന അദ്ധ്യക്ഷ) |
| ഉൽഘാടനം | : | **ശ്രീ. പി. പ്രസാദ്** (ബഹു. കൃഷി വകുപ്പു മന്ത്രി) |
| ജനറൽ സെക്രട്ടറിയുടെ സന്ദേശം | : | **ശ്രീ. മധുകുമാർ വർമ്മ വി. കെ.** |


ഡോ. എം. ലളിതാംബിക


ശ്രീ. മധുകുമാർ വർമ്മ വി. കെ.

മുഖ്യാതിഥി : **ശ്രീ. പ്രകാശ് വർമ്മ**
പ്രശസ്ത ചലച്ചിത്ര നടൻ, വ്യവസായ പ്രമുഖൻ

മുഖ്യ പ്രഭാഷണം : **ശ്രീ. വയലാർ ശരത്ചന്ദ്ര വർമ്മ**
(കവിയും ഗാനരചയിതാവും)

ആശംസാ പ്രസംഗം : **ശ്രീ. പി. കെ. രഘു വർമ്മ**
(സെക്രട്ടറി, റിയാക്ക്)

സ്വീകരണവും ആദരവും : **ശ്രീ. അജിത് രാമവർമ്മ**
(Managing Director, MAS PACK (I) Ltd & Mechanical Assembly System(P) Ltd

**ഡോ. പി. ആർ. ഹരികൃഷ്ണ വർമ്മ**
(HOD, BMT Wing, Sree Chithra Tirunal Institute of Medical Science)

**ശ്രീ. അരുൺ രാജ്**
(Co-founder & C.O.O., Prevalent AI)

കൃതജ്ഞത : **ശ്രീ. അനൂപ് വർമ്മ**
(സെക്രട്ടറി, കരപ്പുറം ക്ഷത്രിയ സഭ)


ശ്രീ. അജിത് രാമവർമ്മ


ഡോ. പി. ആർ. ഹരികൃഷ്ണ വർമ്മ


ശ്രീ. അരുൺ രാജ്

11 മണി മുതൽ : **വാർഷിക പൊതുയോഗം**

റിപ്പോർട്ട് അവതരണം : **ശ്രീ. മധുകുമാർ വർമ്മ വി. കെ.**
(സംസ്ഥാന ജനറൽ സെക്രട്ടറി)

വരവു ചെലവു കണക്ക് : **ശ്രീ. സൂര്യകുമാർ വർമ്മ എം. കെ.**
(സംസ്ഥാന ട്രഷറർ)

ആശംസകൾ : **പ്രസിഡന്റ്, വനിതാ വേദി**
**പ്രസിഡന്റ്, യുവജന വേദി**

തുടർന്ന് : **റിപ്പോർട്ടിലും കണക്കിലും ചർച്ചയും മറുപടിയും അംഗീകാരവും**

ദേശീയഗാനം :

ഉച്ചക്ക് ഒരു മണിക്ക് : ഉച്ച ഭക്ഷണം

രണ്ടു മണി മുതൽ : **പ്രാദേശിക സഭാപ്രതിനിധികളുടെ നിർദ്ദേശങ്ങളും തുടർന്നു ജനറൽ സെക്രട്ടറിയുടെ വിശദീകരണങ്ങളും**

വൈകിട്ട് നാലു മണിക്ക് : **2026-28 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

# വിവാഹ മംഗളാശംസകൾ






കോട്ടയം ജില്ലയിൽ നീണ്ടൂർ പഞ്ചായത്തിൽ ഓണം തുരുത്ത് കരയിൽ കണ്ണമ്പള്ളി ഇല്ലത്ത് പരേതരായ കെ.വി കൃഷ്ണൻ നമ്പൂതിരിയുടെയും ആര്യാദേവി അന്തർജ്ജനത്തിന്റേയും മകൻ കെ. കൃഷ്ണകുമാറിന്റേയും കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തെ പരേതനായ രാമവർമ്മ രാജയുടേയും കൊച്ചി രാജകുടുംബാംഗം ചന്ദ്രിക തമ്പുരാന്റേയും മകൾ ആർ. രേണുകയുടേയും പുത്രി **കീർത്തന കൃഷ്ണകുമാറും** മയ്യഴിയിൽ പരേതരായ ഒ. പി. കുഞ്ഞിരാമൻ നായർ – ജാനകിയമ്മ ദമ്പതികളുടെ മകൻ ഒ.പി. ബാലരാമന്റേയും വടകര സി.കെ. ബാലൻ നായർ – നാരായണിയമ്മ ദമ്പതികളുടെ മകൾ സി.കെ. സുഭാഷിണിയുടെയും മകൻ ഈസ്റ്റ് പള്ളൂർ 'സൃഷ്ടി'യിൽ **വൈശാഖും** തമ്മിലുള്ള വിവാഹം 2026 ഫെബ്രുവരി 6–ാം തീയതി വെള്ളിയാഴ്ച (1201 മകരം 23) രാവിലെ 12.15 നുള്ള ശുഭ മുഹൂർത്തത്തിൽ പാലാ ബേസ് 11 കൺവൻഷൻ ഹാളിൽ വച്ചു സമംഗളം നടന്നു.

**യാത്രകൾ - 25**



# ഒഡിഷ - 2

## കൊണാർക് സൂര്യക്ഷേത്രം

**കെ. ഹരികൃഷ്ണ വർമ്മ**
ചേർത്തല, മൊ. 9447484099

ഗംഗാ രാജവംശത്തിലെ നരസിംഹ ദേവ ഒന്നാമൻ ആണ് കൊണാർക് സൂര്യക്ഷേത്രം പണികഴിപ്പിച്ചത്. ആയിരത്തി ഇരുനൂറു ശിൽപ്പികൾ 1243 മുതൽ 1255 വരെയുള്ള പന്ത്രണ്ട് വർഷം കൊണ്ടാണ് ഈ ക്ഷേത്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. നിർമ്മാണ കാലഘട്ടത്തിൽ ക്ഷേത്രം ബംഗാൾ ഉൾക്കടലിന്റെ തീരത്ത് ആയിരുന്നു എങ്കിലും പിന്നീട് സമുദ്രം ഉൾവലിഞ്ഞ് അകലെയായി. കൊണാർക് ക്ഷേത്രം വളരെയധികം പ്രത്യേകതകൾ നിറഞ്ഞതാണ്. ഭീമാകാരമായ ഈ ക്ഷേത്രം കരിങ്കല്ലിൽ ആണ് നിർമ്മിച്ചിരിക്കുന്നത്. അതീവ നിഗൂഢവും ശാസ്ത്രീയവുമായ രീതിയിൽ കരിങ്കൽ പാളികൾക്കിടയിൽ ഉരുക്കിൽ നിർമ്മിച്ച് കാന്ത പാളികളും ഉറപ്പിച്ചിരുന്നു. 5,200 മെട്രിക് ടൺ കാന്തപാളികൾ ഇതിനായി ഉപയോഗിച്ചു എന്നാണ് കണക്ക്. കാന്തശക്തിയുടെ പ്രത്യേകത കൊണ്ട് ശ്രീകോവിലിനുള്ളിലെ സൂര്യവിഗ്രഹം ഒരിടത്തും സ്പർശിക്കാതെ വായുവിൽ ആണ് നിലനിന്നത്. മുകളിലും താഴെയും ചുറ്റും ഉറപ്പിച്ച കാന്തങ്ങളാണ് ഇപ്രകാരം നിർത്തിയത്. ഈ ക്ഷേത്രത്തിനുള്ളിൽ വൻതോതിൽ ധനം ഉണ്ടെന്നു വിശ്വസിച്ച് മുഗളർ പതിനഞ്ചും പതിനേഴും നൂറ്റാണ്ടുകൾക്കിടയിൽ പലവട്ടം ആക്രമണം നടത്തിയിട്ടുണ്ട്. അവർ അതിമനോഹരങ്ങളും അമൂല്യങ്ങളുമായ കൊത്തുപണികളും വിഗ്രഹങ്ങളും തച്ചുടച്ചത് അവയുടെ ഉള്ളിൽ ധനം ഒളിപ്പിച്ചിട്ടുണ്ട് എന്നു ധരിച്ചാണ്. ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ വിമാനങ്ങൾ ഭാരതത്തിൽ എത്തിയപ്പോൾ ഒഡിഷയിലും അവ എത്തിച്ചേർന്നു. സൂര്യക്ഷേത്രത്തിനു മുകളിലൂടെ വിമാനം പറത്താൻ സാധിക്കാതെ വന്നപ്പോൾ ധ്വരകൾ കുപിതരായി ക്ഷേത്രത്തിൽ എത്തി. അവരുടെ ശാസ്ത്രജ്ഞന്മാർ കൂലങ്കഷമായി പരിശോധിച്ചതിൽ, ക്ഷേത്രഭിത്തികളിൽ ഒളിപ്പിച്ചിട്ടുള്ള കാന്തപാളികളാണ് വിമാനങ്ങളെ തടയുന്നത് എന്നു മനസ്സിലാക്കി. കാന്തപാളികൾ പുറത്തെടുക്കാൻ വേണ്ടി ലോകാത്ഭുതമായ ക്ഷേത്രം തികച്ചും അശാസ്ത്രീയമായി പൊളിച്ചുനീക്കി. ഒരു ഘട്ടത്തിൽ എത്തിയപ്പോൾ ശൂന്യതയിൽ നിലനിന്നിരുന്ന സൂര്യ വിഗ്രഹം നിലം പതിച്ചു. സൂര്യക്ഷേത്രത്തിന്റെ യഥാർത്ഥ മുൻഭാഗം ഇപ്പോഴും തകർന്ന അവസ്ഥയിലാണ്.

രഥരൂപത്തിൽ ആണ് സൂര്യക്ഷേത്രം നിർമ്മിച്ചിരിക്കുന്നത്. ആദ്യകാലത്ത് 61 മീറ്റർ ഉയരം ഉണ്ടായിരുന്ന ഈ ക്ഷേത്രം കാലക്രമേണ അംഗഭംഗം വന്നു 30 മീറ്ററായി ചുരുങ്ങി. ഒരുകാലത്ത് ശ്രീകോവിലിനു മുകളിൽ ഉണ്ടായിരുന്ന മകുടം ഇപ്പോഴത്തെ മണ്ഡപത്തിനും വളരെ ഉയരെ ആയിരുന്നു. കരിങ്കല്ലിൽ പണിത അനേകം വലിയ ചക്രങ്ങളും കുതിരകളും ഈ രഥക്ഷേത്രത്തിനുണ്ട്. ക്ഷേത്രത്തിന്റെ പുറംഭാഗം മുഴുവൻ അതിമനോഹരങ്ങളായ കൊത്തുപണികൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. താഴത്തെ ഭാഗത്തുള്ള ശിൽപ്പങ്ങൾ ബാല്യവുമായി ബന്ധപ്പെട്ടവയും മധ്യഭാഗ ശിൽപങ്ങൾ യൗവനകാലത്തെയും മുകൾഭാഗം ആത്മീയതയുടെയും ആയി തിരിച്ചിരിക്കുന്നു. സങ്കീർണ്ണമായ കലാസങ്കേതങ്ങളും വിഗ്രഹങ്ങളും മറ്റും നിറഞ്ഞ മധ്യഭാഗ ശിൽപങ്ങൾ കാമവും മിഥുനവും കൊണ്ടുള്ള ഒരു ലോകമാണ്. ചക്രങ്ങൾക്കുള്ളിലെ പണികളും വ്യത്യസ്തങ്ങളും അത്യത്ഭുതകരങ്ങളുമാണ്. കലിംഗ ശിൽപശാസ്ത്രത്തിന്റെ ഉത്തമോദാഹരണമാണ് ഈ സൂര്യദേവാലയം. യുനെസ്കോയുടെ പൈതൃക പട്ടികയിൽ പെട്ട ഈ ക്ഷേത്രത്തിൽ എല്ലാ

വർഷവും ഫെബ്രുവരി മാസത്തിൽ ചന്ദ്രഭാഗമേള യോടു ബന്ധപ്പെട്ട് ധാരാളം ഹിന്ദു തീർത്ഥാടകർ എത്തിച്ചേരുന്നു.

കൊണാർക് സൂര്യക്ഷേത്രത്തിൽ പൂജാദി കർമ്മങ്ങൾ ഒരുകാലത്തും ഉണ്ടായിട്ടില്ല. അതിനു കാരണമായി ഒരു കഥ ഉണ്ട്.

ക്ഷേത്രം നിർമ്മിക്കുന്നതിനു മഹാരാജാവ് തീരുമാനിച്ചപ്പോൾ അതിനായി ബിഷു മഹാറാണാ എന്ന മുഖ്യശിൽപ്പിയെ വിളിച്ചുവരുത്തി. ആ സമയത്ത് മുഖ്യശിൽപ്പിയുടെ ഭാര്യ ഗർഭിണി യായിരുന്നു. ആയിരത്തി ഇരുനൂറു ജോലിക്കാർ പന്ത്രണ്ട് വർഷം കൊണ്ട് ക്ഷേത്രനിർമ്മാണം പൂർത്തിയാക്കണം എന്നാണ് മുഖ്യശിൽപ്പിയും മഹാരാജാവും തമ്മിൽ ധാരണയായത്. അങ്ങനെ നിർമ്മാണം ആരംഭിച്ചു.

ഇതിനെ സംബന്ധിച്ച കഥ ഹൃദയഭേദകമാണ്. ആയിരത്തി ഇരുനൂറു ജോലിക്കാർ വളരെ ശ്രമപ്പെ ട്ടാണ് ക്ഷേത്രനിർമ്മിതി നടത്തിയിരുന്നത്. കരിങ്ക ല്ലിൽ വിസ്മയം തീർക്കുന്ന ജോലികൾ തന്നെ ആയിരുന്നു അവരുടെ ദൗത്യം. രാജാവ് ക്ഷേത്ര നിർമ്മാണത്തിന്റെ പുരോഗതി മനസ്സിലാക്കാൻ ഇടയ്ക്കിടയ്ക്ക് വന്നിരുന്നു. പന്ത്രണ്ട് വർഷം ആകാൻ ദിവസങ്ങൾ മാത്രം ഉള്ള സമയത്തും നിർമ്മാണം ഒരിടത്തും എത്തിയിട്ടില്ല എന്നുകണ്ട് മഹാരാജാവ് അത്യന്തം ക്ഷുഭിതനായി. എല്ലാവ രെയും വധിക്കുമെന്ന് ഭീഷണി മുഴക്കി. ആ സമയത്ത് മുഖ്യശിൽപിയുടെ പന്ത്രണ്ട് വയസ്സുള്ള പുത്രൻ അവിടെ ഉണ്ടായിരുന്നു. അച്ഛനോട് മഹാരാജാവ് കയർക്കുന്നതു കണ്ട് മകൻ മുന്നോട്ടു



വന്ന്, പറഞ്ഞ സമയത്ത് ക്ഷേത്രനിർമ്മാണം പൂർത്തിയാക്കി തരാമെന്നും അച്ഛനെ വെറുതെ വിടണമെന്നും മഹാരാജാവിനോട് അപേക്ഷിച്ച് ഒരുവിധം മടക്കി അയച്ചു. പിന്നീട് അവിടെ സംഭവിച്ചത് എന്താണെന്ന് ആർക്കും മനസ്സിലാ യില്ല. മുഖ്യശിൽപിയും ആയിരത്തി ഇരുനൂറു ജോലിക്കാരും സ്വപ്നസമാനമായ കാഴ്ചകൾ ക്കാണ് സാക്ഷികളായത്. പന്ത്രണ്ട് വർഷം പൂർത്തിയായ ദിവസം മഹാരാജാവ് സ്ഥലത്തെ ത്തിയപ്പോൾ ഒരു അത്യത്ഭുത സാഹചര്യമാണ് അവിടെ കണ്ടത്. പന്ത്രണ്ട് വയസ്സുള്ള ബാലൻ ക്ഷേത്രം പൂർത്തിയാക്കിയതു കണ്ട് മഹാരാജാവ് വീണ്ടും കോപിഷ്ഠനായി. ഇവൻ മായാവിയോ പിശാചോ ഭൂതമോ ആണെന്നു ധരിച്ച്, സത്യാ വസ്ഥ പറഞ്ഞില്ലെങ്കിൽ മുഖ്യശിൽപിയേയും ആയിരത്തി ഇരുനൂറു ജോലിക്കാരെയും വധി ക്കാനാണ് തീരുമാനിച്ചത്. ആ സമയത്തും ബാലൻ മുന്നോട്ടു വന്ന്, അവർക്ക് പകരം തന്നെ വധിക്കാൻ കനിവുണ്ടാകണമെന്നു അപേക്ഷിച്ചു. അതിനുശേഷം ആ ബാലൻ ക്ഷേത്രത്തിന്റെ മുക ളിലേക്കു കയറി ഏറ്റവും മുകളിലുള്ള താഴിക ക്കുടത്തിന്റെ മുകളിൽ നിന്നു താഴേക്കു ചാടി സ്വയം മരണംവരിച്ചു. മരിച്ച ബാലൻ സാക്ഷാൽ ഭഗവാൻ തന്നെ ആയിരുന്നു എന്ന രാജഗുരുവിന്റെ ഉപദേശം കേട്ട് പശ്ചാത്താപ വിവശനായ രാജാവ്, ദുർമ്മരണം നടന്ന ക്ഷേത്രത്തിൽ ആരാധനകൾ വേണ്ട എന്നു തീരുമാനിച്ചു. വൈകിട്ട് ആറു മണി യോടെ ഞങ്ങൾ ഹോട്ടലിലേക്കു മടങ്ങി.

പിറ്റേന്ന് രാവിലെ ഞങ്ങൾ പുരിയിലെ വിശാല മായ കടൽത്തീരത്തു പോയി. താമസസ്ഥലത്തു നിന്ന് നടന്നുപോകാവുന്ന ദൂരമേ ഉള്ളു എങ്കിലും അങ്ങോട്ടുള്ള വഴി വളരെ ഇടുങ്ങിയതും തിരക്കേ റിയതുമാണ്. കടലിൽ ധാരാളം പേർ കുളിക്കുന്നു ണ്ടായിരുന്നു. കുറച്ചുസമയം അവിടെ ചെലവഴിച്ച ശേഷം തിരിച്ചുപോന്ന് പ്രഭാതഭക്ഷണം കഴിച്ച് അന്നത്തെ യാത്ര ആരംഭിച്ചു. ഒരു ഇന്നോവ ഒരു ദിവസത്തേക്ക് വാടകയ്ക്കെടുത്തായിരുന്നു അന്നത്തെ യാത്ര.

ആദ്യ സന്ദർശനം ഘണ്ഡാഗിരി-ഉദയഗിരി ഗുഹകളിലേക്ക് ആയിരുന്നു. ഭുവനേശ്വറിൽ നിന്ന് 8 കി.മി. അകലെ ചെങ്കല്ലുകൾ കൊണ്ടുള്ള ഇരട്ട കുന്നുകളിൽ ബി.സി. ഒന്നാം നൂറ്റാണ്ടിൽ കലിംഗ

സാമ്രാജ്യത്തിൽ മേഘവാഹന രാജവംശത്തിലെ ഖരവേല രാജാവ് നിർമ്മിച്ചതാണ് ഈ ഗുഹകൾ എന്ന് കരുതപ്പെടുന്നു. ഉദയഗിരിയിൽ പതിനെട്ടു ഗുഹകളും ഘണ്ഡഗിരിയിൽ പതിനഞ്ചു ഗുഹകളു മാണ് ഉള്ളത്. ജൈന സന്യാസിമാരുടെ താമസ ത്തിനും ധ്യാനത്തിനും വേണ്ടിയാണ് ഈ ഗുഹകൾ നിർമ്മിച്ചത് എന്നു കരുതുന്നു. ഗുഹകളുടെ മുകൾ ഭാഗത്ത് ധാരാളം കൊത്തുപണികൾ ഉണ്ട്. അവകളിൽ എടുത്തുപറയേണ്ടതും ദുഃഖകരവും ആയത് കലിംഗ യുദ്ധത്തിന്റെ ചിത്രീകരണം ആണ്. ആ യുദ്ധത്തിൽ മാതൃരാജ്യത്തെ അശോക ചക്രവർത്തിയുടെ സൈന്യത്തിൽ നിന്നു രക്ഷിക്കു ന്നതിനായി സ്ത്രീകളും പ്രായപൂർത്തിയാകാത്ത ബാലന്മാരും പങ്കെടുത്തതായിട്ടാണ് പ്രദർശിപ്പി ച്ചിട്ടുള്ളത്.

ഒരു മണിക്കൂറിൽ അധികം വേണ്ടിവന്നു വളരെ വേഗം അവിടം കണ്ടുതീരാൻ. ഒരു രസകരമായ അനുഭവം കൂടി ഉണ്ടായി. വാഹനങ്ങൾ അവിടെ എത്തിയപ്പോൾ മഴ ചാറുന്നുണ്ടായിരുന്നു. ഒരു പയ്യൻ ബക്കറ്റു നിറയെ വിവിധ നിറങ്ങളിലുള്ള കുടകളുമായി അവിടെ പ്രത്യക്ഷപ്പെട്ടു. ഒരു കുടയ്ക്ക് ഇരുപതു രൂപ വാടകയും എൺപതു രൂപ ജാമ്യത്തുകയും ചേർത്ത് നൂറു രൂപ കൊടുക്കണം. തിരികെ വരുമ്പോൾ എൺപതു രൂപ തിരികെ തരും, ഈ ക്രമത്തിൽ വാടകയ്ക്ക് അവൻ മിനുട്ടു കൾക്കകം എല്ലാ കുടകളും കൊടുത്തുതീർത്തു. ഞങ്ങളും ഇരുനൂറു രൂപ കൊടുത്ത് രണ്ടു കുടകൾ വാങ്ങിച്ചു. ഞങ്ങൾക്ക് അത് നന്നായി പ്രയോജന പ്പെടുകയും ചെയ്തു. കാഴ്ചകൾ കണ്ട് ഒരു മണിക്കൂർ കഴിഞ്ഞ് വാഹനത്തിനരികിൽ എത്തി പയ്യനെ അവിടെ മുഴുവൻ തെരഞ്ഞെങ്കിലും ബക്കറ്റു പോലും കണ്ടുകിട്ടിയില്ല. ഒരു കുടയുടെ യഥാർത്ഥ വില ലാഭം ഉൾപ്പടെ എത്ര വരുമെന്ന് വായന ക്കാർക്ക് ഏകദേശം മനസ്സിലായിക്കാണുമല്ലോ. തുടർന്ന് വളരെ പ്രൗഢവും പുരാതനവുമായ ലിംഗരാജ ക്ഷേത്രത്തിലേക്കുള്ള പ്രയാണം ആരംഭിച്ചു. ഭുവനേശ്വരിൽ നിലവിലുള്ള ഏറ്റവും വലിയ ശിവക്ഷേത്രമാണ് ലിംഗരാജ ക്ഷേത്രം. കലിംഗ വാസ്തുവിദ്യയുടെ ഉത്തമോദാഹരണ മായ ഈ ക്ഷേത്രത്തിന് ആയിരത്തി അഞ്ഞൂറിൽ അധികം വർഷത്തെ പഴക്കമുണ്ടെന്നു കരുതുന്നു. പിന്നീട് സോമവംശ രാജാവായ യയാതി കേസരി ക്ഷേത്രം പുതുക്കി പണിയുകയുണ്ടായി. ക്ഷേത്ര ത്തിന് അൻപത്തി അഞ്ചു മീറ്ററോളം ഉയരം ഉണ്ട്. അതിവിസ്തൃതമായ ക്ഷേത്ര സമുച്ചയത്തിൽ അനേകം ഉപദേവതാ ക്ഷേത്രങ്ങളും ഉണ്ട്. പ്രധാന ക്ഷേത്രം, യജ്ഞശാല, ഭോഗമണ്ഡപം, നാട്യശാല എന്നിവ ചേർന്നതാണ് ക്ഷേത്രസമുച്ചയം. പ്രധാന ക്ഷേത്രത്തിനുള്ളിലാണ് ഗർഭഗൃഹം അഥവാ ശ്രീകോവിൽ സ്ഥിതിചെയ്യുന്നത്. ശ്രീകോവിലിൽ ശിവന്റെയും വിഷ്ണുവിന്റെയും പ്രതിഷ്ഠകൾ ഉണ്ട്. വിഷ്ണു വിഗ്രഹം സാളഗ്രാമ ശിലയിൽ ആണ് നിർമ്മിച്ചിരിക്കുന്നത്. ഇതിനോട് ചേർന്ന് സ്വയംഭൂ ആയ ശിവലിംഗം സ്ഥിതിചെയ്യുന്നു. പ്രതിഷ്ഠയിൽ എല്ലാ ദിവസവും പാൽ, ജലം, ഭാംഗ് എന്നിവ കൊണ്ട് ധാര നടത്തുന്നു. ഈ ദേശത്ത് പുരാതന കാലം മുതൽ തന്നെ ശൈവ മതത്തോ ടൊപ്പം വൈഷ്ണവ മതവും ശക്തമായിരുന്നു എന്നു വേണം അനുമാനിക്കാൻ. പണ്ട് ഇവിടെ ദേവദാസി സമ്പ്രദായം നിലനിന്നിരുന്നു എന്നതിനു തെളിവായി ഇവിടെയുള്ള നാട്യഗൃഹം ചൂണ്ടി ക്കാണിക്കപ്പെടുന്നു. ശ്രീപാർവ്വതി ദേവിയുടെ പ്രതിഷ്ഠയെ സംബന്ധിച്ചും ഒരു ഐതിഹ്യം പ്രചാരത്തിൽ ഉണ്ട്. ശ്രീപരമേശ്വരൻ തന്റെ ശക്തി പ്രയോഗിച്ച് ഈ പ്രദേശത്ത് മനോഹരമായ ഒരു തടാകം സൃഷ്ടിച്ചു. ശിവനിൽ നിന്നു തന്നെ ഇതിന്റെ ഭംഗി കേട്ടറിഞ്ഞ ശ്രീപാർവ്വതി ഒരു ഗോപാലികയുടെ വേഷത്തിൽ ഇവിടം കാണാ നെത്തി. തടാകത്തിന്റെയും വനത്തിന്റെയും ഭംഗി ആസ്വദിച്ചു നടക്കവെ, സ്വയംഭൂവായ ശിവലിംഗ ത്തിൽ പശുക്കൾ തങ്ങളുടെ മുലകൾ ചുരത്തി പാലഭിഷേകം ചെയ്യുന്നത് കണ്ട് ദേവി അവിടെ യിരുന്നു ശിവനെ പൂജിക്കാൻ തുടങ്ങി. അപ്പോൾ ആ വഴി വന്ന കൃത്തി വാസസന്മാർ എന്ന അസുര ന്മാർ പാർവ്വതിയെ കാണുകയും തങ്ങളെ വിവാഹം കഴിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. അവരെ നിഗ്രഹിക്കാൻ വഴി കണ്ടെത്തിയ ദേവി, “നിങ്ങ ളിൽ കൂടുതൽ ശക്തി ഉള്ള ആളെ വിവാഹം കഴിക്കാം എന്നു സമ്മതിച്ചു. തന്നെ തോളിൽ എടുത്ത് കൂടുതൽ ദൂരം നടക്കാൻ ശേഷിയുള്ളവൻ മത്സര ത്തിൽ വിജയിക്കും എന്നുകൂടി പറഞ്ഞുകൊണ്ട് പാർവ്വതീദേവി അസുരന്മാരുടെ തോളിൽ ചാടി ക്കയറി. ദേവിയുടെ ഭാരം താങ്ങാൻ കെൽപ്പില്ലാതെ അസുരന്മാർ മരിച്ചു വീണു എന്നാണ് കഥ. ഇങ്ങനെ

അസുരന്മാരെ നിഗ്രഹിച്ച പാർവ്വതീദേവി 'ഭുവനേശ്വരി' ആയി ശിവലിംഗത്തോടൊപ്പം ഉപവിഷ്ടയായി. ലിംഗരാജ ക്ഷേത്രദർശനം കഴിഞ്ഞ് ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ച് ധൗലി ശാന്തിരൂപം കാണാൻ പുറപ്പെട്ടു. അശോക ചക്രവർത്തിയുടെ അവസാന യുദ്ധമായ കലിംഗ യുദ്ധത്തിന്റെ സ്മാരകം കൂടിയാണിത്. ഭുവനേശ്വരിൽ നിന്ന് 8 കി.മി. അകലെ ദയാ നദിക്കരയിൽ ആണ് ധൗലി എന്ന ചെറുനഗരം സ്ഥിതി ചെയ്യുന്നത്. ബി.സി. മൂന്നാം നൂറ്റാണ്ടിൽ മൗര്യ സാമ്രാജ്യത്തിലെ അശോക ചക്രവർത്തി കലിംഗ രാജ്യം ആക്രമിച്ചപ്പോൾ അതൊരു അതിഭീകരമായ യുദ്ധമായി മാറുകയായിരുന്നു. കലിംഗരുടെ ദേശസ്നേഹമായിരുന്നു അതിന്റെ പ്രധാന കാരണം. യുദ്ധക്കളത്തിലെ രക്തം ഒഴുകി ദയാനദി ചുവപ്പു നിറമായി എന്നാണ് പറയപ്പെടുന്നത്. യുദ്ധത്തിന്റെ ഭീകരതയും കനത്ത ആൾനാശവും നേരിൽ കണ്ട് പശ്ചാത്താപ വിവശനായ അശോക ചക്രവർത്തിക്ക് മനഃപരിവർത്തനം സംഭവിക്കുകയും അദ്ദേഹം ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു. യുദ്ധത്തെക്കുറിച്ചും മനഃപരിവർത്തനത്തെക്കുറിച്ചും മറ്റും ഉള്ള ശിലാലിഖിതങ്ങൾ പലതും ഇപ്പോഴും ഉണ്ട്.

അവിടത്തെ ക്ഷേത്രത്തിൽ ശ്രീബുദ്ധൻ ശയിക്കുന്ന രീതിയിലാണ് ഉള്ളത്. പൂർണ്ണമായും വെണ്ണക്കല്ലിൽ ആണ് ക്ഷേത്രനിർമ്മാണം. അനേകം പടികൾ കയറിയാണ് മുകളിൽ എത്തുന്നത്. ധാരാളം സഞ്ചാരികൾ നിത്യേന ഇവിടെ എത്തുന്നുണ്ട്. സമാധാന സ്തൂപവും ഇതിനടുത്തു തന്നെയാണ് സ്ഥാപിച്ചിരിക്കുന്നത്. കനത്ത മഴയും കാറ്റും ഞങ്ങളെ വളരെ ശല്യപ്പെടുത്തി എങ്കിലും അതിനൊന്നും ആകാംക്ഷയെ കുറക്കാൻ സാധിച്ചില്ല.

വൈകിട്ടു ഞങ്ങൾ ഹോട്ടലിലേക്ക് മടങ്ങി. പിറ്റേന്ന് രാവിലെ ഞങ്ങൾ പുരി എന്ന ക്ഷേത്ര നഗരത്തോട് വിടപറഞ്ഞു. തിരികെ പോരുമ്പോൾ വിശാഖപട്ടണത്ത് ഒരു ദിവസം കൂടി താമസിക്കണമെന്നും സൂര്യോദയം കാണാൻ ഒരു വട്ടം കൂടി ശ്രമിക്കണമെന്നും ഉദ്ദേശിച്ച് ഉച്ചയോടെ അവിടെയെത്തി. അവിടെ താമസസൗകര്യം നല്ല നിലയിൽ ലഭിക്കാഞ്ഞതിനാൽ ഉച്ചഭക്ഷണം കഴിച്ച് പരിപാടിയിൽ ചില മാറ്റങ്ങൾ വരുത്തി കാക്കിനഡ എന്ന സമുദ്രതീര നഗരത്തിലേക്ക് യാത്രതിരിച്ചു.

ആന്ധ്രാപ്രദേശിൽ ബംഗാൾ ഉൾക്കടലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന തുറമുഖനഗരമാണ് കാക്കിനഡ. ദക്ഷിണേന്ത്യയിലെ ഏറ്റവും വൃത്തിയുള്ളതും താമസയോഗ്യവുമായ നഗരമാണ് ഇത്. നല്ല പ്ലാനിങ്ങിലൂടെയും ദീർഘവീക്ഷണത്തോടെയുള്ള നിർമ്മിതിയിലൂടെയും മനോഹരമാക്കിയ ഈ നഗരം 'അടുത്തൂൺകാരുടെ സ്വർഗ്ഗം' എന്ന ഓമനപ്പേരിലും അറിയപ്പെടുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ പ്രകൃതിദുരന്തത്താൽ കോറിംഗ തുറമുഖം തകർന്നതോടെയാണ് കാക്കിനഡയുടെ സുവർണ്ണകാലം ആരംഭിച്ചത്. അചിരേണ, പരുത്തിത്തുണി കയറ്റുമതിയുടെ പ്രധാന കേന്ദ്രവും ആയി മാറി. ആധുനിക കാലഘട്ടത്തിൽ കാക്കിനഡ സാമ്പത്തിക പുരോഗതി കൈവരിച്ചത് കാർഷിക വളങ്ങൾ, ഭക്ഷ്യ എണ്ണകൾ, പ്രകൃതി വാതകങ്ങൾ, ഭക്ഷ്യസംസ്കരണം, ഊർജ്ജം തുടങ്ങിയ മേഖലകളിലെ ഉത്പാദനങ്ങളിലൂടെയാണ്. പ്രശസ്തങ്ങളായ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങളും കാക്കിനഡയുടെ പ്രസിദ്ധി വർദ്ധിപ്പിക്കുന്നുണ്ട്.

വൈകിട്ട് കാക്കിനഡയിൽ എത്തിയ ഞങ്ങൾക്ക് നഗരമദ്ധ്യത്തിൽ തന്നെ താമസസൗകര്യം ലഭിച്ചു. നഗരത്തിൽ ഒരു ഓട്ടപ്രദക്ഷിണം നടത്തി അത്താഴവും കഴിച്ച് മുറിയിൽ വന്ന് സുഖമായി ഉറങ്ങി. പിറ്റേന്നു രാവിലെ 5.30 ഓടെ സൂര്യോദയം കാണാൻ പുറപ്പെട്ടു. ആറു മണിക്കു മുൻപായി കടൽക്കരയിലെത്തി. അപ്പോൾ തന്നെ ധാരാളം സഞ്ചാരികൾ അവിടെ എത്തിയിരുന്നു. വിശാലമായ കടൽക്കര മുഴുവൻ കറുത്ത മണൽ ആണ്. കേരള തീരത്തെ കരിമണൽ തന്നെ ആണോ എന്ന് അറിയില്ല. കണ്ണെത്തുന്ന ദൂരത്തു തന്നെ ധാരാളം കപ്പലുകൾ നങ്കൂരമിട്ട് കിടക്കുന്നുണ്ട്. ചുവപ്പു നിറത്തിൽ സകല പ്രഭാവങ്ങളോടെയും സൂര്യൻ ഒരു പൊൻകുടം പോലെ ഉദിച്ചുയരുന്ന കാഴ്ച ഞങ്ങൾ കണ്ണിമയ്ക്കാതെ നോക്കിനിന്നു. കുറേ സമയം അവിടെ ചെലവഴിച്ച് ധാരാളം ചിത്രങ്ങൾ പകർത്തി സംതൃപ്തിയോടെ തിരിച്ചു മുറിയിലെത്തി മുറി കാലിയാക്കി ഹൈദരാബാദിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു.

*(തുടരും...)*

കവിത

# മഴനൃത്തം




മഞ്ജുളാഭായി
ചെങ്ങളം, മൊ. 9847038021

ഇരുണ്ടമാനത്തമ്പിളി വന്ന്
വിളക്കുവെച്ചല്ലോ,
മേഘക്കീറിന്നിടയിൽ മിന്നൽ
തെളിഞ്ഞുപായുന്നു.
ഇടിനാദത്തിൽ ചെണ്ട, ചേങ്ങില
പതിഞ്ഞ താളത്തിൽ
ഇടയിൽക്കൂടി കാർമേഘങ്ങൾ
നൃത്തം വെക്കുന്നു.
താളം കൂട്ടി ഇടിമിന്നലുകൾ
മഴനൃത്തം ദ്യുതതാളത്തിൽ
രാപ്പാടികൾ ചില രാഗം പാടി
കൂടെക്കൂട്ടുന്നു.
കാണികൾ ഞങ്ങൾ അറിയാതൊപ്പം
ചുവടുകൾ വെക്കുന്നു.
കാറ്റുവന്നാ, കർട്ടൻ താഴ്ത്തി
നൃത്തം തീർന്നല്ലോ, മഴനൃത്തം തീർന്നല്ലോ!

---

കവിത

# നവലോക സാരഥി



പ്രഭാകര വർമ്മ
കോഴിക്കോട്, മൊ. 9048746359

അരുതു നിഷാദയെന്നോതിയോരാദികവി
തന്നുടെ ശോകം ശ്ലോകമായി പരിണമിച്ചോ-
രിതിഹാസത്തിൽ സർവ്വേശ്വരൻ വീര്യബലവാ-
നുത്തമൻ ആരെന്നതിനുത്തരം രാമനത്രേ

ത്രേതായുഗം പണ്ടു കൈയിലെടുത്ത് വളർത്തിയ
രാമായണത്തിൻ കർമ്മകാണ്ഡത്തിന്നേടുകളിൽ
അലിയവേ രാമമന്ത്രധ്വനി തന്നലയായാ
തഴുകീടുന്നു കോദണ്ഡപാണിതൻ മിഴികൾ

ഭാരതക്ഷോണിയിലയോദ്ധ്യതൻ വെൺമേടയിൽ
സായൂജ്യമേകാൻ സൗഭാഗ്യതാരമായുദിച്ചു
നാകവും ഭൂമിയും വാനവും കാലവും നിത്യം
കാട്ടിത്തരുന്നു സൂര്യതേജസ്സാം നിൻ മഹത്വം

തമസ്സാണ്ട കലിയുഗ വീഥിയിലേകനായ്
കാമക്രോധലോഭമോഹങ്ങളിലന്ധനായി
ദശാനന ജീവിത രഥ്യകൾ വെട്ടിടുമ്പോൾ
ധർമ്മ മാർഗ്ഗശരം തൊടുക്കുക ഹൃത്തടത്തിൽ

മാനവ ചിത്തമോ രാമായണം ചഞ്ചലമാം
ചിന്തകൾ വേഷങ്ങൾ ചാർത്തിടുന്നു വിധികാട്ടും
വീഥിയിൽ കർമ്മനാമമായ് വീണുകേഴും നേരം
മോക്ഷ ചാപമേന്തിയെത്തുന്നു ചന്ദനഗന്ധം

കലിദോഷങ്ങളാം നാഗങ്ങളയുതങ്ങളായ്
ചുഴലുമീ വിഷലിപ്ത സംസാര സാഗരത്തിൽ
ദുഷ്ടനിഗ്രഹം ചെയ്തൊരു ധനുസ്സുമായ് പുത്തൻ
രാമരാജ്യം പണിയാനണയേണമേ ക്ഷണാൽ.

# പാപ്പിയമ്മൂമ്മയുടെ വാമൊഴികൾ



മാവേലിക്കര രഘുനാഥവർമ്മ
മൊ. 9074834626

ലളിതവും സുന്ദരവുമായ സംസാരഭാഷ എപ്പോഴും എല്ലാവർക്കും ഹൃദ്യമാണ്. പൊടിപ്പും തൊങ്ങലുമില്ലാത്ത നിഷ്കളങ്കമായ ഭാഷാപ്രയോഗങ്ങൾ തൂലോം ഹൃദയസ്പർശിയുമാണ്. അതു തരുന്ന മാനസികോല്ലാസം പറഞ്ഞറിയിക്കാൻ പ്രയാസമാണ്.

എന്റെ കുട്ടിക്കാലം ഞാൻ ചെന്നിത്തല ഗ്രാമത്തിലാണ് കഴിച്ചുകൂട്ടിയിരുന്നത്. കുളവും ചിറയും ആശാൻ പള്ളിക്കൂടവും എന്റെയും കൂട്ടുകാരുടെയും വിഹാരരംഗങ്ങളായിരുന്നു. പറങ്കിപ്പഴം തിന്നും പച്ചമാങ്ങ തിന്നും പറങ്കിയണ്ടി എറിഞ്ഞു കളിച്ചും സോല്ലാസം ഓടിനടന്ന കാലം. ഞങ്ങളുടെ കുടുംബത്തിനു സഹായിയായി വർത്തിച്ചിരുന്ന പാപ്പിയമ്മൂമ്മ ആയിരുന്നു ഞങ്ങളുടെ സന്തതസഹചാരി. കൊയ്ത്തു വന്നാൽ അമ്മൂമ്മ വയലിൽ തന്നെ കാണും. ഞാറു നടുന്ന സമയത്ത് കാതങ്ങളോളം ചെന്നെത്തുന്ന അമ്മൂമ്മയുടെ പാട്ടിന്റെ ഈണം ഇപ്പോഴും മനസ്സിന്റെ ഏതോ ഒരു കോണിൽ ഒളിഞ്ഞിരിക്കുന്നു. സൂര്യാസ്തമയം വരെ പണിയെടുത്തു കിട്ടിയിരുന്നത് തുച്ഛമായ ശമ്പളം അന്യഥാ ചെലവാകാതിരിക്കാൻ അവർ നന്നേ കഷ്ടപ്പെട്ടിരുന്നു. എഴുത്തും വായനയും അവർക്ക് ഒരു സ്വപ്നം മാത്രമായിരുന്നു.

ഒരിക്കൽ അടുത്ത വീട്ടിലെ കല്യാണത്തിനെപ്പറ്റി പറഞ്ഞപ്പോൾ അമ്മൂമ്മ വാചാലമായി. "തൊടിയിൽ നിന്നു നാലു പൈക്കളെ നാലു നോട്ടിന് (400 രൂപ) കയറുമാറിയിട്ടാണ് പെണ്ണിന് ചെറുക്കനെ കെടച്ചത്". കല്യാണത്തിന്റെ ചിലവും ദാരിദ്ര്യത്തിന്റെ അളവും പശുവിനെ വിറ്റ ചരിത്രവും, അന്നു രൂപയ്ക്കുണ്ടായിരുന്ന വിലയും, ആകെയുള്ള സ്വത്തിന്റെ അളവും അമ്മൂമ്മ ഒറ്റ വാചകത്തിൽ പറഞ്ഞൊതുക്കി. പാപ്പിയമ്മൂമ്മ ഒരിക്കലും പഴഞ്ചൊല്ലുകൾ പറയാറുണ്ടായിരുന്നില്ല. അവരുടെ ഹൃദയത്തിൽ നിന്ന് പൊടുന്നനെ വരുന്ന സുന്ദരമായ ഗ്രാമീണ ഭാഷയാണ് അവരുടെ പ്രത്യേക സിദ്ധി. ജന്മസിദ്ധമായ ഒരു കഴിവ്. അത്രമാത്രം.

അയൽപക്കത്ത് എന്തെങ്കിലും വഴക്കോ വക്കാണമോ ഈശാപോശയോ ഉണ്ടായാൽ അമ്മൂമ്മ ഉച്ചത്തിൽ വിളിച്ചുപറയും: "ചൊല്ലി ചീർക്കണം. തല്ലി ത്തീർക്കരുത്". ഏതു കാര്യവും സമവായത്തിൽ പോയാൽ അതിന് ശാശ്വത പരിഹാരം ഉണ്ടാകുമെന്ന് സ്പഷ്ടം. രക്തച്ചൊരിച്ചിലോ, അടിപിടിയോ ഉണ്ടായാൽ അതിന് താത്കാലിക ശാന്തിയെ ഉള്ളൂ. അതു വീണ്ടും പഴുപ്പിരിക്കെ കരിഞ്ഞ വ്രണം പോലെ എപ്പോഴെങ്കിലും പൊട്ടിമുളക്കും.

വയലിൽ പണിയെടുക്കുന്നവർക്ക് കൊയ്ത്തു കഴിയുമ്പോൾ കൂലിയായി നെല്ല് അളന്നു കൊടുക്കും. കൂടുതൽ സമയം ആത്മാർത്ഥമായി ജോലി ചെയ്യുന്നവർക്ക് ധാരാളം നെല്ല് കൂലിയായി കിട്ടുമെന്നത് സത്യം. ഈ സത്യം പാപ്പിയമ്മൂമ്മ പറയുന്നത് മറ്റൊരു രീതിയിലാണ്. "നിറയാൻ പണിയെടുക്കണം. കുറയാൻ കൈകെട്ടി നിന്നാമതി".

ഞങ്ങളുടെ വീടിനടുത്തുള്ള പുരയിടത്തിൽ ഉൽസവക്കാലത്ത് ഒരു കൊമ്പനാനയെ കൊണ്ടുവന്നു തളക്കുക പതിവായിരുന്നു. കുട്ടികളെല്ലാം ആനയുടെ വികൃതി കാണാൻ വരും. അപ്പോൾ തന്നെ പാപ്പിയമ്മൂമ്മയുടെ ശകാരം കേൾക്കാം "കാണാൻ കൊള്ളാവുന്നതിനെ ചൊറിയാൻ ചെല്ലരുത്". കാണാൻ കൊള്ളാം എന്ന് കരുതി ആനയെ ചൊറിയാൻ ചെന്നാൽ അനുഭവം എന്താകുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. സ്കൂൾ വിട്ടു വരുമ്പോൾ നിക്കറും ഷർട്ടും ഊരുന്നതിന് മുൻപു തന്നെ മാവിലും മറ്റും കയറുക ഞങ്ങൾക്കൊരു രസമായിരുന്നു. ഒരിക്കൽ ഞങ്ങളോട് അമ്മൂമ്മ ഉപദേശിച്ചു "പിള്ളകളെ കയറാൻ പാടാ. വീഴാൻ കൈവിട്ടാൽ മതി." എന്തു കനത്ത ഉപദേശം.

എത്രത്തോളം അർത്ഥവ്യാപ്തി ആ ഭാഷയ്ക്കുണ്ടെന്ന് വിശകലനം ചെയ്താലേ അറിയാൻ പറ്റുകയുള്ളു. ഈ കാലത്തുതന്നെ മാദ്ധ്യമങ്ങളിൽ കൂടി നാം അറിയുന്നില്ലേ വലിയനിലയിൽ എത്തിയവർ പോലും സത്യം ധർമ്മം ഇവയൊക്കെ കൈവെടിഞ്ഞതു കൊണ്ട് സമൂഹത്തിന്റെ ആട്ടും തുപ്പും ഏൽക്കേണ്ടി വരുന്നത്. സത്യം വിളിച്ചോതിയ അമ്മൂമ്മയ്ക്ക് നാമോവാകം.

അന്നൊക്കെ ഏതെങ്കിലും കല്യാണമോ അടിയന്തിരങ്ങളോ വന്നാൽ വളരെ നേരത്തേ നെല്ലു പുഴുങ്ങി ഉരലിൽ കുത്തി അരിയാക്കുക അത്യാവശ്യമായിരുന്നു. ഒരിക്കൽ നെല്ല് പുഴുങ്ങാൻ ഒരു വട്ടച്ചരുവം എടുത്തുവച്ച് നെല്ലുകുത്തി നിറച്ച് വെള്ളമൊഴിച്ച് അടുപ്പത്ത് വച്ചു. തീ കത്തിയതോടെ നെല്ലു കുതിർന്ന് പുറത്തുചാടി. അല്പം ദൂരെ നിന്നിരുന്ന പാപ്പിയമ്മൂമ്മയുടെ കമന്റ് "നെല്ലായാലും കല്ലായാലും കുത്തിനിറച്ചാൽ പുറത്തു ചാടും". അളവില്ലാതെ ധനം സമ്പാദിച്ചാലും ചീത്തപ്പേരു ഒളിച്ചുവച്ചാലും ഒരളവു കഴിഞ്ഞാൽ അവ പുറത്തു ചാടുമെന്ന് നാം നിത്യേന കാണുന്നുണ്ടല്ലോ.

പാപ്പിയമ്മൂമ്മ ഒരിക്കലും സത്യസന്ധത കൈവെടിഞ്ഞില്ല. അമ്മൂമ്മ പറയാറുണ്ടായിരുന്നു: "ഉള്ളതൊന്നിന് പൊളി പന്ത്രണ്ടു വേണം". കള്ളം സ്ഥാപിച്ചെടുക്കാൻ നന്നേ ബുദ്ധിമുട്ടേണ്ടി വരും എന്നത് പകൽ വെളിച്ചംപോലെ സത്യമാണ്.

വീട്ടുകാരും അയൽക്കാരും കൂടിയിരുന്ന് ഏതെങ്കിലും കല്യാണലോചനയെപ്പറ്റി പറയുമ്പോൾ അമ്മൂമ്മ പ്രത്യേകം ഓർമ്മിപ്പിക്കും "തടി കണ്ടു പെണ്ണുകൊടുക്കണം". ചെറുക്കന്റെ ആരോഗ്യംമാത്രമല്ല അമ്മൂമ്മ ഉദ്ദേശിച്ചത്. എല്ലാ കാര്യത്തിലും ശ്രദ്ധ വേണമെന്ന് ഭംഗ്യന്തരേണ പറഞ്ഞു. അത്രയേ ഉള്ളൂ.

എഴുത്തോലയും കൊണ്ട് ആശാൻ പള്ളിക്കൂടത്തിൽ പോകുന്ന കുട്ടികളെ അമ്മൂമ്മയ്ക്ക് വളരെ ഇഷ്ടമാണ്. പോകുന്ന സമയത്ത് അമ്മൂമ്മ താക്കീത് കൊടുക്കും "ഓലേ തുടങ്ങണം ഉന്നം മറക്കരുത്". പഠിച്ച് വലിയവനാകുന്ന ലക്ഷ്യം കൈവെടിയരുതെന്നാണ് അതിന്റെ ഉദ്ദേശം.

*  *  *

പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് ഞങ്ങളെല്ലാം ചെന്നിത്തലയിൽ നിന്ന് താമസം മാറ്റി. അമ്മൂമ്മയുമായി സമ്പർക്കം വളരെ കുറഞ്ഞു അങ്ങനെ കാലം ഏറെ കഴിഞ്ഞു. ഒരിക്കൽ ജീവിതം സന്ധ്യയോടടുക്കുന്ന പാപ്പിയമ്മൂമ്മയെ കാണാൻ ഞാൻ കുടുംബസമേതം അമ്മൂമ്മയുടെ കൂരയിൽ ചെന്നു. വയലും കുളവും താണ്ടി ക്ഷീണിച്ചെത്തിയ ഞങ്ങളെ കണ്ടപ്പോൾ അമ്മൂമ്മയ്ക്ക് സന്തോഷം സഹിക്കവയ്യാതായി. അമ്മൂമ്മയുടെ വാചാലമായ മൗനം ഞങ്ങളെ വേദനിപ്പിച്ചു. കാണാതിരുന്നു കണ്ടപ്പോഴുണ്ടായ സന്തോഷവും പരിഭ്രമവും ഉള്ളിലൊതുക്കിക്കൊണ്ട് അമ്മൂമ്മ കുശലാന്വേഷണം നടത്തി.

എല്ലുംതോലും മാത്രമായി എങ്കിലും സ്വതസ്സിദ്ധമായ വർത്തമാനശൈലി അമ്മൂമ്മയെ വിട്ടുപോയില്ല. പഴയ കാര്യങ്ങളും പുതിയ വിശേഷങ്ങളും ഒത്തിരി പറഞ്ഞു. പിരിയാനുള്ള വിഷമത്തോടെ അമ്മൂമ്മ ഞങ്ങളെ പോകാൻ അനുവദിച്ചു. ഞങ്ങളെ തലോടിക്കൊണ്ട് അമ്മൂമ്മ പതിഞ്ഞ സ്വരത്തിൽ സമാധാനിപ്പിച്ചു. "പെരിയോരായാലും അടിയാരായാലും രാവെളുക്കും പകലന്തിയാവും."

എന്തു ഗംഭീരമായ ഭാഷ! എത്രമാത്രം അർത്ഥസമ്പുഷ്ടമായ വാക്കുകൾ. ചിന്തിക്കും തോറും സത്യത്തിന്റെയും ലോകചരിത്രത്തിന്റെയും കയ്പും മധുരവും ഉരുത്തിരിഞ്ഞു വരുന്ന വാക്കുകൾ. സമുദ്രത്തിന്റെ ഇരുട്ടു നിറഞ്ഞ അഗാധതയിൽ ആരും അറിയപ്പെടാതെ തിളങ്ങുന്ന വർണ്ണമത്സ്യം പോലെ പാപ്പിയമ്മൂമ്മ ഇപ്പോഴും ജീവിച്ചിരിക്കുന്നു. നമുക്കൊക്കെ പാഠമാകേണ്ട ആ രണ്ടു വാക്കുകൾ പിന്നെയും തികട്ടി വരുന്നു. മറ്റൊന്നുമല്ല **"രാവെളുക്കും പകലന്തിയാവും."** ●



## പുസ്തകജാലകം




**നീതിമാൻമാരായ ഘാതകർ**
(ജർമ്മൻ നോവൽ)
**ഇങ്കോ ഷുൾസെ**
പ്രസാധകർ: ഡി.സി. ബുക്സ്
വില: 370 രൂപ

ഈ പുസ്തകം വിവർത്തനം ചെയ്തവരിൽ **ഗായത്രി ഗോവിന്ദൻ** മാവേലിക്കര ഉത്സൃട്ടാതിപ്പുരയിലെ അംഗമാണ്. ഭർത്താവ്: സച്ചിൻ പി. വർമ്മ.



# വനശ്രീയുടെ മടിത്തട്ടിലൊരു സഭാംഗസംഗമം:

## കുറ്റിലഞ്ഞി യൂണിറ്റിന്റെ ഏകദിന വിനോദയാത്ര

**അഡ്വ. കൃഷ്ണകുമാർ വർമ്മ**
കുറ്റിലഞ്ഞി, മൊ. 9847977594

പ്രകൃതിയുടെ പച്ചപ്പും സഭാംഗങ്ങളുടെ ഹൃദയബന്ധങ്ങളും ഇഴചേർന്ന മനോഹരമായ ഒരു സുദിനമായിരുന്നു കടന്നുപോയത്. കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2026 ഏപ്രിൽ 3-ാം തീയതി സംഘടിപ്പിച്ച ഏകദിന വിനോദയാത്ര, വന്യതയുടെ ഗാംഭീര്യവും ഒത്തുചേരലിന്റെ ആനന്ദവും ഒരുപോലെ പകർന്നു നൽകിയ ഒന്നായിരുന്നു. പുലരിയുടെ നിശബ്ദതയിൽ, മഞ്ഞുതുള്ളികൾ മായുംമുൻപേ രാവിലെ കൃത്യം 6.30-ഓടെ കുറ്റിലഞ്ഞിയിൽ നിന്നും ഞങ്ങളുടെ മിനി ബസ് പ്രയാണം ആരംഭിച്ചു. 27 പേർ അടങ്ങുന്ന സംഘത്തിൽ മുതിർന്നവരും വനിതകളും കുട്ടികളും ഒരേ ആവേശത്തിലായിരുന്നു.

യൂണിറ്റ് പ്രസിഡന്റ് ശ്രീ. സുരേഷ് വർമ്മയും കുടുംബവും ജോയിന്റ് സെക്രട്ടറിയായ ഞാനും, വനിതാ കമ്മിറ്റി അംഗം ജയശ്രീ ആർ. വർമ്മയും ഭർത്താവും ടൂർ കോർഡിനേറ്റർ കെ. രാമവർമ്മയും കുട്ടികളും യാത്രയുടെ മുൻനിരയിൽ തന്നെയുണ്ടായിരുന്നു. ഒപ്പം വനിതാ കമ്മിറ്റി ട്രഷറർ സുനിത ദിനേശ് വർമ്മ, യൂത്ത് കമ്മിറ്റി പ്രസിഡന്റ്





പ്രസീത വർമ്മ, വനിതാ കോർഡിനേറ്റർ സുപ്രിയ സുരേഷ് വർമ്മ എന്നിവരും മറ്റ് സഭാംഗങ്ങളും കുട്ടികളും ചേർന്നതോടെ യാത്രയുടെ ആവേശം അതിന്റെ പൂർണ്ണതയിലെത്തി. വിശ്വപ്രസിദ്ധമായ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ വെള്ളിവെളിച്ചവും, വാഴച്ചാൽ വെള്ളച്ചാട്ടത്തിന്റെ വനഭംഗിയും കണ്ടറിഞ്ഞ ശേഷം ഏഴാറ്റുമുഖത്തെ പുഴയ്ക്ക് കുറുകെയുള്ള തൂക്കുപാലത്തിലൂടെയുള്ള നടത്തം ഓരോരുത്തരിലും വലിയ ആവേശമാണ് സമ്മാനിച്ചത്.

വാൽപ്പാറയിലേക്കുള്ള വനപാതയിലൂടെയുള്ള യാത്രയായിരുന്നു ഈ യാത്രയുടെ ആത്മാവ്. കാടിന്റെ വന്യത തൊട്ടറിഞ്ഞ ആ യാത്രയിൽ വന്യമൃഗങ്ങളെ നേരിട്ടു കാണാൻ സാധിച്ചത് കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വിസ്മയമായി. വഴിയിലുടനീളം വനത്തിന്റെ കാവൽക്കാരെപ്പോലെ എത്തിയ കാട്ടുക്കുരങ്ങുകളും ശാന്തരായി മേയുന്ന മ്ലാവുകളും ഞങ്ങളുടെ ശ്രദ്ധ കവർന്നു. എന്നാൽ യാത്രയുടെ മാറ്റ് കൂട്ടിയത് പ്രൗഢിയോടെ നിൽക്കുന്ന കാട്ടാനകളെ നേരിട്ട് ദർശിക്കാൻ സാധിച്ചതാണ്. പ്രകൃതിയുടെ ഈ വന്യഭംഗി ഒപ്പിയെടുത്തുകൊണ്ട് ഞങ്ങൾ യാത്ര തുടർന്നു. ആഴിയാർ ഡാമിൽ എത്തിയപ്പോൾ വേനലിന്റെ കാഠിന്യത്താൽ അണക്കെട്ടിലെ ജലനിരപ്പ് ഏറെ താഴ്ന്നുപോയ കാഴ്ച അല്പം നിരാശപ്പെടുത്തിയെങ്കിലും, അവിടുത്തെ വ്യൂ പോയിന്റും ഇക്കോ പോയിന്റിലെ കൗതുകങ്ങളും എല്ലാവർക്കും ആനന്ദകരമായിരുന്നു.

യാത്രയിലുടനീളം തമാശകളും സഭാംഗങ്ങളുടെ പാട്ടുകളും വിശേഷം പങ്കുവെയ്ക്കലുകളുമായി സമയം കടന്നുപോയത് അറിഞ്ഞതേയില്ല. വനിതകളുടെ സജീവമായ പങ്കാളിത്തം

# വേഷങ്ങൾ



**ധനഞ്ജയ വർമ്മ (ദേവനന്ദൻ)**
പിലാത്തറ, മൊ. 9400291320

"ഏയ്, നിങ്ങളെന്താ ഇങ്ങനെ എപ്പോഴും ചിന്തിക്കുന്നത്; അതെന്തുതന്നെയായാലും എന്നോട് പറഞ്ഞുകൂടെ? ഞാൻ കാണുമ്പോഴൊക്കെ നിങ്ങൾ ചിന്തയിൽ മുഴുകിയിരിക്കുകയാണല്ലോ. ഇതിന്റെയൊക്കെ പൊരുൾ ഞാനും കൂടി അറിയട്ടെ. എന്നോട് പറയാൻ പറ്റാത്തതെന്തെങ്കിലുമുണ്ടോ... അങ്ങനെയാണെങ്കിൽ..." മൃദുല പറഞ്ഞു നിർത്തി. "അങ്ങനെയാണെങ്കിൽ?" ദേവൻ തിരക്കി. "നിങ്ങളുടെ ഇഷ്ടം. പക്ഷേ, ചിന്തകളെ മനസ്സിലിട്ടടക്കിയാൽ മനസ്സിന്റെ അവസ്ഥ വഷളാകും." ആ വാക്കുകളുടെ പൊരുൾ ഉൾക്കൊള്ളേണ്ടി വന്നപ്പോൾ ദേവന്റെ മനസ്സ് കഴിഞ്ഞകാലത്തേക്ക് തിരിച്ചുപോയി.

ദേവന്റെ ജീവിതത്തിന് ഒരു പ്രത്യേകതയുണ്ട്. കൊച്ചനുഭവങ്ങൾ പോലും മനസ്സിൽ നിന്ന് മാഞ്ഞുപോവില്ല. അത് പച്ചപിടിച്ച് മനസ്സിൽ തന്നെ കിടക്കും.

"ഈ കല്ല്മരിയിൽ ഞാനുണ്ടാക്കിവെച്ച കറിയിൽ നിന്ന് ആരാണെടുത്തത്? ഞാനുണ്ടാക്കിയത് എനിക്കുവേണ്ടിയാ. ഇതിൽ നിന്നാരെടുത്തു കറി?" വളരെ ഉച്ചത്തിൽ, കോപംകൊണ്ട് ജ്വലിക്കുന്ന നരേന്ദ്രൻ മാഷിന്റെ ശബ്ദം. മാഷിന് കറിയെക്കുറിച്ചോ അത് ഉണ്ടാക്കുന്നതിനെക്കുറിച്ചോ ഒന്നും അറിഞ്ഞുകൂടാ. ഒരു സുപ്രഭാതത്തിൽ ഉരുത്തിരിഞ്ഞ ബുദ്ധിയിൽ നിന്നുണ്ടായതാണ് ആ കറി. "ആരെടുത്തു, വേഗം പറ" മാഷ് പൊട്ടിത്തെറിച്ചു. അമ്മ ഇത് കണ്ടു. "ഓ ഇതാണോ നരേന്ദ്രാ കാര്യം. അതിൽ നിന്ന് അല്പം നിന്റച്ഛൻ എടുത്തുപോയി രുചിച്ചുനോക്കാൻ, അത്രേ ഉള്ളൂ". "എന്തിനെടുത്തു ഞാനറിയാതെ. വലിയൊരച്ഛനാണ് പോലും! അങ്ങനെ വിളിക്കുന്നത് തന്നെ എനിക്കിഷ്ടമില്ല." "ഓ, ഇത്ര നിസ്സാര കാര്യത്തിന് ഇങ്ങനെയൊക്കെ പറയണോ നരേന്ദ്രാ, എടുത്ത് പോയില്ലെ, ഒന്ന് ക്ഷമിക്ക്. അമ്മ മാഷിനെ അനുനയിപ്പിക്കാൻ ശ്രമിച്ചുനോക്കി; പരാജയപ്പെട്ടു. നരേന്ദ്രൻ മാഷ് ആ കറി കല്ല്മരിയോടെ എടുത്ത് വടക്ക് പുറത്തെ ഇട്ടമ്മിലേക്ക് (കല്ലിന്റെ മതിലിലേക്ക്) വലിച്ചെറിഞ്ഞു. കല്ല്മരി തുണ്ടം തുണ്ടമായി തെറിച്ച് പോയി. ആ ശബ്ദം കേട്ട് മനോവിഷമത്തിൽ കുതിർന്ന അമ്മയുടെ മുഖം ദയനീയമായി തോന്നി ദേവന്. "എനിക്കെന്ത് ചെയ്യാൻ കഴിയും; ഞാൻ കുട്ടിയ

→

---

→

യാത്രയ്ക്ക് കൂടുതൽ മിഴിവേകി. ഓരോ കാഴ്ചയ്ക്കും മുന്നിൽ നിന്ന് ചിത്രങ്ങൾ പകർത്തിയും, പ്രകൃതിയുടെ സാമീപ്യം അനുഭവിച്ചറിഞ്ഞും ഞങ്ങൾ ആ ദിവസം അവിസ്മരണീയമാക്കി. സുഖകരമായ കാലാവസ്ഥ യാത്രയുടെ ഓരോ നിമിഷവും ആസ്വദിക്കാൻ ഞങ്ങളെ ഏറെ സഹായിച്ചു. പ്രകൃതിയുടെ മനോഹാരിത കണ്ണിലും മനസ്സിലും നിറച്ച്, ഏപ്രിൽ നാലിന് പുലർച്ചെ (രാത്രി) ഒരു മണിയോടെ ഞങ്ങൾ തിരികെ കുറ്റിലഞ്ഞിയിൽ പാദമിട്ടു.

ശരീരത്തിന് ചെറിയ ക്ഷീണമുണ്ടായിരുന്നെങ്കിലും, മനസ്സുനിറയെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഒരായിരം ഓർമ്മകൾ ബാക്കിയുണ്ടായിരുന്നു. ഈ യാത്ര ഇത്രയും വിജയകരമാക്കാൻ സഹകരിച്ച എല്ലാ സഭാംഗങ്ങൾക്കും, പ്രത്യേകിച്ച് ഇതിനായി അക്ഷീണം പ്രയത്നിച്ച ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഇനിയും ഇതുപോലെയുള്ള ഒത്തുചേരലുകൾ നമ്മുടെ സഭയുടെ ഐക്യത്തിന് എന്നും കരുത്തുപകരും. ●

ല്ലെ. മറ്റാരെങ്കിലുമായിരുന്നെങ്കിൽ ആ കൈ... അമ്മേ..." മൃദുവായ ദേവന്റെ ശബ്ദം. "മോനേ... അവനെ നന്നാക്കാൻ ഈ അമ്മയെന്നല്ല ആര് തന്നെ വിചാരിച്ചാലും സാദ്ധ്യമല്ല."

* * * *

"എന്റെ കാര്യത്തിലിടപെട്ട് എന്നെക്കുറിച്ചെന്തെങ്കിലും പറയാൻ തുനിഞ്ഞാൽ ഈ മുഖത്തിന്റെ ഷെയ്പ്പ് ഞാൻ മാറ്റും. മനസ്സിലായോ?" പുറത്തെ ഇറയത്ത് സ്റ്റെപ്പിൻമേൽ കാല് വെച്ച് ഇരിക്കുന്ന ഗോപ്യേട്ടന്റെ മുഖത്ത് കൈ ചുരുട്ടി കുത്താൻ നോക്കിക്കൊണ്ടുള്ള നരേന്ദ്രൻ മാഷിന്റെ ഡയലോഗ്. ഗോപ്യേട്ടൻ ആള് വളരെ പാവം. ക്ഷമ, വിനയം ഇതാണ് ഗോപ്യേട്ടന്റെ കൈമുതൽ. ആരുമായും വഴക്കിടാനോ, ദേഷ്യപ്പെടാനോ അറിയാത്ത, അതിന് ഇഷ്ടപ്പെടാത്ത പ്രകൃതമാണ് ഗോപ്യേട്ടന്റേത്. ഏകാന്തനായി ഇറയത്തിന്റെ മൂലയിൽ ഇരിക്കുന്ന ആ പാവത്തിനടുത്തേക്ക് തുള്ളിയുറഞ്ഞോണ്ട് പോയി മുഖത്ത് കുത്താൻ ശ്രമിക്കുന്ന ദൈന്യതയാർന്ന ചിത്രം ദേവന്റെ മനസ്സിൽ എന്നും മായാതെ കിടക്കും.

* * * *

മേലത്തെ നിലയിൽ അകത്രയമാണ് എന്നും നരേന്ദ്രൻ മാഷ് കിടന്നുറങ്ങുന്ന സ്ഥലം. ഉറക്കത്തിനു തടസ്സം വന്നാൽ അതിന് ഉത്തരവാദിയായവരെ വെറുതെ വിടില്ല. 'ഉരുട്ടി' ഒരു പരുവത്തിലാക്കും. "ഛെ, ഇതൊരു വല്ലാത്ത ശല്യം തന്നെ രാത്രി ഉറങ്ങാമെന്ന് വെച്ചാൽ അതിനും വിടില്ല; മഹാപാപികൾ... ഇവന്റൊരു വായന, ശല്യം പിടിച്ചത്. ഈ പണ്ടാരത്തിന് വേറെ എവിടെയെങ്കിലും പോയിരുന്ന് വായിച്ചൂടെ... പോ, വേറെ എവിടെങ്കിലും പോ. ഉറക്കം കെടുത്താൻ ഓരോന്നുണ്ടാവും ഇങ്ങനെ; പണ്ടാരം പിടിച്ചത്. എന്റെ തലവിധിയെന്നല്ലാതെന്ത് പറയാൻ". ബിജുവേട്ടന്റെ ചെവിയിൽ നരേന്ദ്രൻ മാഷിന്റെ ഭയപ്പെടുത്തുന്ന ശബ്ദം വന്നലച്ചു. തൊട്ടപ്പുറത്തെ വരാന്തയിൽ നിന്ന് വളരെ പതിഞ്ഞ ശബ്ദത്തിൽ ബിജുവേട്ടൻ വായിക്കുന്നുണ്ട്. ബി.എസ്.സി. ഫൈനൽ എക്സാം അടുത്തുവരികയാണ്. പഠിക്കാൻ ശാരീരികവും മാനസികവുമായ പോസിറ്റീവ് എനർജി കൈവരുന്ന സ്ഥലമാണ് വരാന്ത. മറ്റൊരിടത്തേക്കുറിച്ച് ചിന്തിക്കാനാവില്ല. അവിടുന്ന് മാറിയാൽ എല്ലാം നെഗറ്റീവായി വരും. ഒന്നും ശരിയാവില്ല. ബിജുവേട്ടന്റെ മനസ്സ് ഇഴുകിച്ചേർന്ന സ്ഥലമാണ് ആ വരാന്ത. പക്ഷെ, എത്രകാലം ഇങ്ങനെ കേൾക്കും ശകാരം. വയ്യ വേറെ എവിടുത്തേക്കെങ്കിലും മാറുകയേ നിർവ്വാഹമുള്ളൂ. മാഷിന്റെ സാഹിത്യം കേട്ടു മടുത്ത ബിജുവേട്ടൻ തന്റെ വായനയും പഠനവും താഴെ വേറൊരിടത്തേക്ക് മാറ്റാൻ തീരുമാനിച്ചു, മാറ്റി. പൂമുഖത്തെ കുറ്റ്യേരത്തിന് മുട്ടിയ ബെഞ്ചിലിരുന്നാണ് പിന്നീടുള്ള എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരുന്നത്. ചെറിയ കുപ്പിയുള്ള ഒരു മണ്ണെണ്ണ വിളക്ക് (മുട്ട വിളക്ക്) കൂട്ടിനുണ്ടാകും. വായിക്കുന്നത് പതിഞ്ഞ ശബ്ദത്തിൽ. നരേന്ദ്രൻ മാഷിന്റെ ശകാര വർഷത്തിൽ നിന്ന് താല്ക്കാലികമായി ഒരാശ്വാസം.

* * * *

"ങേ! ഇതെന്താ പറ്റിയത്. മരത്തിന് ഇട്ട പ്ലാസ്റ്റിക് ഷീറ്റൊന്നും കാണാനില്ലല്ലോ! ഇതെങ്ങനെ പോയി, ആര് ഇതൊക്കെ എടുത്ത് കീറി നശിപ്പിച്ചു. ഇത് കൊണ്ടെന്താണവർക്ക് കാര്യലാഭം. ഒരാഴ്ച പണിക്കാരെ നിർത്തിയാണ് ഞാനിതൊക്കെ ചെയ്ത് തീർത്തത്. അതിന്റെ കൂലി പോലും കൊടുത്ത് തീർന്നിട്ടില്ല. ഹൊ! ഈയൊരു ദയനീയ അവസ്ഥ എനിക്ക് മാത്രം വരുന്നല്ലോ ശിവനേ! ആർക്കും ഒരു ദ്രോഹവും ചെയ്യാത്ത എനിക്ക് മാത്രം!!" മഴക്കാലത്ത് പാലെടുക്കുന്നതിന് വേണ്ടിയാണ് ഇന്ദു ടീച്ചർ മരത്തിന് പ്ലാസ്റ്റിക് ഷീറ്റിട്ടത്. ഒരു ദിവസം തോട്ടത്തിലേക്ക് പോയപ്പോഴാണ് ഈ അവസ്ഥ കാണേണ്ടി വന്നത്. "ആരാണ് ഈ കടുംകൈ ചെയ്തത്? എന്തിനാണ് ചെയ്തത്?" ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്താൻ അധിക ദിവസം വേണ്ടിവന്നില്ല. അത് നമ്മുടെ നരേന്ദ്രൻ മാഷ് തന്നെ. 'ഇഷ്ടമില്ലാത്ത ശത്രു'വായ ഒരുത്തനെ ടാപ്പിങ്ങിന് തോട്ടത്തിൽ കയറ്റിയത് തികഞ്ഞ വൃത്തികേടായിപ്പോയി; അത് ഒട്ടും ശരിയായില്ല! എന്ന് പറയാൻ മാഷിന് എന്ത വകാശമാണുള്ളത്. "നരേന്ദ്രാ, ഇത് നിനക്ക് മാത്രം തട്ടിക്കളിക്കാനുള്ള സ്ഥലമല്ല; എന്റേത് കൂടിയാണ്. ഇവിടെ ആര് വേണമെന്ന് തീരുമാനിക്കുന്നത് ഞാനാണ് നീയല്ല" ടീച്ചറുടെ കനത്ത ശബ്ദം.

"ടീച്ചറെ, നിങ്ങളുടെ ജീപ്പ്" ഘനഗംഭീരമായ ആ ശബ്ദം കേട്ട് ടീച്ചർ പെട്ടെന്ന് പുറത്തേക്ക് വന്നു. "എന്താ, രാഘവാ, എന്താ എന്താ! ജീപ്പിനെന്താ പറ്റിയത്?" ആകെ ഭയന്ന അവസ്ഥയി

ലുള്ള ടീച്ചറുടെ ശബ്ദം. “അത് പറയാനാ ടീച്ചറെ ഞാനും ഗോപാലനും കൂടി ഇങ്ങോട്ട് വന്നത്.” അവർക്ക് പറയാനുള്ള കാര്യം പെട്ടെന്ന് പറയാൻ ഒരു വിഷമം. “പറ എന്താ കാര്യം? വേഗം പറ” അവർ ടീച്ചറോട് കാര്യം പറഞ്ഞു. “ജീപ്പിൽ നിന്നും പുക. അതറിയാൻ ജീപ്പിനടുത്തേക്ക് പോയപ്പോഴാണ് ജീപ്പ് കത്തുന്നത് കണ്ടത്. എങ്ങനെ തീ വന്നു എന്നറിയില്ല. നമ്മൾ മൂന്നാല് പേർ ചേർന്ന് വെള്ളം സ്പ്രേ ചെയ്ത് തീ കെടുത്തി. ഇത് ആരോ പറ്റിച്ച പണിയാണ് എന്നു തോന്നുന്നു. ടീച്ചർ അങ്ങോട്ട് വാ, നമ്മൾ പോകുന്നു.” അവർ നടന്നകലും മുമ്പ് ടീച്ചറും എത്തി. അപ്പോൾ കണ്ട കാഴ്ച മനസ്സിനെ തകർക്കുന്നതായിരുന്നു. “ഇത് ആരോ പറ്റിച്ച പണിയാണ്.” എന്ന അവരുടെ വാക്കുകൾ ഇന്ദു ടീച്ചറെ അല്പം പിന്നോട്ട് കടന്ന് ചിന്തിക്കാൻ പ്രേരിപ്പിച്ചു. അനിയന്റെ അവിഹിത ബന്ധത്തെ എതിർത്തിരുന്ന കാര്യം ടീച്ചർ അപ്പോൾ ഓർത്തു. നല്ലത് എന്ത് ചെയ്താലും അതിന് തിരിച്ചടി കിട്ടുന്നത് ടീച്ചറുടെ ജന്മഫലം. നരേന്ദ്രൻ മാഷാണ് ജീപ്പിന് തീ കൊളുത്തിയത്.

അന്ന് അന്നം കഴിക്കാനാക്കിയത് ഇന്ദു ടീച്ചർ. ഡ്രൈവിങ് ലൈസൻസ് നേടിക്കൊടുത്തത് ഇന്ദു ടീച്ചർ. കാരണങ്ങൾക്കെല്ലാം കാരണം ഇന്ദു ടീച്ചർ. ആ ടീച്ചറെ നരേന്ദ്രൻ മാഷ് തന്റെ ആജന്മ ശത്രുവായി കണ്ടു. ഭൂതകാലത്തിലേക്ക് കടന്ന് ചിന്തിക്കാനുള്ള ബുദ്ധി മാഷിന് ഇല്ല.

നരേന്ദ്രൻ മാഷ് ജി.എച്ച്.എസ്. അദ്ധ്യാപകനായിട്ട് കാലം കുറേ ആയി. എങ്കിൽ ജീവിതവുമൊക്കെ മാറ്റിമറിക്കേണ്ട കാലം അതിക്രമിച്ചു. അതിനുള്ള തയ്യാറെടുപ്പ് വേണ്ടേ. ഇല്ലെങ്കിൽ വ്യക്തിത്വം... അതൊരു ചോദ്യചിഹ്നമായി മാറും.

ശമ്പളം എല്ലാ മാസവും എണ്ണി വാങ്ങും. അതിൽ നിന്ന് ഒരു ചില്ലിക്കാശ് പോലും ആർക്കും കൊടുക്കില്ല. അങ്ങനെ കൊടുത്ത ഒരനുഭവം ഇല്ല. അപ്പോൾ ജീവിതച്ചെലവൊക്കെ എങ്ങനെ പോകുന്നു? ആ ചോദ്യത്തിനുത്തരം ഇന്ദു ടീച്ചർ പറയും. “എനിക്കിന്നു വരെ അവൻ അവന്റെ ചെലവിനുള്ള പൈസ തന്ന അനുഭവം ഇല്ല. ഞാൻ ചോദിച്ചിട്ടുമില്ല. അവനൊരു മാഷല്ലെ, ചെലവിനുള്ള കാശിന് ഞാൻ ചോദിക്കണോ; പിന്നെന്തിനാ ശമ്പളം? ആർക്ക് വേണ്ടിയാണിത്? ഇങ്ങനെയൊക്കെ ഇന്ദു ടീച്ചർ ചിന്തിക്കുന്നത് വിഡ്ഢിത്തമായിരിക്കും. നരേന്ദ്രൻ മാഷിനെ പകൽ പോലെ അറിയുന്ന ആളല്ലെ. ആത്മാഭിമാനം എന്ന വാക്കിന്റെ അർത്ഥം അറിയാത്ത പണ്ഡിത ശിരോമണിയാണ്. മാഷിന്റെ ചെലവ് എന്നും ടീച്ചറുടെ അക്കൗണ്ടിൽ തന്നെ! എന്ത് ചെയ്യാം, സഹിച്ചേ മതിയാവൂ. “നീ ഇവിടുന്നിറങ്ങിപ്പോ” എന്ന് പറയാൻ പറ്റോ. ആ ഒരു മനസ്സല്ല ടീച്ചറുടേത്. നരേന്ദ്രൻ മാഷിന് അതറിയാം. വലിയ കാശ് ശമ്പളം വാങ്ങിക്കുന്ന മാഷിന് മുമ്പോട്ട് നീങ്ങാൻ ഇന്ദു ടീച്ചറുടെ തണൽ വേണം! ആരോട് പറയും ഈ ദുരവസ്ഥ. ‘എന്നെത്തല്ലണ്ടമ്മാവാ, ഞാൻ നന്നാവില്ല’, ‘പാലൻ കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല.’

*   *   *   *

“കണി കാണാൻ സമയമായി. ഓരോരുത്തരായി വന്നോളൂ” അമ്മ വിഷുക്കണി ഒരുക്കി എല്ലാവരേയും ഉണർത്തി. നരേന്ദ്രൻ മാഷ് നേരത്തെ ഉണർന്നിരുന്നു. കണി കാണുന്നതൊന്നും ഇഷ്ടമല്ല. അതിലൊന്നും വിശ്വാസവുമില്ല. എല്ലാറ്റിലും വിശ്വാസമുള്ള ഒരാൾ ആദ്യമായി പടിഞ്ഞാറ്റയിൽ കാല് കുത്താൻ ശ്രമിച്ചപ്പോൾ അയാളെ ബലമായി പിടിച്ച് പിന്നോട്ട് തള്ളി. അയാൾ വാതിലിന് തലയിടിച്ച് അവിടെ വീണു. അത് മറ്റാരുമല്ല നാരു മാഷ്. ഞെട്ടിക്കുന്ന ഈ രംഗം കണ്ട് ഇന്ദു ടീച്ചറും ടീച്ചറുടെ അമ്മയും മാനസികമായി തകർന്നു.

“നീ എന്തിനിത് ചെയ്തു നരേന്ദ്രാ... നേരം പുലരും മുമ്പ് ഈ അശ്രീകരം വേണമായിരുന്നോ? ഇതിന് മാത്രം അവൻ എന്ത് പിഴച്ചു... നിനക്കും ഒരു ജീവിതം വേണ്ടതല്ലെ. ശത്രുവിനോട് പോലും വൃത്തികേട് കാണിക്കാൻ പറ്റിയ സമയമാണോ ഇത്?” അമ്മയുടെ മനോവേദന വാക്കുകളിലൊതുക്കാൻ പ്രയാസം. ഒന്നും പറയാൻ ഇന്ദു ടീച്ചർക്ക് നാവ് അനങ്ങുന്നില്ല. ആകെ തളർന്നിരിക്കയാണ്. വിഷു ദിനത്തിൽ രാവിലെ ഐശ്വര്യമായി കണി ഒരുക്കി. അത് കാണാൻ തുടങ്ങുമ്പോഴാണ് മാഷിന്റെ പ്രകടനം. ഇന്ദു ടീച്ചറുടെ നാരുമാഷ് ഒരു പാവം. വഴക്കിനും വക്കാണത്തിനുമില്ലാതെ തന്നിൽത്തന്നെ ഒതുങ്ങിക്കഴിയുന്ന പ്രകൃതം. ഇറയത്ത് ഒരു കസേരയിൽ ഇരുന്ന് കാല് കുറ്റ്യേര

ത്തിന്മേൽ വെയ്ക്കും. അങ്ങനെയാണ് ഇരുത്തം. ആരോടും അധികം സംസാരിക്കില്ല. നാരുമാഷിനെക്കുറിച്ച് ആർക്കും ഒന്നും മോശം പറയാനില്ല. ആ ആളിനോടാണ് നരേന്ദ്രൻ മാഷിന്റെ പ്രകടനം. ഇതോടെ കണികാണൽ താറുമാറായി. വിഷുവിന് സദ്യയൊരുക്കാനും കഴിയാതെ പോയി. ദൈന്യതയാർന്ന ഈ നാടകം എല്ലാ വർഷവും വിഷു ദിനത്തിൽ അരങ്ങേറാറുണ്ട്.

* * * *

കഴിഞ്ഞ കാലത്തെക്കുറിച്ച് ചിന്തിക്കാനുള്ള വിവേകം നരേന്ദ്രൻ മാഷിന് ഇല്ല, എന്ന് എത്രവട്ടം പറഞ്ഞാലും അധികമാവില്ല. മുമ്പ്, ഹാർട്ടിന് ട്രബിളായപ്പോൾ ആസ്പത്രിയിൽ കൂട്ടിപ്പോയി മാഷിനെ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തിയതാരാ? ഇന്ദു ടീച്ചർ. അപ്പോൾ രണ്ടാഴ്ച കൂട്ടിനിരുന്നതാരാ? കണി കാണാൻ പടിഞ്ഞാറ്റയിൽ കാലെടുത്ത് വച്ചപ്പോൾ തട്ടി പുറത്തേക്കിട്ടതാരെയാ? നരേന്ദ്രൻ മാഷിന് കൂട്ടിരുന്നത് അയാൾ തന്നെ.

"നിന്നെ ബി.എഡ്. കഴിപ്പിച്ചതാരാ? നിനക്ക് ജി.എച്ച്.എസ്സിൽ ജോലി കിട്ടാനുള്ള കാരണം ആരാ? നിവർന്ന് നിന്ന് വർത്തമാനം പറയാനാക്കിയതാരാ? ഇതിനൊക്കെയുള്ള ഉത്തരം അറിയാവുന്ന നീ, എന്നോട് നിരന്തരം വ്യക്തിവൈരാഗ്യം വച്ചുപുലർത്തുന്നതെന്തിനാ? ഭൂതകാലത്തെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കാൻ മനസ്സ് തയ്യാറായിരുന്നെങ്കിൽ, നിനക്കെന്നെ ഈ പരുവത്തിൽ ദ്രോഹിക്കാൻ കഴിയുമോ... ഞാൻ ആരെയും ദ്രോഹിച്ചിട്ടില്ല. ഓരോരുത്തരുടെയും നന്മയ്ക്ക് വേണ്ടി മാത്രമേ ആഗ്രഹിച്ചിട്ടുള്ളൂ, നിലകൊണ്ടിട്ടുള്ളൂ. ആ എന്നോട് നീ ഇങ്ങനെ കൊടുംപാതകം ചെയ്തുകൊണ്ടിരിക്കണോ? ഇന്ദു ടീച്ചർ എപ്പോഴും എവിടെയും മാനസിക തകർച്ചയിലാണ്.

* * * *

ഉണ്ണുന്ന ചോറിൽ മണ്ണ് വാരിയിടുന്നതിനെക്കുറിച്ച് പറഞ്ഞുകേട്ടിട്ടുണ്ട്. ആ ചൊല്ല് ഹരിതാഭയോടെ പ്രവർത്തിപഥത്തിലെത്തിച്ചത് ആരെന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. നാരുമാഷ് അടുക്കളയിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് അതിൽ കുറെ മൺതരികൾ വീഴുന്നത് കണ്ടു. മാഷ് എഴുന്നേറ്റ് ധൃതിയിൽ അപ്പുറത്തേക്ക് കടന്നുകളഞ്ഞ ആളിനെ ശ്രദ്ധിച്ചു.

"നിങ്ങൾ വാ; ഇവിടെയിരിക്ക്. ഞാൻ വിളമ്പിത്തരാം". ഇന്ദു ടീച്ചർ നാരുമാഷിനെ മറ്റൊരിടത്തേക്ക് കൊണ്ടിരുത്തി ഊണ് കഴിപ്പിച്ചു. "ഇപ്പോൾ പുറത്തേക്ക് ചാടിപ്പോയതാരാ; ഇന്ദുവിനറിയോ?" നാരുമാഷ് ചോദിച്ചു. "അങ്ങനെയൊരു ചോദ്യം അസ്ഥാനത്താണെന്നറിഞ്ഞുകൂടേ? അതിനിവിടെ പ്രസക്തിയില്ല" അവർ സമാധാനിപ്പിച്ചു.

എത്ര പണം കൊണ്ട് കളിക്കുന്നവനും ചിലപ്പോൾ കടം വാങ്ങേണ്ടി വരും. അതാണ് ജീവിതമെന്ന പ്രതിഭാസം. ദേവനോട് വാങ്ങിയ കടം കടമായിത്തന്നെ കിടക്കുന്നു. അതിൽ ഒരു രൂപ പോലും ദേവന് തിരിച്ച് കിട്ടിയില്ല!

"എന്റെ പറമ്പിൽ ആരാ മരം മുറിച്ചിട്ടത്? അതിന്റെ കമ്പും ചില്ലകളും കച്ചറകളും മുഴുവൻ ഇവിടെ ഇട്ടതാരാ?" ഏതിനും ഉത്തരം കണ്ടെത്താൻ ഇന്ദു ടീച്ചർക്ക് അധികകാലം വേണ്ടിവരാറില്ല. നരേന്ദ്രൻ മാഷിന്റെ മരമാണ് മുറിച്ച് ആജന്മശത്രുവായ ഇന്ദു ടീച്ചറുടെ പറമ്പിൽ ഇട്ടിരിക്കുന്നത്!! ഇത് മനുഷ്യന്റെ ചിന്തകൾക്കും വിശ്വാസങ്ങൾക്കും അപ്പുറത്താണ്. ഇംഗ്ലീഷ് രാജ്യങ്ങളിൽ പോലും ഇത്തരം നെറികെട്ട മനുഷ്യർ ഉണ്ടാവില്ല. ആത്മാഭിമാനം എന്ന വാക്കിന്റെ അർത്ഥം അവർ നമുക്ക് പറഞ്ഞുതരും.

"എന്നെ കണ്ണെടുത്ത് കണ്ടുകൂട. കാണുമ്പോഴൊക്കെ തുപ്പും, ശകാരിക്കും. എന്റെ സഹായമില്ലാതെ അവന് കഴിയാനാവുന്നുമില്ല. ഒരു നിമിഷം പിന്നോട്ട് തിരിഞ്ഞ് നോക്കാനുള്ള ബുദ്ധി അവനില്ല. ഉണ്ടായിരുന്നെങ്കിൽ എന്നെ ശകാരിക്കാൻ കഴിയോ... സ്നേഹത്തിൽ നീങ്ങുന്നവരാണെങ്കിൽ പോലും, പറമ്പിൽ കച്ചറയിടുമ്പോൾ അനുവാദം വാങ്ങണം. ഞാൻ ഇത് മുഴുവൻ ഇനി എവിടെ കൊണ്ടിടും... വയ്യ, മടുത്തു" ഇന്ദു ടീച്ചർ അവിടുന്ന് നടന്നകന്നു.

* * * *

"ഇപ്പോൾ എങ്ങനെ; എല്ലാം തീർന്നോ, കഴിഞ്ഞോ, ആശ്വാസമായോ?" മൃദുലയുടെ ശബ്ദം. കഴിഞ്ഞു എന്ന് പറയാനാവില്ല. മനസ്സിന്റെ ഭാരം അല്പം കുറഞ്ഞു എന്ന് പറയാം. അതിൽ ഒരാശ്വാസം, സംതൃപ്തി. ദേവൻ ദീർഘനിശ്വാസം വിട്ടു. ●



# യോഗങ്ങളുടെ യോഗം

**ഇ.കെ. രാജവർമ്മ**
വെള്ളാരപ്പിള്ളി, മൊ. 9447327450

ഒരാളുടെ ജാതകത്തിലെ ഭാവങ്ങളിൽ ചില ഗ്രഹങ്ങളുടെ പ്രത്യേക ബന്ധങ്ങളും, ഭാവ ബലങ്ങളോടും കൂടിയ സ്ഥിതിയെയാണ് യോഗം എന്ന് പറയുന്നത്. യോഗഫലങ്ങൾ ഒരു ജാതകന്റെ ജീവിതത്തിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. പലവിധത്തിലുള്ള യോഗങ്ങളുണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ട യോഗങ്ങൾ ഇവയാണ്:

### രാജയോഗം

ജാതകത്തിൽ അതിവിശേഷമായി കാണപ്പെടുന്ന യോഗമാണ് രാജയോഗം. സാധാരണക്കാരായിട്ടാണ് ജനിക്കുന്നതെങ്കിലും ജാതകത്തിൽ രാജയോഗം ഉണ്ടെങ്കിൽ അദ്ദേഹം ഉന്നതിയിൽ എത്തുന്നു. ജാതകവശാൽ നിങ്ങളുടെ ഗ്രഹങ്ങളുടെ ബലാബലമനുസരിച്ച് ഏതൊക്കെ രാശികൾക്ക് അല്ലെങ്കിൽ നക്ഷത്രക്കാർക്ക് രാജയോഗം ഉണ്ടെന്ന് മനസ്സിലാക്കാം. ഏതെങ്കിലും ഒരു ഗ്രഹം ഉച്ചത്തിൽ നിൽക്കുകയും ആ ഗ്രഹത്തിന് ബന്ധുഗ്രഹത്തിന്റെ ദൃഷ്ടികൂടി ഉണ്ടാവുകയും ചെയ്യുമ്പോൾ അത് രാജയോഗത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ചന്ദ്ര കേന്ദ്രത്തിൽ (1, 4, 7, 10) വ്യാഴം നിന്നാൽ അത് രാജയോഗത്തിലേക്ക് നയിക്കുന്നു. ഇതിന്റെ ഫലമായി സർവ്വവിധത്തിലുള്ള ഭാഗ്യം, സമ്പത്ത്, ദീർഘായുസ്സ്, ശത്രുനാശം, ഐശ്വര്യം എന്നിവയാണ് ഇതിലൂടെ പ്രകടമാവുന്നത്. ചക്രവർത്തി തുല്യനായ ജീവിതമായിരിക്കും നിങ്ങൾക്ക് ലഭിക്കുന്നത്. ജീവിതത്തിൽ ഉന്നത പദവിയിൽ എത്തുന്നതിനുള്ള യോഗം ഉണ്ട്. മറ്റ് ഏത് യോഗത്തേക്കാൾ ഫലം ലഭിക്കുന്നത് രാജയോഗത്തിന് തന്നെയാണ്.

രാജയോഗത്തെ കൂടാതെ വിവിധതരത്തിലുള്ള യോഗങ്ങൾ വേറെയും ഉണ്ട്. ഇവയെക്കുറിച്ച് പല വിധത്തിലുള്ള കാര്യങ്ങളും ജാതകവശാൽ ജാതകൻ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ജാതകത്തിൽ ഉണ്ടാവുന്ന യോഗങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

### പഞ്ചമഹായോഗങ്ങൾ

കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി എന്നീ ഗ്രഹങ്ങൾ ലഗ്നത്തിലോ, സ്വക്ഷേത്രത്തിലോ നിൽക്കുകയും ആ ഭാവം ലഗ്നകേന്ദ്രം (1, 4, 7, 10) ചെയ്താൽ പഞ്ചാമഹായോഗങ്ങൾക്ക് യോഗമുണ്ടെന്ന് പറയാം.

### രുചക യോഗം

കുജനാലുള്ള യോഗം (കോൺ രാശി ലഗ്നമായാൽ ഇല്ല)-രുചക യോഗം. ഈ യോഗത്തിൽ ജനിച്ചാൽ ഐശ്വര്യം, ബലമുള്ള ശരീരം, സ്വഭാവഗുണം, ദാനശീലം.

### ഭദ്രയോഗം

ബുധനാലുള്ള യോഗം-ഭദ്രയോഗം. (കോൺ രാശി ലഗ്നമായാൽ മാത്രം) യോഗപ്രകാരം ജാതകന് പ്രസംഗ ചാതുര്യം, വിദ്യ, ബുദ്ധി, യോഗശാസ്ത്ര ജ്ഞാനം, ശൗര്യമുള്ള മുഖം എന്നീ ഫലം പറയാം.

### ഹംസയോഗം

വ്യാഴാലുള്ള യോഗം (കോൺ രാശി ലഗ്നമായാൽ മാത്രം, സ്ഥിര രാശിയിൽ ഇല്ല)-ഹംസയോഗം. ഉയർന്ന മൂക്ക്, സുന്ദരൻ, അധ്യാപകൻ, സൽകർമ്മി, ജ്ഞാനം സംഭരിക്കാനുള്ള കഴിവ്, രജോഗുണം.

### മാളവ്യയോഗം

ശുക്രനാലുള്ള യോഗം (എല്ലാ രാശി ലഗ്നമായാലും ഉണ്ട്)- മാളവ്യയോഗം. സമ്പത്ത്, സൽഗുണം, വാഹനയോഗം, ആകർഷണീയമായ ശരീരം, സൽകളത്രം, സൽസന്താനം.

**ശശയോഗം**

ശനിയാലുള്ള യോഗം (കോൺ – രാശി ലഗ്ന മായാൽ ഇല്ല)–ശശയോഗം. മാതൃഭക്തി, ചപാല സ്വഭാവം, വിദേശ ബന്ധം, സേനാനായകത്വം.

ഇതുകൂടാതെ വേറെ പല യോഗങ്ങളും നിലവി ലുണ്ടെങ്കിലും വളരെ പ്രചാരത്തിലുള്ള മറ്റു ചില പ്രധാനയോഗങ്ങൾ ഇവയാണ്.

**ഗജകേസരി യോഗം**

ചന്ദ്രകേന്ദ്രത്തിൽ വ്യാഴം നിന്നാൽ ചന്ദ്രനും വ്യാഴത്തിനും ബലമുണ്ടെങ്കിൽ ഈ യോഗം വളരെ ഫലപ്രദമായിരിക്കും. ചന്ദ്രന്റെ ഒപ്പമോ അല്ലെങ്കിൽ ചന്ദ്രൻ നിൽക്കുന്ന രാശിയുടെ ഭാവ ത്തിലോ ഏഴിലോ പത്തിലോ വ്യാഴം നിന്നാൽ കേസരി യോഗം ആ ജാതകത്തിൽ ഉണ്ടെന്നു കണക്കാക്കാം. അതുപോലെ ചന്ദ്രനെ ബുധൻ, ശുക്രൻ, വ്യാഴം (ഇവർക്ക് നീചവും മൗഢ്യവും വരരുത്) എന്നിവർ നോക്കിയാലും ഗജകേസരി യോഗമാകുന്നു. ചന്ദ്രന് നീചമോ മൗഢ്യമോ ഉണ്ടായിരിക്കുകയുമരുത്.

ഉദാഹരണം: ഒരു ജാതകത്തിൽ ലഗ്നം ധനു, ചന്ദ്രൻ ഇടവത്തിൽ. അപ്പോൾ വ്യാഴം ഇടവ ത്തിലോ അല്ലെങ്കിൽ ചന്ദ്രന്റെ കേന്ദ്ര ക്ഷേത്ര ങ്ങളായ (4, 7, 10) രാശികളായ ചിങ്ങം, ധനു, മീനം എന്നീ രാശികളിലോ നിന്നാൽ ഗജകേസരി യോഗം അനുഭവപ്പെടാം.

**കേമദ്രുമ യോഗം**

ചന്ദ്രന്റെ രണ്ടിലും പന്ത്രണ്ടിലും ഗ്രഹങ്ങളി ല്ലെങ്കിൽ ഈ യോഗം സംഭവിക്കുന്നു. അതനുസ രിച്ച് ദാരിദ്ര്യം, ദുഃഖം, കുടുംബ സുഖമില്ലായ്മ.

ഉദാഹരണം: ഒരു ജാതകത്തിൽ ലഗ്നം മിഥുനം. അപ്പോൾ കർക്കിടകത്തിലും (2) ഇടവ ത്തിലും (12) ഒരു ഗ്രഹങ്ങളും ഇല്ലെങ്കിൽ കേമദ്രുമ യോഗം പറയാം.

ഇതോടൊപ്പം തന്നെ ചന്ദ്രന്റെ കേന്ദ്ര ക്ഷേത്ര ങ്ങളിൽ (1, 4, 7, 10) കുജൻ, ഗുരു, ബുധൻ, ശുക്രൻ, ശനി ഇവയിലാരെങ്കിലും നിൽക്കുകയാണെങ്കിൽ കേമദ്രുമ യോഗഭംഗം സംഭവിക്കുന്നു.

**നീചഭംഗ രാജയോഗം**

ഏതെങ്കിലും ഒരു ഗ്രഹം നീചത്തിൽ നിന്നാൽ,

1. ആ നീചരാശിയുടെ അധിപനോ അല്ലെ ങ്കിൽ ഉച്ചക്ഷേത്രമായിട്ടുള്ള ഗ്രഹമോ, ചന്ദ്രകേന്ദ്ര ത്തിൽ വരിക.

2. അല്ലെങ്കിൽ ആ നീചരാശി ഉച്ചക്ഷേത്ര മായുള്ള ഗ്രഹമോ നീചരാശിയുടെ അധിപനായ ഗ്രഹത്തിന്റെ ഉച്ചരാശ്യാധിപനോ ഇവരിൽ ഏതെ ങ്കിലും ഒരു ഗ്രഹം ലഗ്നകേന്ദ്രത്തിൽ വരിക.

ഫലം: ചക്രവർത്തി തുല്യനാകും, ഉന്നത പദവി. മറ്റെല്ലാ യോഗങ്ങളെക്കാളും ഫലം ലഭി ക്കുന്നത് ഈ യോഗത്തിനാണ്.

ഉദാഹരണം:

1. ഒരു ജാതകത്തിൽ വ്യാഴം നീചകേന്ദ്രമായ സ്ഥാനത്തു മകരത്തിൽ നിൽക്കുന്നു. ഈ രാശി യുടെ അധിപൻ ശനി ചന്ദ്ര കേന്ദ്രത്തിൽ (1, 4, 7, 10) വന്നാൽ മതി.

2. ഒരു ജാതകത്തിൽ ബുധൻ നീചകേന്ദ്രമായ മീനത്തിൽ. മീനം രാശിയുടെ അധിപൻ വ്യാഴം ചന്ദ്രന്റെ 1, 4, 7, 10 എന്നീ കേന്ദ്രത്തിൽ ഏതിലെ ങ്കിലും നിൽക്കുന്നുവെങ്കിൽ നീചഭംഗ രാജയോഗം പറയാം.

**കാളസർപ്പയോഗം**

ഒരു ജാതകത്തിൽ ഗ്രഹങ്ങളെല്ലാം രാഹുവി ന്റെയും കേതുവിന്റെയും ഒരു ഭാഗത്തുമാത്രം നിൽക്കുക.

ഫലം: അൽപ്പായുസ്സ്, കഷ്ടത, ദാരിദ്ര്യം, മേന്മയില്ലായ്മ.

ഉദാഹരണം: ഒരു ജാതകത്തിൽ ലഗ്നം ധനു, രാഹു മീനത്തിൽ, അപ്പോൾ കേതു കന്നിയിൽ വരും. ഇവിടെ മറ്റെല്ലാ ഗ്രഹങ്ങളും മേടം തൊട്ട് ചിങ്ങം വരെയുള്ള രാശികളിൽ വരികയാണെങ്കിൽ കാളസർപ്പയോഗം പറയാം.

ഇതിനു പരിഹാരം കാളഹസ്തി ക്ഷേത്രത്തിൽ നവഗ്രഹപൂജ നടത്തുക.

**ശകടയോഗം**

വ്യാഴത്തിന്റെ 6, 8 എന്നീ രാശികളിൽ ചന്ദ്രൻ വന്നാൽ ശകടയോഗം പറയാം. എന്നാൽ ലഗ്ന കേന്ദ്രത്തിൽ ചന്ദ്രനോ വ്യാഴമോ നിന്നാൽ ശകട യോഗഭംഗമുണ്ടാകും.

ഫലം: ശകടയോഗത്തിൽ ജനിച്ചവന്റെ ഭാഗ്യം കുറേശ്ശെ കുറേശ്ശെയായി കുറഞ്ഞുവരികയും പിന്നീട് കുറേശ്ശെ കുറേശ്ശെയായി കൂടിവരികയും ചെയ്യും. അവർക്ക് ഉന്നതിയും താഴ്ചയും വന്നു പൊയ്ക്കൊണ്ടിരിക്കും.

# ഒരു തീർത്ഥയാത്രാക്കുറിപ്പ്



**അംബാലിക തമ്പുരാട്ടി**
തുളിശ്ശാല കോവിലകം, ചെന്നിത്തല, മൊ. 9497247656

യാത്രാക്കുറിപ്പുകളൊന്നും എഴുതി ശീലമുള്ള ഒരാളല്ല ഞാൻ. എങ്കിലും അടുത്തകാലത്ത് നടത്തിയ ഒരു തീർത്ഥയാത്രയെക്കുറിച്ച് അല്പം എഴുതാമെന്ന് വിചാരിച്ചു. നമ്മുടെ ക്ഷത്രിയ കുടുംബാംഗങ്ങൾ പലരും പോയിട്ടുള്ള സ്ഥലങ്ങളാണ് മഥുര, വൃന്ദാവനം, അയോദ്ധ്യ, ഗയ, കാശി മുതലായവ. എങ്കിലും ഒരു ട്രെയിൻ വീടാക്കിയെടുത്ത് യാത്ര ചെയ്ത അനുഭവമാണ് ഞാൻ പറയുന്നത്. ഇങ്ങനെയുള്ള യാത്ര പലർക്കും മുൻപരിചയമില്ലാത്തതുകൊണ്ട് എഴുതുകയാണ്.

അയോദ്ധ്യയിൽ വർഷങ്ങൾക്കു മുമ്പ് ഞാൻ പോയിരുന്നു. അന്ന് രാമക്ഷേത്രമുണ്ടാക്കുന്നതിന് പല സ്റ്റേറ്റുകളിൽ നിന്നും കൊണ്ടുവന്ന പേരു പതിച്ച കോൺക്രീറ്റ് പ്രത്യേക സ്ഥലത്ത് വച്ചിരിക്കുന്നത് കാണാനിടയായി. അപ്പോൾത്തന്നെ മനസ്സിൽ ആഗ്രഹമുണ്ടായി പുതിയ രാമക്ഷേത്രം ഉണ്ടാകുമ്പോൾ വന്നു കാണണമെന്ന്. 2024 ജനുവരി 10 നായിരുന്നല്ലോ രാമലല്ലൂ പ്രതിഷ്ഠ നടന്നത്. അന്ന് ടി.വിയിലൂടെ എല്ലാവരും അത് കണ്ടു കാണുമല്ലോ. അവിടെ ഇപ്പോഴും പണികൾ നടക്കുന്നതേയുള്ളൂ. ചിത്രങ്ങളുടെ പെയിന്റടിയും റോഡിന്റെ വികസനപ്പണികളും അങ്ങനെ ധാരാളം പണികൾ നടന്നുകൊണ്ടിരിക്കുന്നതു കാണാനായി.

ഞാൻ ചാലക്കുടി ഭാഗവത ഗ്രാമത്തിലെ ഒരംഗമാണ്. ഈ സ്ഥാപനത്തിന്റെ അധികാരി സ്വാമി ഉദിത് ചൈതന്യയാണ്. സ്വാമിജിയുടെ നേതൃത്വത്തിൽ 11 കമ്പാർട്ടുമെന്റുകളോടെ ഒരു ട്രെയിൻ എടുക്കുന്നെന്നും കാശി, അയോദ്ധ്യ, ഗയ മുതലായ സ്ഥലങ്ങളിലേക്ക് യാത്ര പോയിവരുന്നു എന്നുമറിഞ്ഞു. താല്പര്യമുള്ളവർ പേരു കൊടുത്താൽ സ്ഥലങ്ങൾ സന്ദർശിച്ച് വരാമെന്നറിയിച്ചിരുന്നു. അതനുസരിച്ച് ഞങ്ങൾ 8 പേർ - കമലച്ചേച്ചി, രാധാമണി, ശ്രീലത, ലളിത, രാജേശ്വരി, അംബികച്ചേച്ചി, എം.എൻ. രവിവർമ്മ ചേട്ടൻ, പിന്നെ ഞാനും ഒരു ഗ്രൂപ്പിൽ - IInd A.C. ഒരു കമ്പാർട്ടുമെന്റിൽ തന്നെ സീറ്റു തരാൻ പറഞ്ഞതനുസരിച്ച് സീറ്റ് കിട്ടി. ട്രെയിനിന്റെ പേര് ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ എന്നാണ്. ട്രെയിനിൽ ഒരു Ist A.C., 2 IInd A.C, 4

→

---

→

ഉദാഹരണം:

ഒരു ജാതകത്തിൽ ലഗ്നം വൃശ്ചികം. വ്യാഴം കുംഭത്തിൽ. അപ്പോൾ ചന്ദ്രൻ കർക്കിടകത്തിലോ കന്നിയിലോ നിന്നാൽ ശകടയോഗം.

ജാതകത്തിലെ വിവിധ യോഗങ്ങൾ അനുസരിച്ചായിരിക്കും നമ്മുടെ ജീവിതം തീരുമാനിക്കപ്പെടുന്നത്. ഇതിലൂടെ ജീവിതത്തിലെ പ്രതിസന്ധികൾ എല്ലാം ഇല്ലാതായി ജീവിതത്തിൽ സന്തോഷവും മാനസികവും ശാരീരികവും ആയ ഒരു ജീവിതം നയിക്കുന്നതിനുള്ള ഭാഗ്യമുണ്ടാവുന്നു. സാമ്പത്തിക സ്ഥിതി, സന്തോഷകരമായ കുടുംബജീവിതം, നല്ല സ്വഭാവം, ഉയർന്ന ജീവിതരീതിയും സാഹചര്യങ്ങളും എല്ലാം യോഗങ്ങളുടെ ലക്ഷണങ്ങൾ തന്നെയാണ്. പല വിധത്തിലുള്ള യോഗങ്ങൾ നമ്മുടെയെല്ലാം ജാതകത്തിൽ ഉണ്ടാവുമെങ്കിലും ഗ്രഹങ്ങളുടെ ബന്ധങ്ങളും ബലാബലവും ദൃഷ്ടികളും അനുസരിച്ചു മാത്രമേ നമുക്ക് അത് അനുഭവിക്കാനാവൂ. എന്നിരുന്നാലും ഈ യോഗങ്ങളിൽ ചിലത് നമ്മുടെ ജാതകത്തിൽ ഉണ്ടെന്ന് മനസ്സിലാക്കാനായാൽ അത് നമ്മുടെ ജീവിതത്തെ മുന്നോട്ട് നയിക്കുന്നതിൽ ഏറെ പ്രോത്സാഹനം നൽകും.

●

IIIrd A.C., 2 non A.C. 2 Sleeper, 620 തീർത്ഥാടകരും 90 റെയിൽവേ ജീവനക്കാരും ഓരോ കമ്പാർട്ടുമെന്റിനും ഓരോ സെക്യൂരിറ്റിയുമുണ്ട്. പൂർണ്ണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന പാൻട്രി കാറുമുണ്ടായിരുന്നു. ഭക്ഷണം 4 നേരവും കൃത്യമായിത്തന്നെ തന്നുകൊണ്ടിരുന്നു. ഭാഗവത പ്പേരുള്ള ഓറഞ്ച് കളർ തൊപ്പിയും ഈ പേരിൽ കഴുത്തിലേക്ക് ടൗവലും ഓരോരുത്തരുടെയും ഫോട്ടോ പതിപ്പിച്ച ഐ.ഡി. പ്രൂഫ് മാലകളും തന്നിരുന്നു. കുപ്പികളിൽ ഇഷ്ടംപോലെ വെള്ളവും തന്നിരുന്നു. തിരുവനന്തപുരം മുതൽ കാസർകോടു വരെ 10 സ്റ്റോപ്പുകളാണ് ട്രെയിനിന് അനുവദിച്ചിരുന്നത്. ഞങ്ങൾക്ക് ഒന്നിച്ച് ഒരേ കമ്പാർട്ടുമെന്റിൽ കയറേണ്ടിയിരുന്നതിനാൽ എറണാകുളം ടൗണിൽ നിന്നാണ് കയറിയത്. ട്രെയിൻ വിടുന്നതിനു മുമ്പ് സ്വാമിജിയുടെ തീർത്ഥയാത്രാ പതാക ഉയർത്തലും യാത്ര സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയിച്ചുകൊണ്ടുള്ള പ്രഭാഷണവും ഉണ്ടായിരുന്നു.

2024 നവംബർ 19, 12.30 ന് എറണാകുളത്തു നിന്ന് യാത്ര തിരിച്ചു. 22 ന് അതിരാവിലെ മഥുരയിലെത്തി അവിടെ നിന്നു ബസ്സുകളിൽ വൃന്ദാവനിലേക്ക്. അവിടെ 'ശ്രീധാം' എന്ന പേരുള്ള ഹോട്ടൽ താമസത്തിനെടുത്തിരുന്നു. സ്വാമിജിക്ക് സത്സംഗ് നടത്തുന്നതിന് ഗൗരിഗോപാൽ എന്നൊരു വലിയ ഹാളും എടുത്തിരുന്നു. വിവിധ ഹോട്ടലുകളിൽ നിന്നും വരുന്നവർക്ക് ഭക്ഷണവും അവിടെ എത്തിച്ചിരുന്നു. രാവിലത്തെ സത്സംഗ് കഴിഞ്ഞ് ഒരു പ്രധാന ക്ഷേത്രമായ ബങ്കിഹാം ക്ഷേത്രത്തിൽ പോയി. കൃഷ്ണനും മീരയുമാണവിടെ. വലിയ തിരക്കായിരുന്നു. പടികളും കയറാനുണ്ട്. ഓട്ടോറിക്ഷകളിലാണ് സത്സംഗ് ഹാളിൽ നിന്നും പോയത്. വഴി മുഴുവൻ വാഹനങ്ങളും ജനങ്ങളും. എങ്കിലും ദർശനം കിട്ടി. തിരിച്ച് ഹാളിലെത്തി 4 മണിയോടെ കാളിയ മർദ്ദന സ്ഥലം, ഗോവർദ്ധന പരിക്രമണം. നിധിവനം എന്ന പേരിലുള്ള കൃഷ്ണന്റെ രാസലീല നടന്ന സ്ഥലം അതി മനോഹരം. അവിടത്തെ മരങ്ങൾ കണ്ടിട്ട് അതിശയം തോന്നി. കെട്ടുപിണഞ്ഞു കിടക്കുന്ന മരങ്ങൾ. അവിടെ നിന്നും പ്രേം മന്ദിർ ടെമ്പിളിൽ പോയി. അവിടെ കൃഷ്ണന്റെ ലീലകളുടെ പ്ലോട്ടുകളും ഗോവർദ്ധനോദ്ധാരണ പ്ലോട്ടുകളും ഗീതോപദേശ ചിത്രങ്ങളും കാണാം.

23 നു രാത്രി അയോദ്ധ്യയിലേക്കു തിരിച്ചു. 24 ന് അവിടെയെത്തി. അവിടെ താമസിക്കാൻ മുറികൾ എടുത്തിരുന്നു. സ്വാമിജിക്ക് സത്സംഗ് ഹാളും എടുത്തിരുന്നു. ഭക്ഷണവും ഹാളിൽത്തന്നെ. പ്രഭാഷണവും കീർത്തനാലാപനങ്ങളും അവിടെ നടന്നു. ഉച്ച കഴിഞ്ഞ് സരയുവിലേക്ക് തിരിച്ചു. സരയൂ തീരത്തും സ്വാമിജിയുടെ സത്സംഗ് ഉണ്ടായിരുന്നു.

സന്ധ്യയ്ക്ക് ആരതി കാണാൻ പോയി. ഒരു മണിക്കൂറിലധികം വിവിധ ആരതികൾ കണ്ടു മടങ്ങി.

25 നു രാമക്ഷേത്രത്തിലേക്കു പോയി. വീൽ ചെയർ എടുത്താൽ സ്പെഷ്യൽ ക്യൂവിൽ കയറാം. ഒരാളുടെ കൂടെ മറ്റൊരാൾക്കു കൂടി നടന്നു പോകാം. ഞങ്ങൾ 4 വീൽ ചെയർ എടുത്തു. മറ്റു നാലു പേർ അവർക്ക് തുണയായി കൂടെപ്പോയി. ക്യൂവിൽ കയറി നടന്നുനീങ്ങുമ്പോൾ മുതൽ രാമലല്ലു വിഗ്രഹം കണ്ടുകൊണ്ട് നടക്കാം. അവിടെത്തിയാൽ ദർശനം കഴിഞ്ഞ് ഉടൻതന്നെ മാറണം. തിരിച്ചും അതേ വീൽചെയറിൽ വരാൻ വേണ്ടി അവർ കാത്തുനില്ക്കും. അടുത്തുതന്നെ വലിയ ഒരു ഹനുമാൻ ഗാർഹി ക്ഷേത്രമുണ്ട്. ഒരുപാട് പടികൾ കയറണം മുകളിലെത്താൻ. പടികളെല്ലാം കടന്ന് ഹനുമാൻ സ്വാമിയെയും കണ്ടു.

25 നു ഗയയിലേക്കു തിരിച്ചു. എഞ്ചിൻ തകരാറുകൊണ്ട് വാരാണസിയിൽ മണിക്കൂറുകൾ ചെലവഴിക്കേണ്ടിവന്നു. പല ഉന്നത വ്യക്തികളുമായി സ്വാമിജിക്കു ബന്ധമുള്ളതുകൊണ്ട് വിളിച്ചുപറഞ്ഞ് എഞ്ചിൻ ശരിയാക്കി യാത്രതിരിച്ചു. ഉച്ചയോടെ ഗയാ ശ്രാദ്ധത്തിന് ഏർപ്പാടു ചെയ്തെങ്കിലും താമസിച്ചാണവിടെയെത്തിയത്. എങ്കിലും വേണ്ട ഒരുക്കങ്ങൾ നേരത്തെ ചെയ്തിരുന്നതുകൊണ്ട് വളരെ വൈകിയാണെങ്കിലും വേണ്ടവരെല്ലാം ശ്രാദ്ധം നടത്തി. സ്വാമിജി തന്നെ മൈക്കിലൂടെ ശ്രാദ്ധ വിധികളെല്ലാം പറഞ്ഞുകൊടുത്തുകൊണ്ടിരുന്നതുകൊണ്ട് എല്ലാം ഭംഗിയായി നടത്തി വിഷ്ണുപാദം നമിച്ച് കാശിയിലേക്ക് തിരിച്ചു.

27 നു കാശിയിലെത്തി. താമസത്തിന് സ്ഥലങ്ങൾ എടുത്തിരുന്നു. 'റോയൽ പവിലിയൻ' എന്ന പേരിലുള്ള കെട്ടിടത്തിലായിരുന്നു ഞങ്ങൾ താമസിച്ചത്. അവിടെ ധാരാളം ക്ഷേത്രങ്ങൾ ഉണ്ട്.

താല്പര്യമുള്ളവർക്കു സ്വന്തം ചെലവിൽ റിക്ഷയിൽ പോയി ദർശനം നടത്തി ഉച്ചയോടെ തിരിച്ചെത്താമെന്നറിയിച്ചിരുന്നു. അതനുസരിച്ച് ഞാനും ശ്രീലതയും ലളിതയും കൂടി ഹനുമാൻ ടെമ്പിൾ, വിശാലാക്ഷി ടെമ്പിൾ, അന്നപൂർണ്ണാ ടെമ്പിൾ, ത്രിദേവ് മന്ദിർ എന്നിവിടങ്ങളിൽ പോയി. 108 ശിവലിംഗമുള്ള ക്ഷേത്രവും കണ്ടു. ശിവന് അഭിഷേകം കഴിക്കാനും സാധിച്ചു. വലിയ കാളയുടെ വിഗ്രഹവും വലിയ ശൂലവും മുമ്പിൽ കണ്ടു. തുളസീ രാമായണം വായിക്കുന്ന സത്യനാരായണ തുളസീ മാനസ മന്ദിർ കണ്ടു. അവിടെ രാമായണം വായിക്കുന്ന ഒരു രൂപം പേജുകൾ മറിച്ചു വായിക്കുന്നതു കാണാം. ഒരു മനുഷ്യ താപസി പോലെ തോന്നി. വലിയ ഹാളാണ്. ഭിത്തി മുഴുവൻ രാമായണം എഴുതി വച്ചിരിക്കുന്നു. ഉദ്ധവ് കുണ്ഡ് എന്നൊരു സ്ഥലം അവിടെ കണ്ടു. അവിടെ എഴുതി വച്ചിരിക്കുന്നു: *Even now Udhavji lives here in form of plants and bush and can be seen by a musical Nama Sankeerthanam with love. It is the place where Bhagavatha Kadha celebrated before Sri Sukamuni for Bajranadh and Krishna's wives by Udhavji in on month.* ഇതു തന്നെ ഹിന്ദിയിലും എഴുതിവച്ചിട്ടുണ്ട്.

ഉച്ച കഴിഞ്ഞ് കാശി വിശ്വനാഥ ക്ഷേത്രത്തിൽ 300 രൂപ ടിക്കറ്റെടുത്ത് സ്പെഷ്യൽ ക്യൂവിൽ കയറിയാൽ നന്നായി ദർശനം ലഭിക്കും. എല്ലാവരും അതിൽ കയറി. ക്യൂ തുടങ്ങുമ്പോൾ മുതൽ ശ്രീകോവിലിലെ ചടങ്ങുകൾ ടി.വിയിലൂടെ കണ്ടുകൊണ്ട് നടക്കാം. നന്നായി ദർശനം കിട്ടി. അവിടെ ധാരാളം ഇരിക്കാനുള്ള പടികൾ ഉള്ള വിസ്താരമേറിയ സ്ഥലത്തുവച്ച് സ്വാമിയുടെ സത്സംഗ് ഉണ്ടായിരുന്നു. അവിടെ നിന്ന് ഗംഗാ ആരതിക്കു പോകാം. നൂറോളം പടികൾ ഇറങ്ങിച്ചെല്ലണം; വലിയ ബോട്ടുകളും വള്ളങ്ങളുമുള്ള സ്ഥലത്തെത്താനും ആരതി സ്ഥലത്തേക്കു പോകാനും. ഓരോരുത്തരുടെ താമസ സ്ഥല കെട്ടിടത്തിന്റെ പേര് വിളിക്കുമ്പോൾ ബോട്ടിലോ വള്ളത്തിലോ കയറി ആരതി സ്ഥലത്തെത്തി ആരതി കണ്ടു മടങ്ങാം.

28 നു ത്രിവേണി സ്നാനം ചെയ്തു. അല്ലാത്തവർക്കു ചെറിയ താലത്തിൽ പുഷ്പങ്ങളും ചരാതുകളും എണ്ണയുള്ള തിരികളും കിട്ടി. വിളക്കുകൊളുത്തി ഒഴുക്കി. കുപ്പിയിൽ ജലം കൊണ്ടുവന്ന് എല്ലാവരിലും തളിച്ചു കുളിച്ചതായി സമാധാനിച്ചു. തിരിച്ചുവന്ന് ട്രെയിനിൽ കയറി. ഒന്നാം തീയതി രാവിലെ കായംകുളത്തെത്തി. 9 മണിക്ക് ചെന്നിത്തല എത്തി.

അവരവരുടെ ലഗേജുകൾ ട്രെയിനിൽ പൂട്ടി വയ്ക്കും. ഓരോ സ്ഥലത്തും പോകുമ്പോൾ അത്യാവശ്യം വേണ്ടവ മാത്രം ചെറിയ ലഗേജാക്കി താമസസ്ഥലത്തു കൊണ്ടുപോയി തിരിച്ചുവരും. ആകെ 5 ദിവസം മാത്രമേ ട്രെയിൻ വിട്ട് മറ്റു താമസസ്ഥലം വേണ്ടിവന്നുള്ളൂ. എനിക്ക് ഏറ്റവും നന്നായിത്തോന്നിയത് ട്രെയിനിൽ സ്വാമിജി ഒരു സത്സംഗ് റൂം സംഘടിപ്പിച്ചിരുന്നു. എന്നും രാവിലെ 6 മണിക്ക് വിഷ്ണു സഹസ്രനാമം വൈകിട്ട് 6 മണിക്ക് ലളിതാ സഹസ്രനാമം ചൊല്ലൽ. ഓരോ കമ്പാർട്ടുമെന്റിലേക്കും കണക്ഷൻ ഉള്ളതുകൊണ്ട് എല്ലാവർക്കും പങ്കെടുക്കാം. എല്ലാ പ്രോഗ്രാമുകളും അവരവരുടെ സീറ്റിലിരുന്ന് കേൾക്കാം. ഉച്ചയ്ക്ക് 2 മണിക്കൂർ ഒഴികെ രാത്രി വരെ കീർത്തനങ്ങളും പാട്ടുകളും മറ്റുമുണ്ടായിരുന്നു. ആർക്കു വേണമെങ്കിലും സത്സംഗ് മുറിയിൽ പോയി പങ്കെടുക്കാം. യാത്രയിൽ പല വിഷമങ്ങളുണ്ടായെങ്കിലും എല്ലാം സഹിച്ചു. ഭഗവത് അനുഗ്രഹമുണ്ടാകുമെന്ന ഉറപ്പിൽ സന്തോഷമായി മടങ്ങിയെത്തി. ●

---

*പേജ് 14 തുടർച്ച*

പല യൂണിറ്റുകളിലേയും വനിതാവിഭാഗം ചെറുകിട വ്യവസായങ്ങളുമായി മുൻപോട്ട് വന്നിട്ടുണ്ട്. പലതും വിജയിച്ചുകൊണ്ടിരിക്കുന്നു. തൃശ്ശൂർ, കോട്ടയം, തിരുവല്ല ഒക്കെ അതിൽപ്പെടുന്നു. തിരുവല്ല യൂണിറ്റ് വനിതാവിഭാഗത്തിന് പ്രവർത്തിക്കുവാൻ സഭാമന്ദിരത്തിൽ ഒരു മുറി ലഭിച്ചു. അതിൽ KKS വനിതാവിഭാഗം ജനറൽ സെക്രട്ടറി എന്ന നിലയിൽ എനിക്ക് അഭിമാനമുണ്ട്. ഇനിയും നിരന്തരമായ പ്രവർത്തനങ്ങളിലൂടെ, ഫലപ്രദമായ പദ്ധതികൾ നടപ്പാക്കി നല്ല ഒരു നാളെയെ സ്വപ്നം കണ്ടുകൊണ്ട് മുൻപോട്ടുള്ള പ്രയാണം തുടരുന്നു.

**രാധികാ വർമ്മ പി.കെ.**
ജനറൽ സെക്രട്ടറി
KKS സംസ്ഥാന വനിതാവിഭാഗം

# ട്രെയിനും ഞാനും ബോംബും



**അംബികാ വർമ്മ**
കോട്ടയം, മൊ. 9645254843

ചെറുപ്പം മുതലേ ആകാംക്ഷയോടെയും അത്ഭുതത്തോടെയും വീക്ഷിച്ചിരുന്ന ഒരു വാഹനമായിരുന്നു തീവണ്ടി. തീ കത്തിച്ച് വെള്ളം ആവിയാക്കി അതിന്റെ ശക്തിയാൽ പ്രവർത്തിച്ചിരുന്ന ഒരു യന്ത്രമായതുകൊണ്ടാകാം തീവണ്ടി എന്ന് നാമകരണം ചെയ്യപ്പെട്ടത്. ഒരിക്കലോ മറ്റോ അച്ഛനോടൊപ്പം തിരുവനന്തപുരത്തേക്ക് തീവണ്ടിയിൽ പോയ ഒരോർമ്മയേ ചെറുപ്രായത്തിൽ ഉണ്ടായിരുന്നുള്ളൂ. എന്നാൽ റെയിലുകളിൽക്കൂടി ഓടുന്ന ആ വണ്ടി ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമായിത്തീരുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. അപ്രതീക്ഷിതമായാണ് ഇൻഡ്യൻ റെയിൽവേയിലെ ട്രെയിൻ നിയന്ത്രിക്കുന്ന 'ബിഗ് ത്രീ' (സ്റ്റേഷൻ മാസ്റ്റർ, ലോക്കോ പൈലറ്റ്, ഗാർഡ്)കളിൽ ഒരാളായ സ്റ്റേഷൻ മാസ്റ്റർ ജീവിത പങ്കാളിയായി വന്നുചേരുന്നത്. അങ്ങനെ 1984 ഡിസംബർ മുതൽ ഞാനും റെയിൽവേ കുടുംബത്തിലെ ഒരംഗമായിത്തീർന്നു.

ആദ്യകാലങ്ങളിൽ തമിഴ്നാട്ടിലെ ഉൾനാടൻ ഗ്രാമങ്ങളിലെ സ്റ്റേഷനുകളിലായിരുന്നു ചേട്ടന് ജോലി. അന്ന് അവിടെ ഓടിയിരുന്ന ട്രെയിനുകളെല്ലാം മീറ്റർഗേജിലായിരുന്നു, അതും സ്റ്റീം എഞ്ചിൻ കൊണ്ട് ഓടുന്ന തീവണ്ടികൾ. എൺപതുകളിലെ ആ സ്റ്റീം എഞ്ചിനുകളുടെ ഛക്, ഛക് ശബ്ദവും ചൂളംവിളിച്ചുകൊണ്ടുള്ള പാച്ചിലും ഇന്നും മനസ്സിലെ മായാത്ത ഓർമ്മകളായി നിൽക്കുന്നു.

ഞങ്ങളുടെ കല്യാണ സമയത്ത് ചേട്ടന് രാമേശ്വരത്തിനടുത്തുള്ള സത്തിരക്കുടി എന്ന സ്റ്റേഷനിലായിരുന്നു ജോലി. കടലിനോടടുത്ത സ്റ്റേഷനായതിനാൽ മിക്കപ്പോഴും നല്ല കാറ്റായിരുന്നു. വെള്ളത്തിന് വളരെ ദൗർലഭ്യമുള്ള സ്ഥലം. നോക്കെത്താ ദൂരത്തോളം കുറ്റിക്കാടുകളാണ് ചുറ്റിനും. നിറയെ മയിലുകളും മുയലുകളും ഉള്ള സ്ഥലം. ഒഴിവുള്ളപ്പോൾ രാമേശ്വരം അമ്പലത്തിലും പോകും. അവിടുത്തെ പുണ്യസ്നാനമായ 22 തീർത്ഥക്കിണറുകളിലെയും തീർത്ഥം തലയിൽ ഒഴിച്ച് കുളിക്കുവാനുള്ള ഭാഗ്യവും ലഭിച്ചു. അന്ന് രാമേശ്വരം എന്ന ദ്വീപിലേക്ക് റെയിൽ ഗതാഗതം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏറെ താമസിയാതെ റോഡ് മാർഗ്ഗമുള്ള പാലവും വരികയുണ്ടായി.

ഏകദേശം ഒരു വർഷത്തെ തമിഴ്നാട് ജീവിതത്തിന് ശേഷം ഞങ്ങൾ പാലക്കാട് പൊള്ളാച്ചി സെക്ഷനിലെ കൊല്ലങ്കോട് സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ആയി എത്തി. കൊല്ലങ്കോട് ക്വാർട്ടേഴ്സ് റെയിൽവേ ലൈനിനോട് ചേർന്നുതന്നെയായിരുന്നു. സ്റ്റീം എഞ്ചിനിൽ വെള്ളം നിറയ്ക്കുന്നതും കത്തിയ കൽക്കരി തട്ടിക്കളയുന്നതുമെല്ലാം ക്വാർട്ടേഴ്സിൽ നിന്നാൽ കാണാം. ഒരു വയസ്സായ ഞങ്ങളുടെ മകന്റെ ഇഷ്ടപ്പെട്ട കാഴ്ചകളായിരുന്നു അവ.

റെയിൽവെയിലെ അനുഭവങ്ങൾ വിവരിക്കാനാണെങ്കിൽ ഒരു ബുക്ക് എഴുതിയാലും തീരില്ല. ക്വാർട്ടേഴ്സ് ജീവിതം റെയിൽവെയിലെ വിവിധ വകുപ്പുകളിലെ ഗ്രൂപ്പ് 'ഡി' കാറ്റഗറി മുതൽ എഞ്ചിനിയേഴ്സ് വരെയുള്ളവരുടെ കുടുംബാംഗങ്ങളുമായി ഇടപഴകാനും വിവിധ ഭാഷകൾ പഠിക്കാനും



അവസരമായി. റെയിൽവെ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികളുടെ കലാപരമായ വാസനകളെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇത്തരം കൂട്ടായ്മകൾ തന്നെയാണ് ഇന്ത്യൻ റെയിൽവെയുടെ ഏറ്റവും വലിയ മഹത്വം. ട്രെയിനുകളിൽ സുഖമായി ഉറങ്ങി യാത്ര ചെയ്യുമ്പോൾ, എത്രയോ റെയിൽവെ ജീവനക്കാരുടെ കണ്ണുചിമ്മാതെയുള്ള അശ്രാന്ത പരിശ്രമത്തിലൂടെയാണ് ഒരു ട്രെയിൻ അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നത് എന്ന് നാം ഓർക്കാറുണ്ടോ.

റെയിൽവെ ക്വാർട്ടേഴ്സ് ജീവിതത്തിൽ മനസ്സിന് ഞെട്ടലുണ്ടാക്കിയ ഒരു സംഭവമായിരുന്നു 1997 ഡിസംബർ ആറാം തീയതി തൃശ്ശൂരിൽ വച്ചുണ്ടായ അനുഭവം. ഓഫീസേഴ്സിന്റെ ഇൻസ്പെക്ഷൻ ഉണ്ടെന്നു പറഞ്ഞ് ചേട്ടൻ രാവിലെതന്നെ സ്റ്റേഷൻ ഡ്യൂട്ടിക്ക് പോയി. ഞാൻ കുട്ടികളെ സ്കൂളിൽ അയയ്ക്കുവാനുള്ള തിരക്കിലായിരുന്നു. ഞങ്ങളുടെ ക്വാർട്ടേഴ്സിൽ നിന്നു നോക്കിയാൽ പ്ലാറ്റ്ഫോമിൽ ട്രെയിനുകൾ വരികയും പോകുകയും ചെയ്യുന്നത് കാണാം. ഏകദേശം ഏഴര മണിയോടെ ചെന്നൈ-ആലപ്പി ട്രെയിൻ പ്ലാറ്റ്ഫോമിൽ വന്നു നിന്നു. അല്പ നിമിഷത്തിനുള്ളിൽ ഭൂമി കുലുങ്ങുന്നതുപോലെയുള്ള ഒരു സ്ഫോടനം കേട്ടു. ക്വാർട്ടേഴ്സിന്റെ ജനൽപാളികളും വാതിൽപാളികളും കുലുങ്ങി. പുറത്തേക്കു നോക്കിയപ്പോൾ പ്ലാറ്റ്ഫോം മുഴുവൻ പൊടിപടലവും പുകയും കൊണ്ട് നിറഞ്ഞിരിക്കുന്നു. ആളുകൾ നാലുപാടും ചിതറിയോടുന്ന കാഴ്ചയും കണ്ടു. ട്രെയിനുകൾ കൂട്ടിയിടിച്ചതാണോ എന്ന് ഭയന്നു. ക്വാർട്ടേഴ്സിനടുത്ത് കൂടി ഓടിപ്പോയ ഒരാൾ ബോംബ് പൊട്ടി എന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു. അന്ന് മൊബൈൽ ഫോണുകളൊന്നും പ്രാബല്യത്തിലായിട്ടില്ല. അല്പനേരം കഴിഞ്ഞപ്പോൾ ഒരു റെയിൽവെ ജീവനക്കാരൻ വന്നു പറഞ്ഞു, ആലപ്പി എക്സ്പ്രസിന്റെ കോച്ചിലാണ് ബോംബ് പൊട്ടിയതെന്നും മൂന്നു നാലു പേർ മരിച്ചതായും സംശയിക്കുന്നു എന്നും. ഡ്യൂട്ടിയിലുള്ള ആർക്കെങ്കിലും എന്തെങ്കിലും പറ്റിയിട്ടുണ്ടോ എന്നായിരുന്നു ഭയം. അപ്പോഴേക്കും ആംബുലൻസുകളുടെ ഹോണടിയും തുടങ്ങി. പ്ലാറ്റ്ഫോം മുഴുവൻ പോലീസുകാരെക്കൊണ്ട് നിറഞ്ഞു. കുറെ പോലീസുകാർ ക്വാർട്ടേഴ്സിനു താഴെ കൂടി നിൽക്കുന്നതു കണ്ടു. പിന്നീടാണറിഞ്ഞത് ബോംബ് പൊട്ടിയ കോച്ചിന്റെ വാതിൽപാളി തെറിച്ച് അവിടെ വന്ന് വീണിട്ടുണ്ടെന്ന്. അല്പം കഴിഞ്ഞപ്പോൾ സ്റ്റേഷനിൽ നിന്നും ഒരു പോർട്ടർ വന്ന് സാറിന് കുഴപ്പമൊന്നുമില്ലെന്നും ഒരു പ്ലാറ്റ്ഫോം വെണ്ടർ ഉൾപ്പെടെ നാലുപേർ മരിച്ചതായും അറിയിച്ചു. രാത്രി വൈകി സ്റ്റേഷനിൽ നിന്നെത്തിയ ചേട്ടനാണ് പറഞ്ഞത് ബാബ്റി മസ്ജിദ് പൊളിച്ച ദിനമായ ഡിസംബർ ആറിന് പ്രതിഷേധ സൂചകമായി ചില സംഘടനകൾ നടത്തിയ സ്ഫോടനമായിരുന്നെന്നും കോയമ്പത്തൂരിലും ഈറോഡിലും സമാനമായ സ്ഫോടനകൾ നടന്നിട്ടുണ്ടെന്നും. ഇപ്പോഴും ഓർക്കുമ്പോൾ ഞെട്ടലുണ്ടാക്കുന്ന ഒരനുഭവമായി അത് മനസ്സിൽ തെളിയാറുണ്ട്.

സമാന്തര ഇരുമ്പ് പാളങ്ങളിൽകൂടി പാഞ്ഞുകൊണ്ട് വിവിധ സംസ്കാരങ്ങളെ കൂട്ടിയിണക്കുന്ന ഭാരതത്തിലെ ഏറ്റവും വലിയ പൊതു ഗതാഗത സംവിധാനമായ ഇൻഡ്യൻ റെയിൽവെയിൽ നേരിട്ടല്ലെങ്കിലും ഒരു ഭാഗഭാക്കാകാൻ സാധിച്ചത് ഏറ്റവും വലിയ ഭാഗ്യമായി കരുതുന്നു. നാൾക്കുനാൾ വികസനത്തിലേക്ക് കുതിക്കുന്ന ഇൻഡ്യൻ റെയിൽവെയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ●


## അഭിനന്ദനങ്ങൾ



തിരുവണ്ണൂർ സാമൂതിരി കോവിലകത്തെ **സുപ്രിയ രാജേന്ദ്രൻ** അമൃത വിശ്വവിദ്യാലയത്തിൽ നിന്ന് ഗണിതശാസ്ത്രത്തിൽ പി.എച്ച്.ഡി. നേടി. തിരുവനന്തപുരം സഭയിലെ മുതിർന്ന അംഗം ശോഭനാ രാജേന്ദ്രന്റെ പുത്രിയും മങ്കട കോവിലകത്തെ ത്രയീഷിന്റെ ഭാര്യയുമാണ്. കൊച്ചിയിലെ അമൃത സ്കൂൾ ഓഫ് ആർട്സ് ആൻഡ് സയൻസിൽ അദ്ധ്യാപികയാണ്.

# ദീപശിഖ

**പ്രസൻ വർമ്മ**
കോഴിക്കോട്, മൊ. 9633885091



തീരെ പ്രതീക്ഷിക്കാത്ത ഒരാൾ, രക്തബന്ധത്തേക്കാൾ സ്നേഹബന്ധമുള്ള ഒരാൾ, വീട്ടിൽ കയറി വന്നപ്പോൾ സന്തോഷത്തേക്കാൾ ആശ്ചര്യമാണെനിക്കു തോന്നിയത്.

"രാജാസാറേ, ഓർമ്മയുണ്ടോ ഈ മുഖം?" സാരിധരിച്ച ഒരു ചെറുപ്പക്കാരി എന്റെ മുഖത്തു നോക്കി പുഞ്ചിരിയോടെ ചോദിച്ചു. എന്റെ സ്വന്തം മകൾ മുമ്പിൽ നിൽക്കുന്നതുപോലെ എനിക്കു തോന്നി.

"ദീപമോളെ നിന്നെ മറക്കാനോ. നീയിപ്പോൾ എവിടെയാ? എന്തൊക്കെയാണ് വിശേഷങ്ങൾ? തീരെ പ്രതീക്ഷിക്കാത്ത വരവായിപ്പോയി. വീടു കണ്ടുപിടിക്കാൻ ബുദ്ധിമുട്ടിയോ?"

"എല്ലാം പറയാം അതിനാണല്ലോ ഞാൻ വന്നത്."

ഞങ്ങൾ താമസിക്കുന്നത് ഒരു ചെറിയ ഗ്രാമത്തിലാണ്. നഗരത്തിൽ നിന്ന് അധികം ദൂരമില്ലാത്തതുകൊണ്ട് ഒരു ചെറിയ പട്ടണമായി വികസിച്ചുവരുന്ന ഒരു സ്ഥലം. നെൽപാടവും തെങ്ങിൻതോപ്പും വാഴക്കൃഷിയും തോടും പഞ്ചവടിപാലവും കുന്നും എല്ലാമുണ്ട്. ജോലിയിൽ നിന്നു പിരിഞ്ഞതിനുശേഷം ഇവിടെ ഒരു വീടുവെച്ചു താമസിക്കുകയാണ്. രണ്ടു പെൺമക്കളുടേയും വിവാഹം കഴിഞ്ഞു. ഇവിടെയിപ്പോൾ ഞാനും ഭാര്യയും മാത്രം.

"മോളിരിക്ക്. സരസ്വതീ... ഇതാരാ വന്നതെന്നു നോക്കൂ". ഞാൻ ഭാര്യയെ വിളിച്ചു.

ദീപ ഇരുന്നില്ല. ഒരു ക്ഷണക്കത്ത് എന്റെ കൈയിൽ തന്നു.

"എന്റെ വിവാഹമാണ്. രാജാസാർ എന്നെ അനുഗ്രഹിക്കണം."

സരസ്വതി വന്നപ്പോൾ ഞാൻ ദീപയെ അനുഗ്രഹിക്കുന്ന കാഴ്ചയാണ് കണ്ടത്. ദീപ കുനിഞ്ഞ് എന്റെ പാദങ്ങൾ തൊട്ടു സ്വന്തം നിറുകയിൽ വെച്ചു. ശേഷം സരസ്വതിയുടേയും.

"ഇനി പറയൂ നിന്റെ വിശേഷങ്ങൾ"

"പറയാം. സാറിനും സരസ്വതി അമ്മയ്ക്കും സുഖംതന്നെയല്ലെ. നമ്മൾ തമ്മിൽ കണ്ടിട്ട് ഏകദേശം മൂന്നുവർഷം കഴിഞ്ഞു. അന്നെനിക്ക് മെഡിക്കൽ കോളജിൽ P.G. ക്ക് അഡ്മിഷൻ കിട്ടി ചേരുന്ന സമയത്ത് സാറിന്റെ പഴയ വീട്ടിൽ വന്നിരുന്നു. പിന്നെ ഇന്നാണ് കാണാൻ സൗകര്യപ്പെട്ടത്. പിന്നെ PG ക്ക് പഠിച്ചത് ദൽഹിയിലായിരുന്നല്ലോ. M.D. എടുത്തിട്ട് ഒരു വർഷമായി. ഇപ്പോൾ സർക്കാർ മെഡിക്കൽ കോളജിലാണ് ജോലി. ഇവിടെ നിന്ന് ഒരു മുപ്പതു കിലോമീറ്റർ ദൂരെ. ഞാൻ പാസഞ്ചർ ട്രെയിനിലാണ് വന്നത്. സ്റ്റേഷനിൽ നിന്ന് ഒരു ആട്ടോ പിടിച്ച് ഇവിടെയത്തി. രാജാസാറിന്റെ പേരു പറഞ്ഞപ്പോൾ തന്നെ ആട്ടോ ഡ്രൈവർക്കു മനസ്സിലായി. നേരെ ഇവിടെ എത്തിച്ചു."

സരസ്വതി കാപ്പിയെടുക്കാൻ അകത്തേക്കു പോയി.

"ഞാൻ ഇന്നിവിടെനിന്ന് ഊണു കഴിച്ചിട്ടേ പോകുന്നുള്ളൂ. വിശേഷിച്ചൊന്നും വേണ്ട. സാധാരണ കൂട്ടാനും തോരനും മോരും മതി. നമ്മളൊക്കെ സസ്യഭോജികളല്ലേ."

"ഊണൊക്കെ തയ്യാർ. കുറച്ചു ചോറുമാത്രം വെക്കണം. എന്തായാലും മോളുവന്നതിൽ വളരെ വളരെ സന്തോഷം."

"സന്തോഷമുള്ള രണ്ടുകാര്യങ്ങൾ പറയാനാണ് ഞാനിന്നു വന്നത്. ഒന്നെന്റെ വിവാഹം നിശ്ചയിച്ച കാര്യം. നിങ്ങൾ രണ്ടുപേരേയും ക്ഷണിക്കാനാണ്

വന്നത്. വരൻ രാകേശ്. ചിങ്ങം ഒന്നിനാണ് വിവാഹം. ഞങ്ങളുടെ വീട്ടിൽവെച്ചു തന്നെ. മുഹൂർത്ത മൊന്നും നോക്കിയില്ല. ഒരു ചെറിയ പരിപാടി. വളരെ വേണ്ടപ്പെട്ട ബന്ധുക്കളും സുഹൃത്തുക്കളും ഒരെഴുപതാൾക്കാരുണ്ടാവും അത്രതന്നെ. പിന്നെ രാവിലെ പതിനൊന്നു മണിക്കാണ് കല്യാണം. അതു കഴിഞ്ഞാൽ ഊണ്. സദ്യയെന്നു പറയു ന്നില്ല. പറ്റുമെങ്കിൽ നിങ്ങൾ രണ്ടുപേരും തലേ ദിവസം വന്നാൽ ഒരു സൗഹൃദ സംഗമമാകാം. അച്ഛനുമമ്മയും ചേച്ചിയും ഭർത്താവും മാത്രമേ വീട്ടിലുള്ളൂ. ഉള്ള സൗകര്യത്തിൽ നമുക്കവിടെ കൂടാം. ഹോട്ടലിലൊന്നും മുറിയെടുക്കേണ്ട. രണ്ടാ മത്തെ കാര്യം. എന്റെ ഭർത്താവ് ഒരു എഞ്ചിനീ യറാണ്. ഞങ്ങൾ രണ്ടുപേർക്കും ജീവിക്കാനാ വശ്യമായ ശമ്പളം കിട്ടുന്നുണ്ട്. അതുകൊണ്ട് രണ്ടുപേരും കൂടി വിവാഹാനന്തരം കുറച്ചു ജന സേവനം നടത്താൻ തീരുമാനിച്ചു. അതിനു രാജാ സാറിന്റെ സഹായവും സഹകരണവും ആവശ്യ മാണ്. ഞങ്ങളുടെ പദ്ധതി സൗജന്യ സേവന മാണ്. അതായത് ഓരോ ഞായറാഴ്ചയും ഓരോ ഗ്രാമങ്ങളിൽ പോയി അവിടെയുള്ള ഏകദേശം 30 രോഗികളെ ഞാനും മറ്റൊരു ഡോക്ടറും ചേർന്ന് പരിശോധിക്കും. ആവശ്യമുണ്ടെങ്കിൽ മാത്രം മരുന്നുകൾ നൽകും. ആരോഗ്യം നിലനിർത്താൻ ഭക്ഷണരീതിയിൽ വേണ്ട മാറ്റം വരുത്താനും വ്യായാമം ചെയ്യാനും നിർദ്ദേശങ്ങൾ നൽകും. കിടത്തി ചികിത്സ വേണ്ടവരെ ആശുപത്രിയിൽ കൊണ്ടുപോകാനുള്ള സൗകര്യവും ചെയ്തു കൊടുക്കും. എല്ലാം സൗജന്യം. ഒരു നഴ്സും ഒരു സഹായിയും ഉണ്ടാകും. അവരുടെ വേതനം ഞാൻ കൊടുക്കും. ഭർത്താവും ഒരു സഹായിയും കൂടി വീടിന്റെ അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കും. വീടുകളിലെ വൈദ്യുതോപകരണങ്ങളുടെ കേടു പാടു തീർത്തുകൊടുക്കും. കൂടാതെ ഒരു കൃഷി ഓഫീസറും കൂടെയുണ്ടാവും. ഒരു സ്ത്രീ. ഗ്രാമ ത്തിലെ കൃഷിസംബന്ധമായ പ്രശ്നങ്ങൾ കഴിവതും പരിഹരിച്ചുകൊടുക്കും. പുതിയ കൃഷി ആശയ ങ്ങൾ നിർദ്ദേശിച്ചുകൊടുക്കും. അതും സൗജന്യം. അതിനായി ആദ്യം തിരഞ്ഞെടുത്തത് രാജാ സാറിന്റെ ഗ്രാമമാണ്. അതാണ് ഇവിടെ വരാൻ കാരണം. പദ്ധതി എങ്ങനെയുണ്ട്. ശരിയാവില്ലേ?"

"നടപ്പാകുമെന്നോ, തൊടുന്നതൊക്കെ പൊന്നാ ക്കുന്നതാണല്ലോ നിന്റെ രീതി. ആട്ടെ ഞാൻ എന്തു സഹായമാണ് ചെയ്യേണ്ടത്?"

ഞാൻ കോഴിക്കോട്ട് ജോലിചെയ്യുമ്പോഴാണ് ദീപയുമായി അടുത്തത്. എന്റെ അയൽവാസി യുടെ രണ്ടു പെൺമക്കളിൽ ഇളയവൾ. അന്നു പ്ലസ് ടുവിനു പഠിക്കുകയായിരുന്നു. എന്നും വൈകു ന്നേരമായാൽ എന്റെ വീട്ടിലെത്തും; പഠിക്കുന്ന വിഷയങ്ങളിലെ സംശയം ചോദിക്കാൻ. പാഠ്യേതര വിഷയങ്ങളും മനസ്സിലാക്കാൻ നല്ല ശ്രമമാണ്. അവളുടെ വിചാരം ഞാനൊരു സർവ്വ വിജ്ഞാന കോശമാണെന്നാണ്. പക്ഷെ മൂക്കില്ലാ രാജ്യത്തെ മുറിമൂക്കനാണ് ഞാനെന്ന് എനിക്കല്ലേ അറിയൂ. വവ്വാൽ എന്തിനാ മരത്തിൽ തൂങ്ങിക്കിടക്കുന്നത്, മരത്തിന്റെ കൊമ്പിലിരുന്നുകൂടെ? പക്ഷികൾ ഹൈ ടെൻഷൻ വൈദ്യുതി കമ്പികളിൽ ഇരു ന്നാലും കരിഞ്ഞു പോകാത്തതെന്തുകൊണ്ട്? ATM ന്റെ Full Form എന്താണ്? മിടുക്കിക്കുട്ടി. ഒരു കാര്യം ഒരു പ്രാവശ്യം പറഞ്ഞാൽ മതി, മനസ്സി ലാക്കും. പിന്നെയതു മറക്കില്ല. സാധാരണ കുട്ടിക ളെപ്പോലെ മൊബൈൽ ഉപയോഗിക്കാറില്ല. എന്റെ നിർദ്ദേശപ്രകാരം വായന ഒരു ശീലമാക്കി. എന്റെ വീട്ടിലെ പുസ്തകങ്ങൾ ഇഷ്ടംപോലെ എടുത്തു വായിക്കും. ക്രമേണ സ്വന്തം വീട്ടിലേക്കാൾ അവൾക്കു സ്വാതന്ത്ര്യം ഞങ്ങളുടെ വീട്ടിലായി. ഞാനും ദീപയും സഹോദരിയും കൂടി എല്ലാ ഞായ റാഴ്ചയും വീടിന്റെ മുമ്പിലുള്ള വഴിയിലെ മാലി ന്യങ്ങൾ നീക്കി വൃത്തിയാക്കിയിരുന്നു. അതുകണ്ട് മറ്റുള്ള വീട്ടുകാരും സ്വന്തം വീടുകളുടെ മുൻവശം വൃത്തിയാക്കാൻ തുടങ്ങി. കോളനി മൊത്തം വൃത്തിയായി. അങ്ങനെ ഒരു ദിവസം ഞാൻ വെറുതെ അവളോടു ചോദിച്ചു.

''ഭാവിയിൽ ആരാകണമെന്നാണ് നിന്റെ ആഗ്രഹം?'' ഒരു സംശയവുമില്ലാതെ അവളുടെ ഉത്തരം

"ഒരു ഡോക്ടർ"

"നല്ല കാര്യം. ധാരാളം പണവും പ്രശസ്തിയു മുണ്ടാകും."

''അവിടെ രാജാസാറിനു തെറ്റി. പണത്തിനോ പ്രശസ്തിക്കുവേണ്ടിയോ അല്ല. ശരിക്കും ജന ങ്ങളെ സേവിക്കാൻ തന്നെയാണ് ഞാനൊരു ഡോക്ടറാകാൻ പോകുന്നത്."

"നിന്റെ ആഗ്രഹം സഫലമാകട്ടെ. നിനക്ക് എന്നും എന്റേയും സരസ്വതിയുടേയും അനുഗ്രഹ മുണ്ടാകും."

ഞാൻ സർവീസിൽ നിന്നു പിരിഞ്ഞ് ഈ ഗ്രാമ ത്തിൽ താമസം തുടങ്ങി കുറച്ചുകഴിഞ്ഞപ്പോൾ ദീപയുടെ അച്ഛൻ ഫോണിൽ വിളിച്ചു. ദീപയ്ക്കു കോഴിക്കോട്ട് മെഡിക്കൽ കോളേജിൽ പ്രവേശനം കിട്ടിയെന്നു പറയാൻ. ഞാനും സരസ്വതിയും ശരിക്കും സന്തോഷിച്ചു. ആഘോഷിച്ചു. മനസ്സു കൊണ്ട് ദീപയെ അനുഗ്രഹിച്ചു.

ഞാനും സരസ്വതിയും കല്യാണത്തിനു തലേ ദിവസം തന്നെ പോയിരുന്നു. ഉത്സാഹമായി കൂടി. ദീപ അന്നു പറഞ്ഞതു പോലെ വളരെ ലളിതമായ പരിപാടി. കഷ്ടി എഴുപതു പേർ. ലഘുവായ ഭക്ഷണം. അടുത്തുള്ള അനാഥാലയത്തിൽ എല്ലാ വർക്കും സദ്യ. ഞങ്ങൾ കൊടുത്ത ഒരു ചെറിയ സമ്മാനം പോലും സ്വീകരിക്കാൻ മടിച്ചു.

"മോളെ നിന്നോടുള്ള സ്നേഹംകൊണ്ടു തരുന്നതാ. നീയെന്നും സരസ്വതി പ്രസവിക്കാത്ത എന്റെ മോളല്ലേ. പിന്നെ വിവാഹച്ചടങ്ങിൽപ്പെട്ട താണിതും എന്നു കരുതിയാൽ മതി."

* * * *

"സാറ് ഈ വിവരം എല്ലാ ഗ്രാമവാസികളേയും അറിയിക്കണം. ഞങ്ങൾ നോട്ടീസടിച്ചു തരാം. വിതരണത്തിനുള്ള ഏർപ്പാടുചെയ്യണം. ഉദ്ഘാട നത്തിന് ഒരു രാഷ്ട്രീയ നേതാവിനേയും വിളിക്കു ന്നില്ല. രാജാസാർ വിളക്കുകൊളുത്തി നിർവ്വഹി ച്ചാൽ മതി. എന്റെ വിവാഹം ചിങ്ങം ഒന്നിന്. കന്നിയിൽ ആദ്യത്തെ ഞായറാഴ്ചയാണ് നമ്മുടെ സേവന പരിപാടി, കന്നിയിൽ ആദ്യത്തെ ഞായറാഴ്ച. ഞാൻ ഫോണിൽ ബന്ധപ്പെടാം."

കന്നിയിൽ ആദ്യത്തെ ശനിയാഴ്ച. ഞാൻ ഏറ്റതുപോലെ നോട്ടീസ് വിതരണം നടത്തി. നേരിട്ടു കാണേണ്ടവരെ നേരിട്ടുകണ്ടും വിവരം ഗ്രാമവാസികളെ അറിയിച്ചു. ഗ്രാമ പഞ്ചായത്തിന്റെ സഹായത്തോടെ കമ്യൂണിറ്റി ഹാളിൽ വേണ്ട സൗകര്യം ഒരുക്കി.

ഞായറാഴ്ച ഡോക്ടർ ദീപയും കൂട്ടരും പത്തു മണിക്കു മുമ്പുതന്നെയെത്തി. അതിനും മുമ്പ് ഏതാനും രോഗികളും എത്തിയിരുന്നു.

ഒരു ഡോക്ടർ രോഗികളോട് എങ്ങനെ പെരു മാറണമെന്ന് രണ്ടു ഡോക്ടർമാർക്കും വ്യക്തമായി അറിയാം. ഇവിടെ സേവനമാണ് മുഖ്യം. അതു നൂറു ശതമാനം സത്യസന്ധമായി കാണിച്ചുതന്നു. മൂന്നു മണിക്കൂറുകൊണ്ട് ഏകദേശം 35 രോഗി കളെ പരിശോധിച്ചു. ആവശ്യമുള്ളവർക്ക് മാത്രം മരുന്നു നൽകി. ആഹാരനിയന്ത്രണത്തിലും വ്യക്തി ശുചിത്വത്തിനുമാണ് ഊന്നൽ നൽകിയത്. കിടത്തി ചികിത്സിക്കേണ്ടവരായി ആരുമുണ്ടായിരുന്നില്ല.

രാകേശും കൃഷി ഓഫീസറും അവരുടെ കർത്തവ്യം വേണ്ടതുപോലെ നിർവ്വഹിച്ചു.

വീട്ടിലൊരുക്കിയ ഭക്ഷണം കഴിച്ച് അവർ യാത്രയായി. അടുത്ത അഞ്ചു ഞായറാഴ്ചകൾ മറ്റു ഗ്രാമങ്ങളിലായിരിക്കും. വൈകുന്നേരം ഗ്രാമ ത്തിലെ കുറേപ്പേർ വീട്ടിൽ വന്നു, എന്നെ അനു മോദിക്കാൻ.

"രാജാസാറിനെ സമ്മതിച്ചു. ഇത്ര ഉഗ്രൻ പരിപാടിയെക്കുറിച്ച് ഞങ്ങളാരും ഇതുവരെ ആലോചിച്ചിട്ടുപോലുമില്ല. എങ്ങനെയിതു സംഘ ടിപ്പിച്ചു?"

ഇതിന്റെ പുറകിൽ ഡോക്ടർ ദീപയാണെന്നുള്ള കാര്യം ഞാൻ ആരോടും പറഞ്ഞില്ല. അതാണ് ദീപ ആഗ്രഹിച്ചതും. അതാണ് അവളുടെ വ്യക്തിത്വം.

ഈ പരിപാടി ഒരാറുമാസം തുടർന്നു. അതോടു കൂടി ഗ്രാമത്തിൽ രോഗികൾ തീരെയില്ലാതായി. ആരോഗ്യം തുളുമ്പുന്ന ഗ്രാമവാസികൾ. കാലാ വസ്ഥ അനുകൂലമായതിനാൽ കൃഷിയും മെച്ച പ്പെട്ടു.

പതിവു തെറ്റിച്ച് ഡോക്ടർ ദീപ ഒരു ബുധനാഴ്ച വീട്ടിൽ കയറിവന്നപ്പോൾ ഞാൻ ശരിക്കും അല്പം പരിഭ്രമിച്ചു

ഒരു മുഖവുരയുമില്ലാതെ വളരെ സാധാരണ മട്ടിൽ ദീപ പറഞ്ഞു

"രാജാസാറെ ഞാനൊരാളെ കൊന്നു. അതു പറയാനാ വന്നത്."

സത്യത്തിൽ ഞാൻ ഞെട്ടിപ്പോയി.

"അതെ ഞാനൊരു ക്രൂരനെ കൊന്നു. ഏതാനും ബലാൽസംഗം, രണ്ടുകൊലപാതകം, പിന്നെ അടിപിടി, മോഷണം, പിടിച്ചുപറി ഇത്തരത്തി ലൊരാൾ ജീവിച്ചിരിക്കുന്നത് സമൂഹത്തിനൊരു

ശാപമാണ്. ഞാനവനെ കൊന്നു. അത്രതന്നെ."

എത്ര ലാഘവത്തോടെയാണ് ദീപ പറയുന്നത്. ഞാനാകെ വിയർത്തുപോയി.

"ദീപ, ഞാനെന്താ കേൾക്കുന്നത്. നീ ഒരാളെ കൊന്നെന്നോ? നിനക്കതിനു കഴിയുമോ?"

"അതെ, കൊന്നു. രാജാസാറല്ലാതെ മറ്റാരും ഇതറിയണ്ട, രാകേശുപോലും. പക്ഷെ ഞാനാണു കൊന്നതെന്ന് ഒരു തെളിവുമില്ല. ഉണ്ടാവുകയുമില്ല."

"ശരിക്കെന്താണു സംഭവിച്ചത്?"


അതോ. അയാൾ കോടതിയിൽ വിചാരണയിലാണ്. കുറ്റങ്ങളെല്ലാം സംശയാതീതമായി തെളിയിക്കാൻ പോലീസിനു ബുദ്ധിമുട്ടാണ്. തെളിവുകളുടെ അഭാവത്തിൽ കോടതി അയാളെ വെറുതെ വിടുകയോ ഒന്നുരണ്ടു വർഷത്തെ ജയിൽവാസത്തിനു വിധിക്കുകയോ ചെയ്യും. വീണ്ടും ചരിത്രം ആവർത്തിക്കും ഒരു സാമൂഹിക സേവിക എന്ന നിലയിൽ ഞാൻ എനിക്കു ചെയ്യാവുന്നതു ചെയ്തു. അയാളെ കൊന്നു. രോഗം ബാധിച്ച അയാളെ ഞാൻ ജോലിചെയ്യുന്ന ആശുപത്രിയിലാണ് പ്രവേശിപ്പിച്ചത്. അങ്ങനെയാണ് അയാളുടെ കുറ്റകൃത്യങ്ങളുടെ വിവരം കിട്ടിയത്. കൈവന്ന അവസരം ഞാൻ ശരിക്കും മുതലെടുത്തു. അയാൾ രോഗം മൂർച്ഛിച്ചു മരിച്ചു എന്ന് റിപ്പോർട്ടും കൊടുത്തു. പോസ്റ്റ് മോർട്ടം വേണ്ടിവന്നില്ല. പോലീസിനും നാട്ടുകാർക്കും സമാധാനമായി. ആർക്കും പരാതിയുമില്ല. പണ്ടു രാജാസാർ ഒരു നോവൽ വായിച്ചിട്ടു പറഞ്ഞത് എനിക്കോർമ്മയുണ്ട്. കൊല്ലേണ്ടവനെ കൊല്ലുകതന്നെ വേണം. ഞാനതനുസരിച്ചു. ഞാൻ ചെയ്തത് തെറ്റാണോ?"

"ദീപ, നീ ചെയ്തത് ശരി എന്നു ഞാൻ പറയില്ല. കാരണം നിയമം പൊതുജനങ്ങൾ കൈയിലെടുക്കാൻ പാടില്ല. അയാളെപ്പോലെ ഒരാൾ ജീവിച്ചിരിക്കുന്നത് നാടിനുതന്നെ ആപത്താണ്. എന്നാൽ നിനക്ക് അയാളെയല്ല ആരേയും കൊല്ലാനുള്ള അധികാരമില്ല. അത് അധികാരപ്പെട്ടവർ നടത്തട്ടെ. നമ്മുടെ കാലഹരണപ്പെട്ട നീതിന്യായ വ്യവസ്ഥകൾ പൊളിച്ചെഴുതാൻ സമയം എത്രയോ വൈകി. മാത്രമല്ല കൊടും കുറ്റവാളികൾക്കു വേണ്ടി കോടതിയിൽ വാദിക്കാൻ ലക്ഷക്കണക്കിനു പണം കൊടുത്തു വക്കീലന്മാരെ ഏർപ്പാടു ചെയ്ത് അവരെ രക്ഷിക്കാൻ ചില സമ്പന്നവ്യക്തികളുണ്ടെന്നുള്ളതാണ് എനിക്കു മനസ്സിലാകാത്തത്. ആർക്കുവേണ്ടി? എന്തിനുവേണ്ടി? ജനങ്ങളുടെ പണംകൊണ്ട് ജനകീയ സർക്കാർ നിരവധി കുറ്റവാളികളെ ജയിലിൽ തീറ്റിപ്പോറ്റുന്നതാർക്കുവേണ്ടി? നമ്മുടെ നാടു നന്നാക്കാൻ നമ്മളെക്കൊണ്ടു കഴിയുന്നതു ചെയ്യുക. അതാണ് നീ ചെയ്തത്. അങ്ങനെ നോക്കിയാൽ അതൊരു നല്ല പ്രവർത്തി തന്നെ. വ്യക്തിപരമായി നന്മയും സ്വഭാവശുദ്ധിയും സാമൂഹിക സേവകർക്കു നിർബന്ധമാണ്. എന്തെങ്കിലും പ്രതിഫലമോ നേട്ടമോ ഇച്ഛിക്കാതെയുള്ള സമർപ്പണമാണല്ലോ നീ ചെയ്യുന്നത്. അതായത് നാം ആരേയും സഹായിക്കുകയല്ല, നിസ്വാർത്ഥമായി സേവിക്കുകയാണു വേണ്ടത്.

ദീപമോളെ, ശ്രീകൃഷ്ണൻ കംസനെ സുദർശനം കൊണ്ടു കൊന്നുവെന്നല്ലേ നാമൊക്കെ മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ ഒരു സ്വാമിയുടെ തത്ത്വചിന്തകൂടി കേൾക്കൂ. സുദർശനം എന്നാൽ നല്ല കാഴ്ചപ്പാട്. ശീകൃഷ്ണൻ കംസന്റെ ദുർദർശനങ്ങളെ മാറ്റി സുദർശനമാക്കിയെന്നാണ് ധ്വനി. അല്ലാതെ ഒരു അറക്കവാൾ കറക്കിയെറിഞ്ഞ് കംസന്റെ തല കൊയ്തുവെന്നല്ല നാം ധരിക്കേണ്ടത്. പക്ഷെ ഇത്തരം സുദർശനവിദ്യ എല്ലാതലങ്ങളിലും നടപ്പാക്കാൻ വിഷമമായതുകൊണ്ട് നീ തെരഞ്ഞെടുത്ത വഴിയാണ് ശരി. ദുഷ്ട നിഗ്രഹം.

നമ്മളൊക്കെ ഹിന്ദുക്കളല്ലേ. ഹിന്ദു എന്ന വാക്ക് സിന്ധ് എന്ന അറബി വാക്കിന്റെ അപഭ്രംശമല്ല 'ഹീനം ദുഷ്യന്തി ഇതി ഹിന്ദു'. അതായത് അജ്ഞതയും അധമത്ത്വവും ഉപേക്ഷിക്കുന്നവൻ, ഹീനമായ വിചാരങ്ങളിൽ നിന്ന് ദൂരെ നിൽക്കുന്നവൻ എന്നാണർത്ഥം. ഈ നാട്ടിൽ അതേ നടപ്പിലാക്കാൻ പറ്റൂ. പണ്ടു നിന്നെ വൈലോപ്പിള്ളിയുടെ 'ജലസേചനം' എന്ന കവിത പഠിപ്പിച്ചത് ഓർമ്മയുണ്ടോ? 'അത്ര മഹാന്മാർ ഭൂതദയയിൽ നിന്നുണ്ടാവൂ. നിർദ്ദയത്വം.' നിന്റെ ഈ പ്രവർത്തി അതാണ്. ഭൂതദയയിൽ നിന്നുമുണ്ടായ നിർദ്ദയത്വം. നൂറുപേരെ രക്ഷിക്കാൻ ഒരു ദുഷ്ടനെ കൊല്ലണമെങ്കിൽ കൊല്ലണം. അതാണല്ലോ കൃഷ്ണൻ ചെയ്തതും.

നിഘണ്ടുവിലെ അർത്ഥം വെച്ചു മാത്രം നിയമങ്ങളെ അളക്കുന്നതു ശരിയല്ല. സന്ദർഭം, കുറ്റവാളി



# സമാധാനമെവിടെ?

**ജ്യോതി വർമ്മ എൽ.ആർ.**
പന്തളം, മൊ. 8330054846

ആകാശച്ചെരുവിലുദിച്ച ഇന്ദുവിന് രക്തവർണ്ണം
കാർമേഘം എത്തിനോക്കുന്ന വഴിത്താരയിൽ, നക്ഷത്രശോഭ മിന്നിമറയുന്നു

ചവിട്ടിയുറച്ച ഭൂമികയെന്റെ
പെരുവിരലിൽ മരവിപ്പായി പടർന്നു
വിരൽ തരിപ്പിന്റെ വിള്ളലിൽ നിന്നൊരു പെരുമരം
ആകാശംമുട്ടെ ശാഖി വിരിച്ചു

ആഴത്തിലുള്ള വേരുകൾകൊണ്ട് ധരയെ വരിഞ്ഞുമുറുക്കി, എല്ലാം ഊറ്റിയെടുക്കുന്നു

ശാഖകളിൽ തൂങ്ങിയ ബോംബിന്റെ കനികൾ
ഏതോ കുതിരയുടെ ചിനപ്പുപോലെ ഇടയ്ക്കിടെ അലറി വീർക്കുന്ന അണുബോംബുകൾ

പൊട്ടിത്തെറിച്ചാലിവിടം ശൂന്യം... വേദനകൊണ്ട് ശ്വാസംപിടയുന്ന ജീവന്റെ രോദനമേറ്റുവാങ്ങി ധര തളരും
അൽപ്പം നക്കിത്തുടക്കാൻ പോലുമില്ലാതെ, മൃത്യു വെന്തുരുക്കും

നേട്ടങ്ങളൊന്നുമില്ലാത്ത യുദ്ധമുഖങ്ങളിൽ കോട്ടങ്ങളുടെ പെരുക്കപ്പട്ടിക മാത്രം

ഭീതിയാൽ ദൃഷ്ടി പിൻവലിച്ചു കണ്ണുകളടച്ചു
ഇന്ദുവോ, ഭയന്ന് കരിമേഘക്കെട്ടിൽ മുഖംപൂഴ്ത്തി.

---

→

യുടെ മാനസിക നില, വളർന്നുവന്ന ചുറ്റുപാട്, കുറ്റം സമൂഹത്തിലേൽപ്പിക്കുന്ന ആഘാതം അങ്ങനെ പല ഘടകങ്ങളും കൂടി കണക്കിലെടുത്തുവേണം വിധി കൽപ്പിക്കാൻ. തക്കാളി പഴമാണോ പച്ചക്കറിയാണോ എന്ന തർക്കം കോടതിയിലെത്തിയപ്പോൾ ന്യായാധിപൻ വിധിച്ചതുപോലെയാണിതും. 'സസ്യശാസ്ത്രപ്രകാരം പഴവും ഉപയോഗത്തിൽ പച്ചക്കറിയും.' നീ ചെയ്തത് ശരിയുമാണ് തെറ്റുമാണ്. ഏതായാലും ഇതാവർത്തിക്കരുത്. ഇവിടെ ഒരു കാര്യം കൂടി ഞാൻ ശ്രദ്ധിച്ചു. ദീപ, നീ ചെയ്യുന്നതെല്ലാം നീ നിന്നെത്തന്നെ മനസ്സിലാക്കിയിട്ടാണ്. അതായത് സ്വന്തം കഴിവ്, പരിമിതി, ആഗ്രഹം, ആവശ്യം, ഇഷ്ടം, അനിഷ്ടം എല്ലാം സ്വയം വിലയിരുത്തി സ്വന്തം വ്യക്തിത്വം രൂപപ്പെടുത്തി ആത്മവിശ്വാസത്തോടുകൂടിയ പ്രവർത്തന ശൈലിയാണ് നിന്റെ ജീവിതവിജയത്തിനു കാരണം. അതു തുടരട്ടെ. നന്മനിറഞ്ഞ വിചാരധാര എല്ലാ സന്മനസ്സുകളിൽ നിന്നും നിന്നിലേക്ക് അനുഗ്രഹമായി ഒഴുകട്ടെ."

എന്റെ കാൽതൊട്ടു വന്ദിച്ചു പടിയിറങ്ങിയപ്പോൾ ഞാനും ഡോ. ദീപയെ മനസ്സുകൊണ്ട് അനുഗ്രഹിച്ചു. ●

# KKSY Smash Masters
# ആൾ കേരള ഷട്ടിൽ ബാഡ്മിന്റൺ മത്സരം 2026

ക്ഷത്രിയ ക്ഷേമസഭയുടെ യൂത്ത് വിങ്ങിന്റെ ആഭിമുഖ്യത്തിൽ ഓൾ കേരള ഷട്ടിൽ ബാഡ്മിന്റൺ മത്സരം സംഘടിപ്പിച്ചു. തിരുവനന്തപുരം യൂണിറ്റാണ് ആതിഥ്യമരുളിയത്. കവടിയാർ കൊട്ടാരത്തിലെ ശ്രീപത്മനാഭ റോയൽ ഇൻഡോർ കോർട്ടിൽ സംഘടിപ്പിച്ച മത്സരം പ്രിൻസ് ആദിത്യ വർമ്മ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ഡോക്ടർ ലളിതാംബിക, ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, യുവജനവിഭാഗം പ്രസിഡന്റ് ഹൃഷികേശ് വർമ്മ എന്നിവർ പങ്കെടുത്തു. വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു:




പുരുഷന്മാരുടെ സിംഗിൾസിൽ ജയദേവൻ (തിരുവല്ല) വിജയിച്ചു. മനോജ് വർമ്മ (ചേർത്തല) റണ്ണറപ്പായി.




വനിതാ സിംഗിൾസിൽ സംയുക്ത ധനഞ്ജയ് (ചെന്നൈ യൂണിറ്റ്) വിജയിച്ചു. നയന വർമ്മ (കരപ്പുറം യൂണിറ്റ്) റണ്ണറപ്പായി.




ഡബിൾസിൽ പ്രിൻസ് ആദിത്യ വർമ്മ - സുദേവ് വർമ്മ (തിരുവനന്തപുരം യൂണിറ്റ്) സഖ്യം വിജയിച്ചു. നന്ദകുമാർ വർമ്മ - ജയദേവൻ (തിരുവല്ല) ടീം റണ്ണറപ്പായി.





മിക്സഡ് ഡബിൾസിൽ മനോജ് - സംയുക്ത ടീം വിജയിച്ചു. ഹരീഷ് - നയന റണ്ണറപ്പായി

## KKSY Smash Masters



KKSY Smash Masters ആൾ കേരള ഷട്ടിൽ ബാഡ്മിന്റൺ മത്സരം - 2026 ൽ പങ്കെടുത്ത കളിക്കാർ ആതിഥേയരായ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ ഭാരവാഹികളോടൊപ്പം

# ബാലവേദി/വളരുന്ന പ്രതിഭകൾ









*വരച്ചത്:*
**നന്ദകിഷോർ വർമ്മ** (14)
9–ാം സ്റ്റാൻഡേർഡ്
ചിന്മയ വിദ്യാലയ
തൃപ്പൂണിത്തുറ
കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമ സഭയിലെ അജിത് കുമാർ വർമ്മ – ചിത്ര ദമ്പതികളുടെ മകൻ.

---



*വരച്ചത്:*
**അമേയ വർമ്മ**
വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ കാർത്തിക് വർമ്മയുടേയും അമൃത വർമ്മയുടേയും മകൾ.
6–ാം സ്റ്റാൻഡേർഡ്
ശ്രീ ശാരദാ വിദ്യാലയ,
കാലടി.



# അഭിനന്ദനങ്ങൾ



കേന്ദ്ര ഗവൺമെന്റിന്റെ കമ്മ്യൂണിക്കേഷൻസ് മന്ത്രാലയത്തിലെ തപാൽ വകുപ്പ്, വിദ്യാർത്ഥികളിൽ സ്റ്റാമ്പുശേഖരണത്തിൽ അഭിരുചിയും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ആരംഭിച്ച 'ദീൻ ദയാൽ സ്പർശ് യോജന 2025' ലെ സ്കോളർഷിപ്പിന് **സിദ്ധാർത്ഥ് പണ്ടാല** അർഹത നേടി. എളമക്കര 'സമൃദ്ധി'യിൽ ഹരി പണ്ടാല - ലക്ഷ്മി പണ്ടാല ദമ്പതിമാരുടെ പുത്രനാണ്. എളമക്കര ഭവൻസ് വിദ്യാമന്ദിർ ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. പ്രതിവർഷം 6,000 രൂപയുടെ സ്കോളർഷിപ്പാണ് ലഭിക്കുക. മികച്ച അക്കാദമിക് റെക്കോർഡുള്ളതും ഫിലാറ്റലി (സ്റ്റാമ്പ് ശേഖരണം) ഒരു ഹോബിയായി പിന്തുടരാൻ താൽപ്പര്യമുള്ളതുമായ ആറ് മുതൽ ഒമ്പത് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്ന് എഴുത്തുപരീക്ഷ/ക്വിസ്, ഫിലാറ്റലി പ്രോജക്റ്റ് സമർപ്പിക്കൽ എന്നീ പ്രക്രിയയിലൂടെയാണ് തിരഞ്ഞെടുക്കുക.

തൃശൂരിൽ നടന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഇപ്രാവശ്യവും **കാഞ്ചന കെ. വർമ്മ** കേരളനടനത്തിൽ A grade കരസ്ഥമാക്കി. 2025-ലെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും സമ്മാനാർഹയായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ഗുരുഗോപിനാഥ് പുരസ്കാര ജേതാവ് കൂടിയാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തിലേറെയായി വനജ മനോഹറിന്റെ ശിക്ഷണത്തിൽ നൃത്തം അഭ്യസിക്കുന്നു. പന്തളം 'സാകേത'ത്തിൽ (നാലുകെട്ട് കൊട്ടാരം) കേരളവർമ്മ - സീതാലക്ഷ്മി (പള്ളം കൊട്ടാരം) ദമ്പതികളുടെ പുത്രിയാണ്.







മുംബൈ ഐറോളിയിൽ താമസിക്കുന്ന **അമൃത് എസ്. വർമ്മ**യ്ക്ക് പുണെയിലെ സിംബയോസിസ് കോളേജ് ഓഫ് ആർട്സ് ആൻഡ് കൊമേഴ്സിൽ നിന്ന് സിംബയോസിസ് എക്സലൻസ് അവാർഡും സിംബയോസിസ് എലോക്യൂഷൻ ആന്റ് ഡിബേറ്റ് അസോസിയേഷന്റെ മികച്ച വിദ്യാർത്ഥിക്കുള്ള 2025-26 അദ്ധ്യയന വർഷത്തെ അവാർഡും ലഭിച്ചു. കുറ്റിലഞ്ഞി യൂണിറ്റ് അംഗങ്ങളായ സുധീർ വർമ്മ - സുചിത്ര വർമ്മ ദമ്പതികളുടെ പുത്രനാണ്.

തൃശ്ശൂരിൽ നടന്ന 64-ാമത് സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ കഥകളി സംഗീതത്തിന് (ഹൈസ്ക്കൂൾ ജനറൽ) 'എ' ഗ്രേഡ് ലഭിച്ച **ശ്രീദ ശ്രീകാന്ത്**. മാവേലിക്കര ഗവ. ഹയർ സെക്കന്ററി സ്ക്കൂൾ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. കലാമണ്ഡലം ശ്രീകാന്ത് വർമ്മയുടെയും ധന്യ വർമ്മയുടെയും പുത്രിയാണ്.



## യൂണിറ്റ് ഭാരവാഹികൾ - കരിവെള്ളൂർ


**പി.എം. സുബ്രഹ്മണ്യൻ**
(പ്രസിഡന്റ്), 9447764778


**ടി.എം. ശ്രീകുമാർ**
(സെക്രട്ടറി), 8848476040


**എൻ.കെ.കെ. ഉണ്ണിത്തിരി**
(ട്രഷറർ), 9747089159

## യൂണിറ്റ് ഭാരവാഹികൾ - നീലേശ്വരം


**കൃഷ്ണ വർമ്മ രാജാ വി.സി.**
(പ്രസിഡന്റ്), 9447286263


**രാകേഷ് എ.സി.**
(സെക്രട്ടറി), 9847033558


**സുഭാഷ് പി.കെ.**
(ട്രഷറർ), 9946340888

## യൂണിറ്റ് യുവജനവിഭാഗം ഭാരവാഹികൾ - തിരുവല്ല


**ആർദ്ര വർമ്മ**
(പ്രസിഡന്റ്), 9497674204


**സൂരജ് എസ്.**
(സെക്രട്ടറി), 9495380585

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

ഭരണസമിതി യോഗം എല്ലാ മാസവും കൂടി റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് പാസ്സാക്കിവരുന്നു. ഓരോ മാസവും നടത്തേണ്ട പ്രവർത്തനങ്ങളും മറ്റും ചർച്ച ചെയ്ത് തീരുമാനം എടുത്തുവരുന്നു. സഭയുടെ വനിതാവിഭാഗവും പ്രത്യേക ഭരണസമിതി യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ട്.

സഭയുടെ മുൻ സെക്രട്ടറി അജയ് വർമ്മ രാജയുടെ നിര്യാണത്തിൽ ഭരണസമിതി പ്രത്യേക അനുശോചന യോഗം കൂടി. യോഗത്തിൽ പരേതന്റെ കുടുംബാംഗങ്ങളും പങ്കെടുത്തു. ഭരണസമിതിയംഗങ്ങൾ അദ്ദേഹത്തിന്റെ ഓർമ്മകൾ പങ്കുവെച്ചു.

ധനുമാസത്തിലെ തിരുവാതിര ആഘോഷം ജനുവരി 2 ന് രംഗവിലാസം ഹാളിൽ വെച്ച് നടത്തി. പ്രസിഡന്റ് കിഷോർ കുമാർ വർമ്മയുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ 'തിരുവാതിര അനുഷ്ഠാനത്തിൽ ദേവിയുടെ മാഹാത്മ്യം' എന്ന വിഷയത്തിൽ കൊടുങ്ങല്ലൂർ പുത്തൻ കോവിലകം അംഗം കെ. രാമവർമ്മ പ്രഭാഷണം നടത്തി. വനിതാവിഭാഗം പ്രസിഡന്റ് രാജേശ്വരി വർമ്മ സ്വാഗതവും സെക്രട്ടറി ഉഷ വർമ്മ നന്ദിയും പ്രകാശിപ്പിച്ചു. മുതിർന്ന അംഗം ഭാനുമതി തമ്പുരാട്ടിയുടെ നേതൃത്വത്തിൽ എട്ടങ്ങാടി നിവേദ്യം നടന്നു. സഭാ മെമ്പർ അരുണിമ വർമ്മ നിവേദ്യം സമർപ്പിച്ചു. തുടർന്ന് നാൽപ്പതോളം വരുന്ന വനിതാ അംഗങ്ങൾ തിരുവാതിര കളി ആരംഭിച്ചു. വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ അന്നത്തെ രാത്രി ഉറക്കമിളച്ച് പുലർച്ചെ വരെ തിരുവാതിര കളിച്ചു. തിരുവാതിരയുടെ മുഴുവൻ ചിലവും ഭക്ഷണവും അടക്കം സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മയുടെ മാതാവ് ചന്ദ്രിക നമ്പിഷ്ടാതിരിയുടെ സംഭാവന ആയിരുന്നു.

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ലക്ഷദീപം ജനുവരി 14 ന് മുറപോലെ ഭംഗിയായി നടന്നു. സഭ മെമ്പർമാർ ദർശനത്തിനായി ക്ഷേത്രത്തിൽ എത്തിച്ചേർന്നു. പാസ്സ് മൂലം ആണ് ദർശന നിയന്ത്രണം ഉണ്ടായത്. 2026-ലെ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ കലണ്ടർ സൗജന്യമായി സഭയിലെ എല്ലാ ഗൃഹങ്ങളിലും എത്തിച്ചുകൊടുത്തു.

ഫെബ്രുവരി 8-ന് പന്തളത്ത് വെച്ച് നടത്തിയ ദക്ഷിണ മേഖലാ സമ്മേളനത്തിൽ സഭയിലെ മെമ്പർമാർ പങ്കെടുക്കുകയും സെക്രട്ടറിയുടെ അഭാവത്തിൽ ജോയിന്റ് സെക്രട്ടറി സഭയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെയ്ക്കുകയും ചെയ്തു.

ഫെബ്രുവരി 15 ന് തിരുവനന്തപുരം കവടിയാർ പാലസ് കോമ്പൗണ്ടിലുള്ള ശ്രീപത്മനാഭ ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് ക്ഷത്രിയ ക്ഷേമസഭ യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ ബാഡ്മിന്റൺ മത്സരത്തിന് തിരുവനന്തപുരം സഭ ആതിഥ്യം വഹിച്ചു. സഭ മത്സരാർത്ഥികൾക്ക് വേണ്ട സഹായങ്ങൾ നൽകുകയും സൗജന്യമായി ഭക്ഷണവും ശീതള പാനീയവും വിതരണം ചെയ്യുകയും ചെയ്തു. സഭയിലെ ഭരണസമിതിയംഗങ്ങൾ രാവിലെ മുതൽ വൈകുന്നേരം മത്സരം അവസാനിക്കുന്നതുവരെയും പങ്കെടുക്കുകയും പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തു. സഭയിൽ നിന്ന് സുദേവ് വർമ്മ, കവടിയാർ പാലസിലെ പ്രിൻസ് ആദിത്യവർമ്മ, വിഷ്ണു വർമ്മ, നയനാ വർമ്മ എന്നിവർ മത്സരത്തിൽ പങ്കെടുത്തു. ഡബിൾസിൽ ഒന്നാം സമ്മാനം തിരുവനന്തപുരം സഭയിലെ സുദേവ് വർമ്മ-പ്രിൻസ് ആദിത്യവർമ്മ സഖ്യത്തിന് ലഭിച്ചു.

2026 ഫെബ്രുവരി 22 ന് രംഗവിലാസം ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ 2025-ലെ സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡ്, സ്പോൺസറും മുതിർന്ന സഭാംഗവുമായ ഡോ. ആശാലത തമ്പുരാൻ ബാലുശ്ശേരി യൂണിറ്റ് അംഗം പ്രണവ് വർമ്മയ്ക്ക് നൽകി. ചടങ്ങിൽ കേന്ദ്രസഭ പ്രസിഡന്റ് ഡോ. ലളിതാംബിക, ഉപദേശക സമിതിയംഗം ആർ. രാമവർമ്മ, പ്രസിഡന്റ് കിഷോർ കുമാർ വർമ്മ എന്നിവർ പ്രസംഗിച്ചു; ആശംസകൾ നേർന്നു.

ഇത്തവണത്തെ ആറ്റുകാൽ പൊങ്കാല മാർച്ച് 3 ന് നടന്നു. മുൻ വർഷങ്ങളിലെപ്പോലെ ഇത്തവണയും തിരുവനന്തപുരം സഭ സുന്ദരവിലാസം കൊട്ടാരം ഓഫീസിൽ കേരളത്തിലെ വിവിധ



യൂണിറ്റുകളിൽ നിന്നും വന്നവർക്കും സഭയിലെ വനിതകൾക്കും പൊങ്കാല സമർപ്പിക്കുന്നതിന് വേണ്ട സഹായസഹകരണവും വെള്ളവും ഭക്ഷണവും സൗജന്യമായി നൽകി. കരിവെള്ളൂർ, കുറ്റിലഞ്ഞി, തൃശ്ശൂർ, പന്തളം എന്നീ യൂണിറ്റുകളിലെ വനിതകൾ പങ്കെടുത്തു.

## കരിവെള്ളൂർ

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ വാർഷിക ജനറൽബോഡി യോഗം 8-2-2026 ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടുമണിക്ക് യൂണിറ്റ് പ്രസിഡന്റ് പി. എം. സുബ്രഹ്മണ്യന്റെ ഓണക്കുന്നിലുള്ള വസതിയിൽ വച്ച് നടന്നു.

ഈശ്വരപ്രാർത്ഥനയ്ക്ക് ശേഷം യൂണിറ്റ് വൈസ് പ്രസിഡന്റ് വി.എം. ദാമോദരൻ അന്നൂർ സ്വാഗതം പറഞ്ഞു. 2025 വർഷത്തിൽ നമ്മെ വിട്ടുപിരിഞ്ഞ സമുദായാംഗങ്ങളുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. യൂണിറ്റ് പ്രസിഡന്റ് സുബ്രഹ്മണ്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ വിശദമായ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു.




തുടർന്ന് 2025-26 ലെ വാർഷിക വരവ്-ചെലവ് കണക്ക് ട്രഷറർ എൻ.കെ.കെ. ഉണിത്തിരി അവതരിപ്പിച്ചു. റിപ്പോർട്ടിന്മേലും വരവ്-ചെലവ് കണക്കിന്മേലും നടന്ന ചർച്ചയിൽ എൻ.എം. പവിത്ര ചന്ദ്രൻ, ഇ.എം. കൃഷ്ണകുമാർ, ടി.എം. ഉണ്ണികൃഷ്ണൻ, സി.കെ. വേലായുധൻ, കെ. ചന്ദ്രകാന്തൻ, വനിതാവിഭാഗം സെക്രട്ടറി ഡോ. എം.എം. കവിത വർമ്മ, ട്രഷറർ കെ.പി. ശ്രീജ മുരളീധരൻ, സാവിത്രി പരമേശ്വരൻ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

തുടർന്ന് 2026-27 വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങളെയും ഭാരവാഹികളെയും തിരഞ്ഞെടുത്തു. യൂണിറ്റ് രക്ഷാധികാരി വി.എം. ദാമോദരനെ യോഗം റിട്ടേണിംഗ് ഓഫീസറായി നിയമിച്ചു. യൂണിറ്റ് രക്ഷാധികാരിയായി വി.എം. ദാമോദരനെയും പ്രസിഡന്റായി പി.എം. സുബ്രഹ്മണ്യനെയും സെക്രട്ടറിയായി ടി.എം. ശ്രീകുമാറിനെയും ട്രഷററായി എൻ.കെ. കൃഷ്ണൻ ഉണിത്തിരിയെയും വീണ്ടും തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റായി എൻ.എം. പവിത്ര ചന്ദ്രനെയും ജോയിന്റ് സെക്രട്ടറിയായി ഇ.എം. കൃഷ്ണകുമാറിനെയും കമ്മിറ്റി അംഗങ്ങളായി എസ്.പി. ശശിധരൻ തമ്പാൻ, സി.കെ. ശ്രീധരവർമ്മ, സി.കെ. രാഘവൻ, എൻ.പി. കുഞ്ഞിനാരായണൻ, എൻ.പി. ബാലകൃഷ്ണൻ, ടി.എം. ഉണ്ണികൃഷ്ണൻ, എൻ.പി. പുരുഷോത്തമൻ, എൻ.പി. കാമാക്ഷി വർമ്മ, ഡോ. എം.എം. കവിത വർമ്മ, സാവിത്രി പരമേശ്വരൻ എന്നിവരെയും തിരഞ്ഞെടുത്തു. യോഗത്തിൽ ഇ. എം. കൃഷ്ണകുമാർ നന്ദി പറഞ്ഞു. ചായസൽക്കാരത്തിന് ശേഷം യോഗം അവസാനിച്ചു.

## കരപ്പുറം

ക്ഷത്രിയ ക്ഷേമസഭയുടെ മൂന്ന് നിർവ്വാഹക സമിതി യോഗങ്ങൾ ഈ കാലയളവിൽ നടന്നു. ജനുവരി 2 ന് ധനുമാസ തിരുവാതിര ചടങ്ങുകൾ ആഘോഷിച്ചു. മാളികയിൽ കോവിലകത്ത് ബാലാദിത്യവർമ്മയുടെയും കനകലക്ഷ്മി വർമ്മയുടെയും കൊച്ചുമകളുടെ പുത്തൻ തിരുവാതിര ആയതിനാൽ കനകലക്ഷ്മി വർമ്മയാണ് തിരുവാതിര ആഘോഷങ്ങളും ചടങ്ങുകളും സമർപ്പിച്ചത്. എട്ടങ്ങാടി നിവേദ്യവും കൈകൊട്ടിക്കളികളും തിരുവാതിര പുഴുക്ക് ഉൾപ്പെടെയുള്ള വിഭവസമൃദ്ധമായ 'ഒരിക്കലും' പാതിരാപ്പൂ ചൂടലും എല്ലാം വിധിയാം വണ്ണം നടത്തി. മകരവിളക്ക് കാലഘട്ടം ആയതി



നാൽ അന്നുതന്നെ എല്ലാ അംഗങ്ങളും പങ്കെടുത്ത് അയ്യപ്പ ഭജനയും നടത്തി.

ഇദംപ്രഥമമായി കരപ്പുറം ക്ഷത്രിയ ക്ഷേമസഭ 2026 ലെ മനോഹരമായ കലണ്ടർ സ്വന്തനിലയിൽ അച്ചടിച്ച് എല്ലാ അംഗങ്ങൾക്കും എത്തിച്ചുകൊടുത്തു. നല്ല നിലവാരമുള്ള കലണ്ടർ കുറഞ്ഞ ചെലവിൽ അച്ചടിക്കുന്നതിന് പ്രയത്നിച്ച കേരളവിലാസം കോവിലകത്ത് ഉദയവർമ്മയെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഉത്സവക്കാലവും പരീക്ഷാക്കാലവും ആയതിനാൽ മാർച്ച് മാസത്തെ കുടുംബസംഗമം ഏപ്രിലിൽ നടത്താൻ നിശ്ചയിച്ചു.

ഫെബ്രുവരി 8 ന് പന്തളത്തു നടന്ന ദക്ഷിണ മേഖലാ സമ്മേളനത്തിൽ കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ മൂന്നു പ്രതിനിധികൾ പങ്കെടുത്തു.

മെയ് ഒന്നിന് ക്ഷത്രിയ ക്ഷേമസഭയുടെ നാൽപ്പത്തി മൂന്നാം വാർഷിക സമ്മേളനം ചേർത്തലയിൽ ആയതുകൊണ്ട് അതിന്റെ സമ്പൂർണ്ണ വിജയം ഉറപ്പാക്കുന്നതിനായി പ്രൊഫ. കെ.എൻ. എസ്. വർമ്മ രക്ഷാധികാരിയും കെ. ഹരികൃഷ്ണ വർമ്മ ജനറൽ കൺവീനറുമായി സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

## കുറ്റിലഞ്ഞി

സഭയുടെ നേതൃത്വത്തിൽ 2026 ജനുവരി ആദ്യവാരത്തിൽ തന്നെ കഴിഞ്ഞ വർഷത്തെ പോലെ 2026 ലെ സഭയുടെ കലണ്ടർ വിതരണം സമയാധിഷ്ഠിതമായി നടത്തുവാൻ കഴിഞ്ഞു.

ഇത്തവണയും സഭയുടെ തിരുവാതിര ആഘോഷം വിവിധ ചടങ്ങുകളോടെ ഭംഗിയായി ആഘോഷിച്ചു. എട്ടങ്ങാടി നിവേദ്യവും പാതിരാ പൂചൂടലും വനിതകളുടെ തിരുവാതിരകളിയും അടക്കം വിവിധ പരിപാടികളോടെ തിരുവാതിര രാവ് അവിസ്മരണീയമായി.

REACT ന്റെ പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി യൂണിറ്റിലെ അംഗങ്ങൾ അവരുടെ മാസ വരുമാനത്തിന്റെ ഒരു പങ്ക് റിയാക്റ്റിന് കൈമാറി റിയാക്ടിന്റെ സേവനങ്ങളിൽ ഭാഗഭാക്കായ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. ഇതിലേക്കായി സംഭാവന നൽകിയ കുടുംബാംഗങ്ങളെ അനുമോദിക്കുന്നു.

സഭയുടെ നേതൃത്വത്തിൽ തിരുവൈരാണിക്കുളം ക്ഷേത്രദർശനം പൂർവ്വാധികം ഭംഗിയായി നടത്തി. കുറ്റിലഞ്ഞിയിലെ ഗ്രാമക്ഷേത്രങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സഭയുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. കുറ്റിലഞ്ഞി ഗ്രാമത്തിൽ സഭയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ ഇത് സഹായകമാണ്.

സഭയുടെ നേതൃത്വത്തിൽ ചിട്ടിയും ഓണം ഫണ്ട് സമാഹരണവും മുടങ്ങാതെ നടക്കുന്നുണ്ട്.



മാർച്ച് എട്ടിന് ആഗോള വനിതാദിനത്തിന്റെ ഭാഗമായി സഭയിലെ 16 മുതിർന്ന വനിതകളെ ആദരിക്കുകയുണ്ടായി.

ചെണ്ടവാദനത്തിൽ അരങ്ങേറ്റം കുറിച്ച സഭയുടെ അംഗം ആദിത്യൻ വർമ്മയെ അരങ്ങേറ്റ മുഹൂർത്തത്തിൽ ആദരിച്ചു. ചെണ്ട വാങ്ങുവാനുള്ള സാമ്പത്തിക സഹായം നൽകിയ റിയാക്ടിന് പ്രത്യേക നന്ദി. തൃക്കാരിയൂർ ക്ഷേത്രത്തിലെ ഉത്സവവേദിയിൽ കഥകളിയിൽ സീതയുടെ വേഷം അവതരിപ്പിച്ച ഇടപ്പള്ളി ക്ഷത്രിയ ക്ഷേമസഭ

യൂണിറ്റ് സെക്രട്ടറി ഗിരിജ തമ്പുരാട്ടിയെയും കുറ്റിലഞ്ഞി സഭ ആദരിച്ചു. ഈ വർഷത്തെ വിഷു ആഘോഷം പൂർവ്വാധികം ഭംഗിയായി എല്ലാ അംഗങ്ങളുടെയും സഹകരണത്തോടെ നടത്തുവാനും തീരുമാനിച്ചു.

43-ാം സംസ്ഥാന സമ്മേളനം വൻപിച്ച വിജയകരമാക്കുന്നതിന് എല്ലാവിധ പിന്തുണയും അറിയിക്കുന്നു. സംസ്ഥാന സമ്മേളനത്തിന് 20 ഓളം പ്രതിനിധികളെ പങ്കെടുപ്പിക്കുവാനും തീരുമാനിച്ചു.

ഏപ്രിൽ മൂന്നിന് അതിരപ്പിള്ളി, വാഴച്ചാൽ, വാൽപ്പാറ, പൊള്ളാച്ചി എന്നിവിടങ്ങളിലേക്ക് ഒരു വിനോദയാത്ര സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## നീലേശ്വരം

ക്ഷത്രിയ ക്ഷേമസഭ നീലേശ്വരം യൂണിറ്റിന്റെ വാർഷിക ജനറൽ ബോഡിയോഗം 15-02-2026



ഞായറാഴ്ച കിണാവൂർ കോവിലകത്തുവച്ചു ചേർന്നു. ഈശ്വരപ്രാർത്ഥനയ്ക്ക് ശേഷം യൂണിറ്റ് സെക്രട്ടറി എ.സി. രാകേഷ് സ്വാഗതം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. അള്ളട സ്വരൂപം നീലേശ്വരം രാജവംശത്തിലെ ഇളയ തമ്പുരാട്ടി കെ.സി. ഭാഗീരഥി തമ്പുരാട്ടി യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് 2025-26 കാലയളവിലെ വാർഷിക റിപ്പോർട്ടും വരവ്-ചിലവ് കണക്കും അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. പി.കെ. സുഭാഷ്, കെ.സി. രഞ്ജിത്ത് രാധാകൃഷ്ണൻ, എ.സി. സന്തോഷ്, ടി.സി. ഭാഗ്യപ്രഭ, ടി.സി. മനോരമ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ചർച്ചയ്ക്കുള്ള മറുപടിക്ക് ശേഷം റിപ്പോർട്ടും വരവ്-ചിലവ് കണക്കും പൊതുയോഗം അംഗീകരിച്ചു. തുടർന്ന് 2026-27 വർഷത്തെ ഭരണസമിതി അംഗങ്ങളെയും ഭാരവാഹികളെയും യോഗം തിരഞ്ഞെടുത്തു. വി.സി. കൃഷ്ണവർമ്മ രാജ പ്രസിഡന്റായും കെ.സി. രഞ്ജിത്ത് രാധാകൃഷ്ണൻ വൈസ് പ്രസിഡന്റായും എ.സി. രാകേഷ് സെക്രട്ടറിയായും ടി.സി. രവിവർമ്മ രാജ ജോയിന്റ് സെക്രട്ടറിയായും പി.കെ. സുഭാഷ് ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു. കമ്മിറ്റി അംഗങ്ങളായി ടി.സി. കൃഷ്ണവർമ്മ രാജ, കെ.സി. മാനവർമ്മ രാജ, എ.സി. സന്തോഷ്, ഡോ. കെ. സി.കെ രാജ, പി.കെ. സുമേഷ്, ടി.സി. ഭാഗ്യപ്രഭ, ടി.സി. മനോരമ, ഡോ. വിജയകൃഷ്ണൻ എന്നിവരെ തിരഞ്ഞെടുത്തു. യൂണിറ്റ് ട്രഷറർ സുഭാഷ് പി.കെ. നന്ദി രേഖപ്പെടുത്തി.

ക്ഷത്രിയ ക്ഷേമസഭ നീലേശ്വരം യൂണിറ്റ് കുടുംബ സംഗമവും വനിതാവിഭാഗം യൂണിറ്റ് ട്രഷറർ ഭാഗീരഥി തമ്പുരാട്ടിയുടെ 60-ാം പിറന്നാളും 28-03-2026 ശനിയാഴ്ച വടക്കേ കോവിലകത്തുവെച്ച് ആഘോഷിച്ചു. കുടുംബ സംഗമത്തിൽ യൂണിറ്റ് പ്രസിഡന്റ് കൃഷ്ണവർമ്മ രാജ സ്വാഗതം പറഞ്ഞു സഭയുടെ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മ രാജ അദ്ധ്യക്ഷത വഹിച്ചു. നീലേശ്വരം അള്ളടസ്വരൂപം രാജവംശത്തിലെ തങ്കമണി മൂത്തമ്മ തമ്പുരാട്ടി യോഗം ഉദ്ഘാടനം ചെയ്തു. ഡോ. കെ. സി.കെ. രാജ, ചിത്ര ജെ.എസ്. വർമ്മ എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു.

60-ാം പിറന്നാൾ ആഘോഷിക്കുന്ന ഭാഗീരഥി തമ്പുരാട്ടിയെ ക്ഷത്രിയക്ഷേമസഭയ്ക്കു വേണ്ടി കെ.സി. മാനവർമ്മ രാജാ പൊന്നാടയണിയിച്ചു. വനിതാവിഭാഗത്തിനു വേണ്ടി ജോ. സെക്രട്ടറി ചിത്ര ജെ.എസ്. വർമ്മയും പൊന്നാടയണിയിച്ച് ആശംസകളറിയിച്ച് സംസാരിച്ചു. ഉച്ച ഭക്ഷണത്തോടു കൂടി കുടുംബയോഗം അവസാനിച്ചു.

നീലേശ്വരം കിണാവൂർ കോവിലകാംഗം ജ്യോതിയുടെ ഭർത്താവ് കിളിമാനൂർ കൊട്ടാരം അംഗവും 'ദി ഹിന്ദു' ദിനപ്പത്രത്തിന്റെ പോണ്ടിച്ചേരി ബ്യൂറോ ചീഫുമായ എം. ദിനേശ് വർമ്മ മാർച്ച്

അഞ്ചാം തീയതി ഷഷ്ടിപൂർത്തി ആഘോഷിച്ചു. 'ദി ഹിന്ദു'വിന്റെ തിരുവനന്തപുരം, ചെന്നൈ, പോണ്ടിച്ചേരി എന്നീ ബ്യൂറോകളിൽ കഴിഞ്ഞ 35 വർഷം പ്രവർത്തിച്ചു. പോണ്ടിച്ചേരിയിലെ ഫ്രഞ്ച് കോൺസുലറ്റിന്റെ ഉൾപ്പെടെ നിരവധി ആദരവുകൾ ലഭിച്ചിട്ടുണ്ട്.

## തൃശ്ശൂർ

**ആറാമത് ചെറുണ്ണ്യേട്ടൻ സ്മരണയോഗം**

തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയുടെ സ്ഥാപക നേതാവും രക്ഷാധികാരിയും ഉപദേഷ്ടാവും, ആശയങ്ങളുടെ ഭണ്ഡാരവുമായിരുന്ന ചെറുണ്ണ്യേട്ടന്റെ ആറാം അനുസ്മരണയോഗം ഫെബ്രുവരി ഇരുപത്തിരണ്ടാം തീയതി ചെമ്പുക്കാവ് എഞ്ചിനിയേഴ്സ് ഹാളിൽ വെച്ച് നടന്നു. മുഖ്യാതിഥിയും അനുസ്മരണ പ്രഭാഷകനും പ്രസിദ്ധ ആനചികിത്സകൻ ഡോ. പി.ബി. ഗിരിദാസ് ആയിരുന്നു.



നാലു മണിക്ക് സുമിത്ര വർമ്മ ആലപിച്ച "ഗജവദനാ കരുണാ സദനാ..." എന്ന ഗണേശ സ്തുതിയോടെയാണ് യോഗം ആരംഭിച്ചത്. തത്സമയം പ്രസിഡന്റ് ഡോ. പി.സി. സുധീരൻ, രക്ഷാധികാരി പ്രഹ്ളാദൻ വർമ്മ, ട്രഷറർ ദിലീപ് വർമ്മ, മുഖ്യാതിഥി ഡോ. പി.ബി. ഗിരിദാസ്, സെക്രട്ടറി ശങ്കർ വർമ്മ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. സെക്രട്ടറി ശങ്കർ വർമ്മ സ്വാഗതപ്രസംഗം നടത്തി. അതിനുശേഷം മുഖ്യാതിഥിയും രക്ഷാധികാരിയും ചേർന്ന് ദീപം കൊളുത്തി ഉദ്ഘാടനം നടത്തി. തുടർന്നുള്ള അദ്ധ്യക്ഷ പ്രസംഗത്തിൽ ചിരസ്മരണീയനായ ചെറുണ്ണ്യേട്ടന്റെ വ്യക്തിപ്രഭാവത്തിന്റെ ഓർമ്മകൾ അദ്ധ്യക്ഷൻ പങ്കുവച്ചു. ജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ സ്മരണയ്ക്ക് മാറ്റ് കൂട്ടാൻ ക്ഷത്രിയ ക്ഷേമസഭ വിജ്ഞാനപ്രദമായ പ്രഭാഷണങ്ങൾ ആണ് ഒരുക്കുന്നതെന്ന് പറഞ്ഞു. ആചാരാനുഷ്ഠാനങ്ങളുടെയും ഉത്സവങ്ങളുടെയും പ്രത്യേകിച്ച് തൃശ്ശൂർ പൂരത്തിന്റെയും ചരിത്രവശങ്ങൾ നന്നായി അറിയുന്ന ചെറുണ്ണ്യേട്ടന്റെ അനുസ്മരണ പ്രഭാഷണം ഉത്സവങ്ങളുടെ അവിഭാജ്യ ഘടകമായ ആനയെക്കുറിച്ചു തന്നെ ആകട്ടെ എന്ന് കമ്മിറ്റി തീരുമാനിച്ചതാണ്.

തുടർന്ന് മനോജ് വർമ്മ ഡോ. ഗിരിദാസിനെ സദസ്സിന് പരിചയപ്പെടുത്തി. ഡോ. ഗിരിദാസ് വിജ്ഞാനപ്രദമായ പ്രഭാഷണം നടത്തി. ചെറുണ്ണ്യേട്ടന്റെ ഓർമ്മ ദിവസത്തിൽ ഉല്ലാസവും അറിവും പകർന്നുതരുന്നതായി ഡോ. ഗിരിദാസിന്റെ പ്രഭാഷണം. സമയക്കുറവുകൊണ്ട് ചെറിയതോതിലുള്ള സംവാദവും സംശയനിവാരണവും മാത്രമേ സാധിച്ചുള്ളൂ. ചെറുണ്ണ്യേട്ടന്റെ പുത്രി പദ്മിനി കേരളവർമ്മ മറുപടിപ്രസംഗത്തിൽ തന്റെ പിതാവിനെ അനുസ്മരിച്ചു. ട്രഷറർ ദിലീപ് വർമ്മ നന്ദി രേഖപ്പെടുത്തി. പരിപാടികൾ യുക്തവും യോഗ്യവുമായ രീതിയിൽ കോമ്പെയർ ചെയ്ത് മനോജ് വർമ്മ യോഗത്തെ അതീവ ആസ്വാദ്യകരമാക്കി.

## കോഴിക്കോട്

22-02-26 ഞായർ, രാവിലെ 10:30 ന് മാങ്കാവ് തൃശ്ശാല ഭഗവതി ക്ഷേത്ര ഹാളിൽ സഭയുടെ യോഗം ചേർന്നു. പ്രസിഡന്റ് സുഷമ കുമാരി തമ്പുരാട്ടി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഹരിപ്രസാദ് രാജ സ്വാഗതവും ജോ. സെക്രട്ടറി സംഗമേശ് വർമ്മ നന്ദിയും രേഖപ്പെടുത്തി.

'ക്ഷാത്രസ്പന്ദനം' സബ്സ്ക്രിപ്ഷൻ ഡ്രൈവ് വൻ വിജയമായിരുന്നു എന്ന് യോഗം വിലയിരുത്തി. യൂണിറ്റ് തീരുമാനിച്ച പ്രകാരം തന്നെ എണ്ണം 100 കടക്കുവാൻ ഒറ്റക്കെട്ടായി എല്ലാവരും പ്രവർത്തിച്ചതിന് പ്രസിഡന്റ് കമ്മിറ്റിയെ സന്തോഷം അറിയിച്ചു.

**മെമ്പർഷിപ്പ് ഡ്രൈവ്** : 2026 വർഷത്തേക്കുള്ള മെമ്പർഷിപ്പ് ഡ്രൈവിന് ഔദ്യോഗികമായി തുടക്കം കുറിച്ചു. 18 വയസ്സ് തികഞ്ഞ അംഗത്തിൽ നിന്നും 100 രൂപ മെമ്പർഷിപ്പ് തുക വാങ്ങിക്കൊണ്ട്

ജില്ലയിൽ ഉടനീളമുള്ള എല്ലാ ബന്ധുജനങ്ങളെയും സഭയുമായി അടുപ്പിക്കുന്ന, വലിയ ഒരു മുന്നേറ്റമായി ഡ്രൈവ് മാറുവാൻ 4 സോണുകളായി കമ്മിറ്റി അംഗങ്ങൾക്ക് ചുമതല നൽകി.

**മാങ്കാവ്/ഗോവിന്ദപുരം** : ഗംഗാദേവി പി.സി., മോഹൻരാജ്, നന്ദിത വർമ്മ, സഞ്ജയ് വർമ്മ. **തിരുവണ്ണൂർ** : സുഷമ കുമാരി, ഇന്ദു വർമ്മ, അമൃത വർമ്മ. **ചാലപ്പുറം** : സംഗമേഷ് വർമ്മ, രവി വർമ്മൻ. **മറ്റ് സ്ഥലങ്ങൾ** : ഹരിപ്രസാദ് രാജ, അഭിഷേക് വർമ്മ, ഹൃഷികേശ് രാജ.

2026 മാർച്ച് 20 നുള്ളിൽ അതാത് സ്ക്വാഡിലുള്ളവർ, അത് പൂർത്തീകരിച്ച് മെമ്പർഷിപ്പിന്റെ എണ്ണം യൂണിറ്റിന് കൈമാറി, മാർച്ച് 31 നുള്ളിൽ മെമ്പർഷിപ്പ് രജിസ്റ്റർ പ്രകാശനത്തോടെ ഡ്രൈവ് അവസാനിപ്പിക്കാൻ തീരുമാനിച്ചു.

ഏപ്രിൽ 19 ന് ബാംഗ്ലൂരിൽ നടക്കുന്ന KKSY സംസ്ഥാനതല ക്രിക്കറ്റ്ടൂർണമെന്റിൽ കോഴിക്കോട് ടീം (Royal Stars) പങ്കെടുക്കുന്നുണ്ടെന്നും, ടൂർണമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളും യൂത്ത് പ്രസിഡന്റ് സഞ്ജയ് വർമ്മ യോഗത്തെ അറിയിച്ചു. ടീം രജിസ്ട്രേഷൻ തുകയായ 5,000 രൂപ കമ്മിറ്റി നൽകുവാനും, പോകുന്നവരുടെ മറ്റ് കാര്യങ്ങൾ (യാത്ര/താമസം/ഭക്ഷണം) എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുവാൻ ടീം മാനേജർ ആയി അഭിഷേക് വർമ്മയെയും ചുമതല ഏൽപ്പിച്ചു.

ചേർത്തലയിൽ വെച്ച് നടക്കുന്ന സംസ്ഥാന സമ്മേളനത്തിന്, യൂണിറ്റിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. ആളുകളുടെ എണ്ണം തീർച്ചയായ ശേഷം യാത്ര സംവിധാനം അറിയിക്കുന്നതായിരിക്കും.

KKS Youth ന്റെ നേതൃത്വത്തിൽ, ജില്ലാ യൂത്ത് മീറ്റും, വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ ജില്ല വനിതാ സംഗമവും നടത്തുവാൻ നിശ്ചയിച്ചു. കേന്ദ്ര കമ്മിറ്റിയുമായി കൂടി ആലോചിച്ചശേഷം തീയതിയും സ്ഥലവും അറിയിക്കുന്നതായിരിക്കും.

KKS CALENDAR-2026:2026 ഡിസംബർ മാസത്തിൽ 'ക്ഷാത്രസംഗമ'ത്തോടുകൂടി അവസാനിക്കുന്ന വിധത്തിൽ, ഈ ഒരു വർഷക്കാലം സഭയുടെ യൂണിറ്റ് കമ്മിറ്റിയുടെ വളരെ വിപുലമായ പ്രവർത്തന രൂപരേഖയെക്കുറിച്ച് വിശദമായ ചർച്ച നടക്കുകയും തീരുമാനത്തിൽ എത്തുകയും ചെയ്തു.

മെമ്പർഷിപ്പ് ഡ്രൈവിന് ശേഷം, പരിപാടികൾ/യാത്രകൾ/ആഘോഷങ്ങൾ തുടങ്ങി കൂട്ടായ്മ ശക്തിപ്പെടുത്താനുള്ള വിപുലമായ കാര്യങ്ങളെക്കുറിച്ച് എല്ലാ അംഗങ്ങളെയും അറിയിക്കുന്നതായിരിക്കും.

ഭാരവാഹി ലിസ്റ്റിൽ ഒഴിവുണ്ടായിരുന്ന ജോ. സെക്രട്ടറി സ്ഥാനത്തേക്ക് നിലവിൽ കമ്മിറ്റി അംഗം ആയിരുന്ന ഗംഗാദേവി പി.സി. യെയും കമ്മിറ്റി അംഗമായി സുരേഷ് വർമ്മയെയും യോഗം തിരഞ്ഞെടുത്തു.

REACT : കോഴിക്കോട് യൂണിറ്റിന്റെ പുതിയ കമ്മിറ്റി 2024 ൽ നിലവിൽ വന്നത് മുതൽ, REACT വലിയ രീതിയിലുള്ള സേവന പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകിയത്. കൂടുതൽ കരുത്തോടെ REACT ന്റെ മുന്നോട്ടുള്ള പ്രയാണത്തിന് യൂണിറ്റ് അംഗങ്ങളിലേക്ക് റിയാക്ട് പ്രവർത്തനങ്ങളെ നേരിട്ട് എത്തിച്ച്, ബോധ്യപ്പെടുത്തി, വലിയരീതിയിലുള്ള പിന്തുണ നമ്മുടെ യൂണിറ്റിൽ നിന്നും ഉറപ്പിക്കാൻ പദ്ധതി തയ്യാറാക്കി. 12:30 മണിക്ക് യോഗം അവസാനിച്ചു.

## തിരുവല്ല

തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ 2024-25 ലെ വാർഷിക പൊതുയോഗം 2026 ജനുവരി മാസം 26 ന് 2 മണിക്ക് തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ പുതുക്കിപ്പണിഞ്ഞ കെട്ടിടഹാളിൽ വെച്ചു കൂടി. പ്രസിഡന്റ് പി.ആർ. വർമ്മ അദ്ധ്യക്ഷനായിരുന്നു. സൂര്യകുമാർ എം.കെയുടെ ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം കഴിഞ്ഞ പൊതുയോഗത്തിനും ഇന്നേ തീയതിയ്ക്കു ഇടയിൽ മരണമടഞ്ഞ സഭാംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. രാധികാ വർമ്മ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിനു ശേഷം സെക്രട്ടറി സജി കെ. വർമ്മ 2024-25 ലെ സഭയുടെ പ്രവർത്തന റിപ്പോർട്ട് വായിച്ചു. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശദമായി വിവരിക്കുകയും അംഗങ്ങൾ കൈയടിയോടുകൂടി സ്വീകരിക്കുകയും ചെയ്തു. സഭയുടെ കെട്ടിടം പുതുക്കിപ്പണിയുന്നതുമായി സഹകരിച്ച

അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി. 'കാരുണ്യ' പദ്ധതി വിജയിപ്പിക്കുന്നതിന് എല്ലാ അംഗങ്ങളും എല്ലാ മാസവും അവരുടെ കഴിവനുസരിച്ച് ഒരു ചെറിയ തുകയെങ്കിലും നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. 2024-25 ലെ കണക്കും ബഡ്ജറ്റും ട്രഷറർ ശ്രീകുമാർ കർത്ത അവതരിപ്പിച്ചു. കെട്ടിടത്തിന്റെ പണിക്കുവേണ്ടി എത്ര തുക സംഭരിച്ചെന്നും എത്ര ചിലവായെന്നുമുള്ള ഏകദേശ കണക്ക് അദ്ദേഹം അവതരിപ്പിച്ചു. പണി കുറച്ചു കൂടി തീരുവാനുള്ളതുകൊണ്ട് പൂർണ്ണമായ കണക്ക് 25-26 വർഷത്തിൽ മാത്രമേ അവതരിപ്പിക്കുവാൻ സാധിക്കുകയുള്ളു എന്ന് അദ്ദേഹം പറഞ്ഞു. പണി നടത്തുന്നതിന് ശ്രീകുമാർ വഹിച്ച പങ്ക് എല്ലാവരുടേയും പ്രശംസയ്ക്ക് കാരണമായി. കൂടാതെ പല കമ്മിറ്റിയംഗങ്ങളും ഇതിനു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചു. റിപ്പോർട്ടും കണക്കും ബഡ്ജറ്റും ഐകകണ്ഠ്യേന പാസ്സാക്കി.

ക്ഷത്രിയരുടെ ഇടയിലെ മികച്ച രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകനായ അഡ്വ. ജയവർമ്മയെ സഭ ആദരിച്ചു. പത്തനംതിട്ട ജില്ല ബാർ അസോസിയേഷൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തെ അഭിനന്ദിച്ചു. മറുപടി പ്രസംഗത്തിൽ സഭ ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങൾക്കും തന്റെ പിന്തുണ അദ്ദേഹം അറിയിച്ചു. അദ്ദേഹത്തിന് നല്ല ഒരു രാഷ്ട്രീയ ഭാവി ഉണ്ടാകട്ടെ എന്ന് പ്രസിഡന്റ് ആശംസിച്ചു.

അതിനു ശേഷം ജയകുമാര വർമ്മ ആശംസാ പ്രസംഗം നടത്തി. കാരുണ്യ പദ്ധതിയുടെ പ്രവർത്തനം നമ്മുടെ ഇടയിലെ നല്ലൊരു ശതമാനം അംഗങ്ങൾ നൽകുന്ന തുകയാണെന്നും എന്നാൽ ഇതുകൊണ്ട് പ്രവർത്തനം സുഗമമായി നടത്തുവാൻ സാധിക്കുന്നില്ല എന്നും അറിയിച്ചു. അതുകൊണ്ട് എല്ലാ അംഗങ്ങളും ഇതിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു. യുവജന വിഭാഗത്തിന്റെ പ്രവർത്തനം കുറച്ചു കൂടി വർദ്ധിപ്പിക്കണമെന്നും റിയാക്ട് ഇതിനു വേണ്ട സാങ്കേതിക/സാമ്പത്തിക സഹായങ്ങൾ നൽകാമെന്ന് സെക്രട്ടറി പി.കെ. രഘുവർമ്മ അറിയിച്ചിട്ടുള്ളതായും പറഞ്ഞു.

ആശംസാപ്രസംഗത്തിനു ശേഷം മെറിറ്റ് അവാർഡുകൾ, കാരുണ്യ പദ്ധതിയിൽ നിന്ന് നൽകിവരുന്ന സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്തു.

**അവാർഡ് നേടിയവർ**: **10-ാം class** - ദേവ നാരായണൻ ജയദേവൻ, നയനാ സഞ്ജയ് വർമ്മ. **Degree** - ഭാവന വർമ്മ

**സ്കോളർഷിപ്പ് :** ഗൗരിശങ്കരി വർമ്മ - 8-ാം ക്ലാസ്സ്, നിഖിതാ വർമ്മ - പ്ലസ്സ് - 1, ആർദ്രാ വർമ്മ -Degree

**നിർമ്മൽ അവാർഡ് :** ശിവനന്ദന വർമ്മ

എഴുമറ്റൂർ കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയ കാര്യസ്ഥൻ അവാർഡ് (സഭയുടെ ഇതുവരെയുള്ള പ്രവർത്തന മികവിന് ഓരോ വർഷവും നൽകുന്ന അവാർഡ്) 24-25 വർഷം പി.ആർ. വർമ്മക്ക് നൽകി.

മുഖ്യമന്ത്രിയുടെ പോലീസ് അവാർഡിന് അർഹനായ അനിൽ വർമ്മയെ ആദരിച്ചു. ധാരാളം ശിഷ്യസമ്പത്തുള്ള, നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള മികച്ച നർത്തകൻ ഹരികൃഷ്ണനെ ആദരിച്ചു.

അവാർഡ് ദാനച്ചടങ്ങിനു ശേഷം ചെന്നിത്തല തുളിശ്ശാല കോയിക്കൽ കമലമ്മ തമ്പുരാട്ടി കാരുണ്യ ഫണ്ടിലേയ്ക്ക് നൽകിയ ചെക്ക് കാരുണ്യ പദ്ധതി കൺവീനർ ജയകുമാര വർമ്മയും ട്രഷറർ ശ്രീകുമാർ കർത്തയും ഏറ്റുവാങ്ങി. REACT നു നൽകിയ ചെക്ക് സഞ്ജയ് വർമ്മയും എം.കെ. സൂര്യകുമാറും ഏറ്റുവാങ്ങി.

പിന്നീട് തിരുവല്ല യൂണിറ്റിന്റെ കീഴിലുള്ള യുവജന വിഭാഗം പുനഃസംഘടിപ്പിച്ചു. പ്രസിഡന്റായി ആർദ്രാ വർമ്മയേയും സെക്രട്ടറിയായി സൂരജിനെയും തിരഞ്ഞെടുത്തു

ഈ കാലയളവിൽ 3 കമ്മിറ്റി യോഗങ്ങൾ കൂടിയിട്ടുണ്ട്. ഒരു യോഗം മാർച്ച് 15 ന് ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ വെച്ചാണ് കൂടിയത് (ചിത്രം). കൃഷ്ണപുരം, ചേപ്പാട്, പള്ളിപ്പാട്, ഹരിപ്പാട് എന്നീ പ്രദേശങ്ങളിലെ ക്ഷത്രിയ ക്ഷേമസഭാംഗങ്ങളെ ഉൾപ്പെടുത്തി അവരുമായി സഭയുടെ പ്രവർത്തനത്തിന് ഓരോ പ്രദേശത്തേയും അംഗങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കുകയും ചെയ്യുകയായിരുന്നു ഇതിന്റെ ഉദ്ദേശം. ഏതാണ്ട് 60 ഓളം അംഗങ്ങൾ പങ്കെടുത്തു. ഇത് സംഘടിപ്പിച്ചത് ഡോ. ഗോപിക യായിരുന്നു. ഇത് നല്ലൊരു വിജയം ആയിരുന്നു.



ഇതുപോലെ മറ്റു പ്രദേശങ്ങളിലും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

കമ്മിറ്റിയിൽ ഉണ്ടായിരുന്ന വിജയകുമാർ വർമ്മ, വിജയവർമ്മ എന്നിവർക്കു പകരം ഗോപിക വർമ്മ, അജിത് കുമാർ വർമ്മ എന്നിവരെ കമ്മിറ്റിയിലേയ്ക്ക് നോമിനേറ്റ് ചെയ്തു

പന്തളത്തു വെച്ചു നടന്ന കേന്ദ്രസഭയുടെ ദക്ഷിണമേഖലാ സമ്മേളനത്തിൽ തിരുവല്ല സഭയുടെ പ്രതിനിധികൾ പങ്കെടുത്തു. സജി കെ. വർമ്മ, രാധികാ വർമ്മ, എം.കെ. സൂര്യകുമാർ, സഞ്ജയ് വർമ്മ എന്നിവർ പ്രസംഗിച്ചു.

കേന്ദ്രസഭയുടെ സംസ്ഥാന കമ്മിറ്റി യോഗം തിരുവല്ല ടി.ആർ. രാമവർമ്മ സ്മാരകമന്ദിരത്തിൽ വെച്ച് 29-3-2026 ൽ കൂടി. ഈ മീറ്റിംഗുമായി ബന്ധപ്പെട്ട് തിരുവല്ല സഭയുടെ ഒരു online മീറ്റിംഗ് കൂടുകയുണ്ടായി. ഈ മദ്ധ്യവേനൽ അവധിക്കാലത്ത് കുട്ടികൾക്കുവേണ്ടി ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.


ഈ കാലയളവിലെ പ്രവർത്തനങ്ങൾ

1) 2026 ലെ കലണ്ടർ അച്ചടിച്ച് വിതരണം ചെയ്തു. 2) പുതുക്കിപ്പണിഞ്ഞ കെട്ടിടത്തിന് 'തുളിശ്ശാല കോയിക്കൽ രാമവർമ്മ രാജ സ്മാരകം' എന്നു നാമകരണം ചെയ്തു. 3) കെട്ടിടത്തിന്റെ മുകളിലത്തെ ടെറസ്സിൽ 500 ലിറ്റർ ശേഷിയുള്ള ഒരു Sintex water ടാങ്ക് സ്ഥാപിച്ചു. ഹാളിൽ വെച്ചിരുന്ന മൺമറഞ്ഞ പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരുടെ ചിത്രങ്ങൾ പ്രത്യേകമായി rearrange ചെയ്തു. 4) സഭയുടെ ഒരു കടമുറി വാടകക്കു നൽകി. 5) കമ്മിറ്റി അംഗങ്ങൾക്ക് ബാഡ്ജ് നൽകി. 6) തിരുവനന്തപുരത്തു വെച്ചു നടന്ന ഷട്ടിൽ ബാഡ്മിന്റൺ ടൂർണ്ണമെന്റിൽ സിംഗിൾസിൽ ഡോ. ജയദേവൻ ജേതാവായി. ഡബിൾസിൽ ഡോ. ജയദേവൻ-നന്ദകുമാര വർമ്മ സഖ്യം Runners up ആയി.

## കോട്ടയം

യൂണിറ്റിന്റെ എക്സിക്യൂട്ടിവ് യോഗം രണ്ട് തവണ ചേർന്നു. ചേർത്തലയിൽ മേയ് ഒന്നിനു നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ പരമാവധി പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനു തീരുമാനിച്ചു. പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ ഏതെങ്കിലും ഒന്ന് കോട്ടയം യൂണിറ്റിൽ നിന്നു പരിഗണിക്കണമെന്ന നിർദ്ദേശത്തിനു യോഗം അംഗീകാരം നൽകി. സംസ്ഥാന സമ്മേളനത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നുള്ള സ്റ്റാളുകൾക്ക് വാങ്ങാൻ ഉദ്ദേശിക്കുന്ന രജിസ്ട്രേഷൻ ഫീസ് ആയിരം രൂപയായി നിർദ്ദേശിച്ചിരിക്കുന്നത് വളരെ കൂടുതലാണെന്നും അഭിപ്രായം ഉയർന്നു. അത് 300 രൂപയായി കുറയ്ക്കുകയോ, അല്ലെങ്കിൽ തികച്ചും സൗജന്യമായി അനുവദിക്കുകയോ വേണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു. യൂണിറ്റുകളിൽ നിന്നും സമ്മേളന സ്ഥലത്ത് എത്തുന്നതിനു ചെലവ് കൂടുതലാണ്. അതു മാത്രമല്ല, യൂണിറ്റുകളിൽ നിന്നുള്ള പ്രൊഡക്ടുകൾ വലിയതോതിൽ വിറ്റഴിക്കപ്പെടാൻ സാഹചര്യമില്ലെന്നും യോഗം വിലയിരുത്തി.

സംസ്ഥാന സമ്മേളനം സുപ്രധാന ചർച്ചകൾക്കിടെ കലാപരിപാടികളും കൂടി ഇടകലർന്ന പ്രോഗ്രാം ആയാൽ കൂടുതൽ ആൾക്കാർ പങ്കെടു



ക്കുകയും സമ്മേളനം ഒരു കുടുംബ കൂട്ടായ്മയാവുകയും ചെയ്യും. വിപുലമായ രീതിയിൽ നടന്ന കോട്ടയം സംസ്ഥാന സമ്മേളനം അംഗങ്ങൾ പരാമർശിച്ചു. അതിനുമുൻപ് ചേർത്തലയിൽ തന്നെ 3 ദിവസം നീണ്ടുനിന്ന സമ്മേളന വിജയവും ചർച്ചയായി.

യൂണിറ്റ് നേതൃത്വം നൽകി പൂഞ്ഞാറിൽ സ്ഥാപിക്കുന്ന ജി.വി. രാജയുടെ പ്രതിമ നിർമ്മാണം സംബന്ധിച്ച പുരോഗതി ചർച്ച ചെയ്തു. ആർക്കിടെക്റ്റ് കോട്ടയം വെള്ളിയോട്ട് ഇല്ലം വി.ജി. ഗോവിന്ദൻ നമ്പൂതിരി പ്ലാനും സ്കെച്ചും തയ്യാറാക്കി. പൂഞ്ഞാർ കൊട്ടാരത്തിൽ നിന്നുള്ള അംഗങ്ങളും ആർക്കിടെക്ടും സ്ഥലം സന്ദർശിച്ചു. വിശദമായ പ്രൊജക്റ്റ് പൂഞ്ഞാർ എംഎൽഎയ്ക്കും സർക്കാരിനും സമർപ്പിക്കാനും തീരുമാനിച്ചു.

പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.എം.രാംജി വർമ്മ, രക്ഷാധികാരി യു. അജിത് വർമ്മ, ട്രഷറർ മുരളീധര വർമ്മ, വനിതാ വിഭാഗം പ്രസിഡന്റ് അംബിക വർമ്മ, സെക്രട്ടറി മല്ലിക റാണി, മഹേഷ് വർമ്മ പൂഞ്ഞാർ എന്നിവർ പ്രസംഗിച്ചു.

## ഇരിട്ടി

29-3-2026 ഞായറാഴ്ച ക്ഷത്രിയ ക്ഷേമസഭ ഇരിട്ടി യൂണിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുകയുണ്ടായി. ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം അടുത്തിടെ അന്തരിച്ച കുന്നോത്ത് നടുവിലിടം ചെറിയകുട്ടി അക്കനമ്മ (വത്സല വിക്രമന്റെ മാതാവ്) ക്ക് സ്മരണാഞ്ജലി അർപ്പിച്ച് മൗന പ്രാർത്ഥന നടത്തി. വരവുചെലവു കണക്കുകൾ അവതരിപ്പിച്ചു പാസ്സാക്കി. മെയ് 1 ന് ചേർത്തലയിൽ വച്ചു നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ യൂണിറ്റിൽ നിന്ന് രണ്ടു ഭാരവാഹികൾ പങ്കെടുക്കാൻ തീരുമാനിച്ചു. കേന്ദ്ര കമ്മിറ്റിയിൽ ഏൽപ്പിക്കേണ്ട പ്രവർത്തന ഫണ്ടും സമ്മേളന ഫണ്ടും സമാഹരിക്കാനായി അംഗങ്ങളെ സമീപിച്ച് അംഗത്വ വരിസംഖ്യ, പ്രവർത്തന ഫണ്ട് എന്നിവയും 'ക്ഷാത്രസ്പന്ദന'ത്തിന്റെ വരിസംഖ്യയും പിരിക്കാൻ സെക്രട്ടറിയേയും ജഗന്മയൻ, വിക്രമൻ എന്നിവരേയും ചുമതലപ്പെടുത്തി. യോഗം 5 മണിക്ക് സമംഗളം പര്യവസാനിച്ചു.

## അഭിനന്ദനങ്ങൾ



ചൊവ്വര കോയിക്കൽ മഠം കുടുംബാംഗം **നന്ദനാ വർമ്മ**യുടെ ഒറ്റയ്ക്കായുള്ള (Solo) ഭരതനാട്യ കച്ചേരിയുടെ അരങ്ങേറ്റം വെള്ളാരപ്പിള്ളി കോയിക്കൽ ഭഗവതി ക്ഷേത്രം ആഡിറ്റോറിയത്തിൽ നടന്നു. ഭാരത് സേവാസമാജ് (BSS) കൾചറൽ മിഷന്റെ ഹയർ ലെവൽ ഡിപ്ലോമ കോഴ്സ് പാസ്സായി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. ഗുരുവായ ശ്രീജാ വർമ്മ പാട്ടും വായ്ത്താരിയും നട്ടുവാംഗവും ചൊല്ലുകയും പിന്നണിയിൽ നല്ല പക്കമേളവും അണിചേർന്നാണ് ഭരതനാട്യ കച്ചേരി അരങ്ങേറിയത്. ക്ഷണിക്കപ്പെട്ട നൂറിലധികം കുടുംബാംഗങ്ങളും അടുത്ത സുഹൃത്തുക്കളും പരിപാടിയിൽ പങ്കെടുത്തു. ഗുരുവിൽ നിന്നും ലഭിച്ച അറിവിനും അനുഗ്രഹത്തിനും പുറമേ കലാകാരിയുടെ മനോധർമ്മവും പിൻപാട്ടും പക്കമേളക്കാരുടെ അകമ്പടിയും ഒത്തുചേർന്നപ്പോൾ കാണികൾക്ക് ശരിക്കും ദിവ്യമായ ഒരു അനുഭൂതിയാണ് ലഭിച്ചത്. ക്ഷത്രിയ ക്ഷേമസഭ വെള്ളാരപ്പിള്ളി യൂണിറ്റ് അംഗങ്ങളായ ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരം സുധീർ വർമ്മയുടേയും ചൊവ്വര കോയിക്കൽ മഠം നയനാ വർമ്മയുടേയും മൂത്തമകളാണ്.

# യൂണിറ്റ് വാർത്തകൾ (വനിതാവിഭാഗം)

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ വനിതാ വിഭാഗം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് 01-2-2026-ന് സുന്ദരവിലാസം പാലസിൽ വെച്ച് നടന്നു. മുൻ TKKS സെക്രട്ടറി അജയവർമ്മ രാജയുടെയും മറ്റു ബന്ധുക്കളുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. കഴിഞ്ഞ മീറ്റിംഗിലെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു പാസ്സാക്കി. തൈക്കാട് ഭാരത് ഭവനിൽ പൂതനാ മോക്ഷം കഥകളി അതി ഗംഭീരമായി അവതരിപ്പിച്ച സഭയിലെ മുതിർന്ന അംഗം ഉഷ രാമവർമ്മയെ യോഗത്തിൽ അനുമോദിച്ചു.

ഫെബ്രുവരി 22 ന് വനിതാവിഭാഗം നടത്തിയ ഭക്ഷ്യമേള വളരെയേറെ പ്രശംസ പിടിച്ചുപറ്റി. ക്ഷത്രിയ ക്ഷേമസഭ വനിതാ വിഭാഗം ജനറൽ സെക്രട്ടറി രാധികാ വർമ്മ ഉദ്ഘാടനം നിർവ്വഹിച്ചു. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക ആദ്യ വിൽപ്പന ഉദ്ഘാടനം ചെയ്തു. ഭക്ഷണം ഉണ്ടാക്കി വന്നവർക്കും ഇതിൽ പങ്കെടുത്ത TKKS ഭാരവാഹികളായ പ്രസിഡന്റ് കിഷോർ കുമാർ വർമ്മ, സെക്രട്ടറി ജയചന്ദ്രവർമ്മ, വിദ്യ വർമ്മ, വനിതാ ഭരണസമിതി അംഗങ്ങൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ, പങ്കെടുത്ത കുടുംബാംഗങ്ങൾ എന്നിവർക്കെല്ലാം നന്ദി രേഖപ്പെടുത്തി. എല്ലാവരും ഒരുക്കിയിരുന്ന വിഭവങ്ങൾ വളരെ സ്വാദിഷ്ടമായതായിരുന്നു എന്നത് എടുത്തുപറയേണ്ട സംഗതിയാണ്.

01-03-2026 ഞായറാഴ്ച ഉച്ചക്ക് 3.30 മണിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം കൂടി. എം.എ. ഹിസ്റ്ററിയിൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ റാങ്കോടെ വിജയിച്ച് മറ്റൊരു ബിരുദാനന്തര ബിരുദം കൂടി കരസ്ഥമാക്കിയ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ പ്രസിഡന്റ് ആർ. കിഷോർ കുമാർ വർമ്മ, ഫെബ്രുവരി 15-ന് നടന്ന ഓൾ കേരള ഷട്ടിൽ ബാഡ്മിന്റൺ മത്സരത്തിൽ doubles-ൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പ്രിൻസ് ആദിത്യ വർമ്മ, സുദേവ് വർമ്മ, മത്സരത്തിൽ പങ്കെടുത്ത ശരൺ, ഋഷികേശ് വർമ്മ, സുധീർ വർമ്മ, നയനാ വർമ്മ എന്നിവർക്ക് അഭിനന്ദനങ്ങൾ രേഖപ്പെടുത്തി.

ഭക്ഷ്യമേള വളരെ വിജയകരമായി സംഘടിപ്പിച്ച ഭരണസമിതിയംഗങ്ങളെ അഭിനന്ദിച്ചു. ഭക്ഷ്യമേളയിൽ നിന്നു ലഭിച്ച 5,100 രൂപയിൽ 3,000 രൂപ TKKS ന് കൊടുക്കാമെന്ന പ്രസിഡന്റ് രാജേശ്വരി വർമ്മയുടെ അഭിപ്രായത്തോട് എല്ലാവരും അനുകൂലിച്ചു. ബാക്കി തുകയായ 2,100 രൂപ വനിതാ വർക്കിംഗ് ഫണ്ടിലേക്ക് മാറ്റാനും തീരുമാനിച്ചു. മാർച്ച് 8 വനിതാദിനത്തിൽ ഒരു പരിപാടി നടത്തണമെന്ന് തീരുമാനിച്ചു. തുടർന്ന് മുൻ തീരുമാനപ്രകാരം എല്ലാ മാസവുമുള്ള ഭജനയും നടത്തി.

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ നേതൃത്വത്തിൽ വനിതാവിഭാഗവും ചേർന്ന് മാർച്ച് 21 ന് ലോക വനിതാദിനം ആഘോഷിച്ചു. സഭയിലെ മുതിർന്ന വനിതകളെയും വിവിധ മേഖലകളിൽ മികവു പ്രകടിപ്പിച്ച വനിതകളായ ഡോ. യാമിനി വർമ്മ, പ്രിയ വർമ്മ, ഡോ. വൃന്ദ വർമ്മ, ഡോ. മാളവിക വർമ്മ എന്നിവരെയും ആദരിച്ചു. ന്യൂറോ



കോച്ച് ആൻഡ് കോർപ്പറേറ്റ് ട്രെയിനർ ആയ സഭാംഗം സിന്ധു വർമ്മ 'ജോലി ചെയ്യുന്ന സ്ത്രീകൾ ശരാശരി രീതി മുതൽ മികവുറ്റ രീതി വരെ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

## വൈക്കം

വൈക്കം KKS വനിതാ വിഭാഗത്തിലെ തിരുവാതിരകളി സംഘം ധനുമാസത്തിലെ മകയിരം (Jan.1) നാളിൽ വൈക്കം കൽപകശ്ശേരി വടക്കേടത്ത് അമ്പലത്തിലും തിരുവാതിര ദിവസം (Jan.3) വൈക്കം മഹാദേവ ക്ഷേത്രത്തിലും തിരുവാതിരകളി അവതരിപ്പിച്ചു. ക്ഷത്രിയ ക്ഷേമ



സഭയുടെ ഇത്തവണത്തെ തിരുവാതിര ആഘോഷം Jan. 2, 2026-ന് എല്ലാ വനിതാ അംഗങ്ങളും കൂടി അക്ഷയ പാലസിൽ വച്ച് എല്ലാ ആചാരാനുഷ്ഠാനങ്ങളോടും കൂടി ആഘോഷിച്ചു.

25-2-26-ന് സഭയുടെ ഓഫീസിൽ വച്ച് നടത്തിയ കമ്മിറ്റി മീറ്റിംഗിൽ 6 പേർ പങ്കെടുത്തു. March 8 വനിതാദിനത്തിൽ 84 വയസ്സു കഴിഞ്ഞ സഭയിലെ വനിതാ അംഗങ്ങളെ കമ്മിറ്റി അംഗങ്ങൾ അവരുടെ വീടുകളിൽ ചെന്ന് ആദരിച്ചു. വനിതാവിഭാഗം സ്ഥിരമായി നടത്തുന്ന മുപ്പട്ട വെള്ളിയാഴ്ച ഭജന, ലളിതാസഹസ്രനാമം, ഓൺലൈൻ നാരായണീയ പഠനം എന്നിവ മുടക്കംകൂടാതെ നടന്നുവരുന്നു.

## കോട്ടയം

21-12-2025-ൽ ചേർന്ന ഭരണസമിതി യോഗത്തിൽ തീരുമാനിച്ചതിൻ പ്രകാരം 1) ധനു മാസത്തിലെ തിരുവാതിര ആഘോഷം എട്ടങ്ങാടി നേദ്യവും തിരുവാതിരകളിയുമായി മറിയപ്പള്ളി കൊട്ടാരത്തിൽ വച്ച് നടന്നു 2) 2026 ജനുവരിയിൽ തുടങ്ങി ഡിസംബറിൽ തീരുന്ന രണ്ട് ചിട്ടികൾ (MDS- പ്രതിമാസം 1000, 2000 രൂപ) തുടങ്ങി. 3) ബുക്ക് കൈമാറി വായനാശീലം തുടരാനായി ഒരു റീഡിങ് ക്ലബ് ജനുവരിയിൽ തുടങ്ങി. എട്ടു അംഗങ്ങളും പതിനഞ്ച് ബുക്കുകളും ഇപ്പോൾ ലൈബ്രറിക്ക് ഉണ്ട്. 8-2-26-ൽ പന്തളത്തു വച്ച് നടന്ന ദക്ഷിണ മേഖലാ സമ്മേളനത്തിൽ ഇവിടെ നിന്നു രണ്ട് വനിതാപ്രതിനിധികൾ പങ്കെടുത്തു. 15-02-26-ൽ നല്ലരീതിയിൽ മഹാശിവരാത്രി ആഘോഷിച്ചു. 19-02-26-ൽ ലോക മാതൃഭാഷാ ദിനത്തിൽ, മലയാള ഭാഷയെപ്പറ്റിയുള്ള കവിതകളും സിനിമാഗാനങ്ങളും പാടി ഗ്രൂപ്പിൽ ഇട്ടു. 08-03-26-ൽ നട്ടാശ്ശേരി ഇടത്തിൽ ഭഗവതി ക്ഷേത്ര ഓഡിറ്റോറിയത്തിൽ വനിതാവിഭാഗം പ്രസിഡന്റ് അംബികവർമ്മയുടെ അദ്ധ്യക്ഷതയിൽ എല്ലാവരും ഒത്തുകൂടി. പ്രസ്തുത യോഗത്തിൽ മധുകുമാർ വർമ്മ, അജിത് വർമ്മ, ആത്മജ വർമ്മ എന്നിവർ പ്രസംഗിച്ചു(ചിത്രം). മല്ലികാ റാണി വനിതാദിന സന്ദേശം നൽകി. തുടർന്ന് പ്രിയ കണ്ണന്റെ പുതിയ സംരംഭം ആയ 'ഹോം ഫുഡ് പ്രോഡക്റ്റ്സി'ന്റെ ശുദ്ധമായ ഗോതമ്പുപൊടി പാക്കറ്റ് മധുകുമാർ വർമ്മയ്ക്ക് നൽകിക്കൊണ്ട് അജിത് വർമ്മ ഉദ്ഘാടനം ചെയ്തു. പിന്നീട് അഞ്ജലി അനീഷിന്റെ കവിത, ഓൺലൈൻ തട്ടിപ്പുകളെക്കുറിച്ച് അർച്ചന വിനോദ് നയിച്ച ചർച്ചയും സ്ത്രീകളുടെ ആരോഗ്യവും സ്വയം പരിപാലനവും (Health & Self care for women) എന്ന വിഷയത്തിൽ ചർച്ചയും നടന്നു. കൂടാതെ 'എന്നെ ഏറ്റവും അധികം സ്വാധിനിച്ച



സ്ത്രീ' എന്ന വിഷയം ചർച്ച ചെയ്തപ്പോൾ സദസ്സിൽ നിന്ന് സ്ത്രീപുരുഷ ഭേദമെന്യേ പങ്കാളിത്തമുണ്ടായി.

സമ്മേളനത്തിൽ വച്ച് സൗമ്യവതി തമ്പുരാട്ടിയുടെ 'നീരജമലർ' എന്ന കവിതാസമാഹാരവും ശ്രീജയ എഴുതിയ കഥ ഉൾപ്പെടുന്ന 'അക്ഷൗഹിണി' എന്ന കഥാസമാഹാരവും സദസ്സിന് പരിചയപ്പെടുത്തി. റാംജി വർമ്മ ആശംസപ്രസംഗം നടത്തി. അങ്ങനെ വനിതാദിനം സമുചിതമായി ആഘോഷിച്ചു. 15-03-26-ൽ യൂണിറ്റിന്റെ തിരുവാതിര ടീം കോട്ടയം തിരുനക്കര മഹാദേവ ക്ഷേത്രത്തിൽ തിരുവാതിരകളി അവതരിപ്പിച്ചു. കാണികളുടെ പ്രശംസയും ഉത്സവക്കമ്മിറ്റിയുടെ ഒരു ചെറിയ പാരിതോഷികവും ലഭിച്ചത് വലിയ പ്രോത്സാഹനമായി. വിനോദവും വിജ്ഞാനവും വരുമാനവും എല്ലാംകൂടി സമന്വയിപ്പിച്ച് യൂണിറ്റ് നന്നായി പ്രവർത്തിക്കുന്നു.

## തൃശ്ശൂർ

20-12-2025 വൈകുന്നേരം 7 മണിക്ക് തൃശ്ശൂർ യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് ഗൂഗിൾ മീറ്റ് വഴി സംഘടിപ്പിച്ചു. മധ്യമേഖല സെക്രട്ടറി അനിത ഉണ്ണികൃഷ്ണൻ പങ്കെടുത്തിരുന്നു. പ്രവർത്തന

മൂലധനം സ്വരൂപിക്കുന്നതിനു വേണ്ടി എല്ലാ അംഗങ്ങളെയും ഓർമ്മപ്പെടുത്താൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. സ്വയംതൊഴിൽ കണ്ടെത്തുന്ന പദ്ധതിക്കായി സഭയിലെ അംഗം ബിന്ദു സനൽ കുമാറിന് ചെറിയ ഒരു തുക പ്രവർത്തന മൂലധന മായി നൽകുന്നതിനും തീരുമാനമെടുത്തു. വരുന്ന തിരുവാതിര മഹോത്സവം പറ്റാവുന്ന എല്ലാ അംഗ ങ്ങളും ഒത്തുചേർന്ന് പരമാവധി ആർഭാടമായി നടത്തുവാൻ നിശ്ചയിച്ചു. കമ്മിറ്റി മീറ്റിങ്ങിന് സെക്രട്ടറി സ്വാഗതവും ട്രഷറർ നന്ദിയും പറഞ്ഞു.

3-1-2026 തിരുവാതിര ആഘോഷം മദ്ധ്യമേഖല സെക്രട്ടറി അനിത ഉണ്ണികൃഷ്ണന്റെ വസതിയി ലാണ് ആഘോഷിച്ചത്. എട്ടങ്ങാടിയിലും തിരുവാ തിരകളിയിലും തൃശ്ശൂർ യൂണിറ്റിലെ അംഗങ്ങൾ പങ്കെടുത്തു. കൂടാതെ അനിതയുടെ വസതിയിൽ നടന്ന സപ്താഹത്തിൽ പല അംഗങ്ങളും പല സമയങ്ങളിലായി പങ്കെടുത്തു. ഒരു ദിവസം കേന്ദ്ര കമ്മിറ്റി വനിതാവിഭാഗം സെക്രട്ടറി രാധിക വർമ്മയും വൈസ് പ്രസിഡന്റ് കോമളവല്ലിയും പങ്കെടുത്തു.



13-2-2026 ന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുൻ തീരുമാനം അനുസരിച്ച് ട്രഷറർ പ്രേമലത ദിലീപി ന്റെയും മദ്ധ്യമേഖല സെക്രട്ടറി അനിത ഉണ്ണി കൃഷ്ണന്റെയും സാന്നിധ്യത്തിൽ ബിന്ദു സനൽ കുമാറിനുള്ള ഫണ്ട് സെക്രട്ടറി ദീപ പ്രസാദ് അവരുടെ വസതിയിൽ ചെന്ന് നേരിട്ട് കൈമാറി.

## നീലേശ്വരം

സാർവ്വദേശീയ വനിതാദിനത്തോടനുബന്ധിച്ച് ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗം നീലേശ്വരം യൂണിറ്റ് മുതിർന്ന ക്ഷത്രിയ വനിതാവിഭാഗം അംഗങ്ങളെ ആദരിച്ചു. വനിതാവിഭാഗം പ്രസിഡന്റ് ഭാഗ്യപ്രഭ, വൈസ് പ്രസിഡന്റ് ദുർഗ്ഗ കെ.എൻ,



സെക്രട്ടറി ടി.സി. മനോരമ എന്നിവർ നേതൃത്വം നൽകി. ഇതോടൊപ്പം നീലേശ്വരം വനിതാ വിഭാഗം യൂണിറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ധനശേഖര ണത്തിന് തുടക്കംകുറിച്ചു.

## കോഴിക്കോട്

2026 മാർച്ച് 8-ാം തീയതി അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ക്ഷത്രിയ ക്ഷേമ സഭ വനിതാവിഭാഗം കോഴിക്കോട് യൂണിറ്റ് സംഘ ടിപ്പിച്ച വനിതാദിന പരിപാടി മാങ്കാവ് കോവിലകം മാനവേദ ഓഡിറ്റോറിയത്തിൽ ഉച്ചയ്ക്ക് 2.30 മുതൽ വൈകുന്നേരം 5.30 വരെ ഭംഗിയായി നടന്നു.

പരിപാടി ഡോ. രാഗമാലിക യു. വർമ്മയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. തുടർന്ന് വനിതാ വിഭാഗം സെക്രട്ടറി നന്ദിത എൻ. വർമ്മ സ്വാഗത പ്രസംഗവും പ്രസിഡന്റ് അമൃത വർമ്മ ഇ.കെ. അധ്യക്ഷപ്രസംഗവും നടത്തി. തുടർന്ന് നടന്ന



ഉദ്ഘാടന ചടങ്ങിൽ മനോരമ തമ്പുരാട്ടി, രുക്മിണി രാജ, വസന്ത രാജ, അംബിക വർമ്മ കെ. എന്നീ നാല് മുതിർന്ന വനിതാംഗങ്ങൾ ചേർന്ന് നിലവിളക്ക് തെളിയിച്ച് പരിപാടി ഉദ്ഘാടനം ചെയ്തു. ആശംസകൾ അർപ്പിച്ച് ഇന്ദു വർമ്മ പി.കെ. (വൈസ് പ്രസിഡന്റ്, കെ.കെ.എസ്), ഹരിപ്രസാദ് രാജ (സെക്രട്ടറി, കെ.കെ.എസ്), സംഗമേശ് കെ.സി. (ജോയിന്റ് സെക്രട്ടറി, കെ.കെ.എസ്) എന്നിവർ സംസാരിച്ചു.

യോഗത്തിന്റെ മുൻപുതന്നെ രാവിലെ പ്രസിഡന്റ് അമൃതയും സെക്രട്ടറി നന്ദിതയും സാമൂതിരി കോവിലകത്തിലെ മുതിർന്ന അംഗമായ 'അമ്പാടി കോവിലകം' തമ്പുരാട്ടിയെ ആദരിച്ചു. കൂടാതെ തിരുവണ്ണൂർ കോവിലകത്തിന്റെ വല്യ തമ്പുരാട്ടിയെയും ആദരിച്ചു. തുടർന്ന് പരിപാടിയിലെ ഏറ്റവും ഹൃദയസ്പർശിയായ ഘടകമായ മുതിർന്ന വനിതകളെ പൊന്നാട അണിയിച്ച് ആദരിക്കൽ ചടങ്ങ് നടന്നു. ശ്രീദേവി തമ്പുരാട്ടി പി.സി., മനോരമ തമ്പുരാട്ടി, പ്രഭാവതി തമ്പുരാട്ടി, വസന്ത രാജ പി.കെ., ലത എൻ.കെ., രുക്മിണി രാജ കെ.സി., മോഹനവല്ലി പി.കെ., അംബിക വർമ്മ കെ. എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. അതിനുശേഷം ഇന്ദു വർമ്മ പി.കെ. നന്ദിപ്രസംഗം നടത്തി. പരിപാടിയുടെ ഭാഗമായി വിവിധ സാംസ്കാരിക പരിപാടികളും അരങ്ങേറി.

പാർവ്വതിയുടെ ഗാനാലാപനം, വൈദേഹിയുടെ നൃത്തം, ഉഷ വർമ്മ, അംബിക വർമ്മ കെ., കുമാരി വർമ്മ പി.സി. എന്നിവരുടെ കവിതാ ചൊല്ലൽ, രതി തമ്പുരാട്ടി പി.സി.യുടെ ഗാനാലാപനം എന്നിവ ആസ്വാദകരമായി. ശേഷം സന്ധ്യ വർമ്മ അവതരിപ്പിച്ച മോട്ടിവേഷണൽ & കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന ഇന്ററാക്ടീവ് സെഷൻ പരിപാടിക്ക് പ്രത്യേക ഭംഗി പകർന്നു. ഏറെ പ്രചോദനാത്മകമായ ഈ സെഷനിൽ പങ്കെടുത്തവരിൽ നിന്നും അഭിപ്രായങ്ങളും പ്രതികരണങ്ങളും സ്വീകരിച്ചു.

പരിപാടിയിലെ മറ്റൊരു ആകർഷണമായിരുന്നു കുടുംബാംഗങ്ങൾ ഒരുക്കിയ സെയിൽസ് എക്സ്പോ. Raj Var Foods, Garima Fancy Collections (ഗിരീഷ് & സ്മിത), അന്നപൂർണ്ണയുടെ മുണ്ടു വിൽപ്പന, കുമാരി വർമ്മയുടെ പുസ്തക സ്റ്റാൾ ഇവയൊക്കെ പങ്കെടുത്തവരുടെ ശ്രദ്ധ നേടി.

ദൈവാനുഗ്രഹത്തോടെയും എല്ലാവരുടെയും സഹകരണത്തോടെയും പരിപാടി വിജയകരമായി സമാപിച്ചു. കുട്ടികൾ ഉൾപ്പെടെ ഏകദേശം 80 പേർ പരിപാടിയിൽ പങ്കെടുത്തു.

## കുറ്റിലഞ്ഞി

കുറ്റിലഞ്ഞി യൂണിറ്റിന്റെ നേതൃത്വത്തിൽ നാരായണീയ പാരായണം സമീപപ്രദേശത്തുള്ള പല ക്ഷേത്രങ്ങളിലും വളരെ ഭംഗിയായി നടത്തി വരുന്നു. ക്ഷത്രിയ ക്ഷേമസഭ കുറ്റിലഞ്ഞി യൂണിറ്റ് സംഘടിപ്പിച്ച തഞ്ചാവൂർ, തിരുച്ചിറപ്പള്ളി യാത്രയിൽ ഒട്ടുമിക്ക വനിതാ കുടുംബാംഗങ്ങളും പങ്കെടുത്തു.



യൂണിറ്റ് വനിതാ അംഗങ്ങളുടെ നേതൃത്വത്തിൽ തിരുവാതിര ആഘോഷം തനതായ ആചാരങ്ങളോടും ചടങ്ങുകളോടും കൂടി യൂണിറ്റ് കുടുംബാംഗങ്ങളായ മധുകുമാർ വർമ്മയുടേയും രമണീ വർമ്മയുടേയും വസതിയിൽ വളരെ ഭംഗിയായി ആഘോഷിച്ചു.

ചെറുകിട സംരംഭമായ എള്ളുതിരി ഉണ്ടാക്കി വിതരണം ചെയ്യുന്നത് തുടരുന്നു. യൂണിറ്റ് കുടുംബാംഗങ്ങളായ രമണി തമ്പുരാട്ടിയുടേയും സുജാ വർമ്മയുടേയും വസതിയിൽ വെച്ച് March 8 ന് വനിതാദിന ആഘോഷം വളരെ പ്രൗഢഗംഭീരമായി നടന്നു. തദവസരത്തിൽ മുതിർന്ന വനിതാ കുടുംബാംഗങ്ങളെ ആദരിക്കുകയും അവരവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും വനിതകൾക്കായി വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

## പന്തളം

ധനുമാസ എട്ടങ്ങാടി-തിരുവാതിര ചടങ്ങുകൾ വനിതാവിഭാഗത്തിന്റെ നേതൃത്വത്തിൽ ജനുവരി 2 ന് പന്തളം വടക്കേ കൊട്ടാരം തേവാരമുറ്റത്ത് നടന്നു. ചിന്മയ പാലസിൽ ചന്ദ്രിക തമ്പുരാട്ടി ചടങ്ങുകൾക്ക് നേതൃത്വം നൽകി. അന്നേ ദിവസം 5 മണിക്ക് ശേഷം എട്ടങ്ങാടി നേദ്യവും, രാത്രി ഭക്ഷണശേഷം തിരുവാതിരയും പാതിരാപ്പൂ ചൂടലും മറ്റുമായി അനേകം ബന്ധുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ചടങ്ങുകൾ ഗംഭീരമായി നടന്നു. യൂണിറ്റിലെ വനിതാഅംഗങ്ങളെല്ലാവരും തന്നെ സജീവമായി പങ്കെടുത്ത ആഘോഷ ചടങ്ങിലേക്ക് ആവശ്യമായ കിഴങ്ങുകളും, മറ്റ് സാധനങ്ങളും വനിതാ അംഗങ്ങൾ സ്പോൺസർ ചെയ്തിരുന്നു

വൃശ്ചികം ഒന്നു മുതൽ പന്തളത്ത് മണ്ഡല ചിറപ്പ്, തിരുവാഭരണഘോഷയാത്ര തുടങ്ങിയ തിരക്കുകൾ മൂലം ക്ഷത്രിയ ക്ഷേമസഭയുമായി ചേർന്നുള്ള സംയുക്ത മീറ്റിംഗുകളല്ലാതെ വനിതാ വിഭാഗത്തിന്റേതായ മീറ്റിംഗുകൾ നടന്നില്ല. ഫെബ്രുവരി 8 ന് പന്തളത്തുവച്ച് നടക്കുന്ന ദക്ഷിണമേഖലാ സമ്മേളനത്തെക്കുറിച്ച് ക്ഷത്രിയ ക്ഷേമസഭയുമായി ചേർന്ന് വനിതാ അംഗങ്ങളും അഭിപ്രായങ്ങൾ പങ്കുവച്ചു. സമ്മേളനസ്ഥലത്ത് അംഗങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കായി സ്റ്റാളുകൾ ഇടുന്നതിനേപ്പറ്റി ചർച്ച ചെയ്തു.

പ്രായാധിക്യത്താൽ അവശനിലയിൽ കഴിയുന്ന വലിയ തമ്പുരാട്ടിമാരായ സീമന്തിനി തമ്പുരാട്ടി, ലക്ഷ്മി തമ്പുരാട്ടി എന്നിവരെ KKS വനിതാവിഭാഗം സെക്രട്ടറി രാധികാ വർമ്മയ്ക്കൊപ്പം സന്ദർശിച്ച് ആദരം അർപ്പിച്ചു. യൂണിറ്റ് സെക്രട്ടറിയും വനിതാ വിഭാഗം സെക്രട്ടറിയും പങ്കെടുത്തു.

ഫെബ്രുവരി എട്ടാം തീയതി പന്തളത്ത് വെച്ച് നടന്ന ദക്ഷിണ മേഖലാ സമ്മേളനത്തിലും




പന്തളം ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗത്തിന്റെ കൂട്ടായ പ്രവർത്തനം ഉണ്ടായിരുന്നു. സമ്മേളന സ്ഥലത്ത് അംഗങ്ങളുടെ സ്റ്റാളുകളും ഉണ്ടായിരുന്നു. ഫെബ്രുവരി 15 ശിവരാത്രി ദിനത്തിൽ പന്തളം കൊട്ടാരംവക ശിവക്ഷേത്രത്തിൽ വനിതാ അംഗങ്ങളുടെ ശിവപുരാണ പാരായണം നടന്നു.

ഫെബ്രുവരി 22 ന് തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന ഭക്ഷ്യമേളയിലും പന്തളം വനിത അംഗം അംബിക വർമ്മയുടെ ഉൽപ്പന്നങ്ങൾ ഉണ്ടായിരുന്നു.

പന്തളം ലക്ഷ്മിവിലാസം കൊട്ടാരത്തിൽ ദിലീപ് വർമ്മയുടെ നിര്യാണത്തെ തുടർന്ന് വനിതാ ദിനത്തിൽ പ്രത്യേകിച്ച് പരിപാടികളൊന്നും നടത്താൻ സാധിച്ചില്ല.

## ശ്രീകണ്ഠാപുരം

ധനുമാസത്തിൽ തിരുവാതിര പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. 14-3-2026-ൽ



ശ്രീകണ്ഠാപുരം യൂണിറ്റിന്റെ ജനറൽ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുകയും അതിൽ വനിതാ പ്രതിനിധികളായി വനിതാ വിഭാഗം സെക്രട്ടറി ജയശ്രീ, വനിതാവിഭാഗം രക്ഷാധികാരി ഇ.വി. രുഗ്മിണി എന്നിവർ പങ്കെടുത്തു. തുടർന്ന് 15-3-2026-ൽ നടത്തിയ വനിതാ വിഭാഗം ഗൂഗിൾ മീറ്റിൽ 500 രൂപ വെച്ച് ഒരു കുറി ആരംഭിക്കുവാൻ തീരുമാനമായി. 18 പേർ കുറിയിൽ ചേർന്നു.

കർക്കിടമാസത്തിൽ മരുന്ന് കഞ്ഞി, കർക്കിടക മരുന്ന് കൂട്ട് ഇവ നിർമ്മിച്ച് വിൽപ്പന നടത്തുവാൻ തീരുമാനിച്ചു. വനിതാ വിഭാഗത്തിന് ഒരു പ്രവർത്തന ഫണ്ട് സ്വരൂപിക്കുവാൻ തീരുമാന

മായി. പുതിയ പ്രവർത്തനങ്ങളുമായി മുൻപോട്ട് പ്രയാണം ചെയ്യുന്നു.

## ഇടപ്പള്ളി

ഫെബ്രുവരി 14 ന് ഭരണസമിതി അംഗങ്ങളും വനിതാവിഭാഗവും കൂടി നടത്തിയ യോഗത്തിൽ



പല തീരുമാനങ്ങളും എടുത്തതിൽ പ്രധാനമായി മാർച്ച് മാസത്തിൽ വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒരു ചിട്ടി ആരംഭിച്ചു. 41 വനിതകൾ ചിട്ടിയിൽ ചേർന്നു. കൂടാതെ വനിതാ വിഭാഗത്തിന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുവാനായി ഒരു അക്കൗണ്ട് ആരംഭിച്ചു. ലളിതാസഹസ്രനാമ ക്ലാസുകൾ, ഡാൻസ് ക്ലാസുകൾ എല്ലാം പാർത്ഥസാരഥി ക്ഷേത്ര ഹാളിൽ മുടക്കം കൂടാതെ നടക്കുന്നുണ്ട്. എല്ലാ മാസവും വനിതാ വിഭാഗം മീറ്റിംഗ് നടത്തുന്നുണ്ട്. വനിതാവിഭാഗത്തിന് സാമ്പത്തിക സ്രോതസ്സ് ഉണ്ടാക്കുവാനുള്ള പദ്ധതികളുമായി മുന്നോട്ടുള്ള പ്രയാണം തുടരുന്നു.

## പിലാത്തറ

യൂണിറ്റിന്റെ വനിതാവിഭാഗം പുതുവർഷാരംഭത്തിൽ പ്രസിഡന്റ് സോമേശ്വരി വി.ടി. യുടെ ഭവനത്തിൽ സ്നേഹവിരുന്ന് നടത്തി. സൗമ്യ മനോജ് വർമ്മയുടെ പ്രാർത്ഥനാ ഗാനത്തോടെ



മുതിർന്ന അംഗമായ ശാരദ പിള്ളയാതിരിയമ്മ ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ജയന്തി സ്വാഗതം പറഞ്ഞു. സോമേശ്വരി വി.ടി. അധ്യക്ഷപ്രസംഗം നടത്തി.

സത്യസ്വരൂപൻ വി.ടി. ഉദ്ഘാടനം നിർവ്വഹിച്ചു. തിരുവാതിര, ക്വിസ് പ്രോഗ്രാം, ഗാനാലാപനം എന്നിവ ഉണ്ടായിരുന്നു. സരസ്വതി ഒ., ദ്രൗപതി കെ.എൻ., സാവിത ടി.വി., എന്നിവർ സംസാരിച്ചു. ബീനാനാരായണൻ നന്ദി പറഞ്ഞു. രാത്രി ഭക്ഷണത്തോടെ എല്ലാവരും പിരിഞ്ഞു.

മാർച്ച് 8 ന് ലോക വനിതാദിനത്തിൽ വാസന്തി സി.കെ. യുടെ ഭവനത്തിൽ വെച്ച് വനിതാദിനം ആഘോഷിച്ചു. ആതിരാ വർമ്മയുടെ പ്രാർത്ഥനാ ഗാനത്തോടെ പരിപാടി ആരംഭിച്ചു. സെക്രട്ടറി ജയന്തി വി.എം. സ്വാഗതം പറഞ്ഞു. പ്രസിഡന്റ് സോമേശ്വരി വി.ടി. അധ്യക്ഷത വഹിച്ച് സംസാരിച്ചു. വസന്ത എൻ.പി. യുടെ സെമി ക്ലാസിക്കൽ ഡാൻസും ആതിരാവർമ്മയുടെ ഗാനാലാപനവും നടന്നു. തുടർന്ന് പിലാത്തറ യുണിറ്റ് പ്രസിഡന്റ് പുരുഷോത്തമൻ സി.കെ., സെക്രട്ടറി മനോജ് കുമാർ എസ്.കെ., ട്രഷറർ ജനാർദ്ദനൻ സി., രാജൻ വി.എം. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വിഭവ സമൃദ്ധമായ മധുര പലഹാരങ്ങളോടെ ചായ സൽക്കാരവും ഉണ്ടായിരുന്നു.

ചെറുതാഴം ഉളിയത്ത് ശ്രീകൃഷ്ണൻ മതിലകം ക്ഷേത്രത്തിൽ ഉത്സവത്തോടനുബന്ധിച്ച് പാർവ്വതി വർമ്മയും സംഘവും അവതരിപ്പിച്ച തിരുവാതിര ശ്രദ്ധേയമായി. എല്ലാ മാസവും വനിതാ അംഗങ്ങൾ ഒത്തുചേർന്ന് ഭാവി കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചു.

## കരപ്പുറം

കരപ്പുറത്തെ ക്ഷത്രിയ വനിതകളുടെ ഒരു സ്നേഹ കൂട്ടായ്മയാണ് വനിതാവേദി. ജനുവരി 10 ന് വനിതാവേദിയുടെ ചിട്ടിയും യോഗവും നടന്നു. വനിതാ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങൾ കാര്യവിവരങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. സ്ത്രീകൾ സ്വയംതൊഴിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. പുതിയ വനിതാ കമ്മിറ്റി പഞ്ചാബ് നാഷണൽ ബാങ്കിൽ അക്കൗണ്ട് തുടങ്ങി. അതിന്റെ വിവര



ങ്ങൾ യോഗത്തിൽ പങ്കുവെയ്ക്കുകയും ചെയ്തു. ഫെബ്രുവരി 12 ന് വാരനാട് ദേവിക്ഷേത്രത്തിൽ കുംഭഭരണി മഹോത്സവത്തോടനുബന്ധിച്ചു വനിതാ അംഗങ്ങളുടെ തിരുവാതിര നടന്നു. ഫെബ്രുവരി 14 ന് വനിതാവേദിയുടെ മറ്റൊരു ചിട്ടി നടത്തപ്പെട്ടു. മാർച്ച് 15 ന് കരപ്പുറം സഭാ മന്ദിരത്തിൽ വനിതാവേദിയുടെ ചിട്ടിയും പൊതുയോഗവും നടന്നു. മെയ് 1 ന് ചേർത്തലയിൽ വെച്ച് നടക്കുന്ന ക്ഷത്രിയ ക്ഷേമസഭാ സംസ്ഥാന സമ്മേളനത്തിൽ വനിതകളുടെ സഹകരണത്തെ സംബന്ധിച്ച ചർച്ചകളും തീരുമാനങ്ങളും നടന്നു. കരപ്പുറത്തെ ഒരു വനിതാ അംഗത്തിന് വനിതാവേദി ഫണ്ടിൽ നിന്നും വായ്പ അനുവദിച്ചുകൊണ്ടും തീരുമാനമായി, വനിതകളുടെ ഊർജ്ജവും സഹകരണവും നാൾക്ക് നാൾ ഉയരട്ടെ എന്ന പ്രാർത്ഥനയോടെ.

## തിരുവല്ല

തിരുവല്ല യൂണിറ്റ് വനിതാവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയായി നടക്കുന്നുണ്ട്. പതിവുപോലെ എല്ലാ മാസവും KKS വനിതാവിഭാഗം മീറ്റിംഗ് കൂടാറുണ്ട്. എല്ലാ വിശേഷാവസരങ്ങളും ആഘോഷിക്കാറുണ്ട്. യൂണിറ്റിൽ വനിതാവിഭാഗം 'സാന്ത്വനം-സ്വാസ്ഥ്യം' പദ്ധതിയുടെ ഭാഗമായി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 'വിഷ്ണുപ്രിയ ഭജൻസ്' നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇപ്രാവശ്യം അന്തർദ്ദേശീയ വനിതാ ദിനം ഭംഗിയായി ആഘോഷിച്ചു. അന്നേ ദിവസം യൂണിറ്റ് KKS വനിതാവിഭാഗത്തിന് സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കായി സഭാമന്ദിരത്തിൽ ഒരു മുറി ലഭിച്ചുവെന്നത് വളരെ സന്തോഷം നൽകിയ കാര്യമാണ്. അന്നുതന്നെ യൂണിറ്റിലെ മുതിർന്ന വനിതയായ ലീലാ രാജ വർമ്മ (പാലിയേക്കര പുത്തൻ കൊട്ടാരം) KKS വനിതാവിഭാഗത്തിന് ലഭിച്ച മുറിയുടെ പ്രവർത്തന ഉദ്ഘാടന കർമ്മം നിർവഹിച്ചു. തുടർന്ന് തിരുവല്ല യൂണിറ്റ് പ്രസിഡന്റ് പി.ആർ. വർമ്മ, പാലിയേക്കര കിഴക്കേ കൊട്ടാരത്തിലെ വനിതകൾ ചന്ദ്രമതിതമ്പുരാട്ടി, രതീ ദേവി, ഗിരിജാ ദേവി, ലീലാ രാജ വർമ്മ, സരളാ വർമ്മ (പുത്തൻ കൊട്ടാരം), ലതാ വർമ്മ (പാലിയേക്കര പടിഞ്ഞാറെ കൊട്ടാരം) തിരുവല്ല യൂണിറ്റ് വനിതാ വിഭാഗം പ്രസിഡന്റ് ശ്രീജാ വർമ്മ, സെക്രട്ടറി രാജശ്രീ കെ. വിനോദ്, KKS വനിതാവിഭാഗം ജനറൽ സെക്രട്ടറി രാധികാ വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ച് ഈശ്വര പ്രാർത്ഥന ചൊല്ലി. തുടർന്ന്, വനിതാവിഭാഗം പ്രസിഡന്റ് ശ്രീജാവർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വനിതാവിഭാഗം സെക്രട്ടറി രാജശ്രീ. കെ. വിനോദ് സ്വാഗതം ആശംസിച്ചു. യൂണിറ്റ് പ്രസിഡന്റ് പി.ആർ. വർമ്മ, ഗിരിജാ ദേവി, രാധികാവർമ്മ എന്നിവർ ആശംസകൾ അർപ്പിച്ചു. അതോടൊപ്പം KKS വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ് ഡോ. സുജാത കെ.യുടെ അനുമതിയോടെ KKS വനിതാവിഭാഗം ജനറൽ സെക്രട്ടറി രാധികാ വർമ്മ ലോഗോ പ്രകാശനം നിർവ്വഹിച്ചു. യൂണിറ്റ് വനിതാവിഭാഗം ട്രഷറർ പ്രിയാവർമ്മ കൃതജ്ഞത പ്രകാശിപ്പിച്ചു. ചായ സൽക്കാരത്തോടെ പരിപാടികൾ അവസാനിച്ചു. പിന്നീട്, തിരുവല്ല യൂണിറ്റ് വനിതാവിഭാഗം ഭരണസമിതി



യുടെ നേതൃത്വത്തിൽ ശൈലജാവർമ്മയെ (പാലിയേക്കര കിഴക്കേ കൊട്ടാരം) ആദരിക്കുകയുണ്ടായി. യൂണിറ്റിലെ വനിതകളുടെ സാന്നിധ്യത്താൽ പരിപാടികൾ ഭംഗിയായി. വനിതാവിഭാഗത്തിന് ലഭിച്ച മുറിയിൽ ഒരു ലൈബ്രറികൂടി ആരംഭിച്ചു. ക്രിയാത്മകമായ പ്രവർത്തനങ്ങളു

മായി തിരുവല്ല KKS വനിതാവിഭാഗം പ്രയാണം തുടരുന്നു. വനിതാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി ഒരു മുറി ലഭിച്ചത് KKS സംസ്ഥാന വനിതാവിഭാഗത്തിന്റെകൂടി ഒരു നേട്ടമാണെന്ന് പറയുന്നതിൽ അഭിമാനമുണ്ട്.

## കരിവെള്ളൂർ

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് വനിതാ വിഭാഗത്തിന്റെ ഒരു യോഗം 18-1-2026 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് വങ്ങാട്ട് മഠത്തിൽ വച്ച് നടന്നു. യോഗത്തിൽ യൂണിറ്റ് വനിതാ വിഭാഗം ഭരണസമിതി അംഗം പി. സാവിത്രി സ്വാഗതം പറഞ്ഞു വനിതാവിഭാഗം



പ്രസിഡന്റ് എൻ.പി. കാമാക്ഷി വർമ്മ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഡോ. എം.എം. കവിത വർമ്മ റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ കെ.പി. ശ്രീജ, ടി.എം. ഉഷാകുമാരി, രാജശ്രീ സുഭാഷ്, രാധാമണി ആർ. വർമ്മ, എൻ.കെ. യശോദ, സി.കെ. വത്സല, കെ. തങ്കമണി, എൻ.വി.എം. പുഷ്പവല്ലി എന്നിവർ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് യോഗം താഴെ പ്പറയുന്ന തീരുമാനങ്ങൾ എടുത്തു:

1. വനിതാ വിഭാഗത്തിന്റെ പ്രവർത്തനം വിപുലീകരിക്കാനും യൂണിറ്റിന്റെ പരിധിയിൽ വരുന്ന ക്ഷത്രിയ കുടുംബങ്ങളിലെ പരമാവധി സമുദായാംഗങ്ങൾക്ക് അംഗത്വം നൽകുവാനും തീരുമാനിച്ചു. ഇതിനായി പ്രത്യേകം സ്ക്വാഡ് പ്രവർത്തനം നടത്താനും ഓരോ അംഗത്തിൽ നിന്നും പ്രവർത്തന ഫണ്ടായി 100 രൂപ വീതം പിരിച്ചെടുക്കാനും തീരുമാനിച്ചു .

2. വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ അംഗങ്ങളിൽ നിന്നും പ്രതിമാസം 500 രൂപ പിരിച്ചെടുത്ത് ഒരു സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചു .

യൂണിറ്റ് ട്രഷറർ കെ.പി. ശ്രീജ നന്ദി പ്രകാശിപ്പിച്ചു. യോഗം 5 മണിക്ക് അവസാനിച്ചു.

## ഇരിട്ടി

ഇരിട്ടി യൂണിറ്റ് വനിതാവിഭാഗം പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വനിതാ കൂട്ടായ്മ ശക്തി പ്രാപിച്ചുവരുന്നു.



### ലേഖകരുടെ ശ്രദ്ധയ്ക്ക്

'ക്ഷാത്രസ്പന്ദന'ത്തിലേക്ക് അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവ കഴിവതും ഇ-മെയിൽ ആയോ വാട്സ്ആപ്പിലോ അയയ്ക്കുവാൻ അപേക്ഷ.

ഇ-മെയിൽ: **akv2512@gmail.com**
**lalithambika43@gmail.com**
**kshathraspandanam@gmail.com**

വാട്സ്ആപ്പ് നമ്പർ: **9895043300, 9446509414**

എഴുതി അയയ്ക്കുന്നവർ കടലാസിന്റെ ഒരു വശത്തുമാത്രം വ്യക്തമായി എഴുതി അയയ്ക്കുക.

*വിലാസം:* **ക്ഷത്രിയ ക്ഷേമ സഭ**
**സുന്ദരവിലാസം കൊട്ടാരം, കോട്ടയ്ക്കകം, തിരുവനന്തപുരം - 695 023**


# ശ്രദ്ധാഞ്ജലി

## ഹേമലത നായനാർ



ഇരിട്ടി നേരമ്പോക്ക് റോഡിൽ ഹേമലത നായനാർ (കൊരട്ടി സ്വരൂപം – 75) അന്തരിച്ചു. പരേതയായ കൊരട്ടി സ്വരൂപത്തിൽ കുഞ്ചിക്കുട്ടി തമ്പുരാട്ടിയുടെയും ഇ. സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും മകളാണ്. ഭർത്താവ്: കെ.ഇ. ദാമോദരൻ നായനാർ (റിട്ട. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.). മക്കൾ: നിഷ, ആശിസ്.

## കെ. ജയരാജൻ



ഇരിട്ടി കനകത്തിടത്തിൽ ജയരാജൻ (82–റിട്ട. സെക്ഷൻ ഓഫീസർ, ചെന്നൈ എഗ്മൂർ ടി ബി റിസർച്ച് സ്റ്റേഷൻ) അന്തരിച്ചു. ഭാര്യ: കീഴൂരിടത്തിൽ രത്നകുമാരി. മക്കൾ: ശ്രീജ (ഗുരുവായൂർ), ഇന്ദു (ചെന്നൈ), പ്രീത (ഡൽഹി). മരുമക്കൾ: സതീശൻ (ചൂളിയാട്), പ്രിയകുമാർ (ചെന്നൈ), ഉണ്ണിക്കൃഷ്ണൻ (ചെങ്ങന്നൂർ).

## അംബികാ വർമ്മ




പൂഞ്ഞാർ കോയിക്കൽ രാജേന്ദ്രസദനം പാലസിൽ അംബികാ വർമ്മ (83) അന്തരിച്ചു. ഭർത്താവ്: പരേതനായ റ്റി.ആർ. കേരളവർമ്മരാജ (പന്തളം രാജകുടുംബാംഗം). മക്കൾ: ഗിരീഷ് വർമ്മ, ഹരീഷ് വർമ്മ, സരിതാ വർമ്മ. മരുമക്കൾ: മഞ്ജു വർമ്മ, സ്വപ്ന വർമ്മ, രാജേഷ് വർമ്മ.

## വി.കെ. രാജമണി



ചെന്നിത്തല വിജയവിലാസം കോവിലകത്ത് വി.കെ. രാജമണി (80) അന്തരിച്ചു. ഭർത്താവ്: രാഘവവർമ്മ (പന്തളം പാലസ്). മക്കൾ: രാഖി വർമ്മ, രേഖ വർമ്മ. മരുമകൻ: ആർ.എം. ദിലീപ് കുമാർ (ചീഫ് മാനേജർ, കാനറാ ബാങ്ക്).

## ശങ്കര രാജ




മണക്കുളം കോവിലകത്ത് ശങ്കര രാജ (99) അന്തരിച്ചു. മക്കൾ: ബാലചന്ദ്ര രാജ, പൂർണ്ണിമ രാജ. മരുമക്കൾ: അനിത രാജ, രാമകൃഷ്ണ.

## പത്മ തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം പാലസ്സ് 11 ലെ പത്മ തമ്പുരാൻ (91) അന്തരിച്ചു. ഭർത്താവ്: മുരിയമംഗലത്തു മനയ്ക്കൽ പരേതനായ എം.പി. കൃഷ്ണൻ നമ്പൂതിരിപ്പാട് (റിട്ട. കാനറാ ബാങ്ക്). മക്കൾ: രഞ്ജിനി, രഘുനന്ദനൻ, രാജശ്രീ. മരുമക്കൾ: കെ. ശ്രീകുമാർ, രാധിക, പ്രകാശ്.

## രാജേന്ദ്ര വർമ്മ



ചെങ്ങന്നൂർ പാണ്ടനാട് മംഗലപ്പള്ളി കോവിലകത്ത് രാജേന്ദ്ര വർമ്മ (രാജു – 88) അന്തരിച്ചു. ഭാര്യ: ഉമാദേവി (കിളിമാനൂർ കൊട്ടാരം). മകൾ: ദിവ്യ വർമ്മ. മരുമകൻ: പ്രശാന്ത് വർമ്മ.

## പി.കെ. ഇന്ദിര നമ്പിഷ്ടാതിരി



തിരൂർ ചേന്ദറ പെരുംതുരുത്തി കോവിലകം കുടുംബാംഗം പി.കെ. ഇന്ദിര നമ്പിഷ്ടാതിരി (91) അന്തരിച്ചു. ഭർത്താവ്: തൃശൂർ അഞ്ചേരി പടിഞ്ഞാറേ ചങ്കരംപാട്ട് മഠത്തിൽ പരേതനായ സി. കേരള വർമ്മ അപ്പുക്കുട്ടൻ തിരുമുല്പാട്. മകൻ: പി.കെ. അജിതൻ. മരുമകൾ: പരേതയായ ജയശ്രീ.

## വിക്രം നന്ദകുമാർ



തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭാംഗം Wg.Cdr. (Rtd.) നന്ദകുമാർ പണ്ടാലയുടെയും സുധ നന്ദകുമാറിന്റെയും പുത്രൻ വിക്രം നന്ദകുമാർ (47) മുംബൈയിൽ അന്തരിച്ചു. കാനഡയിൽ Oracle സീനിയർ കൺസൾട്ടന്റ് ആയിരുന്നു.

## കെ.ബി. ഹൈമവതി ബായി




കിളിമാനൂർ കൊട്ടാരം കുടുംബാംഗവും എഴുമറ്റൂർ കൊട്ടാരത്തിൽ (കൈപ്പുഴ മഠം) പരേതനായ പ്രൊഫ. ഭാസ്കര വർമ്മയുടെ പത്നിയുമായ കെ.ബി. ഹൈമവതി ബായി (84) അന്തരിച്ചു. മക്കൾ: മീനാകുമാരി (മുൻ ചീഫ് സൂപ്രണ്ട് ഇന്ത്യൻ റെയിൽവേ), സിന്ധുജാദേവി (മുൻ ഏജിസ് ഓഫീസ് ഉദ്യോഗസ്ഥ), പ്രിയാ വർമ്മ (റബ്ബർ ബോർഡ്). മരുമക്കൾ: ആർ.ആർ. വർമ്മ (എഫ്.എ.സി.റ്റി), മോഹൻകുമാർ (ബാംഗ്ലൂർ).

## ടി.ഇ. ദേവരാജൻ



സിനിമാ-സീരിയൽ നടൻ കരിവെള്ളൂർ തെക്കേ മണക്കാട്ടെ ടി.ഇ. ദേവരാജൻ (56) അന്തരിച്ചു. നിരവധി സീരിയലുകളിലും കുത്തൂട്, അച്യുതന്റെ അവസാന ശ്വാസം, റോമ. 6 തുടങ്ങിയ സിനിമകളിലും ശ്രദ്ധേയമായ വേഷങ്ങൾ ചെയ്തിരുന്നു. ഭാര്യ: എം.എം. പ്രജിഷ. മക്കൾ: ആകർഷ്, ഔപിത്യദേവ്.

## ബാലരാമ വർമ്മ




ചേർത്തല വാരനാട് രാമ വില്ലാ കോവിലകത്ത് (നൈഷധം) ബാലരാമ വർമ്മ (88) അന്തരിച്ചു. ഭാര്യ: പരേതയായ ശാന്താമണി വർമ്മ. മക്കൾ: ധനേഷ് വർമ്മ, ശർമ്മിള വർമ്മ. കരപ്പുറം ക്ഷത്രിയ സഭയുടെ സ്ഥാപകരിൽ ഒരാളും ദീർഘകാലം സഭയുടെ കാര്യദർശിയും ആയിരുന്നു. ഇരുപതു വർഷത്തിലധികം അഖില കേരള അയ്യപ്പ സേവാ സംഘം വാരനാട് ശാഖയുടെ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

## കെ. സുലഭാഭായി തമ്പുരാട്ടി



കിളിമാനൂർ കൊട്ടാരം പുത്തൻമാളിക കുടുംബാംഗം കെ. സുലഭാഭായി തമ്പുരാട്ടി (82) അന്തരിച്ചു. റിട്ട. സിവിൽ സർജനും അമൃതാ ആശുപത്രി പീഡിയാട്രിക് സർജനുമായിരുന്ന മാവേലിക്കര കൊട്ടാരത്തിൽ പരേതനായ ഡോ. എം. നരേന്ദ്ര വർമ്മയാണ് ഭർത്താവ്. മക്കൾ: വിജയ കൃഷ്ണ വർമ്മ (I.T.), ഉമാ വർമ്മ (ഗ്ളോബൽ പബ്ലിക് സ്കൂൾ, തൃപ്പൂണിത്തുറ). മരുമകൻ: കൊച്ചി രാജകുടുംബാംഗം സഞ്ജയ് വർമ്മ.

## ബാലകൃഷ്ണൻ നായനാർ



വിളക്കന്നൂർ തൈക്കണ്ടി ഇടത്തിൽ ബാലകൃഷ്ണൻ നായനാർ (90) അന്തരിച്ചു. ഭാര്യ: കുന്നോത്തിടത്തിൽ തങ്കമണി അക്കനമ്മ. മക്കൾ: ജ്യോതി ലക്ഷ്മി എസ്.കെ., ശ്രീജ എസ്.കെ. മരുമക്കൾ: സുരേഷ് ബാബു കൂടാളിയിടം (വ്യവസായ വകുപ്പ് റിട്ട. ഓഫീസർ), പത്മകുമാർ എസ്.ടി. (തൈക്കണ്ടിയിടം എസ്.ഇ.എസ് കോളേജ് ഓഫീസ് സ്റ്റാഫ്).

## ഡോ. കൊച്ചുണ്ണി തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം ഡോ. കൊച്ചുണ്ണി തമ്പുരാൻ (റിട്ട.ഗവണ്മെന്റ് ഹെൽത്ത് സർവീസ് - 82) അന്തരിച്ചു. പരേതരായ ഓയ്മാമ്പള്ളി സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിന്റെയും ഇക്കാവുട്ടി തമ്പുരാന്റെയും മകനാണ്. ഭാര്യ: ഗൗരി പി.കെ. (സാവിത്രി). മകൻ: ബാലഗോപാൽ വർമ്മ. മരുമകൾ: ശാലിനി.

## ഉമാദേവി തമ്പുരാട്ടി




പരപ്പനാട് രാജവംശത്തിലെ (ബേപ്പൂർ സ്വരൂപം) വലിയ തമ്പുരാട്ടിയും കോഴിക്കോട് ബാലുശ്ശേരി മല്ലിശ്ശേരി കോവിലകത്ത് പരേതനായ എം.കെ. രാമവർമ്മയുടെ പത്നിയുമായ ഉമാദേവി തമ്പുരാട്ടി (101) അന്തരിച്ചു. മക്കൾ: പ്രസന്ന വർമ്മ, രമ വർമ്മ, അനിത വർമ്മ, (പരേതരായ) ഗോദ വർമ്മ (അനിയൻ), വിജയൻ വർമ്മ, ശ്രീകുമാരി തമ്പുരാട്ടി. മരുമക്കൾ: തങ്കമണി, ആദിത്യ വർമ്മ, കൃഷ്ണ വർമ്മ, ഉണ്ണി വർമ്മ.

## വർമ്മ കെ. ദിലീപ്



പന്തളം കൊട്ടാരത്തിൽ വർമ്മ കെ. ദിലീപ് (71) അന്തരിച്ചു. ദിവംഗതരായ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ എ.കെ. രാജരാജ വർമ്മയുടെയും പന്തളം ലക്ഷ്മീ വിലാസം കൊട്ടാരത്തിൽ അശ്വതി നാൾ അംബികാ വർമ്മയുടെയും പുത്രനാണ്. ഭാര്യ: ഗിരിജാ ദിലീപ് (മുല്ലശ്ശേരി മഠം, വെള്ളാരപ്പിള്ളി).


## സി.പി.ആർ. വർമ്മ



തൃപ്പൂണിത്തുറ സ്റ്റാച്യു ജംഗ്ഷനു സമീപം പാലസ് റെസിഡെൻസിയിൽ വൈക്കം ചോതി അറവാതുക്കൽ കോവിലകത്ത് സി.പി.ആർ. വർമ്മ (മണിക്കുട്ടൻ-79) അന്തരിച്ചു. ജെലീറ്റ അഡ്വർടൈസ്മെന്റ് ഡയറക്ടറാണ്. ഭാര്യ: കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്ത് മാലിനി (റിട്ട. ഹൈക്കോടതി). മകൻ: ഹരിപ്രസാദ്.

## രവിവർമ്മ കൊച്ചനിയൻ തമ്പുരാൻ

കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ രമാ നിവാസ് പാലസിൽ (വേലിപ്പറമ്പ്) രവിവർമ്മ കൊച്ചനിയൻ തമ്പുരാൻ (86) അന്തരിച്ചു.



അങ്കമാലി പ്രീമിയർ കേബിൾസിൽ ജനറൽ മാനേജരായി റിട്ടയർ ചെയ്തു. 1962 മുതൽ 1965 വരെ മൂന്നു വർഷം കേരള രഞ്ജി ട്രോഫി ടീമിൽ അംഗമായിരുന്നു. ഭാര്യ: പൂഞ്ഞാർ കോവിലകത്തെ ഗിരിജവർമ്മ. മകൾ: വന്ദന. മരുമകൻ: രാജേഷ്, (ചോമാല ഇല്ലം, അമ്പലപ്പുഴ)

## ഗീത വർമ്മ




ചിറക്കൽ കോവിലകം ഗീത വർമ്മ (63) (പുതിയ കൊട്ടാരം) അന്തരിച്ചു. തിരുവല്ല പാലിയക്കര കൊട്ടാരത്തിലെ പരേതനായ ആർ. രവിവർമ്മ (തമ്പുരാൻ ഗുരുസ്വാമി)യുടെയും ചിറക്കൽ കോവിലകം വലിയ തമ്പുരാട്ടി ചന്ദ്രമതി തമ്പുരാട്ടിയുടെയും മകളാണ്. ഭർത്താവ്: പരേതനായ പി.കെ.ഇ. രാജ (തിരുവണ്ണൂർ കോവിലകം). മക്കൾ: ഹരിപ്രസാദ് രാജ (ക്ഷത്രിയ ക്ഷേമസഭ കോഴിക്കോട് സെക്രട്ടറി), ഹരിമോഹൻ രാജ.

## രമാദേവി തമ്പുരാട്ടി



കൊരട്ടി സ്വരൂപത്തിൽ രമാദേവി തമ്പുരാട്ടി (79) അന്തരിച്ചു. മാമ്പ്ര യൂണിയൻ ഹൈസ്ക്കൂൾ റിട്ട. അധ്യാപികയാണ്. ഭർത്താവ്: ഉണ്ണികൃഷ്ണൻ പണ്ടാല. മക്കൾ: സുനിൽ വർമ്മ, രാജീവ് വർമ്മ, സിന്ധു.

## കുഞ്ഞനുജൻ രാജ



തിരുവണ്ണൂർ കോവിലകാംഗം കുഞ്ഞനുജൻ രാജ (80) അന്തരിച്ചു. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് റിട്ട. സ്റ്റാഫാണ്. ഭാര്യ: പ്രേമലത (കൊരട്ടി സ്വരൂപം). മകൻ: ദീപക്ക് രാജ.

## ചന്ദ്രശേഖരൻ കർത്ത

കോട്ടയം മീനച്ചിൽ കൊച്ചുമഠത്തിൽ ചന്ദ്രശേഖരൻ കർത്ത (85) അന്തരിച്ചു. മുൻ റെയിൽവേ



ഉദ്യോഗസ്ഥനാണ്. ഭാര്യ: പുന്നത്തട്ട ഇടത്തിൽ സരസ്വതി. മക്കൾ: സുനിത, സുമിഷ. മരുമക്കൾ: കെ. കൃഷ്ണകുമാർ (മുതിർന്ന മാധ്യമപ്രവർത്തകൻ), രൂപേഷ് (ഐ.ടി. ഉദ്യോഗസ്ഥൻ, അമേരിക്ക).

## പൂയംനാൾ അംബാലിക തമ്പുരാട്ടി



പന്തളം കൈപ്പുഴ മാളിക കൊട്ടാരത്തിൽ പരേതയായ തമ്പംഗി തമ്പുരാട്ടിയുടെയും മാധവൻ നമ്പൂതിരിയുടെയും മകളും തിരുവല്ല നെടുമ്പ്രത്ത് കൊട്ടാരത്തിൽ പരേതനായ മാർത്താണ്ഡവർമ്മയുടെ പത്നിയുമായ പൂയം നാൾ അംബാലിക തമ്പുരാട്ടി (സീമന്തിനി– 90) അന്തരിച്ചു.


മക്കൾ: ലതിക വർമ്മ, ലേഖവർമ്മ, ലീനരാജ. മരുമക്കൾ: ശ്രീകുമാർ വർമ്മ (മാളിയേക്കൽ മഠം, തൃപ്പൂണിത്തുറ), സന്തോഷ്കുമാർ വർമ്മ (കിളിമാനൂർ), വാസുദേവ രാജ (ഇരിഞ്ഞാലക്കുട).

## ശാന്ത തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം, കച്ചേരിമാളികയിൽ, ശാന്ത തമ്പുരാൻ (93) (ഗീതാഞ്ജലി, ഹരിശ്രീ നഗർ, തൃക്കുമാരം കുടം, തൃശൂർ) അന്തരിച്ചു. ഭർത്താവ്: പരേതനായ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ പ്രൊഫ. എ.കെ. രാജരാജ വർമ്മ. മക്കൾ: പദ്മിനി വർമ്മ, ദേവൻ രാമവർമ്മ. മരുമക്കൾ: പന്തളം കൊട്ടാരത്തിൽ കേരള വർമ്മ, മാങ്കാവ് സാമൂതിരി കോവിലകത്ത് രാധിക രാജ.

## രവി വർമ്മ തമ്പുരാൻ



തിരുവല്ല പെരിങ്ങര കാരകത്തു മഠത്തിൽ രവി വർമ്മ തമ്പുരാൻ (80) അന്തരിച്ചു. പരേതരായ മൂവിടത്തു മേച്ചേരി മനയിൽ ഗോവിന്ദൻ നമ്പൂതിരിയുടെയും നെടുമ്പള്ളി കോയിക്കൽ ദേവകി തമ്പുരാട്ടിയുടെയും മകനാണ്. ഭാര്യ: തിരുവണ്ണൂർ കോവിലകത്തു രമ വർമ്മ. മക്കൾ: സുമേഷ് വർമ്മ, സുദേവ് വർമ്മ. മരുമക്കൾ: ഹരിത, രമ്യ.

## ശ്യാമളകുമാരി



ആറന്മുള കൊച്ചുകോയിക്കൽ കുടുംബാംഗം ശ്യാമളകുമാരി (79) അന്തരിച്ചു. തിരുവനന്തപുരം കോട്ടൺ ഹിൽ ഗേൾസ് സ്കൂൾ മുൻ അദ്ധ്യാപികയാണ്. ഭർത്താവ്: എഴുമറ്റൂർ ചങ്ങഴശ്ശേരി കോയിക്കൽ കുടുംബാംഗം പരേതനായ മോഹന വർമ്മ (VSSC മുൻ ഉദ്യോഗസ്ഥൻ). മക്കൾ: പ്രദീപ്, മഞ്ജുള. മരുമക്കൾ: ശാലിനി, അജിത് രാമവർമ്മ.

## പ്രതാപവർമ്മ



പൂക്കോട്ട് മഠത്തിൽ ഭാസ്കര വർമ്മയുടെയും വെള്ളാരപ്പിള്ളി ചൊവ്വരമഠത്തിൽ ഇന്ദിരാ ദേവിയുടെയും മകൻ പ്രതാപ വർമ്മ (75) അന്തരിച്ചു. ഭാര്യ: കൊരട്ടി സ്വരൂപം സുധ (അംബിക). മക്കൾ: സുനിൽ വർമ്മരാജ, സുസ്മിത വർമ്മ.


## സുഭദ്ര വിജയൻ



തൃപ്പൂണിത്തുറ പുത്തൻ മഠം കുടുംബാംഗം സുഭദ്ര വിജയൻ (ഭദ്ര–80) അന്തരിച്ചു. കൊച്ചി ക്ഷത്രിയ സമാജം നിർവ്വാഹക സമിതിയംഗമാണ്. ഭർത്താവ്: പരേതനായ ലഫ്. കേണൽ വിജയ വർമ്മ (കൊടുങ്ങല്ലൂർ കോയിക്കൽ കുടുംബാംഗം). മക്കൾ: സുധീർ, പ്രശാന്ത്. മരുമക്കൾ: ബിന്ദു, ദുർഗ്ഗ.

## സി.കെ. രാജീവ് വർമ്മ

പന്തളം തോന്നല്ലൂർ 'നവമി'യിൽ സി.കെ. രാജീവ് വർമ്മ (69) അന്തരിച്ചു. കണ്ണൂർ ചിറയ്ക്കൽ കോവിലകം കുടുംബാംഗമാണ്. പന്തളം ക്ഷത്രിയ ക്ഷേമസഭ ഭരണസമിതി



കൊടുങ്ങല്ലൂർ കോവിലകത്തെ വലിയ തമ്പുരാൻ **കെ. കുഞ്ഞുണ്ണി രാജ** (94) അന്തരിച്ചു. മുണ്ടനാട് നാരായണൻ നമ്പൂതിരിയുടെയും പുത്തൻ കോവിലകത്തെ കുഞ്ചുകുട്ടി തമ്പുരാട്ടിയുടെയും മകനാണ്.

കൊടുങ്ങല്ലൂർ വലിയ തമ്പുരാനായിരുന്ന കെ. രാമവർമ്മരാജയുടെ മരണശേഷം 2020 ഡിസംബറിലാണ് കുഞ്ഞുണ്ണി രാജ വലിയ തമ്പുരാനായി സ്ഥാനമേറ്റത്. കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയിൽ ഓഡിറ്റ് ഓഫീസറായിരുന്നു. ഭാര്യ: തൃപ്പൂണിത്തുറ കോവിലകത്തെ ഹൈമവതി തമ്പുരാൻ. മക്കൾ: രഘുരാജ, നന്ദിനി വർമ്മ. മരുമക്കൾ: രാജൻ വർമ്മ, പരേതയായ സിന്ധു രാജ.



കോട്ടക്കൽ സാമൂതിരി കോവിലകത്തെ വലിയ രാജ **കെ.സി. കുട്ടി അനുജൻ രാജ** (89) അന്തരിച്ചു. തളി സാമൂതിരി ഹയർസെക്കൻഡറി സ്കൂളിൽ അധ്യാപകനായിരുന്നു. ഭാര്യ: കെ.ഇ. ശോഭന. മക്കൾ: ശ്രീകാന്ത് കോട്ടക്കൽ (മാതൃഭൂമി വാരാന്ത്യപ്പതിപ്പ്), ദുർഗ്ഗാദാസ് (മാനേജർ, ചാലപ്പുറം പൊക്കോഴിക്കോട് ദേവസ്വം), ധന്യശ്രീ (തളി സാമൂതിരി ഹയർസെക്കൻഡറി സ്കൂൾ), രാജശ്രീ (നാരോക്കാവ് ഹയർസെക്കൻഡറി സ്കൂൾ, എടക്കര). മരുമക്കൾ: ശ്രീലക്ഷ്മി, ജ്യോതി, പ്രജീഷ്, സുധീഷ്.



അംഗമായിരുന്നു. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് സീനിയർ സൂപ്രണ്ട് ആയി വിരമിച്ചു. ഭാര്യ: പന്തളം ലക്ഷ്മി മന്ദിരം പാലസിൽ ഗീതാകുമാരി തമ്പുരാട്ടി (റിട്ട. ജൂനിയർ സൂപ്രണ്ട്, പട്ടികജാതി - വർഗ്ഗ വികസന കോർപ്പറേഷൻ). മക്കൾ: അഭിജിത് ആർ. വർമ്മ (സ്റ്റേഷൻ മാസ്റ്റർ, ദക്ഷിണ റെയിൽവേ), അഭിരാം ആർ. വർമ്മ (ബിരുദ വിദ്യാർത്ഥി).

## ചെറിയക്കുട്ടി അക്കനമ്മ



കുന്നോത്ത് നടുവിലിടത്തിൽ ചെറിയക്കുട്ടി അക്കനമ്മ (93) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ.കെ. നാരായണൻ നമ്പൂതിരി, ചെറുതാഴം. മക്കൾ: ബാലകൃഷ്ണൻ (റിട്ട. പ്രൊഫസർ), പ്രഭാവതി, നാരായണൻ, വത്സല, പ്രസന്ന, രമണി, രതിദേവി, പരേതരായ പത്മാവതി, സരസ്വതി. മരുമക്കൾ: മായാദേവി, പത്മനാഭൻ, ശാന്ത, വിക്രമൻ ഇരിട്ടി, സുകുമാര വർമ്മ, ഹരിദാസ്, രാജീവൻ കെ.ഇ., മധുസൂദനൻ നടുവിൽ, പരേതരായ മിത്രൻ നമ്പൂതിരി, മധുസൂദനൻ നടുവിൽ.

## ഉദയവർമ്മ



കീഴ്‌വായ്പൂർ ഇളമിലേ കോവിലകം ഉദയവർമ്മ (അനിയൻ - 80) അന്തരിച്ചു. ഭാര്യ: സത്യവതി വർമ്മ (തെക്കേമഠം ചാലക്കുടി). മക്കൾ: ബിന്ദു വർമ്മ, ബിജേഷ് വർമ്മ. മരുമക്കൾ: രാജേന്ദ്ര വർമ്മ (ബാലുശ്ശേരി കോവിലകം), ദീപികാ വർമ്മ (മാങ്കാവ് കോവിലകം).

## ശാന്ത



കണ്ടോത്തിടത്തിൽ ശാന്ത (80) അന്തരിച്ചു. ഭർത്താവ്: പരേതനായ ഒതേനൻ നായനാർ, മക്കൾ: സരസ്വതി, രമണി, രാജീവൻ, മാധവൻ. മരുമക്കൾ: പരേതനായ പത്മനാഭൻ, പ്രേമൻ, രതി, സ്മിത.

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2621

| | | | |
|---|---|---|---|
| | ഗു മ | | |
| | ഗ്രഹനില | | സ |
| ശി | | | |
| കു | ച ബു | ല ര മാ | ശു |

| | | | |
|---|---|---|---|
| ശു | | ര ഗു ശി | |
| ച | നവാംശം | | |
| | | | ബു |
| | സ കു | ല മാ | മ |

ജന്മശിഷ്ടം: 6 വർഷം 3 മാസം 14 ദിവസം 24 നാഴിക ബുധദശ

Kshatriya girl, 26 years, (11 Nov 1999; 1175 Thulam 25) Thrikketta star, 5' 6" tall, M.Tech. Mechatronics Engineering, B.E. Instrumentation Engineering. Working as Design Engineer at Arya Engineers and Contractors Pvt. Ltd., Pune. Seeks suitable alliance from Kshatriya boys.

**Contact No: 9823966737, 9561498227**

### BOX No. 2622

| | | | |
|---|---|---|---|
| മ ശി | | കു ബു ശു | ര |
| | ഗ്രഹനില | | ല |
| | | | മാ |
| ഗു | | ച | സ |

| | | | |
|---|---|---|---|
| ച | | കു | ശു സ |
| | നവാംശം | | മാ |
| ര | | | ബു |
| ശി | | മ | ല ഗു |

ജന്മശിഷ്ടം: 4 വർഷം 5 മാസം 15 ദിവസം രാഹുദശ

Kshatriya girl 29 yrs. (27 June 1996) Chothi Star, 157 cm, B.Tech working in an IT Company, Bangalore. Seeks alliance from equally qualified boys from Kshatriya community.

Contact : **8289977557**

### BOX No. 2623

| | | | |
|---|---|---|---|
| ല | മാ | ഗു ശ | സ |
| ശു | ഗ്രഹനില | | |
| ര ബു | | | |
| ശി | | ച കു | |

| | | | |
|---|---|---|---|
| ഗു | കു ശു സ | | ബു |
| | നവാംശം | | മാ |
| ര ച ശ | | | ല |
| | | ശി | |

ജന്മശിഷ്ടം: 11 വർഷം, 2 മാസം, 14 ദിവസം രാഹുദശ

Kshatriya girl, age 25, (17.01.2001; 1176 Makaram 4) Chothi star, 5' 2'' height, New Zealand citizen, B.Com. Working as Auditor. Seeking alliance from Kshatriya boy, should be working abroad (preferably New Zealand, England) Open to moving to NZ if in India, preferable age 28 - 30.

Contact: **6282306930, +64 21 237 5813**

# വധുവിനെ ആവശ്യമുണ്ട്

## BOX No. 2624

| | | | |
|---|---|---|---|
| മ | | | |
| ശി | ഗ്രഹനില | | |
| ഗു ച | | | സ |
| | കു ശു | ല മാ | ര ബു |

| | | | |
|---|---|---|---|
| | | ശി | മാ ഗു |
| | നവാംശം | | ര ബു |
| ല ച | | | |
| | കു സ | | ശു മ |

ജന്മശിഷ്ടം: 4 വർഷം 5 മാസം 9 ദിവസം 22 നാഴിക ആദിത്യദശ

Kshatriya boy 28 yrs.(10 October 1997, 1173 Kanni 24), Uthradam star, Height 167 cm. Masters in International Business Management (MA in IBM) from Greenwich University, UK. Working as Inspection Manager in Progressive Technology, Newbury, UK. Seeks suitable alliance from girls of Kshatriya community.

Contact: **9447545700, 9272664286**
(Both Whatsapp numbers)

## BOX No. 2625

| | | | |
|---|---|---|---|
| മ ശി | | | |
| | ഗ്രഹനില | | |
| ര ച ബു ഗു ഭൃ | | | |
| | മാ | ല | കു സ |

| | | | |
|---|---|---|---|
| സ | കു ഗു ഭൃ | | |
| ബു | നവാംശം | | |
| ല | | | ര |
| | മാ | മ | ച ശീ |

ജന്മശിഷ്ടം: 5 കൊല്ലം 1 മാസം 12 ദിവസം കുജദശ

Proposals are invited from parents of girls who are studying for PG/completed PG after MBBS/ working as Chartered accountants, for a Pisharodi boy 29 years, (7 February 1997, 25 Makaram 1172) Avittam Star, 170cm, working as Radiologist.

Interested parents may contact on
**+91 6238777234**

## BOX No. 2626

| | | | |
|---|---|---|---|
| ഗു | മ | ച | |
| ശി | ഗ്രഹനില | | ര ബു ശു കു |
| | | | സ മാ |
| | | ല | |

| | | | |
|---|---|---|---|
| ര | | ല | മ സ മാ |
| ച ബു | നവാംശം | | കു ഗു |
| | | | |
| ശി | | | ശു |

ജന്മശിഷ്ടം: 2 വർഷം 6 മാസം 18 ദിവസം രവി ദശ

Alliance invited for son of Kshatriya Father and Nair Mother, 27 yrs. (15-08-1998; 30 Karkkidakam 1173), 175 cm height, Karthika Star, B.Tech., Vegetarian and Teetotaller, working in Technopark, Trivandrum, from parents of girls belonging to Kshatriya/Ambalavasi/Nair families.

Contact: **9447030908 / 9447032693**
OR
anilpandala@yahoo.com

## BOX No. 2627

| | | | |
|---|---|---|---|
| | ല മാ | കു | ച |
| | ഗ്രഹനില | | ഗു ശി |
| ശു സ മ | | | |
| ര ബു | | | |

| | | | |
|---|---|---|---|
| | ബു | ല ച | മാ |
| കു സ | നവാംശം | | |
| മ ശു | | | ര ശി |
| ഗു | | | |

ജന്മശിഷ്ടം: 10 വർഷം, 9 മാസം, 10 ദിവസം വ്യാഴദശ

Kshatriya boy, 35 yrs. (01.01.1991; 1166 Dhanu 17), Punartham star, 5’ 4’’ height, MBA in HR. Working in Thrissur. Seeking alliance from Kshatriya girl, should be working (preferably from Malabar, age 28-32)

Contact : **6282306930, 8589007928**

ശേഷം പേജ് 26-ൽ

# സ്മരണാഞ്ജലി

**അഞ്ചാം ചരമവാർഷികം (29-04-2026)**

## എൻ.പി. വത്സല

**W/o പി.എം. സുബ്രഹ്മണ്യൻ**

പ്രസിഡന്റ്, ക്ഷത്രിയ ക്ഷേമസഭ, കരിവെള്ളൂർ

ശ്രേയസ്സ്, ഓണക്കുന്ന്, കരിവെള്ളൂർ



**പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്**

അമ്മ, ഭർത്താവ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

സഹോദരി, സഹോദരന്മാർ, ബന്ധുമിത്രാദികൾ

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

April 2026
Annual Subscription ₹ 200




Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 9847017105. Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org